Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

ചീഫ് സെക്രട്ടറി: ഇക്കാര്യം ജില്ലാ കളക്ടർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. പാർവതി പുത്തനാർ വികസനവും സ്വിവർ ലൈൻ സ്ഥാപിക്കലുമായി ബന്ധപ്പെട്ട വിഷയം ഏതുവരെയായി?

ജില്ലാ കളക്ടർ, തിരുവനന്തപുരം: ഭൂമിയിൽ അലൈൻമെന്റ് കല്ലുകൾ സ്ഥാപിച്ചിട്ടില്ലെന്നും അർത്ഥനപ്രകാരം ഏറ്റെടുക്കേണ്ട ഭൂമിയുടെ 80 ശതമാനത്തോളം പുറമ്പോക്ക് ഭൂമിയാണെന്നുമാണ് പ്രാഥമിക പരിശോധനയിൽ അറിയാൻ സാധിച്ചിട്ടുള്ളത്. അലൈൻമെന്റ് കല്ലുകൾ സ്ഥാപിക്കുന്നതിന് ഇൻലാന്റ് നാവിഗേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. അലൈൻമെന്റ് കല്ലുകൾ സ്ഥാപിച്ചുകഴിഞ്ഞാൽ മാത്രമേ ഏറ്റെടുക്കേണ്ട സ്വകാര്യ ഭൂമിയുടെ വിസ്തീർണ്ണം സംബന്ധിച്ച് കൂടുതൽ വ്യക്തത കൈവരിക്കാൻ സാധിക്കുകയുള്ളൂ.

ലൈഫ് പദ്ധതിക്ക് സ്ഥലം ഏറ്റെടുക്കൽ

ശ്രീ. ടി. കെ. ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്: ലൈഫ് മിഷൻ പദ്ധതിയുടെ മൂന്നാംഘട്ട പ്രവർത്തനമാണ് നിലവിൽ നടന്നുവരുന്നത്. ഇതിൽ ടെണ്ടർ നടപടിയുടെ ആദ്യ റൗണ്ട് പൂർത്തീകരിച്ചു. ഏഴ് ജില്ലകളിലെ സ്ഥലം ഏറ്റെടുക്കുന്നതിന്റെ വിശദാംശങ്ങൾ ബന്ധപ്പെട്ട കളക്ടർമാരിൽനിന്ന് ലഭിച്ചിട്ടുണ്ട്. മോഡൽ പ്ലോട്ടിനുള്ള സ്ഥലം എല്ലാവരും നൽകിക്കഴിഞ്ഞു. ഭൂരഹിത ഭവനരഹിതരുടെ സർവ്വേ ഫൈനൽ സ്റ്റേജിലെത്തുമ്പോൾ ഒരു ലക്ഷത്തിനും ഒന്നേകാൽ ലക്ഷത്തിനുമിടയിലുള്ള ലിസ്റ്റാണ് പ്രതീക്ഷിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ലഭ്യമായ ഭൂമി പരമാവധി ഇതിനായി മാറ്റിവയ്ക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ റവന്യൂ വകുപ്പിന്റെയും അവരവരുടെ ഉപയോഗത്തിന് ഉടനടി ആവശ്യമില്ലാത്ത മറ്റ് വകുപ്പുകളുടെയും ബ്ലാങ്കായി കിടക്കുന്ന ഭൂമിയാണ് ലഭിക്കേണ്ടത്. ചിറയിൻകീഴ് താലൂക്കിൽ പുളിമാത്ത് വില്ലേജിൽ റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ അര ഏക്കറിൽ കൂടുതൽ തരിശ് ഭൂമിയുണ്ട്. പ്രസ്തുത ഭൂമി റവന്യൂ ഡിപ്പാർട്ടുമെന്റ് നൽകിയെങ്കിലും പ്രദേശവാസികളുടെ എതിർപ്പ് ശക്തമായതിനാൽ സർവ്വേ നടപടികൾ തടസ്സപ്പെടുകയാണുണ്ടായത്. ആയതിനാൽ ഇക്കാര്യത്തിൽ തിരുവനന്തപുരം ജില്ലാ കളക്ടറുടെ പ്രത്യേക ശ്രദ്ധ അനിവാര്യമാണ്. ആലപ്പുഴ, ഇടുക്കി, കോട്ടയം, എറണാകുളം, മലപ്പുറം, കോഴിക്കോട് ജില്ലകളിൽനിന്നും പോസിറ്റീവായിട്ടുള്ള പ്രതികരണമാണ് ലഭിച്ചിട്ടുള്ളത്. മറ്റ് ജില്ലകളുടെ കാര്യത്തിൽ അതാത് ജില്ലാ കളക്ടർമാരുടെ പ്രത്യേക ശ്രദ്ധ ആവശ്യമാണ്. കൊല്ലം, എറണാകുളം ജില്ലകളിൽനിന്നും നിരവധി ഗുണഭോക്താക്കളുടെ ലിസ്റ്റ് ലഭ്യമായിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിന്റെ സൂക്ഷ്മപരിശോധന ഇപ്പോൾ നടക്കുകയാണ്. സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് റവന്യൂ രേഖകകളിലുള്ള ഡീറ്റെയിൽസും കൂടി നൽകിയാൽ ഉചിതമായിരിക്കും.

(നടപടി—റവന്യൂ വകുപ്പ്, ജില്ലാ കളക്ടർമാർ)

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

ജില്ലാ കളക്ടർ, തിരുവനന്തപുരം: ലൈഫ് മിഷൻ പദ്ധതിയുടെ മൂന്നാം ഘട്ടത്തിനുവേണ്ടി 104 ഏക്കർ ഭൂമിയാണ് ആവശ്യമായിട്ടുള്ളത്. ചിറയിൻകീഴ് താലൂക്കിൽ പുളിമാത്ത് ഗ്രാമപഞ്ചായത്തുവക അംഗനവാടിയും പൊതുചന്തയും പ്രവർത്തിച്ചുവരുന്നതിനാൽ അവിടെ എതിർപ്പ് ശക്തമാണ്. കോർപ്പറേഷൻ/ മുനിസിപ്പൽ ഏരിയകളിലെ സ്ഥലമാണ് കൂടുതൽ അനിവാര്യമായിട്ടുള്ളത്. പ്രസ്തുത വിഷയം സംബന്ധിച്ച് തഹസിൽദാറുമായി ചർച്ച നടത്തിയിട്ടുണ്ട്.

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്: വർക്കല മുനിസിപ്പാലിറ്റിക്ക് സമീപം വർക്കല വില്ലേജിൽ സർവ്വെ നമ്പർ 27-ൽ ഉൾപ്പെടുന്ന ഭൂമി സർക്കാർ ഭൂമിയാണെങ്കിലും ദേവസ്വം ബോർഡിന്റെ കൈവശമാണ്.

ജില്ലാ കളക്ടർ, കൊല്ലം: അവയിലബിളായിട്ടുള്ള ഒഴിഞ്ഞ ലാന്റുകൾ കണ്ടെത്താനുള്ള കമ്മിറ്റി രൂപീകരിച്ചതിന്റെ അടിസ്ഥാനത്തിൽ തൊണ്ണൂറ്റിയഞ്ച് ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. ഇതിൽ കുറച്ച് ഭൂമി മറ്റ് ഡിപ്പാർട്ടുമെന്റുകൾ ഉപയോഗിക്കാതെ വർഷങ്ങളായി കൈവശം വച്ചിട്ടുള്ളതാണ്. പ്രസ്തുത ഭൂമി ഉപയോഗിക്കുന്നതിനുള്ള അനുമതിക്കായി റിപ്പോർട്ടുകൾ നൽകിയിട്ടുണ്ട്. കൂടാതെ അറുപതോളം ഏക്കർ ഭൂമി കൈവശമുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ കൈവശമുള്ള ഭൂമി തരം മാറ്റുന്നതിനുവേണ്ടി തഹസിൽദാർക്ക് നൽകിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ അനുമതി ലഭിച്ചാൽ ഈ ഭൂമി പൂർണ്ണമായും ലഭ്യമാകും. ബാക്കി കുറച്ച് ലാന്റിന്റെ ആവശ്യകത മാത്രമേ അവശേഷിക്കുന്നുള്ളൂ.

ചീഫ് സെക്രട്ടറി: ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണം.

ജില്ലാ കളക്ടർ, പത്തനംതിട്ട: പത്തനംതിട്ട ജില്ലയിൽ Phase-I 98 ശതമാനം പൂർത്തിയായിട്ടുണ്ട്. Phase II-ൽ 76 ശതമാനം മാർച്ചോടുകൂടി പൂർത്തിയാകും. Phase III-ൽ 2100 വീടുകളാണുള്ളത്. അതിൽ നാല് ലൊക്കേഷനിലായി അഞ്ചര ഏക്കർ സ്ഥലം കൊടുത്തിട്ടുണ്ട്. ബാക്കി 52 ലൊക്കേഷനിലായി 34 ഏക്കർ സ്ഥലം കണ്ടെത്തിയിട്ടുള്ളത് വിവിധ ഡിപ്പാർട്ടുമെന്റുകളുടെ കൈവശമുള്ളതായതുകൊണ്ട് ക്ലിയർ ചെയ്യേണ്ടതാണ്.

ജില്ലാ കളക്ടർ, ആലപ്പുഴ: ആലപ്പുഴയിൽ 7025 ബെനിഫിഷ്യറീസാണുള്ളത്. 4.68 ഏക്കർ ആണ് ഇപ്പോൾ കൈവശമുള്ളത്. അതിന്റെ എ.എസ്. ആയി ടെണ്ടർ നടപടികളും ആരംഭിച്ചിട്ടുണ്ട്. മറ്റ് പഞ്ചായത്തുകളിലുള്ള ഏകദേശം 8 ഏക്കർ സ്ഥലം ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. അതിന്റെ സ്റ്റാറ്റസ് നോക്കേണ്ടതുണ്ട്.

ചീഫ് സെക്രട്ടറി : അധികമായി ഭൂമി കണ്ടുപിടിക്കേണ്ടിവരും.

ജില്ലാ കളക്ടർ, കോട്ടയം: കോട്ടയം ജില്ലയിൽ 8 ഏക്കർ സ്ഥലം ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. ഇറിഗേഷൻ വകുപ്പിന്റെ കൈവശമുള്ള 10 ഏക്കർ സ്ഥലം ലഭിക്കുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ ആൾക്കാരുടെ തർക്കമുണ്ട്.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

റവന്യൂ വകുപ്പിന്റെ കൈവശമുള്ള രണ്ട് ഏക്കർ സ്ഥലം ഐഡന്റിഫൈ ചെയ്യുകയും വെരിഫിക്കേഷൻ നടന്നുകൊണ്ടിരിക്കുകയുമാണ്.

ജില്ലാ കളക്ടർ, ഇടുക്കി: ഇടുക്കി ജില്ലയിൽ വീടില്ലാത്തവർ ഏകദേശം 9000 പേരുണ്ട്. 27 ഏക്കർ അസൈനബിൾ ലാന്റ് ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. ഇടുക്കിയിൽ കെ.എസ്.ഇ.ബി.യുടെ കൈവശമുള്ള കുറച്ച് സ്ഥലം കിട്ടുകയാണെങ്കിൽ ഇതിനുവേണ്ടി ഉപയോഗിക്കാൻ സാധിക്കും. ഇടുക്കി ഡെവലപ്മെന്റ് അതോറിറ്റിക്കുവേണ്ടി ഏകദേശം 1000 ഏക്കറോളം സ്ഥലം കൈമാറിയിട്ടുണ്ട്. ഐ.ഡി.എ. ഡിസ്പോസ് ചെയ്ത സമയത്ത് ടി സ്ഥലം ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. ജില്ലാ പഞ്ചായത്തിൽനിന്ന് ഈ സ്ഥലം കിട്ടുകയാണെങ്കിൽ താലൂക്കിന്റെ ആവശ്യത്തിനും ഉപയോഗിക്കാൻ സാധിക്കും. ഇതിൽ കുറച്ച് സ്ഥലം പല പർപ്പസിനും കൊടുത്തിട്ടുണ്ട്. ഇനിയും കൂടുതൽ ഭൂമി ബാക്കിയുണ്ട്.

ചീഫ് സെക്രട്ടറി: ഈ സ്ഥലം ഉപയോഗിക്കാൻ സാധിക്കുമെങ്കിൽ റിക്വസ്റ്റ് കൊടുക്കണം.

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്: ജില്ലാ പഞ്ചായത്തിന്റെ കൈവശമുള്ളത് ഗവൺമെന്റ് ലാന്റാണ്. ഇവിടെ ഉപയോഗിക്കാൻ യോജ്യമെന്ന് കളക്ടർ കണ്ടെത്തുന്ന സ്ഥലം എടുക്കാവുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റ കൈവശമായതുകൊണ്ട് വേറെ തടസ്സങ്ങളൊന്നുമില്ല. മറ്റ് പല വകുപ്പുകളുടെയും ആവശ്യങ്ങൾക്കുവേണ്ടിയുള്ളതാണ് ഈ സ്ഥലം.

ജില്ലാ കളക്ടർ, ഇടുക്കി: കെ.എസ്.ഇ.ബി.ക്കും ഒരുപാട് സ്ഥലമുണ്ട്.

ജില്ലാ കളക്ടർ, കോട്ടയം: CRZ-ൽ ഉൾപ്പെട്ട സ്ഥലം മാത്രം ഉള്ള ആൾക്കാരെ III ഫേയ്സിൽ ലാൻഡ്‌ലെസ് വിഭാഗത്തിൽ ഉൾപ്പെടുത്താൻ തീരുമാനമുണ്ടായില്ലെങ്കിൽ അവർക്ക് രണ്ടു വിധത്തിലും വീട് കിട്ടാത്ത അവസ്ഥ വരും.

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്: ഇപ്പോൾ വീടുള്ളതാണെങ്കിൽ അവരുടെ നിബന്ധനകൾക്ക് വിധേയമായി കൊടുക്കാവുന്നതാണ്.

ജില്ലാ കളക്ടർ, കോട്ടയം: ഈ വിഷയത്തെ സംബന്ധിച്ച് കമ്മിറ്റി ചർച്ച ചെയ്തപ്പോൾ മാനദണ്ഡമനുസരിച്ച് കൊടുക്കാൻ കഴിയാത്തവരാണ് CRZ-ൽ ഉൾപ്പെട്ടിട്ടില്ലെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളത്. ഈ വിഷയം സ്റ്റേറ്റ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്: CRZ-ൽ ഉൾപ്പെട്ടവർ കോട്ടയം ജില്ലയിൽ കുറവാണ്. നോട്ടിഫിക്കേഷനനുസരിച്ച് കൂടുതൽ എളുപ്പമാകും. രണ്ടാമതായി CRZ-ൽ പോലും നിലവിൽ വീട് ഉണ്ടായിരുന്നവർക്ക് ചില

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

നിബന്ധനകളോടെ കൊടുക്കാവുന്നതാണ്. ഉണ്ടായിരുന്ന വീടിന്റെ തറയിൽ ലൈഫിന്റെ അതേ മാനദണ്ഡമനുസരിച്ചുള്ള വീട് പണിയാൻ അനുവാദം കൊടുക്കാമെന്ന് തീരുമാനിച്ചിരുന്നു.

ജില്ലാ കളക്ടർ, കോട്ടയം: മാനദണ്ഡങ്ങളിൽ പെടാത്ത കുറച്ചു കേസുകളുണ്ട്.

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്: അങ്ങനെയുള്ള കേസുകൾ സ്റ്റേറ്റ് ലെവലിലേക്ക് തരണം.

ജില്ലാ കളക്ടർ, എറണാകുളം: എറണാകുളം ജില്ലയിൽ ഫേയ്സ് I-ൽ 90-98 ശതമാനം പൂർത്തിയായിട്ടുണ്ട്. ഫേയ്സ് III-ൽ ജില്ലയിൽ 32 സ്ഥലങ്ങൾ ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. 48 ഏക്കർ സ്ഥലം ആവശ്യമാണ്. ഇതിനെല്ലാം വെരിഫിക്കേഷൻ കഴിഞ്ഞിട്ടുണ്ട്. ഏറ്റവും അനുയോജ്യമായ ആലുവ താലൂക്കിൽ അങ്കമാലിയിൽ 38 സെന്റ് സ്ഥലം, കണയന്നൂർ-കാക്കനാട് വില്ലേജിലുള്ള സ്ഥലം, മൂവാറ്റുപുഴ-തിരുമാറാടി വില്ലേജിലുള്ള സ്ഥലം എന്നിവ സർക്കാരിന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ജില്ലാ കളക്ടർ, പാലക്കാട്: ഫേയ്സ്-III-ലുള്ള ബെനിഫിഷ്യറീസ് ലിസ്റ്റ് ഇതുവരെ പൂർത്തിയായിട്ടില്ല. നിലവിൽ 12000 ആളുകളെയാണ് ഐഡന്റിഫൈ ചെയ്തിരിക്കുന്നത്. അതിനുവേണ്ടി 120 ഏക്കർ സ്ഥലം വേണ്ടിവരും. 24 ഏക്കറാണ് ഓരോ ഗ്രാമപഞ്ചായത്തുകളിലായി കണ്ടെത്തിയിട്ടുള്ളത്. ഇനിയും 100 ഏക്കർ കൂടി കണ്ടെത്തണം.

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്: പാലക്കാട് ജില്ലയിലെ മൂന്നാം ഘട്ടത്തിലെ ഗുണഭോക്താക്കളുടെ പരിശോധന കുറച്ചുകൂടി വേഗത്തിലാക്കാനുള്ള നടപടിയെടുക്കണം.

(നടപടി —കളക്ടർ, പാലക്കാട്)

ജില്ലാ കളക്ടർ, പാലക്കാട്: പാലക്കാട് ജില്ലയിൽ ഫേയ്സ് II-ലുള്ള 400 ബെനിഫിഷ്യറീസിന് അഞ്ച്-പത്ത് സെന്റ് സ്ഥലംവീതം വാങ്ങി ലാൻഡ് കൺവർഷനുവേണ്ടി അപ്ലൈ ചെയ്യുകയും റിജക്ടാകുകയും ചെയ്തു. അവരെല്ലാം ഇപ്പോൾ ഫേയ്സ് II പട്ടികയിലാണ് കിടക്കുന്നത്. ഫേയ്സ് III-ൽ ആക്കാനുള്ള നടപടി സ്വീകരിക്കണം.

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്: ലാൻഡ് കൺവെർഷനുള്ള അപേക്ഷ ലോക്കൽ ലെവൽ മോണിറ്ററിംഗ് കമ്മിറ്റി പരിശോധിച്ചിട്ടാണോ നിരസിച്ചത് ?

ജില്ലാ കളക്ടർ, പാലക്കാട്: അത് കഴിഞ്ഞ് അപ്പീൽ കൊടുത്തു. അതും റിജക്ട് ചെയ്തു. ഇനി അവർക്ക് വേറെ മാർഗ്ഗമൊന്നുമില്ല.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്: പരിശോധിക്കാവുന്നതാണ്.

ജില്ലാ കളക്ടർ, പാലക്കാട്: ഫേയ്സ് II-ൽ ഇനിയും 26 കോടി രൂപ ലഭിക്കാനുണ്ട്.

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്: നടപടികൾ വേഗത്തിലാക്കാം.

ജില്ലാ കളക്ടർ, തൃശ്ശൂർ: തൃശ്ശൂർ ജില്ലയിൽ ഫേയ്സ് III-ൽ 10095 പേരാണ് ബെനിഫിഷ്യറിയായിട്ടുള്ളത്. ഇതുവരെ 39.32 ഏക്കർ സ്ഥലം കണ്ടുപ്പിടിച്ചിട്ടുണ്ട്. അതിൽ ഗ്രാമപ്രദേശങ്ങളിൽ 25 ഏക്കറും നഗരത്തിൽ 14 ഏക്കറുമാണ് കണ്ടു പിടിച്ചിട്ടുള്ളത്. ഇതുകൂടാതെ കഴിഞ്ഞ ദിവസങ്ങളിൽ തെക്കുംകര പഞ്ചായത്തിൽ 25 ഏക്കറും ചാലക്കുടിയിൽ ത്വക്ക് രോഗ ആശുപത്രിക്ക് കൊടുത്തിട്ട് ബാക്കി നിൽക്കുന്ന ഉപയോഗിക്കാവുന്ന 20 ഏക്കർ കൂടി കണ്ടെത്തിയിട്ടുണ്ട്. അതിന്റെ റിപ്പോർട്ട് സബ്മിറ്റ് ചെയ്യുന്നതാണ്.

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്: മൂന്നാം ഘട്ടത്തിന്റെ സർവ്വേയുടെ സ്ഥിതി എങ്ങനെയാണ്?

ജില്ലാ കളക്ടർ, തൃശ്ശൂർ: ജില്ലയിൽ ഫെയ്സ് III-ൽ 10095 പേരാണ് യോഗ്യത യുള്ളവരായി കണ്ടെത്തിയത്. 9523 പേരുടെ ലിസ്റ്റുകൾ MIS-ൽ അപ്ലോഡ് ചെയ്തിട്ടുണ്ട്.

ജില്ലാ കളക്ടർ, മലപ്പുറം: മലപ്പുറം ജില്ലയിൽ ഫേസ് I-ൽ 98 ശതമാനവും ഫേസ്-II-ൽ 81 ശതമാനവും പൂർത്തിയായിട്ടുണ്ട്. ഫേസ് III ബെനിഫിഷ്യറിയിൽ 8781 പേരുണ്ട്. സർവ്വേ കഴിഞ്ഞിട്ടുണ്ട്. ഫേസ് -III-ന് ആവശ്യമുള്ളത് 101 ഏക്കറാണ്. 87 ഏക്കർ ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. ബാക്കി ഇപ്പോൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. പഞ്ചായത്ത് പ്രസിഡന്റുമാരുടെ മീറ്റിംഗ് വിളിച്ചപ്പോൾ ലൈഫ്മിഷൻ പദ്ധതി ആയതുകൊണ്ട് ആരും എതിർത്തില്ല. ഭൂമി ഐഡന്റിഫൈ ചെയ്താൽ ലൈഫ് മിഷൻ സ്വീകരിക്കുമെന്നുള്ള അഷ്വറൻസ് വേണമെന്നാണ് അവർ ആവശ്യപ്പെടുന്നത്. ഭൂമി കണ്ടുപിടിക്കാനുള്ള പ്രശ്നം വരികയില്ല. റൂഫ് സ്റ്റേജിൽ നിൽക്കുന്ന 450 ഓളം വീടുകളുണ്ട്. അവസാന ഇൻസ്റ്റാൾമെന്റ് കിട്ടിയിട്ടില്ലാത്തതിനാൽ അത് പൂർത്തീകരിക്കാൻ കഴിയുന്നില്ല. ഒരു ലക്ഷം രൂപയാണ് ലാസ്റ്റ് പേയ്മെന്റ്. പഞ്ചായത്ത് ഫണ്ട് നൽകി പൂർത്തീകരിക്കാൻ തയ്യാറാണ്. അത് സർക്കാർ തിരിച്ചു നൽകുമെന്നതിനും അഷ്വറൻസ് അവർ ആവശ്യപ്പെടുന്നുണ്ട്.

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്: ഈ വിഷയം കഴിഞ്ഞ സി.സി.-യിൽ ഡിസ്കസ് ചെയ്ത് ക്ലിയർ ചെയ്തിട്ടുണ്ട്.

ജില്ലാ കളക്ടർ, മലപ്പുറം: ആ തുക കിട്ടിയാൽ സെക്കന്റ് ഫേയ്സിൽ 88 ശതമാനം

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

പൂർത്തിയാക്കാൻ സാധിക്കും. അഞ്ചു പ്ലോട്ടുകൾക്ക് എ.എസ്. ഇഷ്യു ചെയ്തിട്ടുണ്ട്. പെരിന്തൽമണ്ണയിൽ വർക്ക് നടക്കുന്നുണ്ട്. ബാക്കി നാല് എണ്ണത്തിന് എ.എസ് ആയിട്ടുണ്ടെങ്കിലും ഡി.പി.ആർ. ആയിട്ടില്ല. രണ്ടുമാസത്തിനുള്ളിൽ ഡി.പി.ആർ. ആകുമെന്നാണ് അറിയാൻ സാധിച്ചത്.

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണവകുപ്പ്: ഒരു മാസത്തിനകം ബാക്കി 56 എണ്ണത്തിന്റെയും ഡി.പി.ആർ. ആകും. ഫസ്റ്റ് ഫേയ്സിൽ 10 എണ്ണം ടെണ്ടർ ചെയ്യുന്നതിനുള്ള നടപടിയായിട്ടുണ്ട്. പ്രീ-ഫാബ് ടെക്നോളജി അനുസരിച്ചുള്ള പത്ത് എണ്ണം പത്ത് ദിവസത്തിനകം അവാർഡ് ചെയ്യാൻ കഴിയും.

ജില്ലാ കളക്ടർ, മലപ്പുറം: നാല് പ്ലോട്ട്സ് എ.എസ്. ലഭ്യമാക്കുന്നതിനുവേണ്ടി ലൈഫ് മിഷന് കമ്മ്യൂണിക്കേറ്റ് ചെയ്തിട്ടുണ്ട്. എ.എസ്. ഇതുവരെ വന്നിട്ടില്ല. പുതിയ എ.എസ്. കൊടുക്കാൻ എന്തെങ്കിലും തടസ്സമുണ്ടോ എന്നറിയാനാണ്.

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂവകുപ്പ്: അടുത്ത ബഡ്ജറ്റ് നോക്കിയിട്ടാണ് പുതിയ എ.എസ്. കൊടുക്കുന്നത്. ഈ വർഷം കൊടുക്കാനുള്ള 84എണ്ണത്തിന്റെ എ.എസ്. നടപടികൾ ആരംഭിച്ചിട്ടുണ്ട്.

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണവകുപ്പ്: അവരുടെ ഡി.പി.ആർ. ആകുകയാണെങ്കിൽ വേഗത്തിൽ എടുക്കണം.

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്: സ്റ്റേറ്റ് ഷെയറിന്റെ പ്രശ്നം എല്ലായിടത്തും ഉണ്ട്. ക്ലിയറൻസ് കിട്ടുമ്പോൾ പരിഹരിക്കാൻ സാധിക്കും.

ജില്ലാ കളക്ടർ, മലപ്പുറം: മലപ്പുറത്തും സ്റ്റേറ്റ് ഷെയറിന്റെ പ്രശ്നമുണ്ട്. പെരിന്തൽമണ്ണയിൽ വർക്ക് നടക്കുന്ന മുനിസിപ്പാലിറ്റിയുടെ 408 ഫ്ലാറ്റുകളുണ്ട് അതിന് 44 കോടിയായിരുന്നു എസ്റ്റിമേറ്റ്. 20 കോടി രൂപ സ്റ്റേറ്റ് ഷെയർ ആയിരുന്നു. മുനിസിപ്പാലിറ്റി ഷെയറും പിഎം.ആർ. ഷെയറും എടുത്തുകൊണ്ട് അവർ വർക്ക് സ്റ്റാർട്ട് ചെയ്തു. ഇനി സ്റ്റേറ്റ് ഷെയർ കിട്ടാതെ വർക്ക് മുന്നോട്ട് പോകാൻ സാധിക്കില്ല. ഇതൊന്ന് സ്പീഡ് അപ് ചെയ്യാനുള്ള നടപടി സ്വീകരിക്കണം.

(നടപടി—ജില്ലാ കളക്ടർമാർ)

ജില്ലാ കളക്ടർ, കോഴിക്കോട്: ഫസ്റ്റ് ഫേയ്സിൽ 6365 വീടുകളിൽ 283 വീടുകളാണ് കംപ്ലീറ്റ് ചെയ്യാനുള്ളത്. ഫേയ്സ് II-ൽ 4767 ആണ് എലിജിബിളായിട്ടുള്ളത്. 1314 വീടുകൾ പൂർത്തിയാക്കേണ്ടതുണ്ട്. പൂർത്തീകരിക്കുന്നതിന് ഡിസംബർ 31 ടാർഗറ്റ് ഡേറ്റ് ആയി വച്ചിരിക്കുകയാണ്. മാസംതോറും റിവ്യൂ ചെയ്യുന്നുണ്ട്. ഫേയ്സ് III-ക്കു വേണ്ടി ലൈഫ് മിഷൻ ആവശ്യപ്പെട്ട 19.6 ഏക്കർ സ്ഥലത്തിന്റെ ഡീറ്റെയിൽസ് കൊടുത്തിട്ടുണ്ട്. അതിനുശേഷം അഡീഷണലായി 4.5 ഏക്കർ സ്ഥലത്തിന്റെ വിവരങ്ങളും കൊടുത്തിട്ടുണ്ട്. അതിനുശേഷം ക്ലസ്റ്റർ ഹോംസ് ആയി പഞ്ചായത്തുതന്നെ പ്ലാൻ ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഗവൺമെന്റിൽ നിന്നും

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

ഓർഡർ വന്നതനുസരിച്ച് ജില്ലാ ലെവലിലുള്ള എല്ലാ ഡിപ്പാർട്ട്മെന്റുകളുടെയും ലാന്റ് ഡീറ്റെയിൽസ് കളക്ട് ചെയ്തിട്ടുണ്ട്. മുപ്പതു വില്ലേജുകളിലായി അറുപത്തിയൊന്ന് ഏക്കർ സ്ഥലമുണ്ട്. ബ്ലോക്ക് ലെവൽ ഇല്ലെങ്കിൽ ഡിസ്ട്രിക്ട് ലെവലിൽ ഒരു കോമൺ പ്രോജക്ടായി എടുക്കാൻ കഴിയുമോ എന്ന ഒരു സംശയമുണ്ട്. പഞ്ചായത്തിലുള്ള ലാൻഡ് ഡീറ്റെയിൽസ് കളക്ട് ചെയ്യുന്നുണ്ട്. പഞ്ചായത്ത് തലത്തിൽ ലാൻഡ് ഇല്ലെങ്കിൽ ഡിസ്ട്രിക്ട് ലെവലിൽ ഒരു കോമൺ പ്രോജക്ടായി ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ ഏറ്റെടുക്കാൻ സാധിക്കുമോ എന്ന് സംശയമുണ്ട്.

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്: സാധിക്കും. അങ്ങനെ എടുക്കുന്നതിന് തടസ്സമില്ല.

ജില്ലാ കളക്ടർ, കോഴിക്കോട്: രണ്ടാമതായി ചില പഞ്ചായത്തിൽ ബെനിഫിഷ്യറി ലിസ്റ്റിൽ കുറവുണ്ട്. സ്റ്റേറ്റ് ഷെയർ വരാത്ത സാഹചര്യവും നിലവിലുണ്ട്. ഡിസ്ട്രിക്ട് പഞ്ചായത്ത് ഫണ്ടും ബ്ലോക്ക് പഞ്ചായത്ത് ഫണ്ടും വകയിരുത്തിയിട്ടുണ്ടെങ്കിലും പ്ലാനിൽ അലോട്ട് ചെയ്തിട്ടില്ല. പെൻഡിംഗ് ആയി പത്ത് കോടിയോളം രൂപയുണ്ട്. സ്റ്റേറ്റ് ഷെയറിനു പകരം ടി തുക ഉപയോഗിച്ചാൽ പദ്ധതി നടപ്പാക്കൽ വേഗത്തിലാക്കാൻ സാധിക്കും.

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്: കഴിഞ്ഞ കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ ഇത് ക്ലിയർ ചെയ്തിട്ടുണ്ട്. ഡിപിസി സെക്രട്ടറി എന്നുള്ള നിലയിൽ ജില്ലാ പഞ്ചായത്തിന്റെയും ബ്ലോക്ക് പഞ്ചായത്തിന്റെയും സർപ്ലസ് ഉള്ളത് ഉപയോഗിക്കുന്നതു സംബന്ധിച്ച് അവിടെത്തന്നെ തീരുമാനിക്കാവുന്നതാണ്. ഐ.കെ.എം.-നെക്കൊണ്ട് അതിനുള്ള പ്രൊവിഷൻ നൽകാം. പക്ഷേ നിങ്ങൾ ജില്ലാ പ്ലാനിംഗ് കമ്മിറ്റിയിൽ വച്ച് തീരുമാനമെടുക്കേണ്ടതായിട്ടുണ്ട്. ഫെയ്സ് -III-യിൽ ലാന്റ് ലെസ്സ് ഹൗസ് ലെസ്സിന് കുറച്ചുകൂടി സ്ഥലം ആവശ്യമായി വരുന്നതിനാൽ കോഴിക്കോട് ജില്ലയിൽ കുറച്ചുകൂടി സ്ഥലം ആവശ്യമുണ്ട്.

മുഖ്യമന്ത്രി: പല ഡിപ്പാർട്ടുമെന്റുകളുടെയും കൈവശം ദീർഘകാലമായി ഉപയോഗശൂന്യമായി ഭൂമി കിടക്കുന്നുണ്ട്. ദീർഘകാലമായി ഉപയോഗശൂന്യമായി (ഒരു കാലയളവ് നിശ്ചയിച്ച്) കിടക്കുന്ന ഭൂമി ഈ ആവശ്യത്തിനുവേണ്ടി എടുക്കുന്നത് കളക്ടർ മാർക്ക് സൗകര്യമായിരിക്കും.

ജില്ലാ കളക്ടർ, വയനാട്: പൂതാടിയിൽ 60 സെന്റും നൂൽപുഴയിൽ 7 ഏക്കറും മുള്ളംകൊല്ലിയിൽ 50 സെന്റും കിട്ടിയിട്ടുണ്ട്. മദ്ധ്യപ്രദേശ് സർക്കാരിന്റെ ബീനാച്ചി എസ്റ്റേറ്റിലെ 700 ഏക്കർ സ്ഥലത്തിൽ നിന്ന് 100 ഏക്കർ സ്ഥലം റീഹാബിലിറ്റേഷന് മാറ്റിതരുന്നതിന് മദ്ധ്യപ്രദേശ് ഗവൺമെന്റുമായി സംസാരിച്ചിട്ടുണ്ടെന്നാണ് ബഹുമാനപ്പെട്ട എം.പി. രാഹുൽ ഗാന്ധി പറഞ്ഞത്. ടി സ്ഥലം ലഭിക്കുകയാണെങ്കിൽ ഐഡിയലായിട്ടുള്ള വലിയ ഒരു ലൊക്കേഷനായിരിക്കും.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

മുഖ്യമന്ത്രി: നേരത്തെ അതിനുവേണ്ടി ശ്രമിച്ചതാണ്. അവര് വിട്ടുതരില്ല എന്ന് പറഞ്ഞ സ്ഥലമാണ്. എം.പി.-യുടെ രാഷ്ട്രീയ സ്വാധീനം ഉപയോഗിച്ച് കിട്ടുന്നുണ്ടെങ്കിൽ നമുക്ക് അത് എടുക്കാം. അതിനുവേണ്ടി മറ്റുള്ള സ്ഥലങ്ങൾ കാണുന്നതിനുള്ള നടപടികൾ നിർത്തിവയ്ക്കരുത്.

ജില്ലാ കളക്ടർ, വയനാട്: ശ്രീ ചിത്ര തിരുനാൾ ഹോസ്പിറ്റലിനുവേണ്ടി ഏറ്റെടുത്തിട്ട് ഉപയോഗിക്കാത്ത 75 ഏക്കർ സ്ഥലവും എടുത്തിട്ടുണ്ട്. അതും ലൈഫ് പദ്ധതിക്കുവേണ്ടി ട്രാൻസ്ഫർ ചെയ്ത് കിട്ടുകയാണെങ്കിൽ നല്ലതാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ.കെ. ശൈലജ ടീച്ചർ) : ടി സ്ഥലം ആരോഗ്യ വകുപ്പിന്റെ കൈവശമാണ്. ഈ സ്ഥലം ഹെൽത്തിന്റെ പ്രോജക്ടുകൾക്കുവേണ്ടി തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

ജില്ലാ കളക്ടർ, വയനാട്: സ്ഥലം കൂടുതലുണ്ട്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി: 10 ഏക്കർ സ്ഥലം വിദ്യാഭ്യാസ വകുപ്പിന് വിട്ടുകൊടുത്തിട്ടുണ്ട്. ബാക്കി സ്ഥലം മറ്റുള്ള പ്രോജക്ടുകൾക്കാവശ്യമാണ്.

തൊഴിലും എക്സൈസും വകുപ്പു മന്ത്രി (ശ്രീ. ടി. പി. രാമകൃഷ്ണൻ): വയനാട്ടിൽ പ്ലാന്റേഷൻ തൊഴിലാളികൾക്ക് വീട് നിർമ്മിച്ചുനൽകാൻ തീരുമാനിച്ചിട്ടുണ്ട്. നൂറ് തൊഴിലാളികൾക്ക് വീട് നിർമ്മിച്ചുനൽകാൻ സാധിക്കും. അതിനുവേണ്ടി സി.എസ്.ആർ. ഫണ്ട് ഏർപ്പാട് ചെയ്തിട്ടുണ്ട്. അതിനായി സ്ഥലം ഉറപ്പുവരുത്തണം. പുത്തുമലയിൽ എച്ച്.എം.എൽ.-ന്റെ ഭൂമി നൽകാമെന്ന് പറഞ്ഞിട്ടുണ്ട്. അത് ഏറ്റെടുക്കുന്നതിന്റെ നിയമപരമായവശം എങ്ങനെയാണെന്നുള്ളത് പരിശോധിക്കണം. ഇത് ഉടനെ ആരംഭിക്കാൻ കഴിയുന്നതാണ്. സ്ഥലം ഏറ്റെടുത്ത് തരുന്നതിന് കളക്ടർ നടപടി സ്വീകരിക്കണം.

ജില്ലാ കളക്ടർ, കണ്ണൂർ: കണ്ണൂരിൽ 2625 പേരാണ് മൂന്നാമത്തെ phase-ൽ ബെനിഫിഷറീസായി കണ്ടെത്തിയിട്ടുള്ളത്. ഇതിനകം 27 ലാന്റ് ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. 22 എണ്ണം ഗ്രാമപഞ്ചായത്തുകളിലും 4 എണ്ണം മുനിസിപ്പൽ ഏരിയകളിലുമാണ്. ആകെ 46.97ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. മൊത്തം 80 ഏക്കർ ഭൂമിയാണ് വേണ്ടത്. അതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

ജില്ലാ കളക്ടർ, കാസർഗോഡ്: കാസർഗോഡിലേയ്ക്ക് 12 സ്ഥലങ്ങൾ സജസ്റ്റ് ചെയ്തിരുന്നു. അതിൽ ഫസ്റ്റ് റൗണ്ട് ചെക്കിംഗും സെക്കന്റ് റൗണ്ട് ചെക്കിംഗും കഴിഞ്ഞ് ഇപ്പോൾ 9 സ്പോട്ടുകളിൽനിന്ന് 12.7ഏക്കർ സ്ഥലം കിട്ടിയിട്ടുണ്ട്. അത് റവന്യൂ വകുപ്പിന്റെയും പഞ്ചായത്തിന്റെയും സ്ഥലങ്ങളാണ്. കളക്ടർക്ക് പെർമിസീവ് സാംഗ്ഷൻ കൊടുക്കാനുള്ള അനുമതി തരികയാണെങ്കിൽ പെട്ടെന്നുതന്നെ വർക്ക് ആരംഭിക്കാൻ സാധിക്കും.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണവകുപ്പ്: പഞ്ചായത്തിന്റെ സ്ഥലത്തെ സംബന്ധിച്ച് യാതൊരു സംശയവും വേണ്ട അത് എടുത്തേ മതിയാകൂ. റവന്യൂ വകുപ്പിന്റെ ഭൂമിയെ സംബന്ധിച്ച് പേപ്പർ മൂവ് ചെയ്ത് വകുപ്പിന്റെ അംഗീകാരം വാങ്ങിയിട്ട് ചെയ്യാം. അത് അയച്ചുതരികയാണെങ്കിൽ പരിശോധിച്ച് വേഗത്തിലാക്കിത്തരാം.

ജില്ലാ കളക്ടർ, കാസർഗോഡ്: ഇത്രയും ഭൂമി മതിയാകുമെന്ന് പറഞ്ഞിട്ടുണ്ട്.

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണവകുപ്പ്: എനിക്ക് എല്ലാ കളക്ടർമാരോടുമുള്ള ഒരു റിക്വസ്റ്റ്, സ്ഥലത്തിന്റെ ലിസ്റ്റ് പലയിടത്തും തരുന്നുണ്ട്. ഇതൊരു പൂർണ്ണതയിൽ കാണണം. ഫെയ്സ് 3-യിൽ ലാന്റ്ലെസ്സ് ഹൗസ്ലെസ്സ് ബെനിഫിഷറീസിന്റെ ലിസ്റ്റും ലോക്കൽ ബോഡി തിരിച്ചുള്ള ഏരിയയും പറ്റാവുന്ന സ്ഥലങ്ങളിൽ അതിനാവശ്യമായ മുഴുവൻ സ്ഥലവും കണ്ടെത്തണം. സി.ഇ.ഒ. അടുത്ത വർഷമേ അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ നൽകാൻ കഴിയുകയുള്ളൂവെന്ന് പറഞ്ഞെങ്കിൽകൂടി ജനുവരി - ഫെബ്രുവരി മാസങ്ങളിൽ ലാന്റ് കണ്ടെത്തി പ്രോജക്ട് തയ്യാറാക്കി വയ്ക്കാൻ സാധിക്കും. ബഡ്ജറ്റിന്റെ ഏകദേശം ആയിക്കഴിയുമ്പോൾ അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ ഇഷ്യൂ ചെയ്യാം. അപ്പോൾ വേനൽക്കാലത്തുതന്നെ പണി തുടങ്ങാവുന്ന രീതിയിൽ ടെണ്ടറിനുള്ള എല്ലാ ഏർപ്പാടും ചെയ്തുവയ്ക്കാം. ആദ്യത്തെ റൗണ്ട് പോകുന്നത് പ്രീ-ഫാബാണ്. നാലുമാസംകൊണ്ട് പൂർത്തിയാക്കണമെന്നാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അടുത്ത നാലഞ്ചുമാസംകൊണ്ട് അടുത്ത റൗണ്ടും പൂർത്തിയാക്കാൻ സാധിക്കും. ഭൂരഹിത/ഭവനരഹിതരുടെ റീഹാബിലിറ്റേഷൻ പൂർണ്ണമാക്കുന്നതിന് ആവശ്യമായ സ്ഥലം ലഭ്യമല്ലാത്തിടങ്ങളിൽ ബാക്കികൂടി ഡിസംബർ മാസത്തിൽത്തന്നെ കണ്ടെത്തിയിരുന്നുവെങ്കിൽ ബാക്കി നടപടികൾ പൂർത്തിയാക്കിവയ്ക്കാനും ഏപ്രിൽ-മേയ് മാസങ്ങളിൽ ബാക്കി ജോലികൾ മുന്നോട്ടുകൊണ്ടുപോകാനും സാധിക്കും.

മുഖ്യമന്ത്രി: മേയ് മാസം വരെ ലൈഫിൽ ഏറ്റവും പ്രധാനപ്പെട്ട മാസമാണ്. കാരണം മഴയുടെ പ്രശ്നമില്ലാത്തതിനാൽ ആവശ്യമായ പണികളൊക്കെ നടത്താനാകും. 2020 ജൂൺ മുതൽ ഡിസംബർ വരെ മഴയുടെ അവസ്ഥ എങ്ങനെയായിരിക്കുമെന്ന് ആ വർഷം നോക്കിയാലെ പറയാൻ കഴിയൂ. അഞ്ച് മാസം കൊണ്ട് കാര്യങ്ങളൊക്കെ ചെയ്താൽ പണി പൂർത്തിയാകുന്നതിന് വലിയ വിഷമമുണ്ടാകില്ല.

ചീഫ് സെക്രട്ടറി: ലാന്റ് കണ്ടുപിടിക്കേണ്ടത് പ്രത്യേക ശ്രദ്ധ ചെലുത്തേണ്ട കാര്യമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ പല ഡിപ്പാർട്ടുമെന്റുകളുടെയും 10വർഷമായി ഉപയോഗിക്കാതിരിക്കുന്ന ലാന്റ് ഉണ്ടെങ്കിൽ ആ ലാന്റ് ലൈഫ് മിഷനുവേണ്ടി ഏറ്റെടുത്ത് പണി പൂർത്തീകരിക്കുന്നതിനെക്കുറിച്ച് നിശ്ചയമായും ആലോചിക്കാവുന്നതാണ്.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

ജില്ലാ കളക്ടർ, തിരുവനന്തപുരം: തിരുവനന്തപുരം കോർപ്പറേഷനിലെ നാല് മുനിസിപ്പാലിറ്റികളിൽ ടോട്ടൽ ലാന്റ് വേണ്ടത് 60ഏക്കറിന് മുകളിലാണ്. കോർപ്പറേഷന്റെ കയ്യിൽ ഫണ്ടുള്ളതിനാൽ വാങ്ങാമെന്ന് ഏറ്റിട്ടുണ്ട്. നെഗോഷിയേറ്റ് ചെയ്തതിനുശേഷം ഡയറക്ട് പർച്ചേസ് ചെയ്യാമെന്ന് ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെ ഒരു ഗവൺമെന്റ് ഓർഡറുണ്ട്. അത് ചൂണ്ടിക്കാണിച്ചുകൊണ്ട് ഒരു കത്ത് എൽ.എസ്.ജി.ഡി.-ക്ക് അയച്ചിട്ടുണ്ട്. അതിന് അനുവാദം കിട്ടിയാൽ കുറച്ചുകൂടി എളുപ്പമായിരിക്കും.

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണവകുപ്പ്: ഇക്കാര്യത്തിൽ കളക്ടർ നിശ്ചയിക്കുന്ന വിലയ്ക്ക് വാങ്ങുന്നതിനൊരു തടസ്സവുമില്ലെന്ന സ്റ്റാൻഡിംഗ് ഇൻസ്ട്രക്ഷൻസ് ഉണ്ട്. ഓരോ കേസിലും പ്രത്യേക അനുവാദമല്ല. ഭൂരഹിത/ഭവനരഹിതർക്കുവേണ്ടി ലാന്റ് പർച്ചേസ് ചെയ്യുമ്പോൾ ലാന്റ് അക്വിസിഷൻ മാർഗ്ഗത്തിൽ അല്ലെങ്കിൽ ജില്ലാ കളക്ടർ നിശ്ചയിക്കുന്ന കോമ്പൻസേഷന് സ്ഥലം തരാൻ തയ്യാറുള്ളവരുടേതെടുക്കാം. അതിന് ഇതിനകം സ്റ്റാൻഡിംഗ് ഇൻസ്ട്രക്ഷൻ ഉണ്ട്. ഓരോ കേസിലും ഓർഡർ വേണമെന്ന് കോർപ്പറേഷൻ വീണ്ടും പറയുകയാണെങ്കിൽ അതും തരുന്നതിൽ യാതൊരു വിരോധവുമില്ല തിരുവനന്തപുരത്തായതിനാൽ ഓർഡർ തരാൻ മൂന്ന് ദിവസം മതിയാകും.

ജില്ലാ കളക്ടർ, തിരുവനന്തപുരം: ഡയറക്ട് പർച്ചേസ് ചെയ്യാൻ കഴിയില്ലെന്നാണ് പറഞ്ഞത്.

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണവകുപ്പ്: ഡയറക്ട് പർച്ചേസ് ചെയ്യാവുന്നത് ജില്ലാകളക്ടർ നിശ്ചയിച്ച് കൊടുക്കുന്ന വിലയ്ക്കാണ്. പക്ഷേ ഒരു കാര്യം ഉറപ്പുവരുത്തണം തണ്ണീർത്തടമോ, നെൽപ്പാടമോ പോയി വാങ്ങരുത്. കളക്ടർ നിശ്ചയിച്ച വില കൊടുത്ത് വാങ്ങിയ സ്ഥലത്ത് വീട് വയ്ക്കാൻ തുടങ്ങിയപ്പോൾ കോർപ്പറേഷനുതന്നെ പെർമിറ്റ് കൊടുക്കാൻ കഴിയാത്ത സ്ഥലമാണ് അവർ വാങ്ങിയിരിക്കുന്നത് എന്നാണ് മനസ്സിലായത്.

ജില്ലാ കളക്ടർ, തിരുവനന്തപുരം: വിവിധ മുനിസിപ്പാലിറ്റി ഏരിയകളിൽ ധാരാളം ഭൂമി 30 വർഷങ്ങളായി ഗ്രൗണ്ടായോ അല്ലെങ്കിൽ കയ്യേറ്റമായോ നിലനിൽക്കുന്നുണ്ട്. പക്ഷേ ബി.റ്റി.ആർ.-ൽ നിലമായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 30വർഷം മുമ്പുതന്നെ കൺവേർട്ട് ചെയ്തിട്ടുള്ള ഭൂമിയാണ്. അത് ഒരു പബ്ലിക്ക് പർപ്പസ്സിനുവേണ്ടി ഗവൺമെന്റിന് ഇനം മാറ്റിയെടുക്കാൻ കഴിയുമോ?

ശ്രീ. പിണറായി വിജയൻ: ഇതാണ് നാട്ടുകാരാകെ നേരിടുന്ന പ്രശ്നം. തിരുവനന്തപുരം കളക്ടർക്ക് ഇപ്പോൾ ആ പ്രശ്നം വന്നിരിക്കുന്നുവെന്നർത്ഥം.

പട്ടയം നൽകാൻ നടപടി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്: ജില്ലാകളക്ടർമാരുടെ നേതൃത്വത്തിൽ നടക്കുന്ന ഏറ്റവും പ്രധാനപ്പെട്ട റവന്യൂ ഫങ്ഷനാണ് പട്ടയവിതരണം. കഴിഞ്ഞ മൂന്ന് വർഷംകൊണ്ട് കാര്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. എല്ലാവരുടെയും നിരന്തരമായ ശ്രദ്ധ ഇതിലുണ്ടാകേണ്ടതുണ്ട്. ഏഴാംമാസത്തിൽ

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

ബഹുമാനപ്പെട്ട റവന്യൂ മിനിസ്റ്ററുടെ അദ്ധ്യക്ഷതയിൽ വിശദമായ അവലോകനം നടന്നിരുന്നു. സംസ്ഥാനത്തെ ജില്ലകളിൽ എത്രത്തോളം പട്ടയങ്ങൾ നൽകാൻ സാധിക്കുമെന്നുള്ളതു സംബന്ധിച്ച് കളക്ടർമാരിൽനിന്നും ശേഖരിച്ച ഒരു സംഖ്യ നമ്മുടെ കയ്യിലുണ്ട്. സ്റ്റേറ്റിനുവേണ്ടി മുന്നോട്ടുവച്ചിട്ടുള്ള ഒരു ടാർജറ്റ് 50000 പട്ടയങ്ങളാണ്. എത്രയും പെട്ടെന്ന് നൽകാൻവേണ്ടിയുള്ള ഒരു നിർദ്ദേശമാണ് അന്ന് ബഹുമാനപ്പെട്ട റവന്യൂ മിനിസ്റ്റർ എല്ലാ കളക്ടർമാർക്കും നൽകിയത്. അതൊന്നുകൂടി ഓർമ്മപ്പെടുത്തുകയാണ്. 50000എന്ന് ടാർജറ്റ് വച്ചപ്പോൾ 36,900പട്ടയങ്ങൾ നൽകാൻ സാധിക്കുമെന്നാണ് കളക്ടർമാർ നമുക്ക് നൽകിയിരിക്കുന്ന അഷ്വറൻസ്. അതിന്റെ പുരോഗതി വിലയിരുത്താൻ സമയമായെന്ന് തോന്നുന്നു. ഏറ്റവും കൂടുതൽ പട്ടയം നൽകാൻ സാധിക്കുന്നത് ഇടുക്കി ജില്ലയിലാണ്. ഇടുക്കിയിൽ 10000പട്ടയങ്ങളാണ് പറഞ്ഞിരുന്നത്. മലപ്പുറം - 5000, കാസർഗോഡ് - 3500, പാലക്കാട്, കണ്ണൂർ - 3000 ഇവയാണ് പ്രധാനപ്പെട്ടത്. ഈ ജില്ലകളിൽനിന്നും പട്ടയങ്ങളുടെ പുരോഗതിയെക്കുറിച്ച് പറഞ്ഞാൽ നന്നായിരിക്കും.

<u>ജില്ലാ കളക്ടർ, ഇടുക്കി</u>: ഇടുക്കി ജില്ലയിൽ 10000പട്ടയങ്ങളാണ് ടാർജറ്റ് പറഞ്ഞിരുന്നത്. അതനുസരിച്ച് അതിന്റെ പ്രവർത്തനം രണ്ടുമാസംമുമ്പുതന്നെ ആരംഭിച്ചിട്ടുണ്ട്.

<u>പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്</u>: ഡിസംബർ മാസത്തിൽ ചില പട്ടയമേളകൾ വയ്ക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്. അതിനെക്കുറിച്ചൊന്ന് കൃത്യമായി പറയുമോ?

<u>ജില്ലാ കളക്ടർ, ഇടുക്കി</u>: ഡിസംബർ മാസത്തിൽ തീർക്കണമെന്ന രൂപത്തിലാണ് തുടങ്ങിയിരിക്കുന്നത്. ഏകദേശം 2500-ഓളം പട്ടയങ്ങൾ റെഡിയായി. എണ്ണായിരത്തിലധികം പട്ടയങ്ങളുടെ പ്രവർത്തനം നടന്നുവരുന്നുണ്ട്. സർവ്വേയാണ് ഒരു പ്രധാനപ്പെട്ട ബുദ്ധിമുട്ട്. സർവ്വേയർമാരുടെ ടാർജറ്റ് എത്തുന്നില്ല. ഓരോ സർവ്വേയറും ഒരു ദിവസം അഞ്ചെണ്ണത്തിൽ കൂടുതൽ സർവ്വേ ചെയ്യുന്നില്ല. ഏതായാലും 8000പട്ടയങ്ങൾ കൊടുക്കാൻ സാധിക്കും. നേരത്തേ പട്ടയം നൽകിയിരുന്ന കുറ്റിയാർവാലിയിൽ 2500പേർക്കുള്ള സ്കെച്ച് വിതരണം നേരത്തെ നൽകിയിരുന്നു. ഇപ്പോൾ മറ്റ് വർക്കുകൂടി ചെയ്യുന്നതുകൊണ്ട് 8000പട്ടയം ജനുവരി 15-നുമുമ്പായി കൊടുക്കാൻ സാധിക്കും.

<u>മുഖ്യമന്ത്രി</u>: ബൾക്കായി സർവ്വേ നടത്താനുള്ള സ്ഥലത്ത് വലിയ തോതിൽ പൂർത്തിയാക്കണം. നമ്മുടെ സർവ്വേയർമാരെ വച്ചാണെങ്കിൽ ഒരു ദശാബ്ദ്ധ പരിപാടിയിലേയ്ക്ക് നീളാൻ സാധ്യതയുണ്ട്. അക്കാര്യത്തിൽ ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ വർക്ക് നടത്താൻ കഴിയുന്ന ചില സ്വകാര്യ ഏജൻസികളെക്കൂടി ബന്ധിപ്പിച്ചാൽ എങ്ങനെയിരിക്കുമെന്ന് ആലോചിച്ചുകൂടെ?

<u>ജില്ലാ കളക്ടർ, ഇടുക്കി</u>: സ്കെച്ച് സർവ്വേയർമാർ ഒപ്പിട്ടുകൊടുക്കണം. അവർ അതിന് തയ്യാറാകുമോയെന്ന് സംശയമുണ്ട്.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്: സ്കെച്ച് സ്വകാര്യ ഏജൻസികൾ തയ്യാറാക്കിക്കോട്ടെ. ഒപ്പിടുന്നതല്ലേ സർക്കാർ സർവ്വേയർമാർ ചെയ്യേണ്ടത്. മറ്റ് പല കാര്യങ്ങൾക്കും സ്വകാര്യ സർവ്വേയർമാരെ എടുക്കുന്നുണ്ടല്ലോ; അതാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത്. ഒപ്പിടുന്ന കാര്യം വരുമ്പോൾ സർവ്വേയർമാരെ മോട്ടിവേറ്റ് ചെയ്യണം. അവരുടെ ജോലി കുറയ്ക്കാനുള്ള ശ്രമമാണിത്.

ജില്ലാ കളക്ടർ, ഇടുക്കി: വരാൻപോകുന്ന പട്ടയമേളയിൽ സ്കെച്ചിന്റെ കോപ്പിയടക്കമാണ് കൊടുക്കുന്നത്. അല്ലെങ്കിൽ സ്കെച്ചിനുവേണ്ടി ഒരുപാട് കാലം നടക്കേണ്ടിവരുന്നു. അതുകൊണ്ട് 8000 പട്ടയം കൊടുക്കുമ്പോൾ അത്ര തന്നെ സ്കെച്ചുകൂടി കൊടുക്കുന്നുണ്ട്.

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്: പ്രത്യേകിച്ചും ഇടുക്കി ജില്ലയിൽ അത് പ്രധാനപ്പെട്ട ഒരു കാര്യമാണ്. സ്വകാര്യ സർവ്വേയർമാരെ ഉപയോഗിക്കാൻ സാധിക്കുകയാണെങ്കിൽ വളരെ എളുപ്പത്തിൽ തീർക്കാൻ സാധിക്കും.

മുഖ്യമന്ത്രി: അപ്പോൾ അക്കാര്യത്തിൽ തീരുമാനമാകുകയാണ്. നിങ്ങൾക്ക് ചെയ്യാമല്ലോ?

ജില്ലാ കളക്ടർ, ഇടുക്കി: അങ്ങനെയാണെങ്കിൽ ചെയ്യാം.

ജില്ലാ കളക്ടർ, മലപ്പുറം: മലപ്പുറത്ത് ഫെബ്രുവരി ആദ്യ ആഴ്ചയിലേയ്ക്കാണ് പ്ലാൻ ചെയ്തിരിക്കുന്നത്. ജനുവരി 31-നകം അതിന്റെ പ്രൊസീഡ്യൂവർ കഴിയും. ഒരു മാസം ഒബ്ജക്ഷൻ ടൈം കൊടുക്കാനുള്ള പ്രൊസിഡ്യൂവർ വേണം. ഫെബ്രുവരി ആദ്യത്തെ ആഴ്ചയിൽ അയ്യായിരം പട്ടയം കൊടുക്കാൻ സാധിക്കും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ സ്വകാര്യ സർവ്വേയർമാരുടെ സഹായം കിട്ടുന്നുണ്ടെങ്കിൽ അത് നല്ലൊരു സപ്പോർട്ടായിരിക്കും. ഇപ്പോൾ സർവ്വേയർമാരുടെ വലിയ കുറവ് അനുഭവപ്പെടുന്നുണ്ട്. അവർക്ക് ഏഴ് ദിവസം ഏഴ് ഡ്യൂട്ടിയിലാണ് പോകുന്നത്. പിന്നെ എൻ.എച്ച്.-ന്റെയും ലാന്റ് അക്വിസിഷന്റെയും കാര്യങ്ങൾ വരുന്നുണ്ട്. സ്വകാര്യ സർവ്വേയർമാരെ കിട്ടുന്നുണ്ടെങ്കിൽ പട്ടയത്തിന്റെ കാര്യം സ്പീഡപ്പാകും.

മുഖ്യമന്ത്രി: ഞാൻ പറഞ്ഞത് ഇടുക്കി ജില്ലയുടെ കാര്യത്തിലാണ്. ആയിരക്കണക്കിന് പട്ടയങ്ങളാണവിടെയുള്ളത്. നൂറുംഇരുന്നൂറും പട്ടയങ്ങളുള്ള നമുക്ക് ചെയ്യാൻ സാധിക്കുന്നതേയുള്ളൂ. അതിന്റെ വേഗത കൂട്ടണമെന്ന് മാത്രമേയുള്ളൂ.

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്: മലപ്പുറത്ത് 5000ആണ് ടാർജറ്റ്. പാലക്കാടും, തൃശ്ശൂരും 3000 മാണ് ടാർജറ്റ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): നേരത്തെ നിശ്ചയിച്ചതനുസരിച്ച് നവംബർ - ഡിസംബർ -മാസത്തിൽ കൊടുക്കേണ്ടതാണ്.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

ജില്ലാ കളക്ടർ, മലപ്പുറം: ഡിസംബറിൽ കൊടുക്കുന്നുണ്ടെങ്കിൽ 2500 പട്ടയങ്ങൾ കൊടുക്കാൻ സാധിക്കും.

ജില്ലാ കളക്ടർ, തൃശ്ശൂർ: തൃശ്ശൂർ ജില്ലയിൽ 3000പട്ടയങ്ങൾ ആയിരുന്നു ടാർജറ്റ്. ഡിസംബർ മാസത്തോടുകൂടി 2000 പട്ടയങ്ങൾ തയ്യാറാകും. കഴിഞ്ഞ 2-ാം തീയതി രണ്ട് ട്രിബ്യൂണൽ പുതുതായി അനുവദിച്ചുതന്നിട്ടുണ്ട്. അതിൽ 7500-8000 വച്ച് 16000 ആപ്ലിക്കേഷൻ അവിടെ പ്രോസസ് ചെയ്യാൻ സാധിക്കും. കുറച്ച് സമയംകൂടി കിട്ടുകയാണെങ്കിൽ അതുംകൂടെ ചേർത്ത് കുറച്ചു പട്ടയങ്ങൾ കൂടി നൽകാൻ സാധിക്കും. ഇപ്പോൾ നിലവിൽ 2000പട്ടയങ്ങൾ ഡിസംബർ മാസത്തിൽ തയ്യാറാക്കിയെടുക്കാം.

ജില്ലാ കളക്ടർ, പാലക്കാട്: പാലക്കാട് 3000 പട്ടയമാണ് ടാർജറ്റ് നിശ്ചയിച്ചിരുന്നത്. 2060 പട്ടയങ്ങൾ ഈ മാസത്തിൽ ഇഷ്യൂ ചെയ്യാൻ തയ്യാറാക്കിയിട്ടുണ്ട്. നേരത്തെ ടാർജറ്റ് നിശ്ചയിച്ചപ്പോൾ പുതുതായി ഒരു ലാന്റ് ട്രിബ്യൂണൽ അനുവദിച്ചിരുന്നു. പക്ഷേ ഇതുവരെ കാര്യമായി അവർക്ക് പ്രവർത്തനം തുടങ്ങാൻ സാധിച്ചിട്ടില്ല. ഓഫീസറെ അനുവദിച്ച് കിട്ടിയത് ഇപ്പോഴാണ്. ഫയൽ കൈമാറ്റം നടക്കുന്നതേയുള്ളൂ. അതുകൊണ്ടാണ് ഞങ്ങൾക്ക് അച്ചീവ് ചെയ്യാൻ കഴിയാത്തത്. We will improve the pace.

ജില്ലാ കളക്ടർ, കണ്ണൂർ: കണ്ണൂരിൽ 3000പട്ടയങ്ങളാണ് ടാർജറ്റ്. 1000 പട്ടയങ്ങൾ ഇപ്പോൾ റെഡിയായിട്ടുണ്ട്.

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്: അതുകുറവാണ്. 3000മാണ് ഡിസംബറിനുള്ളിൽ പറഞ്ഞിരുന്നത്. അത് ഒന്നുംകൂടി റിവ്യൂ ചെയ്യുമോ; അവിടെ കൊടുക്കാൻ പറ്റുന്ന കുറെക്കൂടി ഭൂമിയുണ്ട്.

ജില്ലാ കളക്ടർ, കണ്ണൂർ: മാർച്ചോടുകൂടി പൂർത്തിയാക്കാം.

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്: കമ്മീഷണർക്കുകൂടി സർവ്വേയർമാരെക്കുറിച്ച് പറയാൻ സാധിക്കുമോ;

ശ്രീമതി ലത സി. എ., കമ്മീഷണർ ഓഫ് ലാന്റ് റവന്യൂ: ലൈസൻസ്ഡ് സർവ്വേയർമാരെ ഇതിനകം റീസർവ്വേയിൽ ഉപയോഗിക്കുന്നുണ്ട്. അപ്പോൾ അവരുടെ സേവനം പട്ടയമേളയുമായി ബന്ധപ്പെട്ട സർവ്വേയിലുംകൂടി ഉപയോഗിക്കാനായി ഒരു അനുമതി കൊടുത്താൽ മതിയാകും.

മുഖ്യമന്ത്രി: ഇടുക്കിയിലാണ് പട്ടയം ബാക്കികൊടുക്കാനുള്ളതെന്നാണ് എല്ലാവരും വിചാരിക്കുന്നത്. പക്ഷേ എല്ലാ പ്രദേശത്തും പട്ടയം കൊടുക്കാനുണ്ട്. കുറച്ചുകൂടി വേഗതയിൽ തീർക്കുന്നതാണ് നല്ലത്. അപ്പോൾ നിങ്ങൾക്കും ശാന്തമായി ജോലി ചെയ്യാൻ സാധിക്കും. കാരണം ആളുകൾ ഇടയ്ക്കിടക്കുവന്ന് പട്ടയം കിട്ടിയില്ലെന്ന് പരാതി പറയുന്ന അവസ്ഥ ഒഴിവാക്കാൻ സാധിക്കും.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

പട്ടികവർഗ്ഗ വിഭാഗത്തിന് ഭൂമി നൽകൽ

ജില്ലാ കളക്ടർ, പാലക്കാട്: 2006-ലെ വനാവകാശ നിയമം പ്രകാരം ജില്ലാതല കമ്മിറ്റിയിൽ ലഭിച്ച അപേക്ഷകളിൽ ഏകദേശം മുന്നൂറിലധികം അപേക്ഷകൾ പെൻഡിംഗിലാണ്. പാലക്കാട് ജില്ലയിൽ 243 അപേക്ഷകളും തൃശ്ശൂർ ജില്ലയിൽ 41 അപേക്ഷകളും ഇടുക്കി ജില്ലയിൽ 34 അപേക്ഷകളും പെൻഡിംഗിലാണ്. അതുകൂടാതെ സബ്ഡിവിഷൻ ലെവൽ കമ്മിറ്റിയിൽ ലഭിച്ച അപേക്ഷകളിൽ ഏകദേശം 4500 അപേക്ഷകൾ പെൻഡിംഗുണ്ട്. പെൻഡിംഗ് അപേക്ഷകൾ രണ്ടുമൂന്ന് മാസത്തിനകം ഡിസ്പോസ് ചെയ്യുന്നതിന് നടപടി സ്വീകരിക്കണം. പ്രസ്തുത അപേക്ഷകളിന്മേൽ സബ്ഡിവിഷൻ ലെവൽ കമ്മിറ്റി തീരുമാനമെടുത്തശേഷം ജില്ലാതല കമ്മിറ്റിയിൽ വരണം. ജില്ലാതല കമ്മിറ്റി വനാവകാശ നിയമമനുസരിച്ച് പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കണം.

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്: എല്ലാ ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമി നൽകാനാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. വയനാട് ജില്ലയിലാണ് ഏറ്റവും കൂടുതൽ ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങളുള്ളത്. 'There should be no landless tribals in Kerala' എന്നതാണ് ഗവൺമെന്റിന്റെ ടാർജറ്റ്. ഇക്കാര്യത്തിൽ എല്ലാ ജില്ലാ കളക്ടർമാരുടെയും ശ്രദ്ധ അനിവാര്യമാണ്. ജില്ലാ കളക്ടർമാർ നെഗോഷ്യേറ്റ് ചെയ്ത ഭൂമി ബഹു. ചീഫ് സെക്രട്ടറിയുടെ ചെയർമാൻഷിപ്പിലുള്ള SLEC ക്ലിയർ ചെയ്താൽ പർച്ചേസ് ചെയ്യാൻ സാധിക്കും. ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് വാസയോഗ്യവും കൃഷിയോഗ്യവുമായി ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണം.

ഡോ. പി. പുഗഴേന്തി, ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്: ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി വാങ്ങി നൽകുന്ന ലാന്റ് ബാങ്ക് സ്കീമിൽ എല്ലാ ജില്ലകളിൽനിന്നും 1741 ഏക്കർ ഭൂമിയുടെ ഓഫർ ലഭിച്ചിട്ടുണ്ട്. ഈ അപേക്ഷകളിൽ ജില്ലാതല സ്ക്രൂട്ടിനി കമ്മിറ്റി പരിശോധന പൂർത്തിയാക്കി പർച്ചേസ് കമ്മിറ്റി വിളിച്ചുചേർത്ത് തുടർ നടപടികൾ ത്വരിതപ്പെടുത്തണം.

മുഖ്യമന്ത്രി : ജോയിന്റ് സർവ്വേ പൂർത്തിയാക്കിയ 1965 ഏക്കർ ഭൂമി വിതരണത്തിന് സജ്ജമാണെന്ന് നേരത്തെ അറിയിച്ചിരുന്നു. ഇതുസംബന്ധിച്ച തുടർ നടപടികൾ ഏതുവരെയായി?

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്: പട്ടികവർഗ്ഗ വികസന വകുപ്പിലേയും റവന്യൂ വകുപ്പിലേയും ഉദ്യോഗസ്ഥർ ഈ ഭൂമി പരിശോധിക്കുകയും വാസയോഗ്യമല്ലാത്ത നിരവധി ഭൂമി ഇതിൽ ഉൾപ്പെട്ടിട്ടുള്ളതായി കണ്ടെത്തുകയും ചെയ്തിരുന്നു. വാസയോഗ്യമല്ലാത്ത ഭൂമി വീണ്ടും വനം വകുപ്പിന് നൽകി പകരം അനുയോജ്യമായ ഭൂമി തിരിച്ചെടുക്കണമെന്നതാണ് തീരുമാനം.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻ കുട്ടി): സുപ്രീം കോടതിയുടെ വിധിപ്രകാരം പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അട്ടപ്പാടിയിൽ ഒരേക്കർ ഭൂമിവീതം നൽകിയെങ്കിലും ഈ ഭൂമി ഏറ്റെടുക്കാൻ അവർ തയ്യാറായിട്ടില്ല. ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാൻ സാധിക്കുമെന്ന് ആലോചിക്കണം.

ജില്ലാ കളക്ടർ, പാലക്കാട്: പശ്ചാത്തല സൗകര്യമുള്ള ഭൂമി മാത്രമേ ജനങ്ങൾ ഏറ്റെടുക്കാൻ തയ്യാറാകുകയുള്ളൂ. അതിനുള്ള ഡി.പി.ആർ. തയ്യാറാക്കുന്നുണ്ട്. നെല്ലിയാമ്പതിയിൽ ഇപ്രകാരം നൽകിയ ഭൂമി occupy ചെയ്ത് കൃഷി ആരംഭിച്ചിട്ടുണ്ട്. കാരണം പ്രസ്തുത ഭൂമി നേരത്തെ കയ്യേറിയതാണ്.

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്: അട്ടപ്പാടിയിൽ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി നൽകിയെങ്കിലും ഇറിഗേഷൻ സൗകര്യമോ യാത്രാ സൗകര്യമോ ഇല്ലാത്തതിനാൽ വീടുവയ്ക്കാൻ പ്രയാസം നേരിടുന്ന സാഹചര്യമുണ്ട്.

ജില്ലാ കളക്ടർ, പാലക്കാട്: ലാന്റ് ബാങ്ക് പദ്ധതി വഴി വാങ്ങുന്ന ഭൂമിയും ഒരേക്കർവച്ച് കൊടുക്കേണ്ടതായിട്ടുണ്ടോ?

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്: പ്രസ്തുത വിഷയം സംബന്ധിച്ച് നേരത്തെ തീരുമാനമെടുത്തിട്ടുണ്ട്. ഭൂരഹിതരായ പട്ടികവർഗ്ഗ കുടംബങ്ങൾക്ക് വീട് വയ്ക്കാനുള്ള ഭൂമിയാണ് ആദ്യം നൽകുന്നത്. പിന്നീട് ഭൂമി ലഭിക്കുന്ന മുറയ്ക്ക് കൂടുതൽ ഭൂമി നൽകാവുന്നതാണ്. വയനാട്ടിൽ ഒരു അപേക്ഷകന് 25 സെന്റ് ഭൂമി വീതമാണ് നൽകുന്നത്. ആ ഒരു മോഡലിൽത്തന്നെ മുന്നോട്ടുപോകണം.

ജില്ലാ കളക്ടർ, പാലക്കാട്: പാലക്കാട് ജില്ലയിൽ ലാന്റ് ബാങ്ക് സ്കീമിൽനിന്നും 63 ഏക്കർ ഭൂമിയുടെ ഓഫർ ലഭിച്ചു. അതിൽ 50 ഏക്കർ സ്ഥലം സന്ദർശിച്ചുവെങ്കിലും അവസാനം 8 ഏക്കർ ഭൂമി വാങ്ങാനാണ് എസ്.എൽ.ഇ.സി.-യിൽനിന്ന് അനുവാദം ലഭിച്ചത്. 8 ഏക്കർ ഭൂമിവച്ച് മുഴുവൻ അപേക്ഷകർക്കും ഭൂമി നൽകാൻ സാധിക്കില്ല. ഇതൊരു elaborate പ്രോസസാണ്. ലാന്റ് അക്വിസിഷൻ നടപടിയിലൂടെ കൂടുതൽ സ്ഥലം ഒരുമിച്ച് ഏറ്റെടുത്ത് ഏറിയ ഡെവലപ് ചെയ്യാൻ സാധിക്കും.

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്: ലാന്റ് അക്വിസിഷന് യാതൊരു തടസ്സവുമില്ല. അക്വിസിഷന് അനുയോജ്യമായ ഭൂമി കണ്ടുപിടിച്ചാൽ, department will be able to give you the necessary support.

ജില്ലാ കളക്ടർ, പാലക്കാട്: അട്ടപ്പാടിയുടെ കാര്യത്തിൽ 2012-ൽ ലഭിച്ച അപേക്ഷകളാണ് കൂടുതലുള്ളത്. പലപ്പോഴും ഒരേ കേസ് തന്നെ തർക്കം വന്നിട്ട് വീണ്ടും വെരിഫൈ ചെയ്യേണ്ടതായി വരുന്നുണ്ട്. വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് ഇതുസംബന്ധിച്ചൊരു ഗൈഡ്ലൈൻ നൽകിയാൽ ഉചിതമായിരിക്കും.

ജില്ലാ കളക്ടർ, ഇടുക്കി: ലാന്റ് ബാങ്ക് പദ്ധതിയിൽ കക്ഷിയുടെ പേരിലേക്ക് ഭൂമി നേരിട്ട് രജിസ്ട്രേഷൻ നടത്തിക്കൊടുക്കുന്നതാണ് ഉചിതം. കളക്ടറുടെ പേരിൽ

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

വാങ്ങിയാൽ രണ്ട് രജിസ്ട്രേഷൻ വേണ്ടിവരുമോയെന്ന് സംശയമുണ്ട്. കക്ഷിയുടെ പേരിൽ നേരിട്ട് രജിസ്റ്റർ ചെയ്യുകയാണെങ്കിൽ രണ്ട് രജിസ്ട്രേഷൻ പ്രോസസ് ഒഴിവാക്കാൻ സാധിക്കും.

ഡോ. വിശ്വാസ് മേത്ത, അഡീഷണൽ ചീഫ് സെക്രട്ടറി, (ഹോം & വാട്ടർ റിസോഴ്സസ്): രജിസ്ട്രേഷൻ ചാർജ്ജ് മുഴുവൻ എസ്.സി./എസ്.ടി. ഡിപ്പാർട്ടുമെന്റിന്റെ പ്ലാൻ ഫണ്ടിൽനിന്ന് കണ്ടെത്താൻ സാധിക്കും.

ജില്ലാ കളക്ടർ, കൊല്ലം: ഭൂമി അക്വയർ ചെയ്യുമ്പോൾ മാർക്കറ്റ് റേറ്റിനേക്കാൾ ഉയർന്ന വില പലപ്പോഴും ആവശ്യപ്പെടാറുണ്ട്.

ജില്ലാ കളക്ടർ, വയനാട്: ഫിഷറീസ് വകുപ്പിന്റെ ലാന്റ് പർച്ചേസിംഗിന് ഒരു ജി.ഒ. ഉണ്ട്. ആ ജി.ഒ. വ്യക്തവും കുറച്ചുകൂടി discretion-നുള്ളതുമാണ്. ട്രൈബൽ ഡിപ്പാർട്ടുമെന്റിന്റെ ജി.ഒ.യിൽ ക്ലാരിറ്റിയില്ല. ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ ജി.ഒ.പോലെ ഒരു ജി.ഒ. ഇറക്കാൻ സാധിക്കുമെങ്കിൽ 90 ശതമാനം നെഗോഷ്യേറ്റഡ് പർച്ചേസും വേഗത്തിൽ പൂർത്തിയാക്കാൻ കഴിയും.

ജില്ലാ കളക്ടർ കോഴിക്കോട്: കോഴിക്കോട് ജില്ലയിൽ ഭൂരഹിതരായ ആദിവാസികൾക്കായുള്ള ഭൂമി വിതരണ പദ്ധതിയിൽ 5.72 ഏക്കർ ഭൂമി നെഗോഷ്യേറ്റ് ചെയ്ത് എസ്.എൽ.ഇ.സി.-ക്ക് അയച്ചു. ജില്ലയിൽ നിലവിൽ 98 ഭൂരഹിതരുള്ളതായി പ്രാഥമികമായി കണ്ടെത്തിയിട്ടുണ്ട്. ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനായി നിക്ഷിപ്ത വനഭൂമിയോ റവന്യൂ ഭൂമിയോ ഇപ്പോൾ ലഭ്യമല്ല.

ജില്ലാ കളക്ടർ, മലപ്പുറം: മലപ്പുറത്ത് ലാന്റ് ബാങ്കിന്റെ മൂന്ന് ഭൂമി വാങ്ങിയിട്ടുണ്ട്. കൂടാതെ മറ്റ് മൂന്ന് ഭൂമികൂടി അടുത്ത ദിവസംതന്നെ വാങ്ങുന്നതാണ്. കഴിഞ്ഞ വർഷം വനം വകുപ്പ് നൽകിയ 10 ഹെക്ടർ ഭൂമിയിൽ 34 ശതമാനത്തോളം ആളുകൾക്ക് പട്ടയം നൽകി വീട് പണി ആരംഭിച്ചിട്ടുണ്ട്. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ 89 ഹെക്ടർ പ്ലാേട്ട് സർവ്വേ കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത ഭൂമിയിൽ വനം വകുപ്പിന് കുറച്ച് കണ്ടീഷൻസുണ്ടായിരുന്നു. ആ കണ്ടീഷൻസ് ട്രൈബൽസിന് സ്വീകാര്യമല്ല. പ്രസ്തുത വിഷയം സംബന്ധിച്ച് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് വിശദമായ നോട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ ഈ മാസം 30-ാം തീയതി എ.സി.എഫ്. ഒരു മീറ്റിംഗ് വിളിച്ചിട്ടുണ്ട്. ഈ ഭൂമി ലഭിച്ചാൽ ഏകദേശം 90 ശതമാനം ട്രൈബൽസിനും ജൂൺ മാസത്തോടെ ഭൂമി നൽകാൻ കഴിയും. ബാക്കി 10 ശതമാനത്തിൽ താഴെ മാത്രമേ ഭൂരഹിതരുണ്ടാകുകയുള്ളൂ. അവർക്ക് ലാന്റ് ബാങ്ക് വഴി ഭൂമി കൊടുക്കാൻ കഴിയും. പി.സി.സി.എഫ്.-ന്റെ ഭാഗത്തുനിന്ന് അതിനൊരു പോസിറ്റീവ് തീരുമാനമുണ്ടാകണം.

ചീഫ് സെക്രട്ടറി: ഇക്കാര്യം വനം വകുപ്പ് സെക്രട്ടറിയുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കാം.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

കൊച്ചി സേലം പൈപ്പ് ലൈൻ

ചീഫ് സെക്രട്ടറി: പ്രധാനമായും എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളാണ് ഇതിൽ ഉൾപ്പെടുന്നത്.

ജില്ലാ കളക്ടർ, എറണാകുളം: ലാൻഡ് അക്വിസിഷൻ ആക്ട് പ്രകാരം നടപടി നടക്കുന്നുണ്ട്.

ചീഫ് സെക്രട്ടറി : എത്ര സ്ഥലം ഇനി കൈമാറാനുണ്ട്?

ജില്ലാ കളക്ടർ, എറണാകുളം: 10 ശതമാനം ബാക്കിയുണ്ട്. രണ്ട് മാസത്തിനുള്ളിൽ പൂർത്തിയാകും.

ജില്ലാ കളക്ടർ, തൃശ്ശൂർ : തൃശ്ശൂരിൽ ആകെ 60കി.മീറ്ററിൽ 56എണ്ണം നേരത്തെ വലിച്ചിട്ടുള്ള ലൈനിന്റെ സൈഡിൽകൂടിയാണ് എടുക്കുന്നത്. അത് നേരത്തെ നിലവിലുള്ളതാണ്. 4 കി.മീ. മാത്രമാണ് പുതിയതായി ഫ്രഷ് ആർ.ഒ.യു. പ്രകാരവുമാണ് സ്ഥാപിക്കുന്നത്. പ്രധാനമായും നെൽവയലുള്ള ഭാഗത്തുകൂടി പോകുന്ന സ്ഥലത്ത് പ്രശ്നമില്ല. പക്ഷേ വാഴയ്ക്ക് നഷ്ടപരിഹാരമായി കൊടുക്കുന്ന സർക്കാരിന്റെ റേറ്റ് വളരെ കുറവാണ്. അങ്ങനെയുള്ള ചെറിയ ബുദ്ധിമുട്ട് അവർ അഭിമുഖീകരിക്കുന്നതായി യോഗത്തിൽ പറഞ്ഞിട്ടുണ്ട്. enhanced റേറ്റ് കിട്ടിയാൽ എത്രയും പെട്ടെന്ന് ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണ്.

ജില്ലാ കളക്ടർ, പാലക്കാട്: പാലക്കാട് ജില്ലയിൽ ഏകദേശം കംപ്ലീറ്റ് ചെയ്തിട്ടുണ്ട്. റിസ്റ്റോറേഷൻ 70ശതമാനം വീണ്ടും പുന:സ്ഥാപിച്ചിട്ടുണ്ട്. നഷ്ടപരിഹാരം കൊടുക്കുന്നതിൽ കുറച്ച് തടസ്സം വന്നിട്ടുണ്ട്. ജനങ്ങൾക്ക് ഹയർ കോമ്പൻസേഷൻ വേണമെന്നാണ് ആവശ്യപ്പെടുന്നത്. ഈ പ്രശ്നം കോടതി നേരത്തെ നിരസിച്ചതാണ്. ഒന്നുകൂടി പോകണമെന്നതുകൊണ്ട് അവർ വരുന്നില്ല. വന്നവർക്കെല്ലാം പൈസ കൊടുത്തുകഴിഞ്ഞു.

പ്രളയ ദുരിതാശ്വാസ പ്രവർത്തനം

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്: 2018-ലെ പ്രളയത്തെക്കുറിച്ച് ഒരു കാര്യം കളക്ടർമാരെ ഓർമ്മിപ്പിക്കാനുണ്ട്. പൂർണ്ണമായും വീട് നഷ്ടപ്പെട്ടവരുടെ വീട് പണിയുടെ പുരോഗതി വളരെ സൂക്ഷമായി എല്ലാ കളക്ടർമാരും ശ്രദ്ധിക്കണം. വീട് പണിയിൽ നല്ല പുരോഗതിയുണ്ടെങ്കിലും ഇപ്പോഴും നാലായിരം വീടുകൾ പല ഘട്ടത്തിലായി നിൽക്കുകയാണ്. പ്രത്യേക ശ്രദ്ധ വേണ്ടത് ആലപ്പുഴ ജില്ലയിലാണ്. റിവ്യൂ ചെയ്തപ്പോൾ ആലപ്പുഴ ജില്ലയിലാണ് പുരോഗതി ഏറ്റവും കുറവുള്ളത്. അതുകാെണ്ട് അവിടെ എല്ലാ ആഴ്ചയും കേന്ദ്രീകരിച്ച് കൂടുതൽ എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ അന്വേഷിച്ച് മനസ്സിലാക്കണം. ആലപ്പുഴയിൽ ഒരുമിച്ച് വീടുകൾ പണിയാനുള്ള ഒരു ഫ്രെയിം വർക്കുണ്ടാക്കണം. ഇതിനായി എന്തെങ്കിലും അഡീഷണലായി സൗകര്യം ചെയ്യണമെങ്കിൽ ചെയ്തുതരാം. തൃശ്ശൂരിലും കുറച്ചുകൂടി തീർക്കാനുണ്ട്. ഫാമിലി

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

പ്രശ്നങ്ങളൊക്കെ തീർക്കാൻ ഒരു അദാലത്ത് കൂടിയത് നന്നായി. വയനാട്ടിലും ഈ കാര്യങ്ങൾ ശ്രദ്ധിക്കണം. 2018-ലെ വീട് പണി ഡിസംബർ മാസത്തിൽ തീർക്കണമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആവശ്യപ്പെട്ടിട്ടുള്ളത്. 2019-ലെ പ്രളയക്കെടുതിമൂലം ക്യാമ്പുകളിൽ താമസിച്ച 1,36,288 കുടുംബങ്ങൾക്ക് 10000/-രൂപ വച്ച് വിതരണം ചെയ്തു. ഇതിൽ 27,344 ആലപ്പുഴ, കോട്ടയം ജില്ലയുടെ ചില ഭാഗങ്ങളിലുള്ള കഞ്ഞിപ്പുരയിൽ രജിസ്റ്റർ ചെയ്തവർ ഉൾപ്പെടെയുള്ളതാണ്. രണ്ടാമത്തേത് ബന്ധുവീടുകളിലേയ്ക്കും മറ്റ് സ്ഥലങ്ങളിലേയ്ക്കും മാറി താമസിച്ച ആൾക്കാർക്കും ധനസഹായം നൽകണമെന്ന് ഗവൺമെന്റ് തീരുമാനിച്ചിരുന്നു. അങ്ങനെയുള്ളവർ 1,32,763 പേരാണ്. അതിൽ 74,925കുടുംബങ്ങൾക്ക് ധനസഹായം വിതരണം ചെയ്തുകഴിഞ്ഞു. കളക്ടർമാർ ശ്രദ്ധിക്കേണ്ട ഒരു പ്രധാനപ്പെട്ട കാര്യം ഇപ്രാവശ്യം താലൂക്ക്തലത്തിൽ എസ്.ഡി.ആർ.എഫ്.നും സി.എം.ഡി.ആർ.എഫ്.നും പ്രത്യേകിച്ച് കണക്ക് വയ്ക്കാതെ കേന്ദ്രീകൃത സംവിധാനമാണ് ഉപയോഗിച്ചത്. ആപ്പ് വഴി നിങ്ങളുടെ താലൂക്കിൽനിന്നും അപ്രൂവലോടുകൂടി വന്നുകഴിഞ്ഞാൽ ഇവിടുന്ന് പണം നൽകുന്ന സിസ്റ്റത്തിൽ ചെറിയ പ്രശ്നങ്ങളുണ്ടായിരുന്നു. 69,370 എൻട്രീസ് ഇവിടെ പ്രോസസ്സ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. എൽ.ആർ.സി. തലത്തിൽ പരിശോധിച്ചപ്പോൾ അവരുടെ റേഷൻ കാർഡിൽ ഫോട്ടോ തെളിയാതിരിക്കുകയോ ബാങ്ക് അക്കൗണ്ടിന്റെ ഡീറ്റെയിൽസ് തെളിയാത്തതോ ആയ കുഴപ്പങ്ങൾ കാരണം പ്രോസസ്സ് ചെയ്യാൻ പറ്റാത്ത 69000 എൻട്രീസുകളുടെ അക്സസ്സ് കിട്ടിക്കഴിഞ്ഞു. ഇപ്പോൾ അതത് താലൂക്കിൽ with held എന്ന് റിട്ടേൺ ചെയ്തിട്ടുള്ള ഡാറ്റ എത്രയും പെട്ടെന്ന് captureചെയ്ത് തിരിച്ച് അപ്പ്ലോഡ് ചെയ്യുകയാണ് വേണ്ടത്. അതിന് ഓർക്കേണ്ടത് ആൾക്കാരെ നമ്മൾ വിളിച്ചുവരുത്തുകയോ അവർ വീണ്ടും ഓഫീസുകളിൽ കയറിയിറങ്ങുകയോ ചെയ്യേണ്ട ഒരു സാഹചര്യം ഉണ്ടാകരുത്. അതുപോലെ നമ്മൾ അങ്ങോട്ട് ചെന്ന് വീണ്ടും survey ചെയ്യേണ്ട ഒരു ആവശ്യവും വരരുത്. ബുദ്ധിപരമായി ചെയ്യണം, അവരുടെയൊക്കെ ഫോൺ നമ്പർ ഉണ്ട്. വില്ലേജുതലത്തിലേയ്ക്ക് ഇത് വിഭജിച്ച് കൊടുത്ത് ഈ ആൾക്കാരെ വിളിച്ച് ഇതിന്റെ ഫോട്ടാ ആണ് തെളിയാത്തതെങ്കിൽ ആ ഫോട്ടോ വാട്ട്സാപ്പ് മുഖേനയോമറ്റോ നിങ്ങൾക്ക് എത്തിക്കാനുള്ള ഒരു സംവിധാനമുണ്ടാക്കണം. ആ സംവിധാനം flexible ആക്കി വച്ചിരിക്കുകയാണ്. അതിൽ ഒറ്റ പോയിന്റേ ഉള്ളൂ ദുരിതബാധിതരെ കൂടുതൽ പ്രയാസത്തിലാക്കരുത്. അവരോട് കടലാസുംകൊണ്ട് ഓഫീസിൽ വരാൻ പറയരുത്. എത്രയുംപെട്ടെന്ന് ഈ ഡാറ്റ ക്ലീനപ്പ് ചെയ്ത് തിരിച്ച് അപ്ലോഡ് ചെയ്യാൻവേണ്ടിയുള്ള നടപടികളുമായി മുന്നോട്ടുപോകണം.

<u>കമ്മീഷണർ ഓഫ് ലാന്റ് റവന്യൂ</u>: മൂന്ന് തരത്തിലാണ് തെറ്റുകൾ വരാൻ സാദ്ധ്യതയുള്ളത്. അതിൽ ഏതാണെന്നുള്ളത് കാറ്റഗറൈസ് ചെയ്ത് തന്നിട്ടുള്ളത് ഓപ്പൺ ചെയ്തു നോക്കുമ്പോൾ മാത്രമെ മനസ്സിലാക്കാൻ സാധിക്കൂ.

<u>പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്</u>: കാറ്റഗറൈസ് ചെയ്തല്ല നിങ്ങൾക്ക് തന്നിട്ടുള്ളത്

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

കമ്മീഷണർ ഓഫ് ലാന്റ് റവന്യൂ: Read me എന്ന ഡയറക്ഷൻസ് തന്നിട്ടുണ്ട് അത് വായിക്കുമ്പോൾ അറിയാൻ കഴിയും.

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്: എന്തെങ്കിലും സംശയമുണ്ടെങ്കിൽ എൽ.ആർ.സി.-യുടെ സെല്ലിലേയ്ക്ക് വിളിച്ച് അതാത് സമയത്തുതന്നെ സംശയങ്ങൾ ദൂരീകരിക്കുക.

ജില്ലാ കളക്ടർ, ഇടുക്കി: അതിൽ വന്ന ഒരു ഇഷ്യൂ ആദ്യ സർവ്വേ ടീം പോയപ്പോൾ tenant ആണ് അവിടെ താമസിച്ചിരുന്നത്. അവരുടെ പേര് എഴുതിക്കൊണ്ടുവന്ന് സബ്മിറ്റ് ചെയ്തു. ആ ബിൽഡിംഗ് മറ്റൊരാളുടെ പേരിലായിരുന്നുവെന്ന് പിന്നീടാണ് മനസ്സിലായത്. അപ്രൂവ് ചെയ്തുകഴിഞ്ഞാൽ tenant-നാണ് പൈസ പോകുന്നത്. അത് ക്ലിയർ ചെയ്തിട്ടുണ്ടോയെന്ന് അറിയില്ല.

ലാന്റ് റവന്യൂ കമ്മീഷണർ: പരിശോധിക്കാം.

മുഖ്യമന്ത്രി: കവളപ്പാറയിലുണ്ടായിരുന്ന പ്രക്ഷോഭമെന്തായിരുന്നു?

ജില്ലാ കളക്ടർ, ഇടുക്കി: കുറച്ചുപേർ ഇപ്പോഴും ആഡിറ്റോറിയത്തിലെ ഒരു ക്യാമ്പിലുണ്ട്. പത്ത് ലക്ഷത്തിന്റെ ബെനിഫിഷറീസാണ് അവരുടെ മെയിൻ ഡിമാന്റ് എത്രയും പെട്ടെന്ന് 6 ലക്ഷവും 4 ലക്ഷവും ഗഡുക്കളായി അവർക്ക് കിട്ടണമെന്നതാണ്. ക്യാമ്പിലല്ലാതെ individual houseകളിൽ താമസിക്കുന്ന കുറച്ച് കുടുംബങ്ങളുണ്ട്. അവർക്ക് ആദ്യം മൂന്ന് മാസം സ്പോൺസർഷിപ്പുണ്ടായിരുന്നു. ഇതിന്റെ കാലാവധി ഇപ്പോൾ കഴിഞ്ഞു. സ്പോൺസർഷിപ്പ് ഇപ്പോൾ കിട്ടുന്നില്ല. അവരുടെ വാടക പേ ചെയ്യാൻ ഗവൺമെന്റ് പൈസ കൊടുക്കണമെന്നുള്ള ഡിമാന്റുണ്ടായിരുന്നു. മൂന്നാമത്തെ കാര്യം അവരുടെ പേര് അതിനകത്ത് ഉണ്ടോ ഇല്ലയോ എന്ന് നോക്കുന്നതിന് ആർക്കൊക്കെയാണ് ഇതുവരെ പൈസ കൊടുത്തത് എന്നതിന്റെ ലിസ്റ്റ് വേണം. ലിസ്റ്റ് ഇതുവരെ പബ്ലിഷ് ചെയ്തിട്ടില്ല. ഇപ്പോൾ വെരിഫിക്കേഷൻ നടക്കുന്നതേയുള്ളൂ. വെരിഫിക്കേഷൻ ചെയ്യാതെ ലിസ്റ്റ് പബ്ലിഷ് ചെയ്താൽ കുറച്ച് അപാകത അതിനകത്ത് വരും. ഈ മൂന്ന് കാരണങ്ങൾ കൂടാതെ അതിനകത്ത് കുറച്ച് ലോക്കൽ ഇഷ്യൂസും കൂടിയുണ്ട്.

മുഖ്യമന്ത്രി: ഡിസംബറിൽ തീർക്കണമെന്ന് തീരുമാനിച്ചത് തീരുമെന്ന് തന്നെയല്ലേ;

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്: ആലപ്പുഴ ജില്ലയിടെ കാര്യത്തിലാണ് സംശയമുള്ളത്. ബാക്കി എല്ലാ ജില്ലകളിലും റിവ്യൂ നടത്തിയതിൽനിന്നും വർക്കുകൾ നല്ല പുരോഗതിയിലാണെന്നാണ് മനസ്സിലായിട്ടുണ്ട്.

ജില്ലാ കളക്ടർ, വയനാട്: പ്രളയത്തിൽ ഫെർട്ടിലൈസർ ഗോഡൗണും ഉപകരണങ്ങളും സ്വയംതൊഴിൽ നിക്ഷേപമുണ്ടായിരുന്ന കുറെ സ്ഥാപനങ്ങളും നഷ്ടമായവരുണ്ട്. അങ്ങനെയുള്ളവർക്ക് വീട് പോയതിന് പ്രയോറിറ്റി കൊടുക്കുന്നതു

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

പോലെ ജീവനോപാധി പൂർണ്ണമായും നഷ്ടപ്പെട്ട കേസുകളിൽ കൃഷിക്കാർക്ക് എന്തെങ്കിലും ഒരു ഇൻസെന്റീവ് കൊടുക്കാൻ കൃഷി വകുപ്പിന് കഴിഞ്ഞാൽ നല്ലതായിരുന്നു.

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്: കളക്ടർ പറഞ്ഞതിൽ ഒരു മാനുഷിക പ്രശ്നം ഉണ്ട്. നമ്മുടെ ഇന്നത്തെ എസ്.ഡി.ആർ.എഫ്-ന്റെ മാനദണ്ഡപ്രകാരം അങ്ങനെയൊരു സ്കീം ഇല്ല. 2018-ൽ ചെറുകിട സംരംഭങ്ങൾക്ക് ഒരു ലോൺ സ്കീം അറേഞ്ച് ചെയ്തിരുന്നു. 2019-ലേയ്ക്ക് വച്ചിട്ടില്ല.

ജില്ലാ കളക്ടർ, വയനാട്: കേന്ദ്ര ഗവൺമെന്റിന്റെ രണ്ടുമൂന്ന് ഇൻഷ്വറൻസ് സ്കീമുകളുണ്ട്. അത് 12രൂപ annual premium വരുന്ന ഒരു ഇൻഷ്വറൻസാണ്. അതിൽ ബാങ്ക് അക്കൗണ്ടുള്ള ആൾക്കാരെ ലിങ്ക് ചെയ്താൽ ദുരന്തം സംഭവിക്കുമ്പോഴോ മരണം സംഭവിക്കുമ്പോഴോ നമ്മൾ കൊടുക്കുന്ന നാല് ലക്ഷത്തിന് പുറമേ രണ്ട് ലക്ഷം രൂപകൂടി ലഭ്യമാകും. 'പ്രധാനമന്ത്രി ജൻ ധൻ യോജന' 'പ്രധാനമന്ത്രി ജീവൻ ജ്യോതി ബീമാ യോജന' 'പ്രധാനമന്ത്രി സുരക്ഷാ ഭീമാ യോജന' ഇതിൽ വളരെ ചെറിയ പ്രീമിയമാണ് അടയ്ക്കേണ്ടി വരുന്നത്. ആക്സിഡന്റ് കവറേജാണ് നൽകുന്നത്. പത്തനംതിട്ടയിൽ 4ലക്ഷത്തിന് പുറമേ ഈ ഇൻഷ്വറൻസുംകൂടി കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. അങ്ങനെയാകുമ്പോൾ ഒരാൾക്ക് 10ലക്ഷം വരെ കിട്ടും. ഇപ്പോൾ പുത്തുമലയിൽ മരിച്ച ജീവനോപാധി നഷ്ടപ്പെട്ട ഒരാളുപോലും ഈ സ്കീമുകളിൽ പ്രീമിയം അടച്ച ആൾക്കാരല്ല. തൊഴിലുറപ്പിന്റെ കാർഡ് കൊടുക്കുമ്പോഴോ തൊഴിലുറപ്പിന്റെ പൈസ കൊടുക്കുമ്പോഴോ ഓട്ടോമറ്റിക്കലി 12 രൂപയുടെ പ്രീമിയം കേന്ദ്രഗവൺമെന്റിന്റെ ഈ മൂന്ന് സ്കീമുകളിൽ പിടിക്കാൻ ഒരു ഓർഡർ കൊടുത്താൽ എന്ത് അപകടം സംഭവിച്ചാലും സംസ്ഥാന സർക്കാരിന്റെ കോമ്പൻസേഷൻ കൂടാതെതന്നെ കേന്ദ്രഗവൺമെന്റ് 6ലക്ഷം രൂപയുംകൂടി അവർക്ക് ഓട്ടോമറ്റിക്കലി ഒരു പ്രശ്നവുമില്ലാതെ ബാങ്കുകാർതന്നെ നേരിട്ട് കൊടുക്കും. ജനങ്ങളോട് എൻറോൾ ചെയ്യാൻ പറഞ്ഞാൽ അവർ ചെയ്യുകയില്ല. ഒരു സ്റ്റാൻഡിംഗ് നിർദ്ദേശമായി നൽകണം.

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂവകുപ്പ്: 2018-ൽ പത്തനംതിട്ട ജില്ലയിൽ 31 പേരാണ് മരിച്ചത്. മരിച്ച എല്ലാ ആളുകളുടെയും ഇതുപോലുള്ള അക്കൗണ്ട് ഉണ്ടോയെന്നുള്ളത് ചെക്ക് ചെയ്തിരുന്നു. അങ്ങനെ ചെക്ക് ചെയ്തതിൽ 6 പേർക്ക് അക്കൗണ്ട് ഉണ്ടെന്ന് കണ്ടെത്തി അവർക്ക് ബാങ്കിൽനിന്ന് പണം വാങ്ങി കൊടുത്തിരുന്നു.

ജില്ലാ കളക്ടർ, വയനാട്: പുത്തുമലയിൽ ഒരാൾക്കുപോലും അങ്ങനെ കൊടുക്കാൻ സാധിച്ചിട്ടില്ല.

മുഖ്യമന്ത്രി: വയനാട് കളക്ടർ പറഞ്ഞതുപോലെ ചെയ്യുന്നതായിരിക്കും നല്ലത്. അല്ലെങ്കിൽ ഒരു വിഭാഗം ആളുകൾ മാത്രം അർഹതയുള്ളവരായി മാറും.

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂവകുപ്പ്: അത് പരിശോധിക്കാം.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

ജില്ലാ കളക്ടർ, കൊല്ലം: 2018- ലെ പ്രളയത്തിൽ വീടും സ്ഥാപനങ്ങളും നഷ്ടപ്പെട്ടുപോയതും ഗൾഫിലോ ഇതര സംസ്ഥാനങ്ങളിലോ ജോലി ചെയ്തിരുന്നതിനാൽ യഥാസമയം ആപ്ലിക്കേഷൻ കൊടുക്കാൻ സാധിക്കാതിരിക്കുകയും ചെയ്ത ചില ആൾക്കാർ ഇപ്പോൾ അപേക്ഷയുമായി വരുന്നുണ്ട്. അത് പരിഗണിക്കാൻ ഒരു സൗകര്യം ഇപ്പോൾ നിലവിലില്ല. അതിനെന്തെങ്കിലും മാർഗ്ഗമുണ്ടോ?

ശ്രീ. പിണറായി വിജയൻ: 2018-ൽ അപേക്ഷ കൊടുക്കാൻ സൗകര്യം കൊടുത്തതാണല്ലോ ഇനി അതിന് വേറെ നോക്കേണ്ടതില്ല.

ശബരിമല എയർപോർട്ടിന് ഭൂമി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്: ഈ വിഷയവുമായി ബന്ധപ്പെട്ട് നിലവിലുള്ള ലാന്റ് അക്വിസിഷൻ കേസ്സിന്റെ വിധിയ്ക്കനുസരിച്ച് നടപടി സ്വീകരിക്കാൻ കഴിഞ്ഞ തവണ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ യോഗത്തിൽ തീരുമാനിച്ചിരുന്നു. നിയമോപദേശപ്രകാരം കിയാൽ എം.ഡി. ശ്രീ.തുളസീദാസിനെ സ്പെഷ്യൽ ഓഫീസറായി അപ്പോയിന്റ്മെന്റ് ചെയ്ത് ഓർഡറായിട്ടുണ്ട്. അക്വയർ ചെയ്യേണ്ട ഭൂമിയുടെ ഡീറ്റെയിൽസും സർവ്വേ നമ്പറും എക്സ്റ്റന്റും സ്പെഷ്യൽ ഓഫീസർക്ക് നൽകിയാൽ അക്യുസിഷനുവേണ്ട ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ വേഗത്തിലാക്കുന്നതാണ്.

ജില്ലാ കളക്ടർ, കോട്ടയം: അതുസംബന്ധിച്ച് അറിയിപ്പ് ഇതുവരെ വന്നിട്ടില്ല. അറിയിപ്പ് കിട്ടിയാലുടനെ നൽകാം. പാലാ സബ്കോടതിയിൽ ചെറുവള്ളി എസ്റ്റേറ്റുമായി ബന്ധപ്പെട്ട് കേസ് ഫയൽ ചെയ്തിട്ടുണ്ട്. ബാക്കി വിശദാംശങ്ങൾ ഉണ്ട്. എല്ലാ കോപ്പിയും ഇന്നുതന്നെ എത്തിക്കാം.

ശബരി റെയിൽ

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്: കോട്ടയത്ത് രാമപുരം - എരുമേലി ഭാഗത്തുമാത്രം അലൈൻമെന്റിനെക്കുറിച്ച് ഒരു ഡിസ്പ്യൂട്ട് ഉണ്ടായിരുന്നു. ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറും ഡിസ്ട്രിക്ട് കളക്ടറുംകൂടി അലൈൻമെന്റ് ഫൈനലൈസ് ചെയ്ത് ഗവൺമെന്റിൽ നൽകണമെന്ന് കഴിഞ്ഞ യോഗത്തിൽ തീരുമാനിച്ചിരുന്നു. അത് സ്പീഡ് അപ്പ് ചെയ്യേണ്ടതായിട്ടുണ്ട്.

ജില്ലാ കളക്ടർ, കോട്ടയം: അലൈൻമെന്റ് ഫിക്സ് ചെയ്തു തന്നുകഴിഞ്ഞാൽ ഉടനെ ചെയ്യാവുന്നതാണ്.

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്: അത് വേഗത്തിൽ ആക്കണം.

ജില്ലാ കളക്ടർ, കോട്ടയം: ചെയ്യാം.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

ജില്ലാ കളക്ടർ, എറണാകുളം: എറണാകുളത്ത് പെരുമ്പാവൂർ കൂവപ്പടി വേങ്ങൂർ വെസ്റ്റിൽ SI A കംപ്ലീറ്റ് ചെയ്ത് സർക്കാരിനെ അറിയിച്ചിട്ടുണ്ട്. 5.7 കി.മീ. പെഗ്ഗ് മാർക്കിംഗ് കംപ്ലീറ്റ് ചെയ്തിട്ടില്ല. അക്കാര്യം അറിയിച്ചിട്ടുണ്ട്. അതുകിട്ടിയശേഷം പെട്ടെന്നുതന്നെ അടുത്ത സ്റ്റെപ്പിൽ പോകും. മുപ്പത്തിയെട്ട് കോടി രൂപ റെസ്യും ചെയ്തിട്ടുണ്ട്.

ജില്ലാ കളക്ടർ, ഇടുക്കി: ഇടുക്കിയിൽ അലൈൻമെന്റ് മാത്രമാണ് പ്രശ്നം. അലൈൻമെന്റിൽ മാറ്റമുണ്ട് അത് റീഅലൈൻ തുടങ്ങിയശേഷം മാത്രമേ ആരംഭിക്കാവൂവെന്ന് റെയിൽവേയുടെ കത്തിൽ അറിയിച്ചതുകൊണ്ടാണ് പെൻഡിംഗിൽ വച്ചത്. അവർ രണ്ടാമത് വിഡ്ത്ത് കുറച്ചിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട കാര്യം വേഗത്തിൽ ചെയ്യാം.

ഗ്രാമീണ റോഡ് പുനരുദ്ധാരണം

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്: എസ്.ഡി.ആർ.എഫ്.-ന്റെ കാര്യത്തിൽ എല്ലാ കളക്ടർമാരും ശ്രദ്ധിച്ചാൽ പ്രോജക്ടുകൾ പെട്ടെന്ന് നടത്താൻ സാധിക്കും. 2018-ലെയും 2019-ന്റെയും പ്രളയത്തിന്റെ ഭാഗമായി നൂറുകണക്കിന് പ്രോജക്ടുകൾ പാസ്സായിട്ടുണ്ട്. വകുപ്പ് അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ ഇഷ്യൂ ചെയ്തുകഴിഞ്ഞാൽ പ്രോജക്ട് ഉണ്ടാക്കുകയും അപ്രൂവൽ വാങ്ങുകയും ടെണ്ടർ ചെയ്യുകയുമുൾപ്പെടെയുള്ള ബാക്കി കാര്യങ്ങൾ ചെയ്യേണ്ടത് കളക്ടർമാരാണ്. കാലാവധി നീണ്ടുപോയാൽ അത് മാപ്പാക്കാൻ മാത്രമാണ് ഗവൺമെന്റിൽ വരുന്നത്. എസ്.ഡി.ആർ.എഫ്.-ന്റെ ഫണ്ടായതുകൊണ്ട്, പണമുണ്ട്. എത്രയും പെട്ടെന്ന് ടെണ്ടർ നടപടിയിലേക്ക് നീങ്ങണം. ഇതുവരെ എ.എസ് കൊടുത്തിട്ടുള്ള സകല പ്രവൃത്തികളും വർക്കിംഗിലേക്ക് മാറണം. ഈ ഡിസംബർ മാസത്തിൽ ഇതിന്റെ പ്രത്യേക അവലോകനം നടത്തി അതാത് ബ്ലോക്കിലെ എഞ്ചിനീയർമാരെക്കൊണ്ട് പ്രൊപ്പോസൽ വച്ച് ടെണ്ടർ ചെയ്ത് ഈ വർക്കിലേക്ക് കടന്നാൽ അടുത്ത മൂന്നുനാല് മാസങ്ങൾകൊണ്ട് നമുക്ക് നല്ല പുരോഗതി കൈവരിക്കാൻ സാധിക്കും.

ജില്ലാ കളക്ടർ, പാലക്കാട്: ഇതിൽ വളരെ സ്ട്രിക്റ്റായിട്ടുള്ള ടൈംലൈനാണുള്ളത്. അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കിട്ടിയാൽ ആറുമാസത്തിനുള്ളിൽ എഗ്രിമെന്റ് വയ്ക്കണം. പാലക്കാട് ജില്ലയിൽ നൂറോളം വർക്ക് ആറ് മാസത്തിനുള്ളിൽ ചെയ്യാൻ സാധിച്ചിട്ടില്ല. ഇടയ്ക്ക് ഇലക്ഷൻ വന്നതുകൊണ്ട് ഗവൺമെന്റ് 78 ദിവസംകൂടി നീട്ടിത്തന്നതാണ്. ടി വർക്കുകൾക്ക് മൂന്ന് മാസംകൂടി നീട്ടിത്തന്നാൽ നന്നായിരിക്കും.

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്: അത് പരിശോധിക്കാം. ഒരു പ്രശ്നവുമില്ല. 18 മാസത്തിനുള്ളിൽ തീരണമെന്നുള്ളതാണ് കൂടുതൽ നിർബന്ധം. പലപ്പോഴും വേണ്ടത്ര പരിശോധനയില്ലാതെയാണ് പ്രൊപ്പോസൽ വയ്ക്കുന്നത്. ചില പ്രോജക്ടുകൾ നടപ്പാക്കാൻ സാധിക്കില്ല. രണ്ടാഴ്ച്ച കൂടുമ്പോൾ റിവ്യൂ ചെയ്യുന്നത് നന്നായിരിക്കും. പാലക്കാട് ജില്ലയിൽ നമ്പർ ഓഫ് പ്രോജക്ട്സ് കൂടുതലായത് ശരിയാണ്. അവിടെ എഞ്ചിനീയർമാർക്ക് കുറെയധികം ജോലികൾ ഉള്ള സമയമാണിത്. സമയം കൂട്ടുന്നതു സംബന്ധിച്ച് പരിശോധിച്ച് തീരുമാനിക്കാം.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

മുഖ്യമന്ത്രി: ഇക്കാര്യം വളരെ പ്രധാനമാണെന്ന് കാണണം. നാട്ടിൽ റോഡ് മോശമായിക്കിടന്നാൽ ചെയ്ത വികസനപ്രവർത്തനങ്ങളുടെ ഫലം ഇല്ലാതെ പോകും. ആളുകൾ അത് വച്ചാണ് കാര്യങ്ങളുടെ അഭിപ്രായം പറയുക. പി.ഡബ്ല്യൂ.ഡി.റോഡ് മിക്കവാറും നല്ലതാണ്. എന്നാൽ ഗ്രാമീണ റോഡുകൾ പലതും തകർന്ന് കിടക്കുകയാണ്. അത് പൂർണ്ണമാക്കണം. അടുത്ത വർഷം എല്ലാ റോഡുകളും പക്കാ റോഡുകളാക്കണം എന്നാണ് നമ്മൾ ടാർജറ്റ് ചെയ്യുന്നത്. നല്ല രീതിയിൽ പൂർണ്ണമായും മെയിന്റനൻസ് നടത്തി പരാതിയില്ലാത്ത മട്ടിൽ ഗതാഗതയോഗ്യമാക്കണം. അത് ഏറ്റവുമധികം ചെയ്യാൻ കഴിയുന്നത് ഈ മാസങ്ങളിൽത്തന്നെയാണ്. മഴ കഴിഞ്ഞുള്ള മാസങ്ങളിൽ അത് പൂർത്തിയാക്കാനും കഴിയും. 2020-ൽ എല്ലാ റോഡും പ്രത്യേകിച്ച് ഗ്രാമീണ റോഡുകൾ പൂർണ്ണതയിലേക്ക് എത്തിക്കാൻ നോക്കണം. റോഡിന്റെ എണ്ണംകൂടിപ്പോയെന്ന് പറഞ്ഞിട്ട് കാര്യമില്ല. ഓരോ സ്ഥലത്തും സൂപ്പർവൈസ് ചെയ്യേണ്ട ആളുകൾ ആ പണി എടുക്കണമെന്ന് മാത്രമേയുള്ളൂ. റോഡുകളുടെ എണ്ണം കൂടുതലാണ് എന്ന കാരണത്തിൽ അത് നടത്താതിരിക്കാൻ പാടില്ല.

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്: ഗ്രാമീണ മേഖലയിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകളിൽ 2018-ൽ കണ്ടെത്തിയ റിപ്പെയർ ചെയ്യേണ്ട റോഡുകളുടെ എണ്ണവും നീളവും വളരെ വലുതാണ്. അതിൽത്തന്നെ മുൻഗണനാക്രമം വച്ചുകൊണ്ട് 8 ജില്ലകളിലെ റോഡുകളെ പി.എം.ജി.എസ്.വൈ. നിലവാരത്തിൽ വാറണ്ടിയോടെ റിപ്പയർ ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ ഈ ആഴ്ചയിൽത്തന്നെ ടെണ്ടറാവും. ഇടുക്കിയും വയനാടും ഒരാഴ്ചയ്ക്കുശേഷം ടെണ്ടറാവും. ബാക്കിയുള്ള അഞ്ച് ജില്ലകളിലേതും യുദ്ധകാലാടിസ്ഥാനത്തിൽ വർക്ക് നടപടികൾ നടക്കുകയാണ്. ഡി.പി.ആർ. തയ്യാറാക്കി എ.എസ്./ടി.എസ്. കൊടുത്തുകഴിഞ്ഞാൽ ഉടനെ ടെണ്ടറാവും. ഇത് 600 കിലോമീറ്ററേ ആകുന്നുള്ളൂ. തദ്ദേശസ്വയംഭരണ വകുപ്പിന്റെ എഞ്ചിനീയർമാർ ജില്ലകളിലെയെല്ലാം പ്രോജക്ടുകൾ ഫീൽഡിൽപോയി റോഡ് പരിശോധിച്ച് നല്ലനിലയിലുള്ള റിപ്പയർ ഉറപ്പുവരുത്തണം. റോഡിന്റെ കി.മീ. മുഴുവനും പി.എം.ജി.എസ്.വൈ നിലവാരത്തിൽ പണിയാൻ കഴിയില്ല. പക്ഷേ അഞ്ച് മീറ്ററിൽ കൂടുതൽ വീതിയുള്ള ഗ്രാമീണറോഡുകളെല്ലാം പി.എം.ജി.എസ്.വൈ. നിലവാരത്തിലേക്ക് വാറണ്ടിയോടെ ചെയ്യുന്നതിനാണ് ലക്ഷ്യമിടുന്നത്. അല്ലാത്ത റോഡുകൾ വെറുതെ കുഴിയടക്കൽ മാത്രം ചെയ്യാതെ നല്ല നിലവാരത്തിൽ റിപ്പയർ ചെയ്യുന്നതിനായി ആർ.കെ.ഐ./സി.എം.ഡി.ആർ.എഫ്. എന്നിവയിൽനിന്നു കിട്ടുന്നതുകൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടും മെയിന്റനൻസ് ഗ്രാന്റും പൂർണ്ണമായി ഇതിലേക്ക് മാറ്റാനും നിർദ്ദേശം കൊടുത്തിട്ടുണ്ട്. പക്ഷേ നേരത്തെ പറഞ്ഞതുപോലെ എഞ്ചിനീയർമാർ തദ്ദേശഗവൺമെന്റുകളുടെതന്നെ 180000-ത്തോളം പ്രോജക്ടുകളാണ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. അതിന്റെ കൂട്ടത്തിൽ ഇതുംകൂടി ചെയ്യേണ്ടതുണ്ട്. വളരെ കൂടുതൽ വർക്കുകൾ വരുന്ന സ്ഥലങ്ങളിൽ റിട്ടയർ ചെയ്ത ആൾക്കാരെയോ അല്ലെങ്കിൽ എഞ്ചിനീയറിംഗ് കോളേജുകളുടെയോ സേവനംകൂടി എടുക്കാൻ പറഞ്ഞിട്ടുണ്ട്. ഏതായാലും

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഈ വേനൽക്കാലംകൊണ്ട് പരമാവധി റോഡുകൾ റിപ്പയർ ചെയ്ത് പൂർണ്ണമാക്കാനുള്ള ശ്രമമാണ് നടക്കുന്നത്. ചില സ്ഥലങ്ങളിൽ ചെറിയ തർക്കങ്ങളൊക്കെയുണ്ട്. നമ്മൾ ഐഡന്റിഫൈ ചെയ്ത ലിസ്റ്റിന്റെ മുൻഗണനാക്രമത്തെക്കുറിച്ചിട്ടുള്ള ഒരു പരിശോധനകൂടി നടക്കുന്നുണ്ട്. വളരെ വീതി കുറഞ്ഞ തദ്ദേശ ഗവൺമെന്റുകളുടെ റോഡുകൾ പി.എം.ജി.എസ്.വൈ. നിലവാരത്തിലേക്ക് ഉയർത്താൻ സാധിക്കില്ല. അഞ്ച് മീറ്ററോ അതിൽകൂടുതലോ വീതിയുള്ള എല്ലാ റോഡുകളും പി.എം.ജി.എസ്.വൈ നിലവാരത്തിൽ ചെയ്യാൻ സാധിക്കും.

മത്സ്യത്തൊഴിലാളികളുടെ ഭവന പദ്ധതികൾ

ശ്രീ. കെ. ആർ. ജ്യോതിലാൽ, പ്രിൻസിപ്പൽ സെക്രട്ടറി, ഫിഷറീസ് ആന്റ് പോർട്ട് ഡിപ്പാർട്ടുമെന്റ്: കൊല്ലം ജില്ലയിൽ ആറ് കുടുംബങ്ങൾക്ക് പട്ടയം നൽകാനുണ്ട്. അക്കാര്യം കളക്ടർ വേഗത്തിലാക്കണം. കടൽ തീരത്തുനിന്നും അമ്പത് മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി ആലപ്പുഴ ജില്ലയിൽ 1370 യൂണിറ്റുകൾ അനുവദിക്കുകയും 78.20 കോടി രൂപ ഇതിനകം സാംഗ്ഷനായതുമാണ്. അത് സ്പീഡ് അപ് ചെയ്താൽ ആ മത്സ്യത്തൊഴിലാളികളെ റീഹാബിലേറ്റ് ചെയ്യാം.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടിഅമ്മ): ഇപ്പോൾ കളക്ടർമാർ മാറിമാറി വരുന്നതുതന്നെ അതിനൊരു തടസ്സമായി മാറിയിരിക്കുകയാണ്. ഇപ്പോൾവന്ന കളക്ടർ അത് നോക്കാൻ സമയം എടുത്തിട്ടില്ല. മണ്ണുംപുറത്ത് ഉദ്ഘാടനം ചെയ്തിട്ട് ആറ് മാസം കഴിഞ്ഞു. അവിടെ വർക്ക് ടെണ്ടർ കഴിഞ്ഞതാണ്. നിങ്ങൾ അഡ്വാൻസ് പൊസഷൻ തന്നാൽ നമുക്ക് വർക്ക് ആരംഭിക്കാം. നടപടികളെല്ലാം സ്വീകരിച്ചതിനുശേഷം പണി തുടങ്ങുന്ന ഘട്ടമെത്തുമ്പോൾ ലാന്റിന്റെ പൊസഷൻ കയ്യിൽ കിട്ടാത്ത അവസ്ഥയാണ്.

ജില്ലാ കളക്ടർ, ആലപ്പുഴ: 3.48 ഏക്കറുണ്ട്. അതുകൊണ്ട് അത് ഗവൺമെന്റിലേക്ക് അയയ്ക്കാനുള്ള ഡീറ്റെയിൽസെല്ലാം എടുത്തു കൊണ്ടിരിക്കു കയാണ്.

ശ്രീമതി ജെ. മേഴ്സിക്കുട്ടിഅമ്മ: ബാക്കി നടപടിക്രമം തീരുന്നതിനുമുമ്പേ പൊസഷൻ തന്നാൽ ഞങ്ങൾ വർക്ക് ചെയ്യാം. നടപടിക്രമം പിന്നാലെ വരട്ടെ. അവിടെ ഞങ്ങൾക്ക് വർക്ക് സ്റ്റാർട്ട് ചെയ്യണം.

ജില്ലാ കളക്ടർ, ആലപ്പുഴ: 50 സെന്റിൽ കൂടുതലുള്ളത് കളക്ടറുടെ പരിധിക്ക് പുറത്തായതുകൊണ്ടാണ് സർക്കാരിലേക്ക് അയയ്ക്കാനുള്ള പ്രൊപ്പോസൽ തയ്യാറാക്കാത്തത്.

ശ്രീമതി ജെ. മേഴ്സിക്കുട്ടിഅമ്മ: 3.84 ഏക്കറുണ്ട്. വർക്ക് ഏറ്റെടുത്തവർ കളഞ്ഞിട്ട് പോവുകയാണ്. സാങ്കേതികത്വം പറഞ്ഞ് വലയ്ക്കരുത്. പൊസഷൻ തരണം. ബാക്കി റവന്യൂ ഡിപ്പാർട്ടുമെന്റിൽ കൊടുത്ത് വാങ്ങാം. അത് പെട്ടെന്ന് ചെയ്യണം.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

പ്രിൻസിപ്പൽ സെക്രട്ടറി, ഫിഷറീസ് ആന്റ് പോർട്ട് ഡിപ്പാർട്ടുമെന്റ്: കോട്ടയം ജില്ലയിൽ ഹോംലെസ്സായിട്ടുള്ള 89 പേരുടെയും ഹോംലെസ്സ് ആന്റ് ലാന്റ്‌ലെസ്സായിട്ടുള്ള 25 പേരുടെയും ലാന്റ് കോട്ടയം കളക്ടർ ഐഡന്റിഫൈ ചെയ്യണം. തൃശ്ശൂർ ജില്ലയിൽ ഓഖി ദുരന്തത്തിൽപ്പെട്ട 18 പേരുള്ളതിൽ 14 പേരുടെ വീട് കംപ്ലീറ്റ് ചെയ്തു. ഇനി മൂന്നുപേരുടെ വീടിന്റെ പണി നടന്നുകൊണ്ടിരിക്കുന്നു. ഒരാളുടെ മാത്രമേ ബാക്കിയുള്ളൂ. ഡി.എൽ.പി.സി. കൂടി അപ്രൂവ് ചെയ്ത് അതുംകൂടി ഒന്ന് സ്പീഡ് അപ് ചെയ്താൽ 18 വീടുകളും പൂർത്തിയാകും. കാസർഗോഡ് കോയിപ്പാടി വില്ലേജിൽ 24 വീടുകളുള്ള ഫ്ലാറ്റ് നിർമ്മിക്കുന്നതിനുള്ള സ്ഥലം ഐഡന്റിഫൈ ചെയ്ത് അന്തര നടപടികൾ സ്പീഡ് അപ് ചെയ്യണം.

മാലിന്യ സംസ്കരണം

ചീഫ് സെക്രട്ടറി: ഈ ഗവൺമെന്റ് മാലിന്യ സംസ്കരണത്തിന് വളരെയധികം പ്രാധാന്യം നൽകുന്നുണ്ട്. ഇതിനായി ഉറവിട മാലിന്യസംസ്കരണവും കേന്ദ്രീകൃത സംവിധാനവുമാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഏഴ് ജില്ലകളിൽ ലാന്റ് ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. കോഴിക്കോട്, കണ്ണൂർ, പാലക്കാട്, കൊല്ലം ജില്ലകളിൽ മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ ലാന്റ് കണ്ടെത്തിയിട്ടുണ്ടെന്നാണ് അറിയാൻ സാധിച്ചത്. ഇടുക്കി ജില്ലയിലെ പ്രോഗ്രാം വിജയകരമായി മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചിട്ടില്ല. തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ വർക്ക് ടെണ്ടർ ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ ലാന്റ് കണ്ടെത്തേണ്ടതായിട്ടുണ്ട്. അക്കാര്യത്തിൽ ജില്ലാ കളക്ടർ പ്രത്യേകം ശ്രദ്ധിക്കണം. നാഷണൽ ഹൈവേയുടെ ഇരുവശത്തും പ്ലാസ്റ്റിക് ബാഗുകളിൽ കോഴിവേസ്റ്റ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നിക്ഷേപിക്കാറുണ്ട്. ഇത്തരം വേസ്റ്റുകൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് തീവ്രശ്രമം അനിവാര്യമാണ്.

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്: നാഷണൽ ഹൈവേയുടെ ഇരുവശത്തും മാലിന്യങ്ങൾ വലിച്ചെറിയുന്ന പ്രവണത കർശനമായി നിരോധിക്കേണ്ടതുണ്ട്. മാലിന്യ നിർമ്മാർജ്ജനം അതത് നഗരസഭകളുടെ ഉത്തരവാദിത്വമാണെങ്കിലും ചില നഗരസഭകൾ വീഴ്ചവരുത്താറുണ്ട്. ഇക്കാര്യം എല്ലാ ജില്ലാ കളക്ടർമാരും പ്രത്യേകം ശ്രദ്ധിക്കണം. 2018-ലെ മാലിന്യ സംസ്കരണ നയത്തിൽ ജില്ലാ കളക്ടർമാരുടെ റോൾ പ്രത്യേകം പരാമർശിക്കുന്നുണ്ട്. പഞ്ചായത്ത് ഏരിയ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ ശുചീകരണ പ്രവർത്തനം ശക്തമാക്കുന്നതിനും ജലസ്രോതസ്സുകളിലെ മാലിന്യ നിക്ഷേപം നിരോധിക്കുന്നതിനും കർശന നടപടി സ്വീകരിക്കണം. വിവിധ തരത്തിലുള്ള വികേന്ദ്രീകൃത മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ നിരവധി ജില്ലകളിൽ നടപ്പിലാക്കുന്നുണ്ട്. അജൈവ മാലിന്യസംസ്കരണത്തിന് ഏറോബിക് ബിൻ യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. മാലിന്യം തരംതിരിച്ച് സംസ്കരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച ബോധവൽക്കരണം വിദ്യാർത്ഥികളിൽ രൂപപ്പെടുത്തുന്നതിനും പുതിയൊരു ശുചിത്വ സംസ്കാരം

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

വിദ്യാർത്ഥികളിൽ ഉണ്ടാക്കിയെടുക്കുന്നതിനുമായി കളക്ടേഴ്സ് @ സ്കൂൾ എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിൽ ഇരുപത്തിയഞ്ച് ടൺ ഷ്രഡ്ഡഡ് പ്ലാസ്റ്റിക് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ റോഡ് നിർമ്മാണത്തിന് 560 കിലോ മെട്രിക് ടൺ ഷ്രഡ്ഡഡ് പ്ലാസ്റ്റിക് നിലവിൽ സ്റ്റോക്കുണ്ട്. ചില സ്ഥലങ്ങളിൽ എം.സി.എഫ്.-ന് സ്ഥലമെടുക്കുന്നതുമായി ബന്ധപ്പെട്ട് പബ്ലിക്കിന്റെ എതിർപ്പ് ഉണ്ടാകുന്നതിനാൽ ഇക്കാര്യത്തിൽ ജില്ലാ കളക്ടർമാരുടെ സപ്പോർട്ട് അനിവാര്യമാണ്. തദ്ദേശവാസികളുടെ ശക്തമായ എതിർപ്പുകാരണം വടക്കൻ കേരളത്തിലെ പല ജില്ലകളിലും ആർ.ആർ.എഫ്. യൂണിറ്റ് ആരംഭിക്കാൻ സാധിച്ചിട്ടില്ല. ഇക്കാര്യം ജില്ലാ കളക്ടർമാർ പ്രത്യേകം ശ്രദ്ധിക്കണം. മാലിന്യങ്ങൾ തരംതിരിച്ചെടുത്തശേഷം അജൈവ മാലിന്യങ്ങൾ റീ സൈക്ലിംഗ് യൂണിറ്റിലേക്കും അതിന് സാധിക്കാത്തത് തമിഴ്നാട്ടിലെ സിമന്റ് കമ്പനികൾക്ക് നൽകുന്നതിനും ധാരണയായിട്ടുണ്ട്. എല്ലാ സർക്കാർ ഓഫീസുകളിലേയും അജൈവ മാലിന്യങ്ങൾ/ഇലക്ട്രോണിക് മാലിന്യങ്ങൾ മാസംതോറും അല്ലെങ്കിൽ മൂന്ന് മാസത്തിലൊരിക്കൽ ക്ലീൻ കേരള കമ്പനി ഏറ്റെടുക്കുന്നതിനുള്ള ഉത്തരവ് നൽകിയിട്ടുണ്ട്. റീജിയണൽ സാനിട്ടറി ലാന്റ് ഫില്ലിംഗിന് സ്ഥലം കണ്ടെത്താൻ സാധിച്ചാൽ കേരളത്തിലെ റെഡിഡ്യുവൽ മാലിന്യങ്ങൾ നിക്ഷേപിക്കാൻ സാധിക്കും. ഇക്കാര്യത്തിൽ ജില്ലാ കളക്ടർമാർ പ്രത്യേകം ശ്രദ്ധിക്കണം.

(നടപടി—എല്ലാ ജില്ലാ കളക്ടർമാർക്കും)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഈ സർക്കാർ ശുചീകരണ പ്രവർത്തനത്തിന് പ്രഥമ പരിഗണനയാണ് നൽകുന്നത്. സംസ്ഥാനത്ത് ഹരിത കേരളം മിഷന്റെ പ്രവർത്തനം മികച്ച നിലയിൽ മുന്നോട്ടുപോകുന്നുണ്ട്. ഉറവിട മാലിന്യ സംസ്കരണ സംവിധാനത്തിനാണ് സർക്കാർ കൂടുതൽ ഊന്നൽ നൽകിയിരുന്നത്. മാലിന്യ സംസ്കരണത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിച്ച് ശീലവൽക്കരിക്കാൻ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഏതു പ്രശ്നവും ഹരിതകേരളം മിഷന്റെ ഭാഗമായി കണക്കാക്കണം.

ചീഫ് സെക്രട്ടറി: വനങ്ങളിൽ കൂടി കടന്നുപോകുന്ന നാഷണൽ ഹൈവേയുടെ ഇരുവശങ്ങളിലും മാലിന്യം നിക്ഷേപിക്കുന്ന സമ്പ്രദായം ഇപ്പോൾ വ്യാപകമാണ്. ഇത്തരത്തിലുള്ള നൂറ്റി ഇരുപതോളം ലൊക്കേഷൻസ് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ സഹായത്തോടെ മാപ്പിംഗ് നടത്തിയിട്ടുണ്ട്. ഫോറസ്റ്റിൽ നിന്നും ഏകദേശം രണ്ടായിരത്തോളം ടൺ ഗാർബേജ് റിക്കവർ ചെയ്യാൻ സാധിച്ചിട്ടുണ്ട്. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്ന് നടപടികൾ ആരംഭിച്ചിട്ടുണ്ടെങ്കിലും ജില്ലാ കളക്ടർമാരുടെ സഹായംകൂടി അനിവാര്യമാണ്. ജില്ലാ കളക്ടർമാർ ഫോറസ്റ്റ് ഓഫീസേഴ്സുമായി കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ട് ആവശ്യമായ നടപടി സ്വീകരിക്കണം. മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാർ അതത് ജില്ലകളിൽ മീറ്റിംഗ് വിളിച്ച് കൂട്ടുകയും വരുന്ന റിപ്പബ്ലിക് ദിനത്തോടുകൂടി ഇന്റൻസീവ് ഡ്രൈവിലേക്ക് പോകുന്നതിനും സാധിക്കണം.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

ജില്ലാ കളക്ടർ, മലപ്പുറം: തിരൂർ താലൂക്കിൽ ട്രൈബൽ ഡിപ്പാർട്ടുമെന്റിന്റെ ഒൻപതര ഏക്കർ ഭൂമി മാലിന്യ നിർമ്മാർജ്ജന പ്ലാന്റിനുവേണ്ടി ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. ഈ ഭൂമി മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് സ്ഥാപിക്കാൻ അനുയോജ്യമാണെന്നുള്ള സർട്ടിഫിക്കറ്റും ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമി ലഭിക്കുകയാണെങ്കിൽ മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് ആരംഭിക്കാവുന്നതാണ്.

ചീഫ് സെക്രട്ടറി: തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം ജില്ലകളിലെ കളക്ടർമാർ മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള ലാന്റ് ലൊക്കേറ്റ് ചെയ്യാൻ പ്രത്യേകം ശ്രദ്ധിക്കണം.

ജില്ലാ കളക്ടർ, കോട്ടയം: കോട്ടയം മുനിസിപ്പാലിറ്റിക്ക് വടവാതൂരിൽ ഏഴ് ഏക്കർ സ്ഥലമുണ്ട്. നേരത്തെ ഡംബിംഗ് യാർഡായിരുന്ന ഈ സ്ഥലം വിട്ടുതരാൻ തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ട്.

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്: ഈ സ്ഥലം വേസ്റ്റ് ഡംബിംഗിന് അനുയോജ്യമല്ല. നേരത്തെ ഉണ്ടായിരുന്ന ഡംബിംഗ് യാർഡ് തുടക്കം മുതൽതന്നെ പാളിയതിന്റെ ഒരു കാരണവും ഇതാണ്. കുത്തനെ കിടക്കുന്ന സ്ഥലമായതിനാൽ leachate water സമീപത്തെ ജലസ്രോതസ്സിലേക്ക് ഒഴുകുകയും പരിസരവാസികൾ എതിർപ്പ് പ്രകടിപ്പിക്കുകയും ചെയ്ത അവസ്ഥ ഉണ്ടായിട്ടുണ്ട്. ഇക്കാര്യം ടെക്നിക്കൽ വിദഗ്ധരെക്കൊണ്ട് പരിശോധിപ്പിച്ചിരുന്നു.

ചീഫ് സെക്രട്ടറി: നമ്മുടെ നാടിന്റെ പാരമ്പര്യമനുസരിച്ച് ഇതുപോലുള്ള സംവിധാനങ്ങൾ കൊണ്ടുവരുമ്പോൾ ലോക്കൽ പ്രൊട്ടസ്റ്റ് നിശ്ചയമായി ഉണ്ടാകും. പക്ഷെ, അതിനായൊരു ലീഡർഷിപ്പ് എടുത്ത് മോഡേൺ മെത്തേഡ്സ് ഉപയോഗിച്ചാണ് ഇത് ചെയ്യുന്നതെന്ന് പരിസരവാസികളെ ബോദ്ധ്യപ്പെടുത്തേണ്ട ചുമതല നമുക്കുണ്ട്. അങ്ങനെയല്ലാതെ ഇത്തരമൊരു പ്രോജക്ടുമായി മുന്നോട്ടുപോകാൻ സാധിക്കില്ല. അക്കാര്യത്തിൽ പ്രത്യേകമായി ശ്രദ്ധിക്കേണ്ടതുണ്ട്.

ജില്ലാ കളക്ടർ, പത്തനംതിട്ട: കഴിഞ്ഞ വെള്ളപ്പൊക്കത്തിലുണ്ടായ ഏറ്റവും വലിയ പ്രശ്നമെന്ന് പറയുന്നത് സോളിഡ് വേസ്റ്റ് മാനേജ്മെന്റ് തന്നെയാണ്. യുണിസെഫുമായി ബന്ധപ്പെട്ട് ഒരു കോടി രൂപയുടെ ഒരു പ്രോജക്ട് അനുവദിച്ചിരുന്നു. അതിൽ 20 സെന്റ് സ്ഥലം ഇതേ സ്ഥലത്തുനിന്ന് കൊടുക്കുകയാണെങ്കിൽ സോളിഡ് വേസ്റ്റ് മാനേജ്മെന്റിന്റെ പ്ലാന്റ് സൗജന്യമായി ചെയ്തുതരാമെന്ന് പറഞ്ഞിരിക്കുകയാണ്. ആറ് മാസം അവിടെയുള്ള രാഷ്ട്രീയ പാർട്ടുകളുമായി ചേർന്ന് നിരന്തരപരിശ്രമം നടത്തിയെങ്കിലും പരിസരവാസികളുടെ എതിർപ്പുകാരണം പ്രാവർത്തികമാക്കാൻ സാധിച്ചില്ല.

ചീഫ് സെക്രട്ടറി: പരിസരവാസികളുടെ എതിർപ്പുണ്ടാകുമെന്ന കാര്യം സമ്മതിക്കുന്നു. പക്ഷെ, അത്തരം എതിർപ്പുകളെ അതിജീവിക്കാൻ സാധിക്കണം. തൃശ്ശൂരിൽ വലിയൊരു എതിർപ്പുണ്ടായി. പക്ഷെ, we were able to manage that.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

Alternative land കണ്ടുപിടിച്ച് വലിയ ബുദ്ധിമുട്ടില്ലാതെ ഇപ്പോൾ ആ രീതിയിലേക്ക് വന്നിട്ടുണ്ട്. അതുകൊണ്ട് അതിനുള്ള സ്റ്റെപ്പ് എടുക്കണം.

ജില്ലാ കളക്ടർ, പത്തനംതിട്ട: തീർച്ചയായും.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. റ്റി. എം. തോമസ് ഐസക്): എല്ലാവർക്കും അറിയാവുന്നതുപോലെ വളരെ ഗൗരവമായിട്ടുള്ള സാമ്പത്തിക പ്രതിസന്ധിയാണ് സർക്കാർ അഭിമുഖീകരിക്കുന്നത്. കേന്ദ്ര ധനസഹായത്തിലും കോമ്പൻസേഷനിലും വന്ന കുറവുകാരണം റവന്യൂവിൽ വന്ന ഇടിവാണ് അതിന് പ്രധാന കാരണം. അതിന് ഒരു പ്രതിവിധിയുള്ളത് കുടിശ്ശിക പിരിക്കുകയെന്നതാണ്. അത് കളക്ടർമാരുടെ ഒരു ഉത്തരവാദിത്വമാണ്. പക്ഷേ ദൗർഭാഗ്യവശാൽ നികുതി കുടിശ്ശിക പിരിക്കുന്നതിന് മുമ്പ് ഉണ്ടായിരുന്ന മാർഗ്ഗങ്ങളൊന്നും ആരും തുടരുന്നില്ല. മാസംതോറുമുള്ള അവലോകനം ഇതിനെ സംബന്ധിച്ച് നടക്കുന്നില്ല. എത്രയാണ് കുടിശ്ശികയെന്ന് ആർക്കെങ്കിലും അറിയാമോ? റെക്കൺസിലിയേഷൻ നടക്കുന്നില്ല. ഒരു വർഷമായി പറഞ്ഞുകൊണ്ടിരിക്കുന്ന കാര്യമാണ്. ആരിൽ നിന്ന്, എത്ര രൂപയാണ് കുടിശ്ശികയെന്ന് അറിയാതെ എങ്ങനെയാണ് പിരിക്കുന്നത്. എവിടെ ചോദിച്ചാലും നികുതി കുടിശ്ശിക 12000 കോടി രൂപയുണ്ടെന്ന് പറയുന്നു. എന്നാൽ അത് 4000, 5000 കോടിയോളം രൂപയിൽ കൂടുതൽ വരില്ലെന്ന് എല്ലാപേർക്കും അറിയാവുന്നതാണ്. ബാക്കി നോൺ കളക്ടബിളായി നിങ്ങൾ തന്നെ പ്രഖ്യാപിച്ചിട്ടുള്ളതായിരിക്കും. അതുകൊണ്ട് ഈ രീതി മാറ്റണം. വേറെ ഷോർട്ട് കട്ട് വഴിയൊന്നുമില്ല. നിങ്ങളുടെ മാസയോഗത്തിൽ ഇക്കാര്യം പരിശോധിച്ച് റീകൺസൈൽ ചെയ്ത് ഫൈനൽ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കണം. നികുതിയുടെ കാര്യത്തിൽ മാത്രമല്ല, റവന്യൂവിന്റെയും എക്സൈസിന്റെയും രജിസ്ട്രേഷന്റെയും കുടിശ്ശികയുടെ കാര്യത്തിൽ റെക്കൺസിലിയേഷൻ നടത്തണം. രജിസ്ട്രേഷന്റെ കാര്യത്തിലും വലിയൊരു തുക പെനാലിറ്റി കുടിശ്ശികയായുണ്ട്. ഇതിനൊക്കെ ആംനസ്റ്റി സ്കീം നിലവിലുള്ളതാണ്. ആംനസ്റ്റിയിലേക്ക് ആളുകൾ വരണമെന്നുണ്ടെങ്കിൽ റവന്യൂ റിക്കവറി ശക്തിപ്പെടുത്തേണ്ടതാവശ്യമാണ്. ഈ വർഷത്തെ ആംനസ്റ്റി അനുഭവം മൊത്തത്തിൽ ഡിസ്കറേജ് ചെയ്യുന്നതാണ്. ആകെ പന്ത്രണ്ടായിരം കോടി രൂപ കുടിശ്ശികയുണ്ടെന്ന് പറയുന്നതിൽ ആംനസ്റ്റി സ്കീം പ്രകാരം വന്നിരിക്കുന്നത് 400 കോടി രൂപ മാത്രമാണ്. കാരണമെന്താണെന്നുവച്ചാൽ there is no preasure given on the ground level. നികുതിയടച്ചില്ലെങ്കിൽ ഒന്നും സംഭവിക്കാൻ പോകുന്നില്ലെന്ന് എല്ലാവർക്കും അറിയാം. രജിസ്ട്രേഷനിൽ അണ്ടർവാല്യുവേഷനെതിരായി പത്ത് ലക്ഷത്തോളം കേസുകളുണ്ട്. ആംനസ്റ്റി പ്രഖ്യാപിച്ചെങ്കിലും ആരും വരുന്നില്ല. എന്താണ് വരാത്തത്? ഒന്നുകിൽ നോട്ടീസ് പോകുന്നില്ല അല്ലെങ്കിൽ നോട്ടീസ് കിട്ടേണ്ടവർക്ക് കിട്ടുന്നില്ല. ഒരു നടപടിയും എടുക്കുന്നില്ല. ഒരു പ്രശ്നവും ഉണ്ടാകുകയില്ലെന്ന് ആധാരം എഴുത്തുകാർ ഉറപ്പുനൽകും. അതുകൊണ്ട് ഈ വർഷം ഏതായാലും ആർ.ആർ. നടപടിയിലൂടെ കാശായി പിരിക്കാൻ ഉദ്ദേശിക്കുന്നില്ല. കാരണം, നമ്മൾ എത്ര ശ്രമിച്ചാലും we are not going to go above compensation level. അതുകൊണ്ടാണ്

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

ശല്യപ്പെടുത്താതിരുന്നത്. കോമ്പൻസേഷൻ ലെവലിന് മുകളിലേക്ക് പോകുന്നില്ലെങ്കിൽ നമ്മൾ അഡീഷണലായി കളക്ട് ചെയ്യുന്ന തുകയൊക്കെ അഡ്ജസ്റ്റായി പോകും. പക്ഷെ, അടുത്ത വർഷം ഫിനാൻസിന്റെ സ്ഥിതിവിശേഷം ഇതുതന്നെയായിരിക്കും. സെൻട്രൽ ഗവൺമെന്റ് നമ്മുടെ വായ്പ വെട്ടിക്കുറയ്ക്കും. ഈയൊരു സ്ലോഡൗൺ തുടരാനാണ് സാദ്ധ്യത. എന്നാൽ ഇതൊക്കെ മറികടക്കാനുള്ള ഏക മാർഗ്ഗമെന്ന് പറയുന്നത്, അടുത്ത വർഷം മുതൽ ഇത് നടപ്പിലാക്കാനുള്ള ശ്രമം നടത്തണം. ബഡ്ജറ്റിൽ ആംനസ്റ്റി പ്രഖ്യാപിച്ചുകഴിഞ്ഞാൽ ആളുകളെ നെറ്റിലേക്ക് വരാൻ പ്രേരിപ്പിക്കണം. അതുകൊണ്ട് വേറെ ചർച്ചയുടെ ആവശ്യമില്ല. ഇക്കാര്യത്തിൽ എല്ലാവരും സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

ചീഫ് സെക്രട്ടറി: ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. റവന്യൂ റിക്കവറിയെന്ന് പറഞ്ഞാൽ ജില്ലാ കളക്ടർമാരുടെ ഏറ്റവും പ്രധാനപ്പെട്ട ജോലികളിൽ ഒന്നായിരുന്നു. പക്ഷെ, നിർഭാഗ്യവശാൽ ഇപ്പോൾ അതിന് വേണ്ടത്ര പ്രാധാന്യം കൊടുക്കുന്നതായി കാണുന്നില്ല. റവന്യൂ റിക്കവറി മീറ്റിംഗുകളുൾപ്പെടെ വളരെ നിർബന്ധിതമായി നികുതി കുടിശ്ശിക പിരിക്കാനായി നടപടി എടുക്കേണ്ടതുണ്ട്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. റ്റി. എം. തോമസ് ഐസക്): നേരത്തെ ഒരു ശതമാനം ഇൻസെന്റീവ് ഉണ്ടായിരുന്നു. ആ ഇൻസെന്റീവ് വേണമെങ്കിൽ കൂട്ടുന്നകാര്യത്തെപ്പറ്റി ആലോചിക്കാം. അതുസംബന്ധിച്ച് ഫിനാൻസ് സെക്രട്ടറിയുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കാവുന്നതേയുള്ളൂ.

ജില്ലാ കളക്ടർ, കൊല്ലം: കൊല്ലത്ത് റീകൺസിലിയേഷൻ ഏകദേശം ഇക്വലായിട്ടുണ്ട്.

ചീഫ് സെക്രട്ടറി: At this point we will not take any explanation from any District Collector on this issue. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വിഷയമെന്താണെന്നത് സംബന്ധിച്ച് വളരെ വ്യക്തമായി പറഞ്ഞു. You know what to do. We expect that you will carryout your duties on this issue.

(ഉച്ചഭക്ഷണത്തിനായുള്ള ഇടവേളയ്ക്കുശേഷം ഉച്ചയ്ക്കുശേഷം 2.00 മണിക്ക് യോഗം വീണ്ടും ആരംഭിച്ചു.)

ചീഫ് സെക്രട്ടറി: ബഹുമാന്യരായ മന്ത്രിമാർ, സെക്രട്ടറിമാർ, വകുപ്പ് മേധാവികൾ ജില്ലാ കളക്ടർമാർ, മറ്റ് ഉദ്യോഗസ്ഥ സുഹൃത്തുക്കളെ; ബഹുമാനപ്പെട്ട മുഖ്യമന്ത്രി അൽപ്പസമയത്തിനുള്ളിൽ എത്തിച്ചേരുന്നതാണ്. അതുകൊണ്ട് അടുത്ത് ലെവലിലേക്കുള്ള ചർച്ചകൾ ഇപ്പോൾത്തന്നെ ആരംഭിക്കാവുന്നതാണ്.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

റെയിൽപ്പാത ഇരട്ടിപ്പിക്കൽ സംബന്ധിച്ച് സംസ്ഥാനത്തെ വിവിധ പദ്ധതികൾ

പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗതവും മത്സ്യബന്ധനവും വകുപ്പ്: At first, I would like to appreciate the good work done by Kottayam Collector. അവർ ഉദ്ദേശിച്ചതിനെക്കാളും മുമ്പ് ലാന്റ് കണ്ടെത്തി നൽകിയെന്നതിനുള്ള അഭിനന്ദനങ്ങൾ റെയിൽവേ അറിയിച്ചിട്ടുണ്ട്. അക്കാര്യം ആദ്യമായി ഇവിടെ അറിയിക്കുകയാണ്. വളരെ ക്രിട്ടിക്കലായിട്ടുള്ള അടുത്ത വിഷയമെന്ന് പറയുന്നത്, തിരുവനന്തപുരം-കന്യാകുമാരി റെയിൽവെ പാത ഇരട്ടിപ്പിക്കലാണ്. അതിലൊരു സജഷനുള്ളത്, നമുക്ക് ഏറ്റവും കൂടുതൽ സമയം എടുക്കുന്നത് ലീനിയർ പ്രോജക്ടിൽ എസ്.ഐ.എസ്. എടുക്കുന്നതിന് ആറ് മാസത്തെ കാലതാമസമെടുക്കുന്നുണ്ട്. അതുകൊണ്ട് ഇന്നിപ്പോൾ അതെല്ലാം സർക്കാരിലേക്ക് വന്ന് ഗവൺമെന്റ് ഓർഡർ ഇഷ്യൂ ചെയ്യുന്നതിനുള്ള കാലതാമസവും എസ്.ഐ.എസ്. പൂർത്തിയാക്കുന്നതിനുമാണ് നേരിടുന്നത്. കന്യാകുമാരി പാത ഇരട്ടിപ്പക്കുന്നതിനുവേണ്ടി ജില്ലാ കളക്ടർ ഭൂമി കൈമാറിക്കഴിഞ്ഞു. നമ്മൾ ഇപ്പോഴും എസ്.എ.എസ്. നടത്തുന്നതേയുള്ളൂ. അതുകൊണ്ട് ജില്ലാ കളക്ടർമാരെത്തന്നെ എസ്.എ.എസ്. നടത്തുന്നതിന് ആൾറെഡി ഏജൻസികളെ എൻലിസ്റ്റ് ചെയ്തിട്ടുണ്ട്. കന്യാകുമാരിയിൽ ഇതേ റെയിൽവേ പാതയ്ക്കുവേണ്ടി ഫാസ്റ്റായി ഭൂമി അക്വയർ ചെയ്യുന്നുണ്ട്, പക്ഷേ നമ്മുടെ ഭാഗത്തുനിന്ന് കാലതാമസം നേരിടുന്നുണ്ട് എന്നതാണ് റെയിൽവേയുടെ ഭാഗത്തുനിന്നുള്ള കംപ്ലൈന്റ്. ജില്ലാ കളക്ടർമാർക്കുതന്നെ പവർ ഡെലിഗേറ്റ് ചെയ്തുകൊടുത്താൽ we can it speed up. ആറ് മാസത്തെ delay നമുക്ക് ഒഴിവാക്കാനും സാധിക്കും.

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്: എസ്.ഐ.എ. സ്റ്റഡിയുടെ എക്സ്പെർട്ട് കമ്മിറ്റി റിപ്പോർട്ട് വന്നതിനുശേഷം റവന്യൂ വകുപ്പിൽ ഇത് വൈകുന്നുവെന്ന് പറയുന്നത് അക്സെപ്റ്റ് ചെയ്യാൻ പ്രയാസമാണ്. ഞാനാണ് ഗവൺമെന്റ് ഓർഡർ ഇഷ്യൂ ചെയ്യുന്നത്. അതുകൊണ്ടാണ് ഞാൻ പറയുന്നത്. അങ്ങനെയൊരു പ്രശ്നമുണ്ടെങ്കിൽ എന്റെ ശ്രദ്ധയിൽകൊണ്ടുവരണം. ഇതെല്ലാം മുന്തിയ പ്രയോറിറ്റി നൽകി നമ്മൾ ക്ലിയർ ചെയ്ത കാര്യങ്ങളാണ്. ഗവൺമെന്റിൽ ഒരു മെക്കാനിക്കൽ പ്രോസസ്സ് മാത്രമേയുള്ളൂ. അതുകൊണ്ട് പ്രിൻസിപ്പൽ സെക്രട്ടറി പറഞ്ഞ കാര്യങ്ങൾ പരിശോധിച്ച് ജി.ഒ. ഇഷ്യൂ ചെയ്യാം. പക്ഷെ, ഡിലേ എന്ന് പറയുന്നത് റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ കാരണം കൊണ്ടാകരുതെന്നേയുള്ളൂ.

ചീഫ് സെക്രട്ടറി: റെയിൽവേയുടെ ഇരട്ടിപ്പിക്കൽ സംബന്ധിച്ച് വീണ്ടുമൊരു എസ്.ഐ.എ. സ്റ്റഡിയെന്ന് പറയുന്നതിൽ അർത്ഥമില്ല. കാരണം, ആൾറെഡി എക്സിസ്റ്റിംഗ് ആയിരിക്കുന്ന ഒരു ട്രാക്കിന്റെ തൊട്ടടുത്തുകൂടിയാണ് അടുത്തൊരു ട്രാക്കിടുന്നത്. അത് എസ്.ഐ.എ സ്റ്റഡി നടത്തിയതിനുശേഷം പരിസ്ഥിതിക്ക് എതിരാണെന്ന് പറഞ്ഞാൽ ആർക്കും ഒന്നും ചെയ്യാൻ സാധിക്കില്ല. കാരണം,

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

വർഷങ്ങൾക്കുമുമ്പ് തന്നെ ഒരു ട്രാക്ക് നമ്മൾ ഇട്ടുപോയില്ലേ. അങ്ങനെയുള്ളൊരു സാഹചര്യത്തിൽ സമയം ലാഭിക്കുന്നതിലേക്കായി മറ്റുള്ള സ്റ്റേറ്റുകളിൽ ചെയ്യുന്നതുപോലെ ജില്ലാകളക്ടർമാർ തന്നെ ആ ജോലി ഏറ്റെടുക്കുകയാണെങ്കിൽ ഗവൺമെന്റിലുള്ള പ്രോസസിംഗിന്റെ സമയം കുറയ്ക്കാൻ സാധിക്കും. ഇതാണ് ആ സജഷന്റെ ലോജിക്ക്. അത് റെയിൽവേയുടെ ചാർജ്ജുള്ള മന്ത്രിയായ ശ്രീ. ജി. സുധാകരൻ അവർകൾക്കുകൂടി സമ്മതമാണെങ്കിൽ I think we can aceept it.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ഇപ്പോൾ ഇവിടെ പറഞ്ഞകാര്യം സാധാരണഗതിയിൽ റോഡ് വികസനത്തിനുവേണ്ടി ഏറ്റെടുക്കുന്ന സ്ഥലങ്ങൾക്കും ബാധകമാക്കാമോ?

ചീഫ് സെക്രട്ടറി: അതിലുള്ളൊരു പ്രധാനപ്പെട്ട പ്രശ്നമെന്താണെന്നുവച്ചാൽ റോഡ് വികസിപ്പിക്കുമ്പോൾ തുല്യമായിട്ടല്ല ഇരുവശങ്ങളിൽനിന്നും സ്ഥലമെടുക്കുന്നത് എന്നതാണ്. റോഡിന്റെ ഇരുവശങ്ങളിൽ നിന്നും തുല്യമായി സ്ഥലമെടുക്കുന്ന സ്ഥലങ്ങളുണ്ട്. പക്ഷെ, വളവുകൾ നിവർത്തണമെങ്കിൽ ചിലപ്പോൾ ഒരു സ്ഥലത്തുനിന്ന് മാത്രമായി എടുക്കേണ്ടതായി വരും. അങ്ങനെയുള്ള പ്രശ്നങ്ങൾ ഉണ്ടാകാറുണ്ട്. പക്ഷെ, റെയിൽവേ സംബന്ധിച്ചിടത്തോളം അങ്ങനെയൊരു പ്രശ്നമുണ്ടാകാറില്ല. പക്ഷെ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ സ്ഥിതിക്ക് അക്കാര്യം പരിശോധിക്കാവുന്നതാണ്. പക്ഷെ, റെയിൽവെയുടെ കാര്യത്തിൽ ഇങ്ങനെ ചെയ്യാമെന്നാണ് തോന്നുന്നത്. അങ്ങനെയൊരു തീരുമാനമെടുക്കുകയാണെങ്കിൽ.

പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗതവും മത്സ്യബന്ധനവും വകുപ്പ്: രണ്ടാമതായി നേമം-നെയ്യാറ്റിൻകര ഗവൺമെന്റ് ഓർഡർ ഇതിനകം പുറപ്പെടുവിച്ചിട്ടുണ്ട്. അത് കഴിയുന്നത്ര സ്പീഡ് അപ് ചെയ്യണം. ആലപ്പുഴ ജില്ലയിൽ അരൂർ ബ്രിഡ്ജിന്റെ അപ്രോച്ച് റോഡിന് കുറച്ച് സ്ഥലം മാത്രമേ ആവശ്യമുള്ളൂ. അക്കാര്യം ആലപ്പുഴ ജില്ലാ കളക്ടർ ശ്രദ്ധിക്കേണ്ടതാണ്. കോട്ടയം ജില്ലയിലെ മുളന്തുരുത്തി-ചെങ്ങന്നൂർ പ്രദേശങ്ങളിൽ ഇപ്പോൾ 0.08 ഹെക്ടറിന്റെ പ്രൊപ്പോസൽ തന്നിട്ടുണ്ട്. അതുകൂടി സ്പീഡ് അപ് ചെയ്താൽ ഡബ്ലിംഗിന്റെ പ്രവൃത്തി പൂർത്തീകരിക്കാനാകും. ഇന്നലെ റെയിൽവേ ബോർഡ് ചെയർമാൻ സെമി സിൽവർ ലൈൻ ഹൈസ്പീഡിന്റെ അപ്രൂവലിൽ എഗ്രി ചെയ്തിട്ടുണ്ട്. ഇനി റെയിൽവേ മന്ത്രിയുടെ അനുമതി മാത്രമേ അക്കാര്യത്തിൽ ആവശ്യമുള്ളൂ. എല്ലായിടങ്ങളിലും റെയിൽവേ സ്റ്റേഷന്റെ ലാന്റ് പഴയ പാലക്കാട് കളക്ടറെക്കൊണ്ട് സർവ്വേ നടത്തി എല്ലാ സ്കെച്ചും വാട്ട്സ് ആപിൽ അയച്ചുതന്നിട്ടുണ്ട്. അപ്രൂവൽ കിട്ടിയാലുടൻതന്നെ കളക്ടറെ അപ്രോച്ച് ചെയ്യുന്നതാണ്. കെ. റെയിലിന്റെ കാര്യത്തിൽ പഴയ പാലക്കാട് കളക്ടർ ശ്രീമതി മേരിക്കുട്ടി ഇതിനായി നിങ്ങളെ സമീപിക്കുന്നതാണ്. കഴിയുന്നത്ര സ്റ്റേഷന് ചുറ്റുമുള്ള സ്ഥലം വളരെ പെട്ടെന്ന് ഏറ്റെടുത്താൽ വാല്യൂ ക്യാപ്ചറിംഗിനും വളരെ ഗുണപ്രദമായിരിക്കും. പ്രോജക്ട് പ്രഖ്യാപിച്ചുകഴിഞ്ഞാൽ ഭൂമിയുടെ വില ക്രമാതീതമായി വർദ്ധിക്കും. അതിനുമുമ്പുതന്നെ സ്റ്റേഷന്റെ ലാന്റ് അക്വിസിഷൻ വേഗത്തിലാക്കാൻ സാധിക്കും. അതാണ് റെയിൽവേ സംബന്ധിച്ചിടത്തോളം പ്രധാനമായി പറയാനുള്ളത്.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): റെയിൽവേയുമായി ബന്ധപ്പെട്ട് വളരെ പ്രധാനപ്പെട്ടൊരു കാര്യം പറയാനുള്ളത്, ആലപ്പുഴ ബൈപ്പാസുമായി ബന്ധപ്പെട്ടതാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ അവസാന കാലഘട്ടത്തിൽ അതായത് 2016-ൽ അതിന്റെ 15 ശതമാനം പ്രവൃത്തിയാണ് പൂർത്തീകരിച്ചത്. ഈ ഗവൺമെന്റ് അത് 98 ശതമാനത്തോളം പൂർത്തീകരിച്ചു. റെയിൽവേയുടെ രണ്ട് ആർ.ഒ.ബി. എടുത്ത് വയ്ക്കണം. ഇതെല്ലാം റെഡിയാക്കി വച്ചിട്ട് ഒന്നരവർഷമായി. എന്നിട്ട് അവർ ഹൈദ്രാബാദിലുള്ള അവരുടെ അപ്രൂവ്ഡ് വർക്ക് ഷോപ്പിൽ അവർ ഇൻസ്പെക്ട് ചെയ്താണ് ഇത് നിർമ്മിച്ചിട്ടുള്ളത്. ഇവിടെ കൊണ്ടുവച്ച് ഒന്നര വർഷമായിട്ടും ഒന്നും പറഞ്ഞില്ല. പിന്നീട് അതിൽ പ്രശ്നമുണ്ടെന്ന് പറഞ്ഞു. പ്രശ്നം എന്താണെന്ന് പറഞ്ഞില്ല. ഏതായാലും ഗവൺമെന്റ് അക്കാര്യത്തിൽ ഇടപെട്ടു. ബോൾട്ട് അഴിച്ചുമാറ്റി ചെറിയൊരു വ്യാസമുണ്ടാക്കണമെന്നതായിരുന്നു അവരുടെ പ്രശ്നം. ബോൾട്ട് അഴിച്ചുകൊണ്ടുപോയി. ഒന്നാമത്തെ ആർ.ഒ.ബി.യുടെ അഞ്ചെണ്ണം ഫിറ്റ് ചെയ്തു. ഫിറ്റ് ചെയ്തുകഴിഞ്ഞാൽ അവരുടെ എഞ്ചിനീയർ പിന്നെ വരില്ല. അവിടെ എഞ്ചിനീയർ വന്ന് നോക്കണം. രണ്ടാമത് ഫിറ്റ് ചെയ്തുകൊണ്ടിരിക്കുന്നു. അപ്പോൾ അടിയന്തരമായി, അവർ പറഞ്ഞതു പോലെയെല്ലാം ചെയ്തുകഴിഞ്ഞു. എഞ്ചിനീയർമാർ ഇൻസ്പെക്ട് ചെയ്ത് എടുത്തുവച്ചാൽ രണ്ട് മാസത്തിനുള്ളിൽ ആലപ്പുഴ ബൈപ്പാസ് ഓപ്പൺ ചെയ്യുന്നതിന് യാതൊരു പ്രശ്നവുമില്ല. ഇപ്പോൾ റെയിൽവേയുടെ പ്രവർത്തനത്തിൽ ചില മാറ്റങ്ങൾ വന്നിട്ടുണ്ട്. ആ കാര്യത്തിൽ ശക്തമായൊരു നിർദ്ദേശം റെയിൽവേയ്ക്കു കൊടുക്കാൻ ഈ മീറ്റിംഗിൽ കൂടി സാധിക്കണം. സിറ്റി റോഡ് ഇംപ്രൂവ്മെന്റ്, പ്രധാനപ്പെട്ട ബൈപ്പാസ്, കണ്ണൂർ സിറ്റി റോഡ്, കുതിരാൻ തുരങ്കം ഇവയെല്ലാം പി.ഡബ്ല്യൂ.ഡി.യുമായി ബന്ധപ്പെട്ടതാണ്. കണ്ണൂർ സിറ്റി റോഡ് ഇംപ്രൂവ്മെന്റ് എന്ന വിഷയം അജണ്ടയിൽ വീണ്ടും വരുന്നുണ്ട്. ആലപ്പുഴയിലെ റോഡ് ഇംപ്രൂവ്മെന്റുമായി ബന്ധപ്പെട്ട് പ്രസ്തുത കോൺട്രാക്ടർ ഫിനാൻഷ്യലി സൗണ്ടല്ലാത്തതുകൊണ്ട് അയാളെ റദ്ദ് ചെയ്തിട്ട് പി.ഡബ്ല്യൂ.ഡി.യെ ഏൽപ്പിച്ചു. കണ്ണൂരിൽ സ്ഥലമെടുക്കുന്നതിനുള്ള പ്രശ്നം മാത്രമേയുള്ളൂ. സ്ഥലമെടുക്കുന്നതിനുള്ള സംവിധാനത്തെക്കുറിച്ച് ജില്ലാ കളക്ടർ മുൻകൈയെടുത്ത് അതിനുള്ള പ്രവർത്തനങ്ങൾ വേഗത്തിലാക്കണം. പിന്നീട് പല സ്റ്റേറ്റ് ബൈപ്പാസുകളെപ്പറ്റി പറയുന്നുണ്ട്. അതിൽ കുതിരാൻ ബൈപ്പാസാണ് ഇപ്പോഴൊരു പ്രശ്നമായി നിൽക്കുന്നത്. ഒരു ടണലെങ്കിലും ഓപ്പൺ ചെയ്യണമെന്ന് പറഞ്ഞെങ്കിലും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. എൻ.എച്ച്.എ.ഐ.-യുടെ ഭാഗത്തുനിന്നും ക്ഷമിക്കാൻ പറ്റാത്ത തകരാറാണ് സംഭവിച്ചിരിക്കുന്നത്. അക്കാര്യങ്ങൾ നോട്ടിൽ തന്നെ പറയുന്നുണ്ട്. അപ്പോൾ കുതിരാൻ ടണൽ ഒന്നെങ്കിലും ഓപ്പൺ ചെയ്യുന്നതിന് ആവശ്യമായിട്ടുള്ള ശ്രമം നടത്തണം.

ചീഫ് സെക്രട്ടറി: ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ ഒരു ഇഷ്യൂ കൂടി ഇതിലുണ്ട്. അതെന്താണെന്നുള്ളത് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥ വിശദീകരിക്കുന്നതാണ്.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

51

ശ്രീമതി ആശാ തോമസ്., അഡീഷണൽ ചീഫ് സെക്രട്ടറി, വനം-വന്യജീവി വകുപ്പ്: ഇപ്പോൾ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് വിഷയങ്ങളൊന്നും പെന്റിംഗ് ഇല്ല. നവംബർ 18-ന് മിനിസ്റ്റർ മീറ്റിംഗ് വരെ വിളിച്ചുചേർത്തിരുന്നതാണ്. അതിനു ശേഷമാണ് 1.4 ഹെക്ടർ സ്ഥലത്തിനുള്ള ഓൺ-ലൈൻ ആപ്ലിക്കേഷൻ ഇടുന്നത്. അതിന്റെ സ്റ്റേജ്-1 ക്ലിയറൻസിനുവേണ്ടി സെൻട്രൽ ഗവൺമെന്റിൽ അയച്ചിട്ടുമുണ്ട്. Whatever they applied for, has been given. There is no application pending for anything.

പ്രിൻസിപ്പൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്: ടണലിന്റെ ഓപ്പണിംഗിന്റെ കാര്യത്തിലുള്ള പ്രാഥമികമായ വിഷയം കോൺട്രാക്ടർ സാമ്പത്തിക ബുദ്ധിമുട്ടിലാണ് എന്നതാണ്. അദ്ദേഹത്തിന് ബാക്കി പണി പൂർത്തിയാക്കാനുള്ള റിസോഴ്സസ് ഇല്ലാത്തതുകൊണ്ട് NHAI have agreed to give him Rs. 50 crore, which he is due form other arbitration award in Andra Pradesh. That decision has been approved by the Finance Controller of NHAI only yesterday. ആ തുക വിനിയോഗിച്ച് ഈ പ്രോജക്ട് പൂർത്തിയാക്കാൻ സാധിക്കും. ഫോറസ്റ്റുമായി ബന്ധപ്പെട്ട് അവശേഷിക്കുന്ന ഒരു വിഷയം കൂടിയുണ്ട്. Forest department want 1.4 hectors of land for compensatory afforestation for the land they have given. In connection with that issue, we have written a letter to Revenue Secretary, that you can take up separately. We are not waiting for that we are waiting for the contractor to start the work once he get his money.

ചീഫ് സെക്രട്ടറി : അതിന് എത്ര നാളത്തെ ജോലിയുണ്ടാകും?

പ്രിൻസിപ്പൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്: തുക ലഭിക്കുകയാണെങ്കിൽ ടണലിന്റെ ഒരു ട്യൂബ് ചെയ്യുന്നതിന് ഒരു മാസമെങ്കിലും വേണ്ടിവരും.

ശ്രീ. ജി. സുധാകരൻ: ഇടിഞ്ഞുവീണ മണ്ണും പാറയും അവിടെ നിന്നും മാറ്റണമെങ്കിൽ വനം വകുപ്പിന്റെ അനുവാദം വേണം. അതാണ് നിലവിലെ ഇഷ്യൂ. അതിനുള്ള അനുമതി സംസ്ഥാന ഗവൺമെന്റിന് നൽകാൻ സാധിക്കുമെങ്കിൽ അത് നൽകണം. ഇല്ലെങ്കിൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭ്യമാക്കണം. അല്ലാതെ അതിന്റെ വർക്ക് ആരംഭിക്കാൻ സാധിക്കില്ല. അത് സ്പീഡ് അപ് ചെയ്യണം.

ചീഫ് സെക്രട്ടറി : കുതിരാൻ ടണലിന്റെ ഒരു ഇഷ്യൂയുണ്ട്. നിലവിലുള്ള കോൺട്രാക്ടർക്ക് സാമ്പത്തിക ബുദ്ധിമുട്ടുള്ളതുകൊണ്ട് പ്രസ്തുത വർക്ക് ഏറ്റെടുത്ത് നടത്താൻ സാധിക്കാത്തതിനാൽ പുതിയ കോൺട്രാക്ടറെ ഏൽപ്പിക്കേണ്ടതുണ്ട്. കൂടാതെ കോമ്പൻസിയേറ്ററി അഫോറസ്ട്രേഷനുവേണ്ടി ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന് ലാന്റ് കൊടുക്കേണ്ടതായിട്ടുണ്ട്. സാമ്പത്തിക ബുദ്ധിമുട്ടിൽ ആയ കോൺട്രാക്ടറെ മാറ്റി പുതിയ കോൺട്രാക്ടറെ നിയമിക്കുന്നതിന് എൻ.എച്ച്.എ.ഐ. 50 കോടി രൂപയോളം അലോട്ട് ചെയ്തിട്ടുണ്ട്. പുതിയ ആളെ കണ്ടുപിടിച്ചാലുടൻതന്നെ ഇതിന്റെ വർക്ക് ആരംഭിക്കാൻ സാധിക്കും.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) : എൻ.എച്ച്.എ.ഐ. ആവശ്യമായ ഫോറസ്റ്റ് ഭൂമിയെത്രയെന്ന് കണക്കാക്കിയതിൽ വന്ന പ്രശ്നമുണ്ടായിരുന്നു. ആദ്യം ചോദിച്ച ഭൂമി അനുവദിച്ചുകൊണ്ട് തീരുമാനമെടുത്തു. രണ്ടാമത്, കുറച്ചുകൂടെ ചോദിച്ചു. അതും അനുവദിച്ചു തീരുമാനമെടുത്തു. മൂന്നാമത്, ഇപ്പോൾ സെക്രട്ടറിയുടെ നിർദ്ദേശപ്രകാരം വിളിച്ചുകൂട്ടിയതിനുശേഷം അവർ ഇപ്പോൾ അപ്ലോഡ് ചെയ്തു.

അഡീഷണൽ ചീഫ് സെക്രട്ടറി, വന-വന്യജീവി വകുപ്പ്: പല തവണകളായി എൻ.എച്ച്.എ.ഐ. ലാന്റ് ആവശ്യപ്പെട്ടതുകൊണ്ടാണ് നീണ്ടുപോയത്. നിലവിൽ ആവശ്യപ്പെട്ട മുഴുവൻ സ്ഥലത്തിന്റെയും ക്ലിയറൻസിനായി കേന്ദ്രഗവൺമെന്റിൽ കത്ത് അയച്ചിട്ടുണ്ട്.

കണ്ണൂർ കോഴിക്കോട്, തിരുവനന്തപുരം വിമാനത്താവളങ്ങൾക്കുള്ള ഭൂമി ഏറ്റെടുക്കൽ

പ്രിൻസിപ്പൽ സെക്രട്ടറി, ഫിഷറീസ് ആന്റ് പോർട്ട് ഡിപ്പാർട്ടുമെന്റ്: തിരുവനന്തപുരം വിമാനത്താവളം 18.53 ഏക്കർ ഭൂമി അവാർഡ് ഡി-നോവോ ആകുന്നതിനുമുമ്പ് പാസാക്കണം. അതിനുള്ള തുക എയർപോർട്ട് അതോറിറ്റി തരണമെന്ന് പറഞ്ഞിട്ടുണ്ട്. ആ തുക ആർക്ക് കൊടുക്കണമെന്നത് കേന്ദ്രഗവൺമെന്റ് തീരുമാനിക്കുന്നതേയുള്ളൂ. ഫിനാൻസ് ഡിപ്പാർട്ട്മെന്റിൽ ഫണ്ടിന് മൂവ് ചെയ്തിട്ടുണ്ട്. കളക്ടർ 252 കോടി രൂപയാണ് ചോദിച്ചിരിക്കുന്നത്. കണ്ണൂർ എയർപോർട്ടിന്റെ ലാന്റ് അക്വിസിഷനിലെ സ്റ്റാമ്പ് ഡ്യൂട്ടി എക്സംപ്ട് ചെയ്തുകൊണ്ട് ഓർഡർ ഇഷ്യൂ ചെയ്തിട്ടുണ്ട്. അതിന്റെ കോപ്പി സർക്കുലേറ്റ് ചെയ്യുന്നതാണ്. കോഴിക്കോട് എയർപോർട്ടുമായി ബന്ധപ്പെട്ട് എസ്.ഐ.എ സ്റ്റഡി നടന്നുകൊണ്ടിരിക്കുകയാണ്. അത് വേഗത്തിലാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതായിട്ടുണ്ട്.

ജില്ലാ കളക്ടർ, തിരുവനന്തപുരം: തിരുവനന്തപുരത്ത് സ്ഥലം സന്ദർശിച്ച് വാല്യൂ ഫിക്സ് ചെയ്തുകൊണ്ടിരിക്കുകയാണ്. By the time, we also requested for an amount to disburse towards awards passed. It is also on process. We will be able to handover the land by March 2020.

ജില്ലാ കളക്ടർ, കണ്ണൂർ: എയർപോർട്ടിന്റെ ലാന്റ് അക്വിസിഷന്റെ തുക കിൻഫ്രയ്ക്ക് കൈമാറിയിട്ടില്ല. അതിനാൽ നെഗോസിയേഷൻ നടത്തിയാലും കൊടുക്കാൻ ആവശ്യമായ പണമില്ല.

പ്രിൻസിപ്പൽ സെക്രട്ടറി, ഫിഷറീസ് ആന്റ് പോർട്ട് ഡിപ്പാർട്ടുമെന്റ്: അതിനുള്ള ജി.ഒ.-യും ടോക്കൺ നമ്പരുമായിട്ടുണ്ട്. തുക ട്രഷറിയിൽനിന്നും റിലീസ് ചെയ്യുന്നതിനുള്ള കാലതാമസമാണ്.

ചീഫ് സെക്രട്ടറി: കോഴിക്കോട് എയർപോർട്ടിന് എന്തെങ്കിലും വിഷയമുണ്ടോ?

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

ജില്ലാ കളക്ടർ, കോഴിക്കോട്: അക്വയർ ചെയ്യാനുള്ള രണ്ടു സ്ഥലങ്ങളുടെ SIA പഠനം നടത്തുന്നതിനുള്ള ഏജൻസിയെ തീരുമാനിക്കുന്ന കാര്യം റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ പരിഗണനയിലാണ് ഇപ്പോഴുള്ളത്. അതിൽ 137 ഏക്കർ സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ മുന്നോട്ടുപോകുന്നില്ലെന്നാണ് unofficially കിട്ടിയ വിവരം. ബാക്കി 15 ഏക്കർ കാർപാർക്കിംഗിനുണ്ടായിരുന്നു. രണ്ട് ഏജൻസികൾ ക്വട്ടേഷൻ വിളിച്ചിട്ടുണ്ട്. അഞ്ച് ഏക്കറിൽ കൂടുതലായതിനാൽ ഗവൺമെന്റ് ഓർഡർ വേണം.

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്: അർത്ഥനാധികാരി ആരാണോ അവർ പണം കെട്ടിവയ്ക്കുമ്പോഴാണ് ലാന്റ് അക്വിസിഷന്റെ രണ്ടാമത്തെ സ്റ്റേജിലേക്ക് പോകുന്നത്.

സ്പോർട്സ് ക്ലബ്

ചീഫ് സെക്രട്ടറി: കൊല്ലം ഒളിമ്പ്യൻ സുരേഷ്ബാബു ഇൻഡോർ സ്റ്റേഡിയത്തെ സംബന്ധിച്ചിട്ടുള്ള വർക്കെന്തായി?

ജില്ലാ കളക്ടർ, കൊല്ലം: കളക്ട്രേറ്റിലെ നടപടികൾ കഴിഞ്ഞു. കോർപ്പറേഷൻ തീരുമാനമെടുത്ത് അറിയിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ലാന്റിന്റെ ഇഷ്യൂവാണ് ബാക്കിയുള്ളത്. റവന്യൂ ലാന്റാണ് ഉള്ളത്. കോർപ്പറേഷനാണ് കൈകാര്യം ചെയ്യുന്നത്.

ചീഫ് സെക്രട്ടറി: ഓർഡർ ഇഷ്യൂ ചെയ്തിട്ടുള്ളതായാണ് കാണുന്നത്.

ജില്ലാ കളക്ടർ, കൊല്ലം: ഓർഡർ ഇതിനകം ചെയ്തിട്ടുള്ളതാണ്. കോർപ്പറേഷൻ തീരുമാനമെടുത്താൽ മാത്രമേ ലാന്റ് കൈമാറ്റം ചെയ്ത് പണി തുടങ്ങാൻ കഴിയുകയുള്ളൂ.

സാംസ്കാരിക സമുച്ചയം

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ:) പട്ടികവർഗ്ഗ വിഭാഗത്തിൽ ഭൂമിയില്ലാത്ത 10,944 കുടുംബങ്ങളാണുള്ളത്. അവർക്ക് കൊടുക്കാനുള്ള ഭൂമി നിയമപരമായി നമ്മുടെ കയ്യിലുണ്ടെങ്കിലും കൊടുക്കാനുള്ള ഇനിഷ്യേറ്റീവും ഇച്ഛാശക്തിയും ഇല്ലാത്തതുകൊണ്ടാണ് പരിഹരിക്കാൻ കഴിയാതെ പോയത്. സുപ്രീംകോടതി വിധി പ്രകാരം വിട്ടുതന്നതും യാതൊരു ഡിസ്പ്യൂട്ടുമില്ലാതെ ഫോറസ്റ്റുകാരുടെ സമ്മതത്തോടെ കൊടുക്കാൻ പറ്റാവുന്നതുമായ 2536 ഏക്കർ നിഷിപ്ത വനഭൂമിയുണ്ട്. അത് കളക്ടർമാർ ശ്രദ്ധിച്ചാൽ പെട്ടെന്ന് കൊടുക്കാൻ സാധിക്കുന്നതാണ്. വയനാട് - 148.86 ഹെക്ടറും പാലക്കാട് - 766.22 ഹെക്ടറും മലപ്പുറം -111.35 ഏക്കറുമുണ്ട്. രണ്ടാമത്തെ കാര്യം സുപ്രീംകോടതി വിധി പ്രകാരം വിട്ടുതന്ന 7693ഹെക്ടർ ഭൂമി അതായത് പത്തൊമ്പതിനായിരം ഏക്കർ ഭൂമിയുണ്ടാകും.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

വിതരണത്തിന് യോഗ്യമല്ലാത്ത 2492 ഹെക്ടർ ഭൂമിയുണ്ട്. വിതരണത്തിന് യോഗ്യമല്ലാത്ത ഭൂമിക്ക് സമാനമായി കോമ്പൻസേറ്റ് ചെയ്യാൻ ഫോറസ്റ്റുകാർ തയ്യാറാകണം. 4563 അപേക്ഷകൾ എസ്.ഡി.എൽ.സി. -യിൽ പെൻഡിംഗാണ്. ഡി:എൽ.സി.-യുടെ മുമ്പിൽ 333 അപേക്ഷകൾ പെൻഡിംഗാണ്. ഡി.എൽ.സി. പാസ്സായിട്ടും വിതരണം ചെയ്യാത്തത് 693 എണ്ണമുണ്ട്. അവ തിരുവനന്തപുരം-161, പത്തനംതിട്ട-45, ഇടുക്കി-92, എറണാകുളം-88, തൃശ്ശൂർ-16, പാലക്കാട് - 219, വയനാട്-67 അങ്ങനെ മൊത്തം 693ആണ്. ഇത് ഡി.എൽ.സി.-പാസ്സാക്കിയിട്ടും ആർ.ഒ.ആർ. (റിക്കോർഡ് ഓഫ് റൈറ്റ്സ്) കൊടുക്കാത്തതാണ്. നടപടികൾ സ്വീകരിച്ചാൽ 693-ഉം 333-ഉം ചേർത്ത് ആയിരത്തോളം പേർക്ക് പെട്ടെന്ന് കൊടുക്കാൻ സാധിക്കും. എസ്.ഡി.എൽ.സി.-ൽ പെൻഡിംഗായ കിടക്കുന്ന 4563 അപേക്ഷകളുണ്ട്- തിരുവനന്തപുരം - 819, പത്തനംതിട്ട - 334, ഇടുക്കി - 1012, പാലക്കാട് - 1419, മലപ്പുറം - 237, വയനാട് - 646, കണ്ണൂർ - 50. എസ്.ഡി.എൽ.സി.-യുടെ മുമ്പിൽ പെൻഡിംഗിലായതിൽ ഡിസ്പ്യൂട്ടുണ്ടാകും. അഞ്ചോ പത്തോ ശതമാനം സാധാരണ നിലയിൽ വരാം. എങ്കിലും നാലായിരം പേർക്ക് കൊടുക്കാൻ സാധിക്കുന്നതാണ്. ഇതിൽ റവന്യൂ ഉദ്യോഗസ്ഥൻമാരുടെ ഭാഗത്തുനിന്നും ചെറിയ ശ്രമമുണ്ടായാൽ മൂന്നുമാസം കൊണ്ട് ആദിവാസി ഭൂപ്രശ്നം ശാശ്വതമായി പരിഹരിക്കുന്ന സ്റ്റേറ്റായി കേരളത്തെ മാറ്റാൻ സാധിക്കും. ഇക്കാര്യം പ്രത്യേകമായി ശ്രദ്ധിക്കണം. ഇതിനുപുറമെ ഭൂമി തുക കൊടുത്ത് വാങ്ങുന്ന രീതിയുണ്ട്. ഇതിലൂടെ ഏകദേശം നാന്നൂറ് കുടുംബങ്ങൾക്ക് ഭൂമി നൽകാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഏതാണ്ട് 9436 പേർക്ക് ഒരു ഏക്കർ സ്ഥലവം വച്ച് ഇപ്പോൾ നൽകാൻ സാധിക്കും. നിലവിലെ കണക്ക് പ്രകാരം ഭൂമിയില്ലാത്ത 10944 പട്ടികവർഗ്ഗ കുടുംബങ്ങൾ മാത്രമാണുള്ളത്.

സാംസ്കാരിക കേന്ദ്രങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നകാര്യത്തിൽ, കേരളത്തിലെ പതിനാല് ജില്ലകളിൽ സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്നതിനുള്ള ഭൂമി എടുക്കുന്നതുമായി ബന്ധപ്പെട്ട് ഏതാണ്ട് എഴുന്നൂറ് കോടി രൂപയുടെ കിഫ്ബി പ്രോജക്ടുണ്ട്. സാംസ്കാരിക സമുച്ചയ നിർമ്മാണവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പ്രോജക്ട് ഇന്ത്യാ ചരിത്രത്തിൽ തന്നെ ആദ്യത്തെ സംരംഭമാണ്. സാംസ്കാരിക സമുച്ചയത്തിന് തിരുവനന്തപുരം, വയനാട്, പത്തനംതിട്ട ജില്ലകളിൽ ഭൂമി ലഭ്യമായിട്ടില്ല. ഈ മൂന്ന് ജില്ലകളിൽ ഭൂമി ഏറ്റെടുക്കുന്നതിന് കളക്ടർമാരുടെ ശ്രദ്ധ ഉണ്ടാകണം. കൊല്ലം, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ ഭൂമി ഏറ്റെടുത്ത് നടപടിക്രമങ്ങളെല്ലാം പൂർത്തീകരിച്ച് ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുകയാണ്. മലപ്പുറത്ത് അബ്ദുറഹിമാൻ സാഹിബിന്റെ പേരിലുള്ള സാംസ്കാരിക സമുച്ചയത്തിന്റെ ഡി.പി.ആർ.തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. മണ്ണിടിച്ചിൽ പ്രശ്നവുമായി ബന്ധപ്പെട്ട് ഭൂമി അനുയോജ്യമാണോ എന്നതുസംബന്ധിച്ച് പരിശോധന നടത്തേണ്ടതായിട്ടുണ്ട്. ഇടുക്കിയിൽ അക്കാമ ചെറിയാന്റെ പേരിലുള്ള സാംസ്കാരിക കേന്ദ്രമാണ് ഉദ്ദേശിക്കുന്നത്. പ്രകൃതി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കെട്ടിട നിർമ്മാണത്തിന് ഭൂമി അനുയോജ്യമാണോയെന്ന് പരിശോധിക്കുകയും ഒറ്റനില കെട്ടിടങ്ങൾക്ക് ഭൂമി അനുയോജ്യമാണെന്ന് ശിപാർശ നൽകുകയും ചെയ്തിട്ടുണ്ട്.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

അതിനാൽ ഇടുക്കിയിലും ബുദ്ധിമുട്ട് ഉണ്ടാകാൻ ഇടയില്ല. കണ്ണൂർ ജില്ലയിൽ വാഗ്ഭടാനന്ദന്റെ പേരിലുള്ള സാംസ്കാരിക സമുച്ചയത്തിന് സ്ഥലം ആയിട്ടില്ല. 89 സെന്റ് സ്ഥലം ഗവൺമെന്റിനുണ്ട്. കൂടാതെ 2.15 ഏക്കർ ഭൂമി ഏറ്റെടുക്കാനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ഇക്കാര്യം ബന്ധപ്പെട്ട ജില്ലാകളക്ടർ പ്രത്യേകം ശ്രദ്ധിക്കണം. കോഴിക്കോട് ഷാർജാ ഗവൺമെന്റുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഒരു എഗ്രിമെന്റാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ നേതൃത്വം കൊടുക്കുന്നതാണ്. വൈക്കം മുഹമ്മദ് ബഷീറിന്റെ പേരിലുള്ള ടി കൾച്ചറൽ സെന്ററിന് അഞ്ച് ഏക്കർ ഭൂമിയാണ് അനിവാര്യമായിട്ടുള്ളത്. പ്രസ്തുത കൾച്ചറൽ സെന്ററിന്റെ നിർമ്മാണം ഷാർജാ ഗവൺമെന്റ് ഏറ്റെടുക്കാൻ തയ്യാറാണ്. സാമൂഹ്യാഘാത പഠനത്തിനായി ഏജൻസിയെ നിയമിച്ചിട്ടുണ്ട്. കിഫ്ബി പണം നൽകാൻ തയ്യാറാണ്. കിഫ്ബിയുടെ ബോർഡ് യോഗത്തിൽ ടി വിഷയം പരിഗണനയ്ക്ക് വരും. ബിൽഡിംഗിന്റെ പണി ഷാർജാ ഗവൺമെന്റ് ഏറ്റെടുക്കാൻ തയ്യാറാണ്. അതിന്റെ ഒരു ഭാഗത്താണ് വൈക്കം മുഹമ്മദ് ബഷീർ സാംസ്കാരിക കേന്ദ്രം രൂപപ്പെടുത്തുന്നത്. അതു ഒന്നുകൂടി ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. തൃശ്ശൂർ നഗരസഭ സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണത്തിനായി മൂന്നര ഏക്കർ ഭൂമി നൽകിയിട്ടുണ്ട്. ഭൂമിയുടെ കൈമാറ്റ നടപടികൾ പൂർത്തീകരിക്കുന്നതൊഴികെ മറ്റ് പ്രശ്നങ്ങളൊന്നും നിലവിലില്ല. കോട്ടയത്ത് ലളിതാംബിക അന്തർജനത്തിന്റെ പേരിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിന് സ്വകാര്യ ഭൂമിയാണ് ഏറ്റെടുക്കേണ്ടത്. ഇതുസംബന്ധിച്ച് ജില്ലാ ഭരണകൂടത്തിന് അർത്ഥനാപത്രം നൽകിയിട്ടുണ്ട്. അവരും നടപടികൾ പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ പി. കൃഷ്ണപിള്ളയുടെ പേരിൽ സാംസ്കാരിക കേന്ദ്രം സ്ഥാപിക്കുന്നതിന് മാവേലിക്കരയിൽ ആരോഗ്യ വകുപ്പ് ഭൂമി വിട്ട് നൽകിയിട്ടുണ്ട്. ഭൂമിയുടെ കൈവശാവകാശം ഔദ്യോഗികമായി വിട്ടുതരുന്നത് സംബന്ധിച്ചുള്ള നടപടിക്രമം മാത്രമേ പൂർത്തീകരിക്കേണ്ടതായിട്ടുള്ളൂ. വയനാട് ഇടച്ചേന കുങ്കന്റെ പേരിലും എറണാകുളത്ത് സഹോദരൻ അയ്യപ്പന്റെ പേരിലും പത്തനംതിട്ട ചട്ടമ്പി സ്വാമികളുടെ പേരിലും തിരുവനന്തപുരത്ത് അയ്യൻകാളിയുടെ പേരിലുമുള്ള സാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ ഭൂമി ലഭ്യമായിട്ടില്ല. ഇതുസംബന്ധിച്ച് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽത്തന്നെ ഉന്നതതലയോഗം വിളിച്ചുചേർത്തതാണ്. മൂന്ന് ജില്ലകളിൽ സാധിക്കാമെങ്കിൽ മറ്റ് ജില്ലകളിൽ ഇത് അസാദ്ധ്യമൊന്നുമല്ല. നടപ്പിലാകുകയാണെങ്കിൽ ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഇത് ഒരു ലാന്റ് മാർക്ക് ആയിരിക്കും.

<u>ചീഫ് സെക്രട്ടറി</u>: സാംസ്കാരിക സമുച്ചയ നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനും പ്രോജക്ട് വിജയകരമായി മുന്നോട്ടുകൊണ്ടുപോകുന്നതിനും ജില്ലാകളക്ടർമാർ സത്വര നടപടി സ്വീകരിക്കണം.

<u>ജില്ലാ കളക്ടർ, കോഴിക്കോട്:</u> ഷാർജ കൾച്ചറൽ സെന്ററിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ ഗവൺമെന്റിന് അയച്ചിട്ടുണ്ട്. എല്ലാ നടപടിക്രമങ്ങളും ടൈം ബൗണ്ടായി ഫോളോ അപ് ചെയ്യുന്നുണ്ട്.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

ജില്ലാ കളക്ടർ, വയനാട്: വയനാട് ജില്ലയിൽ അക്വിസിഷനിലൂടെ ഭൂമി ലഭിക്കാൻ സാധ്യതയുണ്ട്. ബത്തേരി മുനിസിപ്പാലിറ്റിയിൽ ഡയറ്റിന്റെ കൈവശം അഞ്ച് ഏക്കർ സ്ഥലമുണ്ട്. ഡയറ്റിന്റെ അൻപത് സെന്റ് സ്ഥലം ലഭിക്കുകയാണെങ്കിൽ ഗുണകരമായിരിക്കും. നെഗോഷിയബിൾ പർച്ചേസ് വഴി എടുക്കാൻ സാധിക്കുമെങ്കിൽ ആ രീതിയിലും ശ്രമിക്കാം.

ചീഫ് സെക്രട്ടറി: പത്തനംതിട്ട ജില്ലയിൽ സാംസ്കാരിക സമുച്ചയത്തിനുള്ള ഭൂമി കണ്ടെത്താൻ ഇതുവരെ സാധിച്ചിട്ടില്ല. പ്രസ്തുത വിഷയം സംബന്ധിച്ച സിറ്റുവേഷൻ എന്താണ്?

ജില്ലാ കളക്ടർ പത്തനംതിട്ട: പത്തനംതിട്ട ജില്ലയിൽ സാംസ്കാരിക സമുച്ചയ നിർമ്മാണത്തിനായി താലൂക്കുകളിലുള്ള ഭൂമി ആവശ്യപ്പെട്ടെങ്കിലും അത് ലഭിക്കാത്തതിനാൽ പ്രൈവറ്റ് ലാന്റ് അക്വയർ ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് സത്വര നടപടികൾ സ്വീകരിക്കാം.

ചീഫ് സെക്രട്ടറി: കിഫ്ബിയിൽനിന്ന് ലാന്റ് അക്വിസിഷനുള്ള ഫണ്ട് ഉൾപ്പെടെ ലഭിക്കുന്ന പ്രോജക്ടാണിത്. ആയതിനാൽ സമുച്ചയ നിർമ്മാണത്തിനനുയോജ്യമായ ലാന്റ് കണ്ടെത്തിയാൽ എത്രയും വേഗം അത് ഇംപ്ലിമെന്റ് ചെയ്യാൻ സാധിക്കും.

ജില്ലാ കളക്ടർ, പത്തനംതിട്ട: ഫോളോ അപ് ചെയ്യാം.

ജില്ലാ കളക്ടർ, തിരുവനന്തപുരം: തിരുവനന്തപുരത്ത് സ്റ്റാമ്പ് ഡിപ്പോ നിലനിന്നിരുന്ന സ്ഥലം സാംസ്കാരിക സമുച്ചയത്തിനായി ഐഡന്റിഫൈ ചെയ്തിരുന്നതാണ്.

ശ്രീമതി റാണി ജോർജ്ജ്, സെക്രട്ടറി, സാംസ്കാരികവും വിനോദ സഞ്ചാരവും വകുപ്പ്: സ്റ്റാമ്പ് ഡിപ്പോ നിന്നിരുന്ന സ്ഥല ഐഡന്റിഫൈ ചെയ്തത് ഒ.എൻ.വി. സ്മാരകത്തിനുവേണ്ടിയാണ്. സാംസ്കാരിക സമുച്ചയത്തിനുവേണ്ടിയല്ല. തിരുവനന്തപുരം ജില്ലയിൽ സാംസ്കാരിക സമുച്ചയത്തിനുള്ള ഭൂമി കണ്ടെത്തുന്നതിന് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടെങ്കിലും ഇതുവരെ കണ്ടെത്താൻ സാധിച്ചിട്ടില്ല.

ജില്ലാ കളക്ടർ, തിരുവനന്തപുരം: ഭൂമി ഏറ്റെടുക്കുന്നതിന് അനുമതിയുണ്ടെങ്കിൽ തുടർനടപടി സ്വീകരിക്കാവുന്നതാണ്.

ചീഫ് സെക്രട്ടറി: തിരുവനന്തപുരം കളക്ടർ അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കണം. കിഫ്ബി ഫണ്ട് ചെയ്യുന്നതിനാൽ ഫണ്ട് ലഭ്യമാകുന്നത് സംബന്ധിച്ച് യാതൊരു ബുദ്ധിമുട്ടും നിലവിലില്ല.

ജില്ലാ കളക്ടർ, തിരുവനന്തപുരം: നടപടി സ്വീകരിക്കാം.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

ജില്ലാ കളക്ടർ, ആലപ്പുഴ അമ്പലപ്പുഴ താലൂക്കിൽ പറവൂർ വില്ലേജിൽപ്പെട്ട 5 ഏക്കർ സ്വകാര്യ ഭൂമി സാംസ്കാരിക സമുച്ച നിർമ്മാണത്തിന് പരിഗണിക്കുന്നതിനായി ടി വസ്തുവിന്റെ വിപണി വില സംബന്ധിച്ച വിവരങ്ങൾ സാംസ്കാരിക കാര്യവകുപ്പ് സെക്രട്ടറിക്ക് 2017-ൽ സമർപ്പിച്ചിട്ടുള്ളതാണ്. ടി ഭൂമിയുടെ വിശദാംശങ്ങൾ വീണ്ടും ആവശ്യപ്പെട്ടതിനെത്തുടർന്ന് 2019-ൽ ലാന്റ് റവന്യൂ കമ്മീഷണർക്ക് വിവരങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ മാവേലിക്കരയിൽ ആരോഗ്യ വകുപ്പ് ഭൂമി വിട്ട് നൽകിയിട്ടുണ്ടെന്നുള്ള വിവരം ഇപ്പോഴാണ് അറിയാൻ സാധിച്ചത്.

ജില്ലാ കളക്ടർ, കോട്ടയം, ചങ്ങനാശ്ശേരി കങ്ങഴയിൽ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശം സാംസ്കാരിക വകുപ്പ് സെക്രട്ടറിയിൽനിന്ന് റിക്വിസിഷൻ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ തഹസീൽദാരെ എസ്.എൽ.എ. ആയി നിയമിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ജില്ലാ കളക്ടർ, ഇടുക്കി: ഇടുക്കിയിൽ പീരുമേട് താലൂക്കിൽ 4.31 ഏക്കർ സ്ഥലം അക്വയർ ചെയ്യുന്നതിന് ഗവൺമെന്റ് ഉത്തരവ് ആയിട്ടുണ്ട്.

ജില്ലാ കളക്ടർ, മലപ്പുറം. മലപ്പുറം ജില്ലയിൽ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് ലാന്റ് സ്ലൈഡ് ഉണ്ടായതിന്റെ പശ്ചാത്തലത്തിൽ നേരത്തെ തദ്ദേശവാസികളുടെ എതിർപ്പുണ്ടായിരുന്നെങ്കിലും ഇപ്പോൾ അതെല്ലാം പരിഹരിക്കപ്പെട്ടിട്ടുണ്ട്.

തിരുവനന്തപുരത്ത് യു.എ.ഇ. എംബസിക്ക് ഭൂമി നൽകൽ

ചീഫ് സെക്രട്ടറി: യു.എ.ഇ. കോൺസുലേറ്റിന് ഭൂമി കണ്ടെത്തുന്നത് സംബന്ധിച്ച് ഒരു പ്രൊപ്പോസൽ ഗവൺമെന്റിന്റെ പരിഗണനയിൽ കുറച്ചുനാളായിട്ടുള്ളതാണ്. അത് പക്ഷേ ഇതുവരെയും ഫലപ്രാപ്തിയായിട്ടില്ല.

ജില്ലാ കളക്ടർ, തിരുവനന്തപുരം: നടപടി സ്വീകരിച്ചിട്ടുണ്ട്. പള്ളിപ്പുറത്ത് സർവ്വേ നം.400/03-യിൽ 1ഹെക്ടർ 2 ആർ സ്ഥലം ശുപാർശ ചെയ്തിട്ടുണ്ട്. അതിൽ നിന്നും 75 സെന്റോ ഒരേക്കറോ സ്ഥലം നൽകാമെന്നാണ് ഗവൺമെന്റിലേയ്ക്ക് അയച്ചിട്ടുള്ളത്.

ചീഫ് സെക്രട്ടറി: സിറ്റിയിൽ നിന്നും എന്തുമാത്രം ദൂരെയാണ് ആ സ്ഥലം സ്ഥിതി ചെയ്യുന്നത്?

ജില്ലാ കളക്ടർ, തിരുവനന്തപുരം : 15 കിലോമീറ്റർ ദൂരമുണ്ട്.

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്: ആ ഭൂമി അനുയോജ്യമല്ല.

ചീഫ് സെക്രട്ടറി:അത്രയും ദൂരമാണെങ്കിൽ കോൺസുലേറ്റിന്റെ പ്രയോജനം ഉപയോഗപ്പെടുത്താനായി സാധിക്കാതെ വരും.

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്: വേറെ ഒന്നുരണ്ട് സ്ഥലം പരിഗണനയിലുണ്ട്. ഇന്നലത്തെ യോഗത്തിൽ പറഞ്ഞിരുന്ന സ്ഥലങ്ങൾ കൂടി പരിശോധിക്കാം.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

ചീഫ് സെക്രട്ടറി: അതുകൂടി പരിശോധിക്കണം. ഇതു കൂടാതെ വേറെ ഏതെങ്കിലും സ്ഥലമുണ്ടെങ്കിൽ അതു കൂടി കളക്ടർ പരിശോധിക്കണം.

ജില്ലാ കളക്ടർ, തിരുവനന്തപുരം : അങ്ങനെ ചെയ്യാം.

ചീഫ് സെക്രട്ടറി: അടുത് അജണ്ട ഇനങ്ങളായ ബൈപ്പാസുകളുടെ വിഷയവും ലൈഫ് പദ്ധതിയെക്കുറിച്ചും രാവിലെ വിശദമായി ചർച്ച ചെയ്തതാണ്.

ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദ റിസർച്ച്

ഡോ. ഷർമ്മിള മേരി ജോസഫ്, സെക്രട്ടറി, ആയുഷ് വകുപ്പ്: ഇരിട്ടി താലൂക്കിലെ കല്ല്യാട് വില്ലേജിൽ ടി പദ്ധതിക്കായി 36 ഏക്കർ ഭൂമി ആയുഷ് വകുപ്പിന് കൈമാറിയിട്ടുണ്ട്. ഒന്നാംഘട്ട നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് കിഫ്ബിയുടെ അംഗീകാരത്തിന് വേണ്ടി പ്രോജക്ട് സമർപ്പിച്ചിരിക്കുകയാണ്. ബാക്കി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ സ്വീകരിച്ചുവരുന്നു. അതിനായി 11(1) വിജ്ഞാപനം ജൂലൈ മാസം പുറപ്പെടുവിച്ചിരുന്നു. അതിൽ ഉള്ള ചില തർക്കങ്ങൾ പരിഹരിക്കുന്നതിനായി റവന്യൂ വകുപ്പിലേയ്ക്ക് കളക്ടറേറ്റിൽനിന്നും അയച്ചിട്ടുണ്ട്. അത് റവന്യൂ വകുപ്പിൽ പെന്റിംഗിലാണ്. ആയുഷ് വകുപ്പിന്റെ ഭാഗത്ത് ഒന്നാം ഘട്ടം മുന്നോട്ടുകൊണ്ടുപോകാനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. കിഫ്ബിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കും. കിഫ്ബിയിൽ ഫോളോ അപ് ചെയ്യുന്നുണ്ട്.

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്: ഇതിൽ കളക്ടർ ഒരു കാര്യം ശ്രദ്ധിക്കേണ്ടത്, ഒബ്ജക്ഷനുകളും ആക്ഷേപങ്ങളും കേൾക്കുന്നത് ഈ സ്റ്റേജിലല്ല. അത് ഡിക്ലറേഷൻ സ്റ്റേജിൽ കേട്ടാൽ മതിയാകും. അതിന് മുമ്പ് തന്നെ ഒബ്ജക്ഷൻ സർക്കാരിലേക്ക് അയച്ചുവെന്ന് പറഞ്ഞിരിക്കേണ്ട കാര്യമില്ല. നിങ്ങൾ നടപടികളുമായി മുന്നോട്ടുപോകണം. ഡിക്ലറേഷൻ സ്റ്റേജിലാണ് ഒബ്ജക്ഷൻസുകൂടി ഉൾപ്പെടുത്തി, അതിനെക്കുറിച്ച് പരിശോധിച്ച് റിപ്പോർട്ട് അടക്കം വരുന്നത്. ഈ സ്റ്റേജിൽ നിങ്ങൾ തന്നെയാണ് നടപടികൾ സ്വീകരിക്കേണ്ടത്.

ചീഫ് സെക്രട്ടറി: ഈ കാര്യങ്ങൾ ശ്രദ്ധിക്കണം.

പ്രധാനപ്പെട്ട ടൂറിസം പദ്ധതികൾക്കും വ്യവസായ പാർക്കുകൾക്കുമുള്ള ഭൂമി ഏറ്റെടുക്കൽ

ചീഫ് സെക്രട്ടറി: പ്രധാനപ്പെട്ട ടൂറിസം പദ്ധതികളെക്കുറിച്ച് നൽകിയിട്ടുള്ള റിപ്പോർട്ടിൽ കൊല്ലത്ത് മൺറോതുരുത്തിൽ ഒരു സമഗ്ര ടൂറിസം പദ്ധതിക്കായി 3കോടി രൂപ അനുവദിച്ചിട്ടുണ്ടായിരുന്നു. അതുപോലെ ഇടുക്കിയിൽ ബൊട്ടാണിക്കൽ ഗാർഡൻസ് മൂന്നാർ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട പ്രോജക്ട് ഉണ്ട്. മലബാർ

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

മലനാട് ക്രൂയിസിന്റെ പ്രോജക്ടുണ്ട്. കാഞ്ഞങ്ങാട് സ്ക്വയർ പദ്ധതി, ഹൗസ് ബോട്ട് ടെർമിനലിലേക്കുള്ള പാത, ബേക്കൽ സ്വാഗത കമാനം, കൈറ്റ് ബീച്ച് വികസനം എന്നിവയാണ് പ്രധാനമായും വന്നിരിക്കുന്നത്.

ജില്ലാ കളക്ടർ, കൊല്ലം: കൊല്ലത്ത് മൺറോതുരുത്ത് സമഗ്ര ടൂറിസം പദ്ധതിക്കും കുണ്ടറ വ്യവസായ പാർക്കിനും ആവശ്യമായ ഭൂമി ബന്ധപ്പെട്ട വകുപ്പുകൾക്ക് കൈമാറിക്കഴിഞ്ഞു. വാട്ടർ റിസോഴ്സ് ഡിപ്പാർട്ടുമെന്റിനും വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി ഇൻഡസ്ട്രീസ് ഡിപ്പാർട്ട്മെന്റിനുമാണ് ഭൂമി കൈമാറിയിട്ടുള്ളത്.

ജില്ലാ കളക്ടർ, ഇടുക്കി: ബൊട്ടാണിക്കൽ ഗാർഡനുള്ള ഉത്തരവ് ആയിക്കഴിഞ്ഞു.

ചീഫ് സെക്രട്ടറി :ഉത്തരവ് ആയ സ്ഥിതിക്ക് ജില്ലാകളക്ടർ ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട് പദ്ധതി മുന്നോട്ടുകൊണ്ടുപോകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജില്ലാ കളക്ടർ, ഇടുക്കി: ഭൂമി അഡ്വാൻസ് പൊസഷൻ നേരത്തേ ലഭിച്ചിരുന്നു. പ്രോജക്ട് മുന്നോട്ടുപോയിക്കഴിഞ്ഞു. റവന്യൂ നടപടികൾ അവസാനിപ്പിച്ചിട്ടുണ്ട്.

സെക്രട്ടറി, സാംസ്കാരികവും വിനോദസഞ്ചാരവും വകുപ്പ്: മലബാർ-മലനാട് റിവർ ക്രൂയിസ് ടൂറിസം പ്രോജക്ട് കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നടപ്പാക്കുന്ന പ്രധാന പദ്ധതിയാണ്. സംസ്ഥാന സർക്കാരിന്റെ 53 കോടി രൂപയുടെയും കേന്ദ്ര ഗവൺമെന്റിന്റെ 80 കോടി രൂപയുടെയും പ്രോജക്ടാണ് അവിടെ നടപ്പാക്കുന്നത്. പ്രധാനമായും ബോട്ട് ജെട്ടികളും ബോട്ട് ടെർമിനലുകളുമാണ് നിർമ്മിക്കുന്നത്. പദ്ധതി സ്പീഡ് അപ് ചെയ്യാൻ രണ്ട് ജില്ലാ കളക്ടർമാരും പ്രത്യേകമായി ശ്രദ്ധിക്കണം. പക്ഷേ, അതിലുള്ള പ്രധാന പ്രശ്നമെന്ന് പറയുന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള കുറച്ച് സ്ഥലങ്ങളുടെ റെസല്യൂഷൻ ലഭിക്കേണ്ടതായിട്ടുണ്ട്. അതുപോലെ സ്വകാര്യ സ്ഥലം relinquish ചെയ്ത് ലഭിക്കേണ്ടതുമുണ്ട്. പറശ്ശിനിക്കടവ് ബോട്ട് ടെർമിനലിന് ആന്തൂർ നഗരസഭയുടെ റെസല്യൂഷൻ ലഭിക്കാനുണ്ട്. ധർമ്മടം ബോട്ട് ടെർമിനലിന് ധർമ്മടം പഞ്ചായത്തിന്റെ റെസല്യൂഷൻ കിട്ടേണ്ടതായിട്ടുണ്ട്. അതുപോലെ കേന്ദ്ര പദ്ധതിയുടെ കീഴിൽ പഴയങ്ങാടി ടെർമിനലിന് മാടായി പഞ്ചായത്തിന്റെ റെസല്യൂഷൻ ലഭിക്കണം. ചെറുകുന്ന് ടെർമിനലിന് ചെറുകുന്ന് പഞ്ചായത്തിന്റെ റെസല്യൂഷൻ ആവശ്യമാണ്. മടങ്കരയിൽ മാട്ടൂൽ പഞ്ചായത്തിന്റെ റെസല്യൂഷൻ ലഭിക്കേണ്ടതുണ്ട്. relinquishment-മായി ബന്ധപ്പെട്ട് ധർമ്മടം-ചിറക്കുനി ബോട്ട് ടെർമിനലിന് ധർമ്മടം വില്ലേജിലെ relinquishment കിട്ടേണ്ടതായിട്ടുണ്ട്. പാറപ്പുറം ബോട്ട് ടെർമിനലിന് പിണറായി വില്ലേജിന്റെ relinquishment കിട്ടേണ്ടതായിട്ടുണ്ട്. മാേന്താൽ-കാര്യാട് ബോട്ട് ജെട്ടി അഥവാ ടെർമിനലിന് പെരിങ്ങത്തൂർ വില്ലേജിൽനിന്ന് സ്വകാര്യ ഭൂമിയുടെ relinquishment കിട്ടേണ്ടതായിട്ടുണ്ട്. അതുപോലെ കേന്ദ്ര പദ്ധതിയുടെ കീഴിൽ ചെറുകുന്ന് ഭാഗത്ത് ചെറുകുന്ന് വില്ലേജിലെ ഒരു സ്ഥലം relinquishment കിട്ടേണ്ടതായിട്ടുണ്ട്. മാട്ടൂൽ നോർത്ത് ഭാഗത്ത് മാട്ടൂലിൽ സ്വകാര്യ സ്ഥലത്തിന്റെ relinquishment കിട്ടേണ്ടതായിട്ടുണ്ട്. അഴീക്കൽ ബോട്ട് പാലം- അഴീക്കോട് നോർത്ത്

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

വില്ലേജിൽ നിന്നും relinquishment കിട്ടേണ്ടതായിട്ടുണ്ട്. ഇതെല്ലാം സബ് കളക്ടർ തലത്തിൽ തീരുമാനം ആകേണ്ടതാണ്. പാപ്പിനിശ്ശേരി പാലത്തിൽ പാപ്പിനിശ്ശേരി വില്ലേജിന്റെ relinquishment ആവശ്യമുണ്ട്. കാട്ടാമ്പള്ളി കടവിൽ പൂവരണി വില്ലേജിൽ relinquishment ആവശ്യമുണ്ട്. പാംതുരുത്തിയിൽ കൊടച്ചേരി വില്ലേജിൽ relinquishment ആവശ്യമുണ്ട്. മനങ്കട്ട മുനമ്പ് കടവിൽ മനങ്കട്ട വില്ലേജിന്റെ relinquishment ആവശ്യമുണ്ട്. ഇതിൽ പ്രധാനമായും ബന്ധപ്പെട്ട എം.എൽ.എ.-മാർ ഇനിഷ്യേറ്റീവ് എടുത്ത് ലാന്റ് ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. എല്ലാവരും തന്നെ relinquish ചെയ്യാൻ മുന്നോട്ട് വന്നിട്ടുണ്ട്. പക്ഷേ പ്രോസസ് പൂർത്തീകരിച്ച് സബ്കളക്ടറുടെ ഓർഡർ ആകേണ്ടതായിട്ടുണ്ട്. 2020-ൽ തന്നെ പദ്ധതിയുടെ ഇംപ്ലിമെന്റേഷൻ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് രണ്ട് ജില്ലാ കളക്ടർമാരും പ്രത്യേകം ശ്രദ്ധിക്കണം.

ചീഫ് സെക്രട്ടറി : പ്രധാനമായും അവിടെയുള്ള ഇഷ്യൂ എന്നുപറയുന്നത്, ഭൂമി ഉപയോഗിക്കാനായിട്ടുള്ള സമ്മതപത്രങ്ങൾ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും സ്വകാര്യ വ്യക്തികളിൽ നിന്നും ലഭിക്കുന്നതിന് രണ്ട് ജില്ലാകളക്ടർമാരും ലീഡർഷിപ്പ് എടുത്തെങ്കിൽ മാത്രമേ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ.

ജില്ലാ കളക്ടർ, കാസർഗോഡ്: കാസർഗോഡ് ജില്ലയിൽ പെൻഡിംഗ് ഇല്ല. കാസർഗോഡ് എല്ലാ പൂർത്തീകരിച്ചുകഴിഞ്ഞു.

സെക്രട്ടറി, സാംസ്കാരികവും വിനോദസഞ്ചാരവും വകുപ്പ്: കൂടുതൽ പ്രശ്നങ്ങൾ ഉള്ളത് കണ്ണൂർ ജില്ലയിലാണ്.

ചീഫ് സെക്രട്ടറി: കണ്ണൂർ ജില്ലാ കളക്ടർ പ്രത്യേകമായി ഇക്കാര്യം ശ്രദ്ധിക്കണം.

ജില്ലാ കളക്ടർ, കണ്ണൂർ: ഇതിനായി മീറ്റിംഗ് വിളിച്ചിരുന്നു. Relinquishment -ന്റെ കാര്യത്തിലും resolution-ന്റെ കാര്യത്തിലും ഉടനെ തീരുമാനമുണ്ടാകും.

സെക്രട്ടറി, സാംസ്കാരികവും വിനോദസഞ്ചാരവും വകുപ്പ്: ഇൻലാന്റ് നാവിഗേഷൻ ഡിപ്പാർട്ടുമെന്റ് ആണ് ബോട്ട് ജെട്ടിയും ടെർമിനലും നിർമ്മിക്കുന്നത്. പക്ഷേ ക്രൂയിസുമായി ബന്ധപ്പെട്ട പാർക്ക്, മാർക്കറ്റ് പ്ലേയ്സ് പോലുള്ള കാര്യങ്ങൾ ചെയ്യുന്നത് കെൽ ആണ്. ഇവരുമായി ജില്ലാ കളക്ടറുടെ കോ-ഓർഡിനേഷൻ വേണം.

ചീഫ് സെക്രട്ടറി: കാഞ്ഞങ്ങാട് സ്മാർട്ട് പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണ്?

ജില്ലാ കളക്ടർ, കണ്ണൂർ: അതിന് ഗവൺമെന്റിൽ നിന്നും എ.എസ്. ലഭിച്ചിട്ടുണ്ട്. പക്ഷേ ടി.എസ്. ആയിട്ടില്ല. അതിന്റെ എഗ്രിമെന്റ് ഒപ്പിട്ടു.

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്: തുടർ നടപടികൾ ഡി.ടി.പി.സി. വഴി ചെയ്താൽ മതിയാകും.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

ചീഫ് സെക്രട്ടറി: മലനാട് റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി തേജസ്വിനി പുഴയോരത്ത് നിർമ്മിക്കാനിരിക്കുന്ന ഹൗസ് ബോട്ട് ടെർമിനലിലേക്ക് എത്തിച്ചേരുവാനുള്ള റോഡിന്റെ പ്രവർത്തനം ഏതുവരെയായി

ജില്ലാ കളക്ടർ, കാസർഗോഡ്: ഫണ്ട് ലഭിച്ചിട്ടില്ല. നിർമ്മിതി കേന്ദ്രത്തെയാണ് ഏജൻസിയായി തെരഞ്ഞെടുത്തിരിക്കുന്നത്.

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്: ലാന്റ് Relinquishment ചെയ്യാനുള്ള നടപടി സ്വീകരിക്കണം.

ചീഫ് സെക്രട്ടറി: ബേക്കൽ സ്വാഗത കമാനം, കൈറ്റ് ബീച്ച് വികസനം, കാസ്രോഡ് കഫെ എന്നിവ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകും

ജില്ലാ കളക്ടർ, കാസർഗോഡ്: സ്വാഗത കമാനം 24-ന് പൂർത്തിയാകും. കൈറ്റ് ബീച്ച് വികസനം നിർമ്മിതിയെ വർക്ക് ഏൽപ്പിച്ചിട്ടുണ്ട്. ഒരു കുടുംബം എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. അവരോട് നെഗോഷ്യേറ്റ് ചെയ്യുകയാണ്. ഇതൊരു ബീച്ച് ഏരിയ ആണ്. ഫോഴ്സ് ഉപയോഗിക്കാൻ സാധിക്കില്ല. കാസ്രോഡ് കഫെ ഫെബ്രുവരി ഫസ്റ്റിന് ഫൈനലൈസ് ചെയ്യും.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി: ബന്ധപ്പെട്ട് മടവൂർ പാറയിൽ സ്ഥലം ഏറ്റെടുക്കുന്ന കാര്യമുണ്ട്. അംജത് അലിഖാൻ സംഗീത അക്കാഡമിക്ക് സ്ഥലം ഏറ്റെടുക്കണം. കുളനട പോളച്ചിറയിലേക്ക് അക്വാ അഡ്വഞ്ചർ ടൂറിസം പ്രോജക്ട്, ആങ്ങാമൂഴി എത്ത്നോ ടൂറിസ്റ്റ് ഹബ് നവീകരണം ഇതിനെല്ലാം ഭൂമി ആവശ്യമാണ്. ആസ്പിൻ വാൾ വളരെ പ്രധനപ്പെട്ടതാണ്. എറണാകുളത്തും ആലപ്പുഴയിലും ആസ്പിൻ വാൾ ഭൂമി ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടി. ഇന്റർനാഷണർ ബോട്ട് ജെട്ടി നവീകരണം, എറണാകുളം, കൺസ്ട്രക്ഷൻ ഓഫ് ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ & ഡിസ്ട്രിക്ട് ഓഫീസ് തൃശ്ശൂർ, അടൂർ നെടുകുന്നുമല ടൂറിസം പ്രോജക്ട്, നമ്പിക്കുളം ഇക്കോ ടൂറിസം, വയലട ഹിൽസ്, കലശമല ടൂറിസംപദ്ധതി, കണ്ണൂരിലുള്ള പറശ്ശിനിക്കടവ് ബോട്ട് ടെർമിനൽ, കാരിയാട് ബോട്ട് ജെട്ടി, മോന്തൽ ബോട്ട് ജെട്ടി, ധർമ്മടം ബോട്ട് ടെർമിനൽ, പാറപ്രം ബോട്ട് ടെർമിനൽ, ചേരിക്കൽ ബോട്ട് ടെർമിനൽ, ന്യൂമാഹി ബോട്ട് ജെട്ടി/ടെർമിനൽ എന്നിവയ്ക്കെല്ലാം സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. ആസ്പിൻ വാളിനെ സംബന്ധിച്ച് വ്യക്തത വരുത്തണം.

ജില്ലാ കളക്ടർ, എറണാകുളം: ആസ്പിൻ വാളിനുവേണ്ടി 11(1) നോട്ടിഫിക്കേഷൻ ഇഷ്യൂ ചെയ്തിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തതയുണ്ട്. ഗവൺമെന്റ് കിഫ്ബിയിൽ ഉൾപ്പെടുത്തി ഫണ്ട് തരാമെന്ന് പറഞ്ഞിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്രട്ടറി, സാംസ്കാരികവും വിനോദസഞ്ചാരവും വകുപ്പ്:ജില്ലാ കളക്ടർ തന്ന എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റിൽനിന്നും അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ വാങ്ങി ഫണ്ട് ലഭ്യമാക്കാൻ കിഫ്ബിയിലേക്ക് മൂവ് ചെയ്തിട്ടുണ്ട്.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

ജില്ലാ കളക്ടർ, ആലപ്പുഴ: നെഗോഷ്യേറ്റ് പ്രച്ചേയ്സ് ചെയ്യാൻ സാധിക്കാത്തതാണ് പ്രശ്നം. 16-9-2019-ൽ ഓർഡർ കിട്ടിയിട്ടുണ്ട്. അതനുസരിച്ച് എസ്.ഐ.എ. സ്റ്റഡി വരെ എത്തിനിൽക്കുകയാണ്.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി: മടവൂർപാറയെക്കുറിച്ച് എന്തെങ്കിലും വ്യക്തമാക്കാനുണ്ടോ?

സെക്രട്ടറി, സാംസ്കാരികവും വിനോദസഞ്ചാരവും വകുപ്പ്: റവന്യൂവിൽ കൊടുത്തിട്ടുണ്ട്.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി: അംജദ് അലിഖാൻ സംഗീത നാടക അക്കാദമിക്കുള്ള സ്ഥലം ഏറ്റെടുക്കുന്നതിനെ സംബന്ധിച്ചുള്ള നിലവിലെ സ്ഥിതി എന്താണ്?

സെക്രട്ടറി, സാംസ്കാരികവും വിനോദസഞ്ചാരവും വകുപ്പ്: ഇതിനെ സംബന്ധിച്ച് ജില്ലാ കളക്ടർ നൽകിയ റിപ്പോർട്ട് റവന്യൂ വകുപ്പിന് ന്ലകിയിട്ടുണ്ട്. റവന്യൂ വകുപ്പാണ് നടപടി സ്വീകരിക്കേണ്ടത്.

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്: പാട്ടവ്യവസ്ഥയിൽ നൽകുന്നതിനായി ക്യാബിനറ്റിൽ വയ്ക്കാൻ ഫയൽ തയ്യാറാക്കിയിട്ടുണ്ട്.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി: പത്തനംതിട്ടയിലെ പ്രോജക്ടുകളുമായി ബന്ധപ്പെട്ട് എന്താണ് പറയാനുള്ളത്?

ജില്ലാ കളക്ടർ, പത്തനംതിട്ട: എത്തോ ടൂറിസ്റ്റ് ഹബ്ബ്, ആങ്ങമുഴി, അക്വാ അഡ്വഞ്ചർ ടൂറിസ്റ്റ് പ്രോജക്ട് പോളച്ചിറ, നെടുംകുന്നുമല ടൂറിസം പ്രോജക്ട് എന്നിവയാണുള്ളത്. പത്തനംതിട്ട ജില്ലയിലെ പദ്ധതികൾക്ക് അമ്പതു സെന്റിൽ കൂടുതൽ സ്ഥലം ആവശ്യമുള്ളതിനാൽ റവന്യൂ ഡിപ്പാർട്ടുമെന്റിൽ നിന്ന് പെർമിഷൻ ലഭിക്കുന്നതിനുവേണ്ടി അയച്ചിട്ടുണ്ട്.

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്: പരിശോധിച്ച് നടപടി സ്വീകരിക്കാം.

സെക്രട്ടറി, സാംസ്കാരികവും വിനോദ സഞ്ചാരവും വകുപ്പ്: തൃശ്ശൂരിലെ രാമനിലയം കോമ്പൗണ്ടിൽ ഡിസ്ട്രിക്റ്റ് ഓഫീസും ഇൻഫർമേഷൻ സെന്ററും നിർമ്മിക്കുന്നതിനുവേണ്ടിയിട്ടുള്ള പ്രോജക്ടാണ്. എന്നാൽ അതിന് ജില്ലാകളക്ടറുടെ അനുമതി ലഭിക്കാത്തതിനാൽ പെൻഡിംഗിൽ നിൽക്കുകയാണ്.

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്: തൃശ്ശൂരിലെ കലശമല പ്രോജക്ടിന്റെ കാര്യമെന്തായി?

ജില്ലാ കളക്ടർ, തൃശ്ശൂർ: കലശുമല പ്രോജക്ടിന്റെ സർവ്വേ കഴിഞ്ഞു. അതിന്റെ റിപ്പോർട്ട് ഉടനെ നൽകാം. 21-11-2019-ൽ തിരുവനന്തപുരത്ത് നടത്തിയ മീറ്റിംഗിൽ വച്ച് വഴി കുറച്ചുകൂടി വീതികൂട്ടണമെന്നതു സംബന്ധിച്ച് തീരുമാനമായിരുന്നു. എക്സ്ട്രാ വരുന്ന ലാന്റിന്റെ സർവ്വേ കഴിഞ്ഞിട്ടുണ്ട്. അതുകൂടി ഉൾപ്പെടുത്തിക്കൊണ്ട് റിപ്പോർട്ട് നൽകാം.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

ചീഫ് സെക്രട്ടറി: കണയന്നൂർ താലൂക്കിൽ തിരുവാണിയൂർ വില്ലേജിലുള്ള പെട്രോ കെമിക്കൽസ് പാർക്കിന്റെ സ്ഥിതിവിശേഷം എന്താണ്?

ജില്ലാ കളക്ടർ, എറണാകുളം: മെട്രോ കെമിക്കൽ പാർക്കിന് ആവശ്യമായ ലാന്റിന്റെ സർവ്വേ ആന്റ് ഡിമാർക്കേഷൻ നടക്കുന്നുണ്ട്. ബി.പി.സി.എൽ.-ഉം ആയി സഹകരിച്ചുകൊണ്ട് അത് ഏറ്റെടുക്കാനുള്ള എല്ലാ ശ്രമങ്ങളും ചെയ്യുന്നുണ്ട്. റീ കൺസിലിയേഷൻ കഴിഞ്ഞു.

ചീഫ് സെക്രട്ടറി: പാലക്കാട് കണ്ണമ്പ്ര വ്യവസായ പാർക്കിന്റെ സ്ഥിതി എന്താണ്? ജില്ലയിൽ 320 ഏക്കറിന്റെ വ്യവസായ പാർക്കാണ്.

ജില്ലാ കളക്ടർ, പാലക്കാട്: ഈ ആഴ്ചയിൽ 11(1) വിജ്ഞാപനം ആയിട്ടുണ്ട്. മേയ് മാസത്തിൽ നമുക്ക് ലാന്റ് പൊസഷൻ എടുക്കാൻ കഴിയും. അതിൽ ഒരു ക്ലാരിഫിക്കേഷൻ വേണ്ടത് 11(1) നോട്ടിഫിക്കേഷൻ കഴിഞ്ഞതിനുശേഷം നേരെ നെഗോഷിയേറ്റ് ചെയ്ത് ഏറ്റെടുക്കാമെന്നു കാണിച്ച് ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റിൽ നിന്ന് ഒരു കത്ത് വന്നിട്ടുണ്ട്.

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്: എൽ.എ.ആർ.ആർ. ആക്ട് അനുസരിച്ചുതന്നെ ചെയ്യണം.

ജില്ലാ കളക്ടർ, പാലക്കാട്: റഫർ ചെയ്തിട്ടുണ്ട്. 11(1) നോട്ടിഫിക്കേഷൻ ഈ ആഴ്ചയിൽ വന്നിട്ടുണ്ട്. 19 (2) കഴിഞ്ഞതിനുശേഷമാണ് നെഗോഷിയേഷന് പോകേണ്ടത്. 11(1) വന്നുകഴിഞ്ഞാൽ 60 ദിവസം കഴിഞ്ഞിട്ട് 19(2) നോട്ടിഫൈ ചെയ്യാൻ കഴിയും. ഫെബ്രുവരി മൂന്നാമത്തെ ആഴ്ച നെഗോഷിയേഷന് പോകാൻ കഴിയും. നാലുവർഷമായി നെഗോഷിയേറ്റ് ചെയ്ത് പരാജയപ്പെട്ട് നിൽക്കുന്ന പ്രോജക്ടാണ്. അവിടെ ലാന്റ് ഉടമകളെല്ലാം അതൃപ്തിയിലാണ്. വീണ്ടും തരണമെന്ന് താൽപ്പര്യമുണ്ടെങ്കിലും നേരത്തേ പറഞ്ഞ വില എസ്.എൽ.ഇ.സി. കൂടുതലാണെന്ന് പറഞ്ഞ് നിരസിച്ചതാണ്. നേരത്തെ പറഞ്ഞ വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് നെഗോഷിയേറ്റ് ചെയ്ത് ഭൂമി ഏറ്റെടുക്കാൻ എസ്.എൽ.ഇ.സി. തീരുമാനം എടുത്തതാണ്. 11(1) നോട്ടിഫിക്കേഷൻ നടത്തിയതിനുശേഷം നെഗോഷിയേറ്റ് ചെയ്ത് മുമ്പ് പറഞ്ഞ വിലയേക്കാൾ കുറഞ്ഞ വിലയാണെങ്കിൽ കൊടുക്കണമെന്നാണ് ഇൻഡസ്ട്രീസ് സെക്രട്ടറിൽ നിന്നുള്ള കത്തിൽ പറയുന്നത്. ആക്ട് പ്രകാരം 19(2) നോട്ടിഫിക്കേഷൻ കഴിഞ്ഞാൽ മാത്രമേ അങ്ങനെ ചെയ്യാൻ സാധിക്കുകയുള്ളൂ.

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്: എൽ.എ.ആർ.ആർ. ആക്ട് നിഷ്കർഷിക്കുന്നുണ്ട്. 11(1) നോട്ടിഫിക്കേഷൻ നടത്തിയതിനുശേഷം ഡിക്ലറേഷന് മുമ്പുവരെ ഭൂമിയുടെ അളവിലും സ്വഭാവത്തിലും മാറ്റങ്ങൾ വരാൻ സാധ്യതയുണ്ട്. ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ അത് സ്വീകരിക്കുന്ന സമയമാണിത്. അതിനുള്ള സമയമാണ് രണ്ട് മാസം. അതുകൂടി കഴിഞ്ഞ് ഡിക്ലറേഷൻ നടത്തിക്കഴിഞ്ഞാൽ നെഗോഷിയേഷൻ വയ്ക്കാൻ സാധിക്കും.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി: ഇത് നാലുവർഷമായ പ്രോജക്ടാണ്. അവിടെയുള്ള കൃഷിക്കാർ റബ്ബർ കർഷകരാണ്. കാലതാമസം ഉണ്ടാകുന്നതുമൂലം അവർ ഇനി മുന്നോട്ടില്ലെന്ന നിഗമനത്തിൽ എത്തിയിരിക്കുകയാണ്. നാഷണൽ ഹൈവേയുടെ സമീപത്തുള്ള ഭൂമിയുടെ നിലവിലുള്ള വിലയുടെ പത്തിലൊന്ന് പോലും ഇപ്പോൾ ഓഫർ ചെയ്തിട്ടില്ല. ഇനിയും ഇത് നീട്ടിക്കൊണ്ടുപോയാൽ കിൻഫ്രാ പാർക്ക് അവിടെയുണ്ടാകുകയില്ല. ടി ഭൂമി ഏറ്റെടുത്താൽ കിൻഫ്രാ പാർക്കിനാവശ്യമായ ഭൂമി ലഭിക്കുമോ?

ജില്ലാ കളക്ടർ, പാലക്കാട്: ലാന്റ് അക്വിസിഷൻ പ്രകാരം പോകുന്നതുകൊണ്ട് 320 ഏക്കർ ഭൂമിയും ലഭിക്കും. ആളുകൾ സമ്മതിച്ചില്ലെങ്കിലും 300 ഏക്കർ ഭൂമിയെങ്കിലും ലഭിക്കും.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി: ഈ വിഷയം സംബന്ധിച്ച് രണ്ടുമൂന്ന് പ്രാവശ്യം ഞാൻ യോഗം വിളിച്ചു. ഗവൺമെന്റിനോടുള്ള വിശ്വാസം കൊണ്ട് മാത്രം അവർ പിന്മാറുന്നില്ലായെന്നെയുള്ളൂ. അവർ മാറിക്കഴിഞ്ഞാൽ അവർക്ക് ഇരട്ടിയുടെ ഇരട്ടി വില ലഭിക്കും. നല്ല ഭൂമിയാണത്. ഒരിക്കൽ ഇതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിതന്നെ യോഗം വിളിച്ച് ടി പദ്ധതി ത്വരിതപ്പെടുത്തണമെന്ന് പറഞ്ഞതാണ്. ഇനി എന്തെങ്കിലും സാങ്കേതിക പ്രശ്നമുണ്ടോ?

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്: സാങ്കേതിക പ്രശ്നങ്ങളൊന്നുമില്ലാതെ തീർക്കണമെങ്കിൽ ഡിക്ലറേഷനുംകൂടി കഴിയുന്നതാണ് നല്ലത്. ഏതെങ്കിലും രീതിയിൽ ഏതെങ്കിലും ഒരു ഭാഗത്തെ ഭൂമിയുടെ കാര്യത്തിൽ നെഗോഷിയേഷൻ പരാജയപ്പെട്ടാലും നമുക്ക് ആ ഭൂമി അക്വയർ ചെയ്യാം. അതിനാൽ ജില്ലാ കളക്ടർ ഇൻഫോർമലായി നെഗോഷിയേഷൻ നടത്തി വിലയുടെ കാര്യത്തിൽ തീരുമാനം ഉണ്ടാക്കിവയ്ക്കുകയും ഡിക്ലറേഷൻ നടത്തിയതിനുശേഷം അത് ഫോർമലൈസ് ചെയ്യുകയും ചെയ്താൽ മതിയാകും.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി: രണ്ട് മാസം കൊണ്ട് ഈ പ്രക്രിയ പൂർത്തീകരിക്കാൻ സാധിക്കുമോ;

ജില്ലാ കളക്ടർ, പാലക്കാട്: രണ്ട് മാസം വേണം. ഇടയ്ക്ക് ആക്ഷിവിറ്റിയൊന്നുമില്ല. അത് പരാതി കേൾക്കാനുള്ള പീരിഡാണ്. ഇടയ്ക്ക് വേറെ ഒരു ആക്ഷിവിറ്റിയുമില്ല. അത് കഴിഞ്ഞാൽ നേരെ നെഗോഷിയേഷനിലേക്ക് പോകാം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി: ഇത് ആദ്യംതന്നെ ആരംഭിക്കാമായിരുന്നില്ലേ?

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

ജില്ലാ കളക്ടർ, പാലക്കാട്: ഇൻഫോർമലായി നെഗോഷിയേറ്റ് ചെയ്യാനാണ് റവന്യൂ സെക്രട്ടറി ഉപദേശിച്ചിരിക്കുന്നത്. രണ്ട് മാസം കഴിഞ്ഞാൽ അത് ഫോർമലൈസ് ചെയ്യുകയെന്നതാണ്.

ചീഫ് സെക്രട്ടറി: പുതുശ്ശേരി വില്ലേജിലെ 600 ഏക്കറുള്ള കിൻഫ്രാ പാർക്കിന്റെ സ്ഥിതിയെന്താണ്?

ജില്ലാ കളക്ടർ, പാലക്കാട്: എസ്.ഐ.എ. സ്റ്റഡി കഴിഞ്ഞതാണ്. എക്സ്പർട്ട് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ മാസത്തിലെ എക്സ്പർട്ട് കമ്മിറ്റിക്കുശേഷം 11(1) നോട്ടിഫിക്കേഷൻ നടത്താൻ സാധിക്കും. അടുത്ത ഡിസംബർ മാസമാകുമ്പോൾ അത് പൊസഷനെടുക്കാൻ കഴിയും.

ചീഫ് സെക്രട്ടറി: കിൻഫ്രാ വ്യവസായ പാർക്ക് നിർമ്മാണത്തിനുവേണ്ടി തലപ്പള്ളി താലൂക്കിൽ 200 ഏക്കർ ഭൂമി ഏറ്റെടുക്കുന്ന പ്രോജക്ടിന്റെ സ്ഥിതിയെന്താണ്?

ജില്ലാ കളക്ടർ, തൃശ്ശൂർ: അക്വയർ ചെയ്യാനായി കഴിഞ്ഞ ദിവസം സർക്കാരിൽനിന്ന് അനുവാദം കിട്ടിയിട്ടുണ്ട്. അടുത്ത ആഴ്ച 11(1) നോട്ടീസ് കൊടുക്കും. അക്വിസിഷനുമായി മുന്നോട്ട് പോകുകയാണ്. സോഷ്യൽ ഇംപാക്റ്റ് അസസ്മെന്റ് സ്റ്റഡി കഴിഞ്ഞ് സർക്കാരിലേക്ക് അയച്ചു. സർക്കാരിൽനിന്ന് പെർമിഷൻ കഴിഞ്ഞ ദിവസം കിട്ടിയിട്ടുണ്ട്.

ചീഫ് സെക്രട്ടറി: സർവ്വേയുടെ കാര്യങ്ങളെല്ലാം ത്വരിതപ്പെടുത്തണം.

ജില്ലാ കളക്ടർ, തൃശ്ശൂർ: 11(1) നോട്ടീസ് ഇഷ്യൂ ചെയ്തതിനുശേഷം സർവ്വേ ചെയ്യാം.

ചീഫ് സെക്രട്ടറി: റാന്നി താലൂക്കിലെ റബ്ബർ പാർക്ക് നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലമെടുക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലും പത്തനംതിട്ടയിൽ പുണ്യദർശം കോംപ്ലക്സ് നിർമ്മിക്കുന്നതിന് തിരുവിതാംകൂർ ദേവസ്വംബോർഡും വനം വകുപ്പും തമ്മിൽ ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് തർക്കവും എന്തായിയെന്ന് അറിയാമോ?

അഡീഷണൽ ചീഫ് സെക്രട്ടറി, വനം-വന്യജീവി വകുപ്പ്: സുപ്രീം കോടതിയിലെ കേസ് സെൻട്രൽ എംപവേഡ് കമ്മിറ്റി എടുക്കുന്നുണ്ട്. മാസ്റ്റർ പ്ലാനിന് പുറത്തുള്ള അധിക കയ്യേറ്റമെന്നുപറയാവുന്ന ലാന്റാണിത്. കയ്യേറ്റം ഏതാണ്; മാസ്റ്റർ പ്ലാനിന്റെ സ്ഥലം ഏതാണ് എന്നുള്ളതു സംബന്ധിച്ച് ജോയിന്റ് സർവ്വേ കഴിഞ്ഞ് ഇപ്പോൾ 28-ാം തീയതി സെൻട്രൽ എംപവേർഡ് കമ്മിറ്റിയിൽ ഡിസ്കഷന് വരുകയുണ്ടായി. Central Empowered Committee is live on this issue. So it is a matter which has to be decided as part of Court proceedings.

ചീഫ് സെക്രട്ടറി: തൃശ്ശൂർ ജില്ലയിൽ മാള സിനഗോഗിലേക്കുള്ള വഴിയുടെ നിർമ്മാണത്തിന്റെ ഇഷ്യൂ ഉണ്ടായിരുന്നു. അതു സംബന്ധിച്ച് തൃശ്ശൂർ കളക്ടർക്ക് എന്താണ് പറയാനുള്ളത്?

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

ജില്ലാ കളക്ടർ, തൃശ്ശൂർ: സർവ്വേ നമ്പർ 575-ൽ ഉൾപ്പെട്ടതാണ്. ഗവൺമെന്റിന്റെ ഉത്തരവായിട്ടുണ്ട്. 11(1) നോട്ടീസ് ഇഷ്യൂ ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കുറച്ച് ഏരിയ മാത്രമേയുള്ളൂ. സർവ്വേ കഴിഞ്ഞു. നോട്ടിഫിക്കേഷൻ ഇഷ്യൂ ചെയ്തു കഴിഞ്ഞാലുടൻ ഏറ്റെടുക്കാനുള്ള നടപടികളുമായി മുന്നോട്ട് പോകാം. അങ്ങോട്ടേക്കുള്ള വഴിയുടെ അക്വിസിഷൻ മാത്രമാണ്. മുസിരിസ് പൈതൃക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്: മുസിരിസ് പൈതൃക പദ്ധതിയുടെ ഭാഗമായി റിനവേറ്റ് ചെയ്തിട്ടുള്ള സിനഗോഗാണിത്. അവിടേക്ക് വാഹനങ്ങൾ കയറാനുള്ള സൗകര്യമില്ല. ചെറിയ തുണ്ട് ഭൂമിയാണ്. ഒരു സെന്റോ അര സെന്റോ മറ്റുമാണ്. അതാണ് വിഷയം.

സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പ്രോജക്ട്

ചീഫ് സെക്രട്ടറി: കൊല്ലം, തൃശ്ശൂർ, കണ്ണൂർ, കോഴിക്കോട്, കാസർഗോഡ്, വയനാട് തുടങ്ങിയ ജില്ലകളിലാണ് സിറ്റി ഗ്യാസ് ഡിസ്ട്രിബൂഷൻ പ്രോജക്ടിലുൾപ്പെടുത്തിയിട്ടുള്ളത്.

ജില്ലാ കളക്ടർ, കൊല്ലം: റെഗുലറായി അദാലത്തുകൾ നടക്കുന്നുണ്ട്. എല്ലാ മാസവും അദാലത്തുകളും മറ്റും കൃത്യമായി നടത്തുന്നുണ്ട്. ഡിസ്ട്രിബ്യൂഷൻ സിസ്റ്റത്തിൽ ഇപ്പോൾ പ്രശ്നങ്ങളില്ല.

മുഖ്യമന്ത്രി : ഇത് വരാൻ പോകുന്ന പ്രോജക്ടാണ്.

ജില്ലാ കളക്ടർ, എറണാകുളം: മൊത്തത്തിൽ ഇതുവരെ സ്റ്റീൽ പൈപ്പ് ലൈൻ 63.71 കി. മീറ്റർ വരെ സ്ഥാപിച്ചിട്ടുണ്ട്. പോളി എത്തിലിൻ പൈപ്പ് ലൈൻ 163.25 കി. മീറ്ററാണുള്ളത്. ഇതുവരെയുള്ള ഇൻഫ്രാസ്ട്രക്ചർ കൺസ്ട്രക്ഷൻ ചെയ്തത് 40774 ഹൗസ്ഹോൾഡ്സിന് കൊടുക്കാനാണ്. ഒരു ലക്ഷം കണക്ഷനുകളാണ് നമ്മുടെ ലക്ഷ്യം. ഇതുവരെ സി.എൻ.ജി. സ്റ്റേഷൻസിലുള്ളത് ഏഴാണ്. റോഡ് കട്ടിംഗിന്റെ പെർമിഷൻ കൊടുക്കുന്നത് കമ്മിറ്റിയാണ്. കമ്മിറ്റിയുടെ ചെയർ എം.എൽ.എ.-മാരാണ്. അവർ എല്ലാ സമയത്തും തടസ്സം പറയും. ഫോഴ്സ്ഫുള്ളായി പറഞ്ഞ് ബോധ്യപ്പെടുത്തിയശേഷമാണ് പെർമിഷൻ എടുക്കുന്നത്. ഈ പ്രോജക്ട് നടപ്പിലാക്കാൻ താമസം വരുന്നതിന് കാരണം അതാണ്. റെഗുലറായി മീറ്റിംഗ് കണ്ടക്ട് ചെയ്യുന്നുണ്ട്. ഇന്റർ ഡിപ്പാർട്ടുമെന്റൽ കോ-ഓർഡിനേഷനാണ് പ്രധാന പ്രശ്നം. റോഡ് കട്ടിംഗ് പെർമിഷൻ കൊടുക്കുന്ന കമ്മിറ്റി ചെയർമാൻമാർ എം.എൽ.എ.-മാരാണ്. അവർ ഇതുവരെ പെർമിഷൻ കൊടുത്തിട്ടില്ല. അതിന് കളക്ടർമാർക്ക് ചുമതല നൽകിയാൽ നമുക്ക് ചെയ്യാമായിരുന്നു.

മുഖ്യമന്ത്രി: ഈ കമ്മിറ്റി വകുപ്പിൽ നിന്ന് രൂപീകരിച്ചതാണോ?

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

ജില്ലാ കളക്ടർ, എറണാകുളം: ആദ്യം ഡിസ്ട്രിക്റ്റ് ലെവലിൽ കമ്മിറ്റിയുണ്ടായിരുന്നു. അത് ഇപ്പോഴും ഉണ്ട്. അതിനുശേഷം എം.എൽ.എ. ചെയറിൽ മണ്ഡലംതല കമ്മിറ്റിയുണ്ടാക്കി. അതിനാൽ വ്യക്തതയുടെ അഭാവമുണ്ട്. പ്രധാനപ്പെട്ട പ്രോജക്ടുകളുടെ കാര്യത്തിൽ റോഡ് കട്ടിംഗിന് അനുവാദം നൽകുന്നതിന് ജില്ലാ കളക്ടറുടെ ലെവലിൽ പെർമിഷൻ കൊടുക്കാൻ സംവിധാനമുണ്ടെങ്കിൽ നന്നായിരിക്കും.

മുഖ്യമന്ത്രി: ഇത്തരമൊരു കാര്യമാകുമ്പോൾ കളക്ടറുടെ അദ്ധ്യക്ഷതയിൽ ഡിസ്ട്രിക് ലെവൽ കമ്മിറ്റി തീരുമാനം കൊടുക്കുന്നതായിരിക്കും നല്ലത്. പൈപ്പിടൽ എപ്പോൾ പൂർത്തിയാക്കാനാകും?

ജില്ലാ കളക്ടർ, എറണാകുളം: അറുപതുശതമാനം വർക്ക് പെൻഡിംഗാണ്. റോഡ് കട്ടിംഗ് ഇഷ്യൂസാണ് പ്രധാനമായുമുള്ളത്. ഇതിന് കളക്ടർക്ക് ചുമതല കൊടുത്താൽ പത്തുമാസത്തിനുള്ളിൽ പൂർത്തിയാക്കാനാകും.

മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ: നിലവിലെ മാർക്കറ്റ് റേറ്റിനെക്കാൾ കുറഞ്ഞ നിരക്കിൽ എൽ.എൻ.ജി. ഗ്യാസ് വിതരണം ചെയ്യുക എന്നതാണ് ഗവൺമെന്റിന്റെ ഉദ്ദേശ്യം. പാചകവാതക വിതരണമേഖലയിലെ പരാതികൾ പരിഹരിക്കുന്നതിന് ജില്ലാകളക്ടർമാർ വ്യക്തിപരമായ ഉത്തരവാദിത്വം ഏറ്റെടുക്കണം.

ജില്ലാ കളക്ടർ, എറാണാകുളം: എറണാകുളം ജില്ലയിൽ കഴിഞ്ഞ രണ്ട് മാസത്തിനുള്ളിൽ ഏകദേശം മൂവായിരം ഹൗസ് കണക്ഷനുകൾ നൽകാൻ സാധിച്ചിട്ടുണ്ട്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): വാഹനങ്ങളിലും ഗ്യാസ് ഇന്ധനമായി ഉപയോഗിക്കുന്നുണ്ട്. എറണാകുളം ജില്ലയിൽ മാത്രം ആറായിരം ഓട്ടോറിക്ഷകൾ ഗ്യാസ് കണക്ഷൻ ഉപയോഗിക്കുന്നുണ്ട്. ഗ്യാസ് ഡിസ്ട്രിബ്യൂഷൻ സ്റ്റേഷനുകൾ ഇല്ലായെന്നതാണ് നിലവിലെ ഏറ്റവും വലിയ പ്രശ്നം. ഗ്യാസ് ഡിസ്ട്രിബ്യൂഷൻ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തുന്നതിന് ജില്ലാ കളക്ടറുടെ പ്രത്യേക ശ്രദ്ധ അനിവാര്യമാണ്. ഓട്ടോറിക്ഷാ തൊഴിലാളികൾക്ക് ഗ്യാസ് ഉപയോഗിച്ചുള്ള ഇന്ധനം ആദായകരമായതിനാൽ അവർ നല്ല നിലയിൽ സ്വാഗതം ചെയ്യുന്നുണ്ട്.

ജില്ലാ കളക്ടർ, എറണാകുളം: ഇതുവരെ ഏഴ് സി.എൻ.ജി. സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ മൂന്ന് സ്റ്റേഷനുകൾ കൺസ്ട്രക്ഷൻ സ്റ്റേജിലാണ്.

ജില്ലാ കളക്ടർ, തൃശ്ശൂർ: തൃശ്ശൂർ ജില്ലയിൽ കുന്നംകുളം താലൂക്ക് ചൊവ്വന്നൂർ വില്ലേജിൽ ഉൾപ്പെട്ട ഗെയിൽ എസ്.വി. സ്റ്റേഷന് സമീപത്തായി അൻപത് സെന്റ് മുതൽ ഒരു ഏക്കർ വരെയുള്ള ഭൂമി കണ്ടെത്തി നൽകുന്നതിനും പൈപ്പ് ലൈൻ

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

സ്ഥാപിക്കുന്നതിനായി റോഡ് കട്ടിംഗ് പെർമിഷൻ അനുവദിക്കുന്നതിനും ഇന്ത്യൻ ഓയിൽ, അദാനി ഗ്രൂപ്പ് ലിമിറ്റ് അധികൃതർ അപേക്ഷിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ 30-8-2019-ന് മീറ്റിംഗ് വിളിച്ചുകൂട്ടുകയുണ്ടായി. ഭൂമി കണ്ടെത്തി നൽകുന്നതിനും കട്ടിംഗ് പെർമിഷൻ അനുവദിക്കുന്നതിനുമാവശ്യമായ ഉത്തരവ് ലഭിക്കുകയാണെങ്കിൽ പ്രസ്തുത വർക്ക് എത്രയുംവേഗം പൂർത്തീകരിക്കാൻ സാധിക്കും.

ചീഫ് സെക്രട്ടറി: ഇക്കാര്യത്തിൽ ജില്ലാകളക്ടറുടെ നേതൃത്വത്തിൽ കമ്മിറ്റി കൂടി ആവശ്യമായ തീരുമാനം കൈക്കൊണ്ടാൽ മതിയാകും.

(നടപടി- ജില്ലാകളക്ടർമാർ)

ജില്ലാ കളക്ടർ, കണ്ണൂർ: പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള ലാന്റ് ഐഡന്റിഫൈ ചെയ്തിട്ടില്ല.

ജില്ലാ കളക്ടർ, കാസർഗോഡ്: ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതിക്കാവശ്യമായ സ്റ്റേഷൻ നിർമ്മിക്കുന്നതിനുവേണ്ടി മഞ്ചേശ്വരം താലൂക്കിലെ ബംബ്രാണ വില്ലേജിൽ 0.1214 ഹെക്ടർ സർക്കാർ ഭൂമി കണ്ടെത്തിയിരുന്നു. പ്രസ്തുത ഭൂമിയിൽ സിറ്റി ഗ്യാസ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് ചില സാങ്കേതിക/ഭൂമിശാസ്ത്രപരമായ തടസ്സങ്ങൾ ഉള്ളതിനാൽ സ്റ്റേഷൻ ഹോസ്ദുർഗ്ഗ് താലൂക്കിലെ അമ്പലത്തറ വില്ലേജിലേക്ക് മാറ്റുന്നതായി അറിയിച്ചിരുന്നു. ആയതിനാൽ അമ്പലത്തറ വില്ലേജിൽ ഗ്യാസ് സ്റ്റേഷൻ നിർമ്മാണത്തിന് അനുയോജ്യമായ ഭൂമി കണ്ടെത്തി അറിയിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

വെള്ളായണി കായൽ സംരക്ഷണം

ജില്ലാ കളക്ടർ, തിരുവനന്തപുരം: വെള്ളായണി കായൽ സംരക്ഷണവുമായി ബന്ധപ്പെട്ട് 1-12-2015-ൽ ചേർന്ന യോഗ തീരുമാനപ്രകാരം വെള്ളായണി കായൽത്തീരത്ത് കർഷകരുടെ കൈവശമുണ്ടായിരുന്ന ഭൂമി സർക്കാർ ഏറ്റെടുത്ത് കർഷകർക്ക് നഷ്ടപരിഹാരം നൽകിക്കൊണ്ട് വെള്ളായണി കായൽ സംരക്ഷിക്കുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. തുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 16-5-2017-ൽ കൂടിയ യോഗത്തിൽ കർഷകരുടെ പട്ടയഭൂമി ഏറ്റെടുക്കുവാൻ തീരുമാനിക്കുകയും, അതിന്റെ അടിസ്ഥാനത്തിൽ വെള്ളായണി കായൽ പ്രദേശത്തെ പട്ടയഭൂമി, അതിന്റെ സർവ്വെ നമ്പർ, വിസ്തൃതി, ഉടമസ്ഥരുടെ പേരും മേൽവിലാസവും, കയ്യേറ്റം സംബന്ധിച്ച വിവരങ്ങൾ എന്നിവ ജലവിഭവ വകുപ്പിന് അയച്ചിട്ടുണ്ട്. ജലവിഭവ വകുപ്പിൽനിന്ന് ഭരണാനുമതി ലഭിച്ചാൽ മാത്രമേ കായൽ സംരക്ഷണത്തിന് ഭൂമി ഏറ്റെടുക്കാൻ സാധിക്കുകയുള്ളൂ. പ്രസ്തുത വിഷയം സംബന്ധിച്ച് ഗവൺമെന്റ് ലെവലിൽ തീരുമാനം പെന്റിംഗിലാണ്.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

ചീഫ് സെക്രട്ടറി: ജില്ലാ കളക്ടർ ജലവിഭവ വകുപ്പിന് വിശദമായ റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നാണ് പരാമർശിക്കുന്നത്. പ്രസ്തുത വിഷയത്തിൽ ഉചിത തീരുമാനം കൈക്കൊള്ളേണ്ടത് അനിവാര്യമാണ്.

മുഖ്യമന്ത്രി : നിരവധി വർഷങ്ങളായിട്ടുള്ള വിഷയമാണിത്. വെള്ളായണി കായൽ സംരക്ഷണം സംബന്ധിച്ച് ധാരാളം നിവേദനങ്ങൾ ലഭിക്കുകയുണ്ടായി. കർഷകരുടെ ന്യായമായ ആവശ്യമായതിനാൽ ഇതിന്മേൽ ആവശ്യമായ നടപടി സ്വീകരിക്കണം.

കോഴിക്കോട് മാനസികാരോഗ്യ ട്രസ്റ്റ്

ജില്ലാ കളക്ടർ, കോഴിക്കോട്: മാസ്റ്റർപ്ലാനും ഡി.പി.ആർ.-ഉം തയ്യാറാക്കുന്നതിനുള്ള മുകേഷ് അസോസിയേറ്റ്സിന്റെ ഫീസായ 70,80,000 ലഭ്യമാകാത്തതിനാൽ ആരോഗ്യ വകുപ്പുമന്ത്രിയുടെ ചേമ്പറിൽ ചേർന്ന യോഗ തീരുമാനപ്രകാരം Expost Facto Sanction ലഭിക്കുകയും ദേശീയ ആരോഗ്യ മിഷന് നൽകാനുള്ള പന്ത്രണ്ട് ലക്ഷം രൂപയും മുകേഷ് അസോസിയേറ്റ്സിന് നൽകാനുള്ള 70,80,000 രൂപയ്ക്കുള്ള ഭരണാനുമതിയും ലഭിച്ചു. പ്രസ്തുത ഫണ്ട് ലഭ്യമാക്കുവാൻവേണ്ടി ഫയൽ ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

മുഖ്യമന്ത്രി : കോഴിക്കോട് മാനസികാരോഗ്യ ആശുപത്രിയെ ഒരു മാതൃകാ ആശുപത്രിയാക്കി മാറ്റുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചത്. പ്രസ്തുത ആശുപത്രിക്കുവേണ്ടി ജനങ്ങൾ ഫണ്ട് നൽകാൻ തയ്യാറാണ്. കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിന്റെ മാസ്റ്റർ പ്ലാനും ഡി.പി.ആർ.-ഉം തയ്യാറാക്കാൻ സർക്കാർ ഫണ്ട് നൽകിയിട്ടുണ്ട്.

ശ്രീ. മനോജ് ജോഷി, അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്: ഇതുസംബന്ധിച്ച ഡി.പി.ആർ. റെഡിയായിട്ടുണ്ട്.

ചീഫ് സെക്രട്ടറി: ഫണ്ട്സ് റിലീസ് ചെയ്യുന്നതിന് ഫൈനാൻസ് സെക്രട്ടറി സത്വര നടപടി സ്വീകരിക്കണം.

അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്: അപ്രകാരം ചെയ്യാം.

ആക്കുളം കായൽ സംരക്ഷണം

ചീഫ് സെക്രട്ടറി: ആക്കുളം കായൽ സംരക്ഷണത്തെക്കുറിച്ചുള്ള നിലവിലെ സ്ഥിതി എന്താണ്?

ജില്ലാ കളക്ടർ, തിരുവനന്തപുരം: സർവ്വേ നടപടികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. പില്ലർ നിർമ്മാണം അനിവാര്യമായതിനാൽ ടെണ്ടർ വിളിച്ചിട്ടുണ്ട്.

ഇടുക്കി ഡാം ടൂറിസം പദ്ധതി

ചീഫ് സെക്രട്ടറി: ഇടുക്കി ആർച്ച് ഡാം ടൂറിസം പദ്ധതി സംബന്ധിച്ച് നിലവിലെ സ്ഥിതി എന്താണ്? പ്രസ്തുത പദ്ധതിക്ക് കെ.എസ്.ഇ.ബി.യുടെ ലാന്റാണ് ഉപയോഗിക്കാമെന്ന് സൂചിപ്പിച്ചിരുന്നത്.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

ജില്ലാ കളക്ടർ, ഇടുക്കി: പ്രസ്തുത പദ്ധതിക്കാവശ്യമായ സ്ഥലം കൈമാറി കിട്ടിയിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

സെക്രട്ടറി, സാംസ്കാരികവും വിനോദ സഞ്ചാരവും വകുപ്പ്: ഇടുക്കി ആർച്ച് ഡാം പ്രദേശത്ത് ടൂറിസം വകുപ്പ് മുഖാന്തിരം അംഗീകാരം ലഭിച്ച് നിർമ്മാണം നടത്തിവരുന്ന ചെറിയ പ്രോജക്കുകളാണുള്ളത്. കുടിയേറ്റ സ്മാരകം, ഇക്കോ ലോഡ്ജ് എന്നിവയാണ് ഡി.റ്റി.പി.സി. വഴി തയ്യാറാക്കുന്ന പ്രോജക്കുകൾ. ഇക്കോ ലോഡ്ജിന്റെ നിർമ്മാണം ഏകദേശം പൂർത്തിയായിട്ടുണ്ട്. ഇക്കോ ലോഡ്ജ് യാത്രി നിവാസായി കൺവെർട്ട് ചെയ്യുന്നതാണ്. പവർ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ഹൈഡൽ ടൂറിസമാണ് പ്രൊജക്ട് ചെയ്യുന്നത്. ഇടുക്കി ഡാമിൽ ലൈറ്റ് ആന്റ് സൗണ്ട് ഷോ ഉൾപ്പെടെ മൂന്ന് പ്രോജക്കുകളാണ് പവർ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ചെയ്യുന്നത്. ഇതിന്റെ ഡി.പി.ആർ. തയ്യാറായിട്ടുണ്ട്.

ചീഫ് സെക്രട്ടറി: ഇടുക്കി ആർച്ച് ഡാം പ്രദേശത്ത് ടൂറിസം വകുപ്പ് മുഖാന്തിരം അംഗീകാരം ലഭിച്ച് നിർമ്മാണം നടത്തിവരുന്ന ചെറിയ പ്രോജക്കുകളാണുണ്ടായിരുന്നത്. ഇടുക്കി ആർച്ച് ഡാം ഏഷ്യയിലെ ഏറ്റവും വലിയ രണ്ടാമത്തെ ആർച്ച് ഡാമായതിനാൽ അതിനുതകുന്ന രീതിയിൽ വിപുലമായ പാക്കേജ് വേണമെന്ന മുഖ്യമന്ത്രിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് അഡീഷണൽ ഡി.പി.ആർ. തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചത്.

പുത്തൂർ സുവോളജിക്കൽ പാർക്ക്

ജില്ലാ കളക്ടർ, തൃശ്ശൂർ: തൃശ്ശൂർ പുത്തൂർ സുവോളജിക്കൽ പാർക്ക് നിർമ്മാണത്തിനായി 4.6854 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, തൃശ്ശൂർ അർത്ഥന സമർപ്പിച്ചിട്ടുണ്ട്. സ്ഥലമെടുപ്പ് നടപടികളുടെ ഭാഗമായി സാമൂഹിക ആഘാത പഠനത്തിന് യൂണിറ്റിനെ നിയമിച്ചിട്ടുള്ളതും ആയതിന്റെ കരട് റിപ്പോർട്ട് ലഭിച്ചിട്ടുള്ളതുമാണ്. അന്തിമ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ എക്സ്പെർട്ട് കമ്മിറ്റിയുടെ റിപ്പോർട്ട്കൂടി ലഭിച്ചാൽ മാത്രമേ തുടർനടപടികളുമായി മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ.

ചീഫ് സെക്രട്ടറി: പ്രസ്തുത വർക്ക് എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കും?

ജില്ലാ കളക്ടർ, തൃശ്ശൂർ: സുവോളജിക്കൽ പാർക്കിന് ഇടയ്ക്കുള്ള കുറച്ച് പ്രൈവറ്റ് പ്രോപ്പർട്ടി അക്വയർ ചെയ്യുന്ന വിഷയം മാത്രമേയുള്ളൂ.

ചീഫ് സെക്രട്ടറി: പ്രസ്തുത നടപടി expedite ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

അഡീഷണൽ ചീഫ് സെക്രട്ടറി, വന-വന്യജീവി വകുപ്പ്: ബേസിക്കലി എൻവയോൺമെന്റ് ഇംപാക്ട് സ്റ്റഡി റിപ്പോർട്ടാണ് ആവശ്യമായിട്ടുള്ളത്. പ്രസ്തുത സ്റ്റഡി റിപ്പോർട്ട് എന്നാണ് ലഭിക്കുന്നത്?

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

ജില്ലാ കളക്ടർ, തൃശ്ശൂർ: ഡ്രാഫ്റ്റ് റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. രണ്ട് ആഴ്ചയ്ക്കുള്ളിൽ ഫൈനൽ റിപ്പോർട്ട് നൽകാമെന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. പ്രസ്തുത റിപ്പോർട്ട് ലഭിച്ചാലുടൻ ഗവൺമെന്റിൽ സമർപ്പിക്കുന്നതാണ്.

ഇടുക്കി, വയനാട്, കാസർഗോഡ് എയർ സ്ട്രിപ്പ്

ചീഫ് സെക്രട്ടറി: ഇടുക്കി, വയനാട് കാസർഗോഡ് എന്നീ മൂന്നു സ്ഥലങ്ങളിലായി എയർസ്ട്രിപ്പ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടതാണ്.

പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗതവും മത്സ്യബന്ധനവും വകുപ്പ്: ഇവിടെ സൂചിപ്പിച്ച മൂന്ന് എയർസ്ട്രിപ്പ് ഇടാൻ IV- ൽ ഉൾപ്പെടുത്തി എയർ സ്ട്രിപ്പ് തുടങ്ങാനുള്ള കോസ്റ്റ് ഗവൺമെന്റ് ഓഫ് ഇൻഡ്യ നൽകാമെന്ന് പറഞ്ഞിട്ടുണ്ട്. പ്രാഥമിക പഠനം നടത്തി കാസർഗോഡിൽ നിന്നുള്ള സർവ്വേ ലിസ്റ്റ് കിട്ടിയിട്ടുണ്ട്. വയനാടിന്റെയും ഇടുക്കിയുടെയും സർവ്വേ നമ്പരും ഡീറ്റെയിൽസും കിട്ടാനുണ്ട്. കഴിവതും പെട്ടെന്ന് ഇടാൻ ഫോർമുലയിൽ ഉൾപ്പെടുത്തി എയർസ്ട്രിപ്പും എയർപോർട്ടുകളും തമ്മിൽ ബന്ധിപ്പിക്കുന്നതിനുള്ള ഫണ്ട് ഇടാൻ IV-ൽ തരാമെന്ന് പറഞ്ഞിട്ടുണ്ട്. കാസർഗോഡിന്റെ ഡീറ്റെയിൽസ് കിട്ടിയിട്ടുണ്ട്.

ജില്ലാ കളക്ടർ, ഇടുക്കി: ഗവൺമെന്റ് ലാന്റ് അവയിലബിൾ അല്ല. നാലഞ്ച് വ്യക്തികൾ വന്ന് ചിന്നക്കനാലിൽ ലാന്റ് റിലിങ്ക്വിഷ് തരാമെന്ന് പറഞ്ഞിട്ടുണ്ട്. 80 ഏക്കർ സ്ഥലമാണ് ആവശ്യമായിട്ടുള്ളത്.

പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗതവും മത്സ്യബന്ധനവും വകുപ്പ്: എയർഷിപ്പിന്റെ റൺവേയ്ക്ക് 1500 മീറ്റർ ആവശ്യമാണ്.

ചീഫ് സെക്രട്ടറി: ചെറിയ എയർക്രാഫ്റ്റ് ലാന്റ് ചെയ്യാൻ വേണ്ടി എത്രമാത്രം ലാൻഡ് വേണമെന്നുള്ളത് ടെക്നിക്കൽ ആയി കണക്കാക്കണം.

ജില്ലാ കളക്ടർ, ഇടുക്കി: കാസർഗോഡ് നേരത്തെ കിട്ടിയിരിക്കുന്നത് 80 ഏക്കറാണ്. അതിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെ ചെയ്തത്.

ചീഫ് സെക്രട്ടറി: കാസർഗോഡ് കളക്ടറോടല്ല സംസാരിക്കേണ്ടത്. എയർപോർട്ട് അതോറിറ്റിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരോടാണ് ഇതിനെ സംബന്ധിച്ച് ചോദിക്കേണ്ടത്. സിയാൽ, കിയാൽ, കോഴിക്കോട് എയർപോർട്ട് എന്നിവ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് കറക്ടായി പറയാൻ സാധിക്കും.

പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗതവും മത്സ്യബന്ധനവും വകുപ്പ്: ഇനിഷ്യൽ ഫീസിബിലിറ്റി മൂന്ന് സ്ഥലത്തും നടത്തി റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. കാസർഗോഡ് 18.41 ഏക്കർ സ്ഥലമാണ് മൊത്തത്തിൽ വരുന്നത്. മറ്റ് സ്ഥലങ്ങളിലെയും റിപ്പോർട്ടുള്ളതുകൊണ്ട് ചെയ്യാൻ സാധിക്കും.

ജില്ലാ കളക്ടർ, വയനാട്: സർവ്വേ നടന്നുക്കൊണ്ടിരിക്കുകയാണ്.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

ജില്ലാ കളക്ടർ, കാസർഗോഡ്: റിപ്പോർട്ട് കൊടുത്തിട്ടുണ്ട്.

വയനാട് സർക്കാർ മെഡിക്കൽ കോളേജ്

ചീഫ് സെക്രട്ടറി: ഇതിനെ സംബന്ധിച്ച് കളക്ടർ സൂചിപ്പിക്കുകയുണ്ടായി. രണ്ട് ഓപ്ഷൻസാണ് ഇതിൽ വരുന്നത്. ഐഡന്റിഫൈ ചെയ്തിട്ടുള്ള ലാൻഡിന്റെ എൻവയോൺമെന്റ് അസസ്മെന്റ് സ്റ്റഡി ചെയ്തിട്ട് മുന്നോട്ടുപോകുക. രണ്ടാമത്തേത് 70 ഏക്കർ ലാൻഡ് അവയിലബിളാണ് എന്നതാണ്. അതിൽനിന്ന് 10 ഏക്കർ സ്ഥലം ഹയർ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിന് കോളേജ് നിർമ്മിക്കാൻവേണ്ടി കൊടുത്തിട്ടുണ്ട്. രണ്ടാമത്തെ ഓപ്ഷനിൽ ഹൈ ലെവൽ മീറ്റിംഗിൽ തീരുമാനം വരുമ്പോൾ ഉചിതമായ ഇൻസ്പെക്ഷൻ കൊടുത്തതിനുശേഷം അവിടെത്തന്നെ നല്ല രീതിയിൽ പോകാൻ സാധിക്കും.

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്: വയനാട് മെഡിക്കൽ കോളേജിന് ഭൂമി അക്വയർ ചെയ്യുന്ന ഒരു വിഷയം കൂടിയുണ്ട്. അതിന് ആദ്യം ഭൂമി കണ്ടെത്തിയിരുന്നു. ഇപ്പോൾ വേറൊരു ഭൂമിയാണ് സെലക്ട് ചെയ്തിരിക്കുന്നത്. കളക്ടർ അതിനെക്കുറിച്ച് വിശദീകരിക്കണം.

ജില്ലാ കളക്ടർ, വയനാട്: ആദ്യം ജിനചന്ദ്രൻ മെമ്മോറിയലിനുവേണ്ടി ഡൊണേറ്റ് ചെയ്തിരുന്ന 50 ഏക്കർ ഭൂമിയുണ്ടായിരുന്നു. പരിസ്ഥിതിലോല പ്രദേശമായതിനാൽ അവിടെ മെഡിക്കൽ കോളേജ് വരാൻപറ്റില്ല. ഈ സ്ഥലം കുത്തനെയുള്ളതാണ്. ലാൻഡ് അക്വിസിഷൻ പ്രകാരം ഭൂമി ഏറ്റെടുക്കാൻ വേണ്ടി ചൂണ്ടയിൽ എസ്റ്റേറ്റ് എന്നു പറയുന്ന സ്ഥലത്ത് 50 ഏക്കർ ലാൻഡ് അക്വിസിഷൻ പ്രോസസിന്റെ നോട്ടിഫിക്കേഷൻ ഗവൺമെന്റിലേക്ക് സബ്മിറ്റ് ചെയ്തിട്ടുണ്ട്. ഇതിന് ചെറിയ ഒരു നിയമക്കുരുക്ക് ഉള്ളത് ക്രിസ്ത്യൻ ചർച്ചിന്റെ ഒരു പ്ലാന്റേഷനാണ്. അവർ വിജയകരമായി നടത്തുന്ന ഒരു പ്ലാന്റേഷനാണ്. നിയമപ്രകാരം ഏറ്റെടുക്കുമ്പോൾ ഇതിലുള്ള മരത്തിന്റെ വില മാത്രമേ കൊടുക്കാൻ വേണ്ടി സാധിക്കൂ. മരത്തിന്റെ വില കൊടുക്കുമ്പോൾ അത് വളരെ തുച്ഛമായ പൈസമാത്രമേ ആകൂ. ആ പൈസക്ക് തരാൻ ബുദ്ധിമുട്ടുണ്ടെന്ന് അവർ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽൽ റവന്യു സെക്രട്ടറിക്ക് പ്ലാന്റേഷന്റെ പൈസ അവർക്ക് കൊടുക്കണമെന്ന് പറഞ്ഞ് ഒരു കത്ത് റവന്യു വകുപ്പിലേക്ക് തന്നിട്ടുണ്ട്. കോൺഫിഡൻഷ്യലായി അവരോട് സംസാരിച്ചപ്പോൾ ഇങ്ങനെതന്നെ പോയിക്കഴിഞ്ഞാൽ പിന്നീട് കോടതിയിൽ പോയി ആർബിട്രേഷനിൽ പണം അവർ വാങ്ങിയെടുത്തുകൊള്ളാമെന്ന നിലപാട് എടുക്കാമെന്ന് ഇപ്പോൾ അറിയിക്കുന്നുണ്ട്. മരത്തിന്റെ വില ഒഴിവാക്കിയിട്ട് പ്ലാന്റേഷന്റെ വില കൊടുക്കുകയാണെങ്കിൽ വലിയ നെഗോസേഷ്യനൊന്നുമില്ലാതെ വളരെ പെട്ടെന്നുതന്നെ ആ പ്രോസസ് കംപ്ലീറ്റ് ചെയ്യാൻ സാധിക്കും.

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്: കളക്ടർ പറഞ്ഞതാണ് അതിന്റെ യഥാർത്ഥ പൊസിഷൻ. ഇത് പ്ലാന്റേഷൻ സൈറ്റ് എടുക്കുമ്പോൾ മരം നോക്കി കൊമ്പൻസേഷൻ കൊടുക്കുക എന്നുള്ളത് പ്രായോഗികമല്ല. വേറെ എന്തെങ്കിലും രീതി തുടരാൻ സാധിക്കുമോയെന്ന് നോക്കുന്നതാണ്.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

മുഖ്യമന്ത്രി: കേന്ദ്ര മന്ത്രി ഇതിനെ സംബന്ധിച്ച് ഒരു കത്ത് അയച്ചിരുന്നു. 60:50 അനുപാതത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ ചെലവ് വഹിച്ചുകൊണ്ടാണ് ഇത് തരാനുള്ളത്. അങ്ങനെയുള്ള ഒരു നല്ല വശം കൂടി ഇതിനുണ്ട്. നമ്മൾ ഇതിനെ സംബന്ധിച്ചുള്ള കാര്യങ്ങൾ കൂടുതൽ വേഗതയിലാക്കുന്നതാണ് നല്ലത്.

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്: മെഡിക്കൽ കോളേജിനും ഫണ്ട് അനുവദിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി: അനുവദിച്ചിട്ടുണ്ട്.

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്: എങ്കിൽ എത്രയും പെട്ടെന്ന് ചെയ്യാവുന്നതാണ്. ഇതിനെ സംബന്ധിച്ചുള്ള വിദഗ്ദ്ധ സമിതി കൂടിയോ?

ജില്ലാ കളക്ടർ, വയനാട്: കൂടി, റിപ്പോർട്ട് രണ്ട് ദിവസത്തിനുമുമ്പ് സമർപ്പിച്ചിട്ടുണ്ട്.

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്: എങ്കിൽ ആവശ്യമായ നടപടികൾ എടുക്കുന്നതാണ്.

ജില്ലാ കളക്ടർ, വയനാട്: എസ്റ്റേറ്റിന്റെ വില അവർക്ക് കൊടുക്കുമെങ്കിൽ ഒന്നര മാസത്തിനകം ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്.

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്: ഇത് പ്രത്യേകമായി പരിശോധിക്കേണ്ട കാര്യമാണ്.

CRZ CLEARANCE

ചീഫ് സെക്രട്ടറി: ഇതിനെ സംബന്ധിച്ച് എന്താണ് പറയാനുള്ളത്?

ജില്ലാ കളക്ടർ, തിരുവനന്തപുരം: 15 കേസ് പെൻഡിംഗിലാണ്. ഇതിനെ സംബന്ധിച്ച് ജോയിന്റ് ഇൻസ്പെക്ഷന് വച്ചിട്ടുണ്ട്.

ജില്ലാ കളക്ടർ, കൊല്ലം: കൊല്ലം ജില്ലയിൽ 40 സ്ക്വയർ മീറ്ററിലാണ് അനുമതിയുള്ളത്. എന്നാൽ ചില ആളുകൾക്ക് നിലവിൽ 20 സ്ക്വയർ മീറ്റർ ഉള്ള വീട് ആണുള്ളത്. രണ്ടാമത് പൊളിച്ച് റീകൺസ്ട്രക്ട് ചെയ്യുമ്പോൾ ലിമിറ്റേഷൻസിന് പുറത്തുപോകുന്ന ചില പ്രശ്നങ്ങളുണ്ട്. 20 സ്ക്വയർ മീറ്ററിൽ വീടുണ്ടാക്കാൻ കഴിയുകയുമില്ല. സ്റ്റേറ്റ് അതോറിറ്റി ഇത് അംഗീകരിക്കുന്നുമില്ല.

ചീഫ് സെക്രട്ടറി : സ്റ്റേറ്റ് അതോറിറ്റി ഇത് റഫർ ചെയ്തിട്ടുണ്ടോ?

ജില്ലാ കളക്ടർ, കൊല്ലം: റഫർ ചെയ്തിട്ടുണ്ട്. ഇന്നത്തെ കാലഘട്ടത്തിൽ 20 സ്ക്വയർ മീറ്ററിൽ ഒരു വീട് വയ്ക്കുക ബുദ്ധിമുട്ടാണ്. കുറഞ്ഞത് 40 സ്ക്വയർ മീറ്ററെങ്കിലും അനുവദിക്കണം.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

ജില്ലാ കളക്ടർ, തൃശ്ശൂർ: തൃശ്ശൂരിൽ ഇതുപോലുള്ള 55 കേസുകൾ ഉണ്ടായിരുന്നു. ലൈഫുമായി ബന്ധപ്പെട്ട് CRZ കുറച്ച് ഇഷ്യൂസുള്ളതിൽ 22 എണ്ണം സോൾവ് ചെയ്തിട്ടുണ്ട്. ബാക്കി 33 കേസ്സുകളുണ്ട്. ബാക്കിവരുന്ന വ്യക്തിപരമായ കേസുകൾ പറഞ്ഞതുപോലെ ഓരോന്നായി ചർച്ച ചെയ്യാവുന്നതാണ്. അങ്ങയുടെ നിർദ്ദേശമനുസരിച്ച് രണ്ട് ലിസ്റ്റും അയച്ചിട്ടുണ്ട്. CRZ -ന്റെ വയലേഷൻ സംബന്ധിച്ച ലിസ്റ്റ് തയ്യാറാക്കി വരുന്നുണ്ട്.

ചീഫ് സെക്രട്ടറി: എല്ലാ ജില്ലകളിൽനിന്നും ഇതുപോലുള്ള റിക്വസ്റ്റുകൾ വന്നിരിക്കുന്ന സ്ഥിതിക്ക് ഡിപ്പാർട്ടുമെന്റിൽ നിന്ന് ഇതൊന്ന് പരിശോധിച്ച് ചെയ്യേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നു. അതിന് നടപടി സ്വീകരിച്ചാൽ നല്ലതായിരിക്കും.

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്: CRZ-ന്റെ പുതിയ നോട്ടിഫിക്കേഷൻ അനുസരിച്ച് മാപ്പുകൾ ഉണ്ടാക്കുന്ന പദ്ധതി വളരെ സാവധാനമായിട്ടാണ് പോകുന്നത്. രണ്ടാമതായി കനോലി കനാലിന്റെയും ടി.എസ്. കനാലിന്റെയും മനുഷ്യ നിർമ്മിത ഭാഗങ്ങൾ നിലവിലുള്ള മാപ്പിലെല്ലാം CRZ ആണ്. മനുഷ്യനിർമ്മിതമായ കനാലുകളിൽ CRZ ബാധകമാക്കേണ്ടതില്ലെന്ന കോടതി വിധികളുമുണ്ട്. അതിനെതിരെ കേന്ദ്ര നിയമത്തിൽ മാറ്റം വരുത്തിയിട്ടുമില്ല. കേരളത്തെ സംബന്ധിച്ചിടത്തോളം വടക്കൻ കേരളത്തിലെ കനോലി കനാലിന്റെയും തെക്കൻ കേരളത്തിൽ തിരുവനന്തപുരം മുതൽ കൊടുങ്ങല്ലൂർ വരെയുള്ളതിൽ മനുഷ്യ നിർമ്മിതമായ ഭാഗത്ത് അടുത്ത മാപ് ഉണ്ടാക്കുമ്പോൾ മാറ്റാൻ കഴിഞ്ഞിരുന്നെങ്കിൽ ഒത്തിരി പ്രദേശത്ത് CRZ-ന്റെ പ്രശ്നം തീരുമായിരുന്നു. ഇപ്പോൾ പ്രോസസ് ചെയ്തു കൊണ്ടിരിക്കുന്നത് വളരെ സാവകാശമാണ്. മാപ് ഉണ്ടാക്കുന്ന പ്രോസസ് കാസർഗോഡ് ജില്ലയിൽ മാത്രമേ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുള്ളൂ.

മുഖ്യമന്ത്രി: നേരത്തെ ഡിസ്ക്സ് ചെയ്തതുപോലെ സ്വകാര്യ ഏജൻസികളെ കൂടി ഉൾപ്പെടുത്തി ഇത് സമയബന്ധിതമായി പൂർത്തിയാക്കണം.

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്: 2019 ജനുവരി ഒന്നിനാണ് ആദ്യത്തെ മീറ്റിംഗ് കൂടിയത്.

ശ്രീ. പിണറായി വിജയൻ: മീറ്റിംഗ് കൂടിയിട്ടും യാതൊരു പ്രവർത്തനവും നടന്നിട്ടില്ല.

ജില്ലാ കളക്ടർ, എറണാകുളം: CRZ-മായി ബന്ധപ്പെട്ട് മരട് ഡിവിഷൻനിൽ ജനുവരി 11-ാം തീയതി മുതൽ 12-ാം തീയതിവരെ സ്റ്റഡി ചെയ്തിട്ടുണ്ട്.

ഡ്രെഡ്ജിംഗ് മെറ്റീരിയൽ ഡിസ്പോസൽ

ചീഫ് സെക്രട്ടറി : ജലപാതാ വികസനവുമായി ബന്ധപ്പെട്ട് വളരെ പ്രധാനമായിട്ടുള്ള ഒരു ഇഷ്യു ആണ്. പല കേസുകളിലും ഡ്രെഡ്ജിംഗ് മെറ്റീരിയലുകൾ എടുത്തിട്ട് അത് അൺസയന്റിഫിക്കായി ഡിസ്പോസ് ചെയ്യുന്നു എന്നുള്ള ഒരു രീതിയും

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

വരുന്നുണ്ട്. രണ്ടാമത് ഡ്രെഡ്ജിംഗ് മെറ്റീരിയൽ ഡ്രെഡ്ജ് ചെയ്ത സ്ഥലത്ത് വയ്ക്കുകയാണെങ്കിൽ പിന്നീട് വീണ്ടും ആ സ്ഥലത്തേക്ക് വീണുപോകുന്നുണ്ട്. അങ്ങനെ ഉണ്ടാവാതെ ഏത് രീതിയിലാണ് ഡിസ്പോസ് ചെയ്യേണ്ടത് എന്നുള്ളതിന് സംബന്ധിച്ച് ഒരു പ്രോപ്പറായിട്ടുള്ള നിലപാട് നമുക്ക് ആവശ്യമായിവരും. തിരുവനന്തപുരത്ത് നേരത്തെ പ്രളയത്തെ സംബന്ധിച്ചുണ്ടായ പ്രശ്നം വന്നപ്പോൾ തുടർച്ചയായി ഉപയോഗിക്കാതെ കിടന്ന ലാൻഡ് താൽക്കാലികമായി ലീസ് ചെയ്ത് മെറ്റീരിയൽ ഡിസ്പോസ് ചെയ്യാൻ വേണ്ടി ഉപയോഗിക്കാൻ ഒരു തീരുമാനം അന്നുണ്ടായിരുന്നു. ജലപാതാ വികസനത്തിന്റെ ഭാഗമായി വരുന്നത് തിരുവനന്തപുരം ജില്ലയിൽ എങ്ങനെയാണ് ചെയ്യുന്നത്.

ജില്ലാ കളക്ടർ, തിരുവനന്തപുരം: മുട്ടത്തറ വില്ലേജിലുള്ള 5.238 ഏക്കർ ഭൂമി ഇൻഡ്യൻ നേവിക്ക് കൈമാറാനുള്ള ഉത്തരവായിട്ടുണ്ട്. പക്ഷേ ലീസ് എമൗണ്ട് ഇതുവരെയും ലഭിച്ചിട്ടില്ല.

ചീഫ് സെക്രട്ടറി: ലീസ് എമൗണ്ട് ആരാണ് പേ ചെയ്യുന്നത്?

ജില്ലാ കളക്ടർ, തിരുവനന്തപുരം: ജി.ഒ. പ്രകാരം ഇൻഡ്യൻ നേവിയാണ് പേ ചെയ്യേണ്ടത്.

ജില്ലാ കളക്ടർ, ആലപ്പുഴ: ഒരു പ്രാവശ്യം റീ ടെണ്ടർ ചെയ്തിട്ടുണ്ടായിരുന്നു. 25-10-2019-ൽ ACS ഒരു മീറ്റിംഗ് വിളിച്ചിട്ടുണ്ടായിരുന്നു. അതനുസരിച്ച് ഇതിന്റെ volume കണക്കാക്കി റീടെണ്ടർ ചെയ്യാൻ അമ്പലപ്പുഴ തഹസിൽദാരെ ഏൽപ്പിച്ചു. തഹസിൽദാർ അതിന്റെ volume കണക്കാക്കാൻ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന് കൊടുത്തിട്ട് ഇതുവരെ ചെയ്തിട്ടില്ല. കഴിഞ്ഞ ദിവസം ജോയിന്റ് മീറ്റിംഗ് കൂടാൻ ജില്ലാ സർവ്വീസ് സൂപ്രണ്ടിനെക്കൂടി ഏൽപ്പിച്ചിട്ടുണ്ട്. volume കിട്ടിയാലുടൻ റീടെണ്ടർ ചെയ്യാൻ സാധിക്കും.

ജില്ലാ കളക്ടർ, കാസർഗോഡ്: കുമ്പള, ചെറുവത്തൂർ പഞ്ചായത്ത് എന്നിവയാണ് ഇതിൽ ഉൾപ്പെടുന്നത്. യന്ത്രവൽക്കരണ ബോട്ട് ഉപയോഗിക്കാൻ പാടില്ല എന്നാണ്. വെറെയെല്ലാം നല്ലതായി നടക്കുന്നുണ്ട്.

കോട്ടയം ജില്ലാ കളക്ടർ: കോട്ടയത്ത് പഴുക്കാനിലം കായലിന്റെ ഭാഗത്തുകൂടിയാണ് ഡ്രെഡ്ജിംഗ് നടത്തേണ്ടത്. അതിൽനിന്നെടുക്കാനുള്ള എക്കൽമണ്ണ് മറ്റുകാര്യങ്ങൾക്കൊന്നും ഉപയോഗിക്കാൻ പറ്റാത്തതും ബണ്ട് നിർമ്മാണത്തിന് ഏറ്റവും നല്ലതുമാണെന്ന റിപ്പോർട്ടാണ് സോയിൽ കൺസോർഷ്യം ഡിപ്പാർട്ടുമെന്റിൽ നിന്നും കിട്ടിയിട്ടുള്ളത്. അത് ബണ്ട് നിർമ്മാണത്തിനുവേണ്ടി കർഷകർക്ക് കൊടുക്കുന്നതിനുവേണ്ടിയൊരു പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്

ചീഫ് സെക്രട്ടറി: വാട്ടർ റിസോഴ്സ് സെക്രട്ടറി ഇക്കാര്യം പരിശോധിക്കണം. രണ്ട് കേസുകളാണുള്ളത്.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്: കളക്ടർമാരോട് എനിക്ക് പറയാനുള്ളത് ചീഫ് സെക്രട്ടറി പറഞ്ഞതുപോലെ എല്ലാ സ്ഥലത്തും ഡ്രെഡ്ജിംഗ് കഴിഞ്ഞ് ഡിസ്പോസ് ചെയ്യാൻ സ്ഥലം കിട്ടാത്തതുകൊണ്ട് അല്ലെങ്കിൽ വയബിലിറ്റിയുടെ പ്രശ്നങ്ങളായതുകൊണ്ട് കനാൽ ക്ലീൻ ചെയ്യുമ്പോൾ അതിന്റെ സൈഡിലൂടെയാണ് കോൺട്രാക്ടർമാർ മണ്ണിട്ടിരിക്കുന്നത്. മഴ പെയ്യുമ്പോൾ വീണ്ടും അതിനകത്താകും. അതുകൊണ്ട് ശാശ്വത പരിഹാരം കിട്ടുന്നില്ല. വർഷങ്ങൾകൊണ്ട് ആലോചിച്ചുകൊണ്ടിരിക്കുന്ന ഈ പ്രശ്നത്തിൽ ഡ്രെഡ്ജിംഗ് ചെയ്യുന്നതിനുള്ള നയപരമായ തീരുമാനം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിലെടുത്തിട്ടുണ്ട്. രണ്ടോ മൂന്നോ പ്രോജക്ടുകൾക്ക് പുറമെ ഏറ്റവും വലിയ പ്രോജക്ട് വരാൻ പോകുന്നത് മംഗലം-ചുള്ളിയാർ എന്നീ രണ്ട് ഡാമുകളാണ്. പാലക്കാട് കളക്ടർ പ്രത്യേകം ശ്രദ്ധിക്കണം. മംഗലം ഡാമിന്റെ കാര്യത്തിൽ എല്ലാ പഠനവും നടത്തിയതിനുശേഷം ടെണ്ടർ ഡോക്കുമെന്റുകൾ ഏറെക്കുറെ പൂർത്തിയായി. ടേൺ-കി പ്രോജക്ടായാണ് കൊടുക്കാൻ പോകുന്നത്. ട്രാൻസ്പോർട്ടേഷൻ പ്ലാൻ എങ്ങനെയായിരിക്കും; ഡിസ്പോസൽ ചെയ്തുകഴിഞ്ഞാൽ എവിടെയാണ് ഡ്രൈ ചെയ്യാൻ പോകുന്നത്? അതിനുശേഷം എങ്ങനെയാണ് ഡിസ്പോസ് ചെയ്യാൻ പോകുന്നത്? ഇതൊക്കെയാണ് വരാൻപോകുന്ന വലിയ പ്രശ്നങ്ങൾ. പല സ്ഥലത്തും സാന്റ് കണ്ടന്റ് കുറവാണ്. ഉണ്ടെങ്കിൽ കൺസ്ട്രക്ഷൻ പർപ്പസിനുവേണ്ടി ഉപയോഗിക്കാം. ഇല്ലെങ്കിൽ ക്ലിയർ മെറ്റീരിയലാണെങ്കിൽ കൃഷിക്കാർക്ക് കൃഷിക്കുവേണ്ടി ഫ്രീ ആയി കൊടുക്കാനാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ നിർദ്ദേശമനുസരിച്ച് ക്യാബിനറ്റിൽ തീരുമാനമുണ്ടായിട്ടുള്ളത്. ഇനി പാലക്കാട്ടിലെ മംഗലം ഡാമാണ് തുടങ്ങാൻ പോകുന്നത്. സ്റ്റേറ്റ് ലെവൽ കമ്മിറ്റി അപ്രൂവ് ചെയ്തുകഴിഞ്ഞു. 2.9 മില്യൻ ക്യുബിക് മീറ്ററിന്റെ പ്രോജക്ടാണ് വരാൻ പോകുന്നത്. ഇന്ത്യയിലെ ഏറ്റവും വലിയ ഡ്രെഡ്ജിംഗാണ് ചെയ്യാൻ പോകുന്നത്. Unless Collector gets involved, it cannot be successful.

ചീഫ് സെക്രട്ടറി: റോഡ് സൗകര്യം ഉണ്ടാക്കിക്കൊടുത്താലെ ഇത് നടക്കുകയുള്ളൂ. അതിലൊരിടപെടൽ കളക്ടർ നടത്തിയാലേ ഇത് നടക്കൂ.

ജില്ലാ കളക്ടർ പാലക്കാട് : ഇതിനകം സെക്രട്ടറിതലത്തിൽ ഒരു യോഗം നടത്തിയതാണ്. അതിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

ക്വാറികളുടെ എൻ.ഒ.സി.

ചീഫ് സെക്രട്ടറി: ഇത് എല്ലാ ജില്ലാ കളക്ടർമാരും ശ്രദ്ധിക്കേണ്ട വളരെ പ്രധാനപ്പെട്ട ഇഷ്യൂവാണ്. നിർമ്മാണ പ്രവർത്തനങ്ങൾ നടക്കണമെന്നുണ്ടെങ്കിൽ കല്ലിന്റെ ആവശ്യമുണ്ട്. പക്ഷേ കല്ല് എവിടെയെങ്കിലും പൊട്ടിക്കുന്നുണ്ട്, ക്വാറി പ്രവർത്തനം ഉണ്ടെന്നുണ്ടെങ്കിൽ അതു സംബന്ധിച്ച് പരാതികളും പ്രശ്നങ്ങളും വരുന്നുണ്ട്. അത് ശരിയായ രീതിയിൽ കൈകാര്യം ചെയ്യേണ്ടതുണ്ട്. ഇപ്പോൾ വന്നിരിക്കുന്ന വലിയ പ്രശ്നം, വിഴിഞ്ഞം പോർട്ടിന്റെ നിർമ്മാണം ഏൽപ്പിച്ചിരിക്കുന്നത്

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

അദാനി പോർട്ട് ഇന്റർനാഷണൽ എന്ന സ്ഥാപനത്തെയാണ്. അവർക്ക് 80 ലക്ഷം മെട്രിക് ടൺ കല്ല് ആവശ്യമുണ്ട്. അത് കൊടുക്കാൻ ഗവൺമെന്റ് ബാദ്ധ്യസ്ഥരല്ല. കോൺട്രാക്റ്റ് പ്രകാരം അവരെ സഹായിക്കാമെന്നാണ് പറഞ്ഞിട്ടുള്ളത്. അത് എടുക്കേണ്ട ചുമതല അവർക്കാണ്. പക്ഷേ കുറച്ചുതാമസിച്ചിട്ടാണെങ്കിലും വിവിധ ആൾക്കാരുമായി എഗ്രിമെന്റുകൾ വച്ച് ജില്ലകളിൽ അപേക്ഷകൾ കൊടുത്തിട്ടുണ്ട്. വളരെയധികം താമസിച്ചാണ് തീരുമാനമെടുക്കുന്നതെന്നാണ് അവർ വന്ന് പറയുന്ന പരാതി. പല കേസുകളിലും ചെറിയ കാരണങ്ങൾ പറഞ്ഞ് ആരെങ്കിലും പെറ്റീഷൻ അയയ്ക്കുകയോ മറ്റോ ചെയ്താൽ കളക്ടർ തീരുമാനം എടുക്കാതിരിക്കുന്ന സാഹചര്യമുണ്ട്. ഇതുമൂലം 18 ശതമാനം മാത്രമേ വിഴിഞ്ഞം പോർട്ടിന്റെ ബ്രേക്ക് വാട്ടറിന്റെ കൺസ്ട്രക്ഷൻ ആയിട്ടുള്ളൂ. ഈ ഡിസംബർ മാസത്തിൽ അത് തീരേണ്ടതായിരുന്നു. പക്ഷേ കുറഞ്ഞത് ഒരു വർഷമെങ്കിലുമെടുക്കുന്ന അവസ്ഥയിലേക്കാണ് വരുന്നത്. നിർമ്മാണപ്രവർത്തനങ്ങൾ നിന്നുപോകുന്ന രീതിയിൽ എൻ.ഒ.സി. കൊടുക്കുന്ന കാര്യത്തിൽ ഡിലേ വരുത്തരുത്. നിയമപരമായി കൊടുക്കാവുന്നതാണെന്നുണ്ടെങ്കിൽ ഒബ്ജക്ഷൻസ് ഉണ്ടെന്ന കാരണത്താൽ കൊടുക്കാതിരിക്കരുത്. ഇക്കാര്യങ്ങളിൽ ഒരു പോസിറ്റീവ് അപ്രോച്ച് ഉണ്ടായിരിക്കണം. പത്തനംതിട്ട ജില്ലയിലാണ് ഏറ്റവും കൂടുതൽ ലിസ്റ്റ് വന്നിരിക്കുന്നത്. അതിൽത്തന്നെ പല കാരണങ്ങളാൽ കൊടുക്കാതെയിരിക്കുന്ന സാഹചര്യം വന്നിട്ടുണ്ട്. ഇക്കോ സെൻസിറ്റീവായ ബഫർ സോണിനെ സംബന്ധിച്ച് ക്യാബിനറ്റിൽ തീരുമാനമെടുത്തിട്ടുണ്ടായിരുന്നു. ടി തീരുമാനമനുസരിച്ച് ഡെസ്ലിഗ്നേറ്റായിട്ടുള്ള 11 സാഞ്ച്വറീസിനുചുറ്റും ഒരു കി.മീ.വരെ ബഫർ സോണായി പ്രഖ്യാപിച്ചിട്ടുള്ളതും അതിന് പുറത്ത് ഖനന പ്രവർത്തനങ്ങളോ ക്വാറികളോ നിയമപരമായി അനുവദിക്കാവുന്നതാണെങ്കിൽ അനുവദിക്കുന്നതിന് പ്രശ്നമില്ലാത്തതുമാണ്. ഈ തീരുമാനം ഗവൺമെന്റ് ഓഫ് ഇന്ത്യയിലേക്ക് പോകേണ്ടതാണ്. ക്യാബിനറ്റിന്റെ തീരുമാനം എടുത്തതിനുശേഷവും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിലുള്ള ഓഫീസർമാർ എം.എൽ.എ.-മാരെയും ലോക്കലായിട്ടുള്ള ആൾക്കാരെയും വിളിച്ച് വേണോ വേണ്ടയോ എന്നുള്ളതിനെ സംബന്ധിച്ച് യോഗം നടത്തുന്നുവെന്നാണറിയാൻ സാധിച്ചിട്ടുണ്ട്. അതിൽ പ്രത്യേകമായി ഫോറസ്റ്റ് സെക്രട്ടറി ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. ക്വാറികളുടെ കാര്യത്തെക്കുറിച്ച് ബാക്കിയുള്ള ജില്ലകളുടെ ഇഷ്യൂ എന്താണെന്ന് പറയുന്നത് നല്ലതായിരിക്കും.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): കടലാക്രമണമുള്ള വലിയതുറ, ചെല്ലാനം ഭാഗങ്ങളിൽ കല്ല് കിട്ടാത്തത് വലിയ പ്രശ്നമായി മാറുന്നുണ്ട്. അവിടെ ജനങ്ങളുടെ വലിയ പ്രക്ഷോഭമുണ്ട്. എന്തെങ്കിലും ചെയ്തില്ലെങ്കിൽ ജനങ്ങൾക്ക് അവിടെ താമസിക്കാൻ പറ്റാത്ത സ്ഥിതിയാണ്. അതുകൊണ്ട് റവന്യൂ ലാന്റിലെ ക്വാറിയിൽ നിന്നുമുള്ള കല്ലുകൾ കടലാക്രമണം തടയുന്നതിനുമാത്രമേ കൊടുക്കാൻ പാടുള്ളൂ എന്നൊരു നിർദ്ദേശം ഉണ്ടായാൽ നന്നായിരിക്കും.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): കല്ലിന്റെ കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ജില്ലാകളക്ടർമാർ ഉൾപ്പെടെയുള്ള എല്ലാ ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകിയതാണ്. കല്ലിന്റെ ലഭ്യതയുടെ കാര്യമാണ് ചീഫ് സെക്രട്ടറി ഇവിടെ പറഞ്ഞത്. കല്ല് കിട്ടിയില്ലെങ്കിൽ പുലിമുട്ടിന്റെ കാര്യത്തിൽ വലിയ പ്രതിസന്ധിയുണ്ടാകും.

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്: സർക്കാർ പുറമ്പോക്കിലുള്ള പാറ പൊട്ടിക്കുന്നതിനുമുമ്പ് ജില്ലാകളക്ടർമാരുടെ ഒരു എൻ.ഒ.സി. നൽകാനുണ്ട്. അതില്ലാതെ അവർക്ക് അടുത്ത സ്റ്റെപ്പിലേക്ക് പോകാൻ പറ്റില്ല. ഫസ്റ്റ് സ്റ്റെപ്പ് എൻ.ഒ.സി. ആണ്. അത് കൊടുക്കുമ്പോൾ നിങ്ങൾ എന്ത് നിബന്ധന വച്ചാലും അത് പാലിക്കപ്പെടും. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന് ആവശ്യമുള്ളതിന്റെ തോത് നമുക്ക് അറിയാമെങ്കിൽ നിങ്ങൾ എൻ.ഒ.സി. കൊടുക്കുമ്പോൾ നിശ്ചിത ശതമാനം ആ ആവശ്യത്തിന് വിനിയോഗിക്കണമെന്ന് ഒരു കണ്ടീഷൻ വയ്ക്കുക. അതിന്റെ റേറ്റും കാര്യങ്ങളൊക്കെ അവർ തീരുമാനിക്കട്ടെ; നിശ്ചിത ശതമാനം ടി ആവശ്യത്തിന് റിസർവ് ചെയ്തിട്ട് ബാക്കി മാത്രമേ ഓപ്പൺ മാർക്കറ്റിൽ കൊടുക്കാൻ പാടുള്ളൂ എന്ന ഒരു കണ്ടീഷൻ വയ്ക്കാം. തിരുവനന്തപുരം കളക്ടർക്കുവേണ്ടി മാത്രമാണ് അടുത്ത നിർദ്ദേശം. വാഴമുട്ടത്ത് ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ കയ്യിലുള്ള ഖനനയോഗ്യമായ സ്ഥലം റവന്യൂ ഡിപ്പാർട്ടുമെന്റ് തിരിച്ചെടുത്തിട്ട് ഗവൺമെന്റിന്റെ തീരുമാനം വന്നുകഴിഞ്ഞാൽ അതിന് എൻ.ഒ.സി. കൊടുക്കണം. ആ തീരുമാനം അടുത്ത ക്യാബിനറ്റിൽ വരുന്നുണ്ട്. അദാനിക്ക് ബ്രേക്ക് വാട്ടറിന്റെ നിർമ്മാണത്തിനായി അതിന്റെ 50 ശതമാനമോമറ്റോ ഇയർമാർക്ക് ചെയ്യുന്ന തരത്തിൽവേണം എൻ.ഒ.സി. കൊടുക്കാൻ.

പത്തനംതിട്ട ജില്ലാ കളക്ടർ: പത്തനംതിട്ട ജില്ലയിൽ അദാനിക്കുവേണ്ടി എട്ട് ആപ്ലിക്കേഷൻ കിട്ടിയിട്ടുണ്ടായിരുന്നു. 11-ാം സർവ്വേ നമ്പരിലായി 5 ആപ്ലിക്കേഷൻ നമ്മൾ ക്ലീയർ ചെയ്തിട്ടുണ്ട്. 56.5 ഏക്കർ ഭൂമിയിൽ ഇതിനകം എൻ.ഒ.സി. കൊടുത്തിട്ടുണ്ട്. അതുകൂടാതെ റിജക്ട് ചെയ്ത 6 സർവ്വേ നമ്പരുകളുണ്ട്. അതിൽ മൂന്ന് എണ്ണത്തിന് പൊട്ടിക്കാനായി പാറ ഉണ്ടായിരുന്നില്ല. ഒരെണ്ണത്തിൽ ഫോറസ്റ്റിന്റെ ലിമിറ്റിന് അകത്തായിരുന്നു. വേറൊരെണ്ണം 50 മീറ്ററിനകത്ത് വീടുണ്ടായിരുന്നു. മറ്റൊരെണ്ണത്തിൽ പി.ഐ.പി.-യുടെ ടണൽ അടിയിൽക്കൂടി പോകുന്നുണ്ടായിരുന്നു. അങ്ങനെയാണ് ആറെണ്ണം റിജക്ട് ചെയ്തത്. ബാക്കി കൊടുത്തതിൽ 56 ഏക്കർ ലാന്റ് ഇതിനകം പെർമിഷന് എൻ.ഒ.സി. കൊടുത്തിട്ടുണ്ട്. ഇപ്പോൾ അദാനിയുടെ വേറെ റിക്വസ്റ്റൊന്നും പെന്റിംഗില്ല. പ്രൈവറ്റ് ഏജൻസിയുടെ രണ്ട് റിക്വസ്റ്റിൽ 15 ഏക്കർ ക്ലീയറൻസ് കൊടുത്തിട്ടുണ്ട്. ചീഫ് സെക്രട്ടറി പറഞ്ഞതിൽ ഡെൽറ്റാ ഗ്രാനൈറ്റിന്റെ പെന്റിംഗ് കേസുണ്ട്. അത് വിശദമായി നോക്കിയിരുന്നു. ആ ലാന്റിൽനിന്ന് തേക്ക് അടക്കമുള്ള 240 വലിയ മരങ്ങൾ മുറിച്ചുപോയിട്ടുണ്ട്. അതേ ഏജൻസിതന്നെയാണ് അതിന്റെ പിന്നിലെന്നുള്ളതെന്നാണ് അന്വേഷിച്ചപ്പോൾ ഫീൽഡിൽനിന്ന് അറിയുന്നത്.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

അതിന്റെ എൽ.സി. കേസ് ബുക്ക് ചെയ്ത് അത് തെളിയുന്ന പ്രകാരം ആരാണെന്നുവച്ചാൽ അതിന്റെ ക്യാഷ് അടയ്ക്കാമെന്നുള്ള ഒരു കണ്ടീഷൻവച്ച് എൻ.ഒ.സി. കൊടുക്കാം. അങ്ങനെയൊരു രീതിയിൽ നോക്കിയിട്ടുണ്ട്.

ജില്ലാ കളക്ടർ, തിരുവനന്തപുരം: മൊത്തം 44 ക്വാറി എൻ.ഒ.സി. ഇതുവരെ ലഭിച്ചിട്ടുണ്ട്. അതിൽ 13 എണ്ണം അദാനിക്കോ അദാനിയോട് കരാറുള്ളവർക്കോ ലഭിച്ചിട്ടുള്ളതാണ്. ഇപ്പോൾ നിലവിൽ പെന്റിംഗില്ല. ഒരു സ്ഥലത്തുതന്നെ നാലഞ്ചുപേർ അപേക്ഷിക്കുന്നുണ്ട് എന്നതാണ് ഒരു ഇഷ്യു. ക്ലീയർകട്ടായി നിലവിലൊരു നിയമവുമില്ലാത്തതുകൊണ്ട് ആർക്കാണ് കൊടുക്കേണ്ടത് എന്നൊരു ഇഷ്യൂ ഉണ്ടാകുന്നുണ്ട്. അങ്ങനെ വരുമ്പോൾ ആരാണ് ആദ്യം അപേക്ഷിച്ചിട്ടുള്ളത് അവർക്കാണ് കൊടുത്തുകൊണ്ടിരിക്കുന്നത്. ഇക്കാര്യത്തിൽ പ്രോപ്പർ ഗൈഡ്ലൈൻസുണ്ടെങ്കിൽ വളരെ ഉപകാരമായിരിക്കും.

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്: ഈ വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ട്. ഒരു ഗൈഡ്ലൈൻസ് ഉണ്ടാക്കുന്നതിന് പ്രായോഗിക പ്രശ്നവുമുണ്ട്. സർക്കാർ പുറമ്പോക്കിൽ പാറയുണ്ടെങ്കിൽ അതിനുചുറ്റുമുള്ള പ്രൈവറ്റ് ലാന്റ് ചില ക്വാറി ബിസിനസ്സുള്ളവർ വാങ്ങും. അങ്ങനെ വാങ്ങിക്കഴിഞ്ഞാൽ അകത്തുള്ള പാറ ഈ വ്യക്തിക്കും ആ ഓർഗനൈസേഷനും മാത്രമേ പ്രാക്ടിക്കലായി മൈൻ ചെയ്യാൻ സാധിക്കുകയുള്ളൂ. ഇങ്ങനെയുള്ള ചില ബിസിനസ് പരിപാടികൾ നടക്കുന്നുണ്ട്. ഈ വിഷയം ഇതുവരെ കൊടുത്തിരുന്നത് first come first serve ആണ്. ഒന്നിൽക്കൂടുതൽ ആളുകൾ ഒരേ പാറയ്ക്കുവേണ്ടി വന്നാൽ എന്തുചെയ്യണമെന്നുള്ളത് ഇപ്പോഴാണ് ഗവൺമെന്റിന്റെ വിഷയത്തിൽ വന്നിട്ടുള്ളത്, അത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ജില്ലാ കളക്ടർ, മലപ്പുറം: പ്രളയത്തിനും ശേഷം ഇപ്പോൾ നടക്കുന്ന ക്വാറികൾക്കെതിരെ ധാരാളം പരാതികൾ വരുന്നുണ്ട്. ഈ വർഷം ഉരുൾപൊട്ടലുണ്ടായ സ്ഥലത്ത് ഒരു ഹില്ലിൽ 6 ക്വാറികളാണ് പ്രവർത്തിക്കുന്നത്. 2018-ൽ ജി.എസ്.ഐ. ടീം പോയിരുന്നു. അവരുടെ സർവ്വേയിൽ മോഡറേറ്റ് ഹസാർഡ് ഏരിയയിൽ വന്നിട്ടുണ്ട്. അവിടെ ക്വാറി പ്രവർത്തിക്കാൻ പറ്റുമോയെന്നൊരു സംശയമുണ്ടായിരുന്നു. ഇ.സി. ലഭിക്കുന്നതിന് മാൻഡേറ്ററി കണ്ടീഷൻ ഇല്ല. ഇ.സി., ജി.എസ്.ഐ. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലല്ല കൊടുക്കുന്നത്. അപ്പോൾ അവർക്ക് ഇ.സി. ഉണ്ട് പക്ഷേ ഹൈ ഹസാർഡ് ഏരിയയായതുകൊണ്ട് പഠനം നടത്താൻ പ്രൊപ്പോസൽ കൊടുത്തിട്ടുണ്ടെങ്കിലും അതിന്റെ മറുപടിയൊന്നും കിട്ടിയിട്ടില്ല. അങ്ങനെ ചില പ്രശ്നങ്ങൾ ഉണ്ട്. ആക്ഷൻ എടുക്കുന്നതിന് വ്യക്തമായ കാരണമില്ലെങ്കിൽ നാളെ അത് ഹൈക്കോടതിയിൽ പോയി ചലഞ്ച് ചെയ്യാൻ സാധ്യതയുണ്ട്.

കൃഷി വകുപ്പുമന്ത്രി: തൃശ്ശൂർ ജില്ലയിൽ തൊഴിലാളി സഹകരണ സംഘത്തിന്റെ ക്വാറിയിൽ ലൈസൻസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ?

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

ജില്ലാ കളക്ടർ, തൃശ്ശൂർ: അങ്ങനെയൊരു പരാതി ലഭിച്ചിട്ടില്ല. ഇക്കാര്യം പരിശോധിക്കാവുന്നതാണ്. തൃശ്ശൂർ ജില്ലയിൽ 13 ഗ്രാമപഞ്ചായത്തുകളിലായി 23 ക്വാറികൾക്ക് നിയമാനുസരണമുള്ള രേഖകൾ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. തെക്കുംകര, ചേലക്കര എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഓരോ ക്വാറികൾക്ക് ലൈസൻസ് അനുവദിച്ചിട്ടില്ല. ക്വാറി ആയതിനാലും പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാകുമെന്നതിനാലുമാണ് ലൈസൻസ് അനുവദിക്കാതിരുന്നത്. ആയത് സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ കേസ് നിലവിലുണ്ട്.

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്: മോഡറേറ്റ് ഹസാർഡ് ഏരിയയും ഹൈ ഹസാർഡ് ഏരിയയും ഏതൊക്കെയാണ് എന്നതുസംബന്ധിച്ച് കൃത്യമായ റിപ്പോർട്ട് ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ നൽകിയിട്ടുണ്ട്. 2018-ലെയും 2019-ലെയും പ്രളയത്തിന്റെ അടിസ്ഥാനത്തിൽ മോഡറേറ്റ്/ഹൈ ഹസാർഡ് ഏരിയകളിൽ ക്വാറികൾ അനുവദിക്കുന്നത് ഉചിതമല്ലെന്ന് കളക്ടർമാർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. എൻവയോൺമെന്റ് ക്ലിയറൻസ് കൊടുക്കുന്ന ബോഡി ഇക്കാര്യം പരിഗണിക്കുന്നില്ലെന്നാണ് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. ഹൈ ഹസാർഡ് സോണുകളിൽ ജില്ലാ കളക്ടർമാർ ഡിസാസ്റ്റർ മാനേജുമെന്റ് ആക്ടിന്റെ കീഴിലുള്ള പവേഴ്സ് ഉപയോഗിച്ച് നടപടികൾ പ്രൊസീഡ് ചെയ്യും. കൂടുതൽ ശാസ്ത്രീയ പഠനങ്ങൾ നടത്തി സേഫ് ആണെന്ന റിപ്പോർട്ട് ലഭിക്കുന്നതുവരെ മോഡറേറ്റ് ഹസാർഡ് സോണുകളിലെ ക്വാറികൾപോലും പ്രവർത്തിക്കാതിരിക്കുന്നതാണ് ഉചിതം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി: ക്വാറികൾക്ക് എൻ.ഒ.സി. കൊടുക്കുന്നതുമായി ബന്ധപ്പെട്ട് ചില യാഥാർത്ഥ്യങ്ങൾകൂടി പരിഗണിക്കേണ്ടതുണ്ട്. ഓരോ ജില്ലയിലേയും ആയിരക്കണക്കിന് തൊഴിലാളികൾക്ക് ജോലിയില്ലെന്നത് വസ്തുതയാണ്. ഇത് വലിയൊരു സാമൂഹിക പ്രശ്നമാണ്. ഇതേ ഇഷ്യൂ തന്നെയാണ് മണൽ ഖനനവുമായി ബന്ധപ്പെട്ട് വരുന്നത്. നിയമം പൂർണ്ണമായും പാലിച്ചുകൊണ്ടുമാത്രമേ ഗവൺമെന്റിന് മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. പ്രസ്തുത വിഷയത്തിന് എങ്ങനെ പരിഹാരം കണ്ടെത്താൻ സാധിക്കുമെന്നത് ഓരോ ജില്ലയിലും പരിശോധിക്കണം.

ചീഫ് സെക്രട്ടറി: എല്ലായിപ്പോഴും പ്രതിസന്ധി ഉയർന്നുവരുന്ന ഒരു മേഖലയാണിത്. ക്വാറികൾക്ക് ലൈസൻസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് നിയമപരമായ തീരുമാനം കൈക്കൊള്ളുന്നതിനും ലൈസൻസ് നൽകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണം.

മണൽ ഖനനം

ചീഫ് സെക്രട്ടറി: മണൽ ഖനനവുമായി ബന്ധപ്പെട്ട് മീറ്റിംഗ് കൂടുകയും മണൽ ഖനന നടപടികൾ സ്വീകരിക്കുന്നതിന് കളക്ടർമാർക്ക് അധികാരം കൊടുത്തുകൊണ്ട് ഒരു ഓർഡർ ഇഷ്യൂ ചെയ്യുകയുമുണ്ടായി. ഈ ഓർഡർ ഹൈക്കോടതി സ്റ്റേ

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

ചെയ്തിരിക്കുകയാണ്. പ്രസ്തുത വിഷയം സംബന്ധിച്ച് റവന്യൂ വകുപ്പ് സെക്രട്ടറി വിശദീകരിക്കാമോ?

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്: പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. പ്രളയത്തിന്റെ ഭാഗമായുള്ള മണലും ചെളിയും എക്കലും ഡിസാസ്റ്റർ മാനേജുമെന്റ് ആക്ടിന്റെ കീഴിലുള്ള പവേഴ്സുപയോഗിച്ച് നീക്കം ചെയ്യാനുള്ള നടപടികൾ ജില്ലാ കളക്ടർമാർ സ്വീകരിക്കണമെന്ന തീരുമാനമാണ് യോഗത്തിൽ കൈക്കൊണ്ടത്. മണൽ ഖനനത്തിന് എൻവയോൺമെന്റ് ക്ലിയറൻസ് ആവശ്യമാണെങ്കിലും desiltation പ്രവൃത്തികൾ കളക്ടർമാർക്ക് ഏറ്റെടുക്കാവുന്നതാണെന്ന് മിനിസ്ട്രി ഓഫ് എൻവയോൺമെന്റ് ഫോറസ്റ്റിന്റെ 2016-ലെ നോട്ടിഫിക്കേഷനിൽ പരാമർശിച്ചിട്ടുണ്ട്. അതിനുശേഷമാണ് ഈ നോട്ടിഫിക്കേഷനുകളെല്ലാം നാഷണൽ ഗ്രീൻ ട്രിബ്യൂണൽ സ്റ്റേ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടത്. ആയതിനാൽ ഏത് രൂപത്തിലുള്ള നിർദ്ദേശമാണ് കളക്ടർമാർക്ക് കൊടുക്കേണ്ടത് എന്നത് സംബന്ധിച്ച് നിയമ വകുപ്പുമായി കൂടിയാലോചിക്കുന്നതാണ്.

ജലവിഭവ വകുപ്പുമന്ത്രി: പ്രളയത്തിന്റെ ഫലമായി റെഗുലേറ്ററിന്റെ ഇരുവശത്തും ധാരാളം മണൽ അടിഞ്ഞുകൂടിയിട്ടുണ്ട്. അത് നീക്കം ചെയ്യാൻ നടപടി സ്വീകരിക്കണം.

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്: റെഗുലേറ്ററിന്റെ ഇരുവശത്തുമുള്ള മണൽ നീക്കം ചെയ്യാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കൃഷി വകുപ്പുമന്ത്രി: പ്രളയത്തിന്റെ ഫലമായി ജലാശയങ്ങളിലും കനാലുകളിലും മണൽ/സിൽറ്റ് അടിഞ്ഞിരിക്കുകയാണ്. ജലാശയത്തിന്റെ കപ്പാസിറ്റി കുറഞ്ഞതാണ് 2019-ലെ പ്രളയത്തിനുള്ള പ്രധാന കാരണം. ഇതിന് എന്ത് പരിഹാരമാണ് നിർദ്ദേശിക്കാനുള്ളത്?

മുഖ്യമന്ത്രി: സംസ്ഥാനത്തിന്റെ നിലവിലെ അവസ്ഥ ഗ്രീൻ ട്രിബ്യൂണലിനെ അറിയിക്കുന്നതിനും സ്റ്റേ ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണം.

ചീഫ് സെക്രട്ടറി: ഗ്രീൻ ട്രിബ്യൂണൽ സ്റ്റേ ചെയ്തിരിക്കുന്നത് സാന്റ് മൈനിംഗ് റൂൾസാണ്. നമ്മൾ ഇഷ്യൂ ചെയ്യുന്ന ഓർഡർ ഡിസാസ്റ്റർ മാനേജുമെന്റിന്റെ പരിധിയിൽവരുന്നതായിരിക്കണം. അപ്പോൾ സാന്റ് മൈനിംഗ് റൂൾസും ഗ്രീൻ ട്രൈബ്യൂണലിന്റെ സ്റ്റേ ഓർഡറും നമുക്ക് ബാധകമാകുകയില്ല. ഈ ഒരു രീതിയിൽ മാത്രമേ മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ.

മുഖ്യമന്ത്രി : വളരെ പ്രായോഗികമായ നിർദ്ദേശമാണിത്. ജലാശയങ്ങളിലും കനാലുകളിലും അടിഞ്ഞുകൂടിയ മണൽ കൃത്യമായി നീക്കം ചെയ്യുന്നതിനുള്ള നടപടി എല്ലാ ജില്ലാ കളക്ടർമാരും സ്വീകരിക്കണം.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

ജില്ലാ കളക്ടർ, കോഴിക്കോട്: പഞ്ചായത്തുകളിൽ എവിടെയൊക്കെ മണൽ നീക്കം ചെയ്യേണ്ടതുണ്ട് എന്നത് സംബന്ധിച്ച് ഒരു ലിസ്റ്റ് തയ്യാറാക്കി സി.ഡബ്ല്യു.ആർ.ഡി.എം.-ന് സമർപ്പിച്ചിട്ടുണ്ട്. സി.ഡബ്ല്യു.ആർ.ഡി.എം ഇതു സംബന്ധിച്ച പഠനം ആരംഭിച്ചിട്ടുണ്ട്.

കൃഷി വകുപ്പുമന്ത്രി: വെള്ളപ്പൊക്കത്തിനുള്ള പ്രധാന കാരണം ജല സംഭരണികളിലെ കപ്പാസിറ്റി ഇല്ലായ്മയാണ്. സി.ഡബ്ല്യു.ആർ.ഡി.എം.-ന്റെ പഠനം പൂർത്തിയാക്കാൻ കാലതാമസമുണ്ടാകുമെന്നതിനാൽ പ്രായോഗിക വശങ്ങളെക്കുറിച്ച് ചിന്തിക്കണം.

ചീഫ് സെക്രട്ടറി: ജല സംഭരണികളിലെ മണൽ നീക്കം ചെയ്യുന്നത് സംബന്ധിച്ച് Institute of Land and Disaster Management ഒരു ഫോർമുല പരാമർശിച്ചിട്ടുണ്ട്. അതനുസരിച്ച് മുന്നോട്ടുപോയാൽ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കും. സി.ഡബ്ല്യു.ആർ.ഡി.എം.-ന്റെ പഠനം പൂർത്തിയാക്കാൻ കാലതാമസം നേരിടും.

ജില്ലാ കളക്ടർ, കോഴിക്കോട്: മണൽ വിൽക്കുമ്പോൾ പഞ്ചായത്തിന് ഷെയർ നൽകേണ്ടതുണ്ടോ?

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്: നിങ്ങൾ മണൽ വിൽക്കുന്ന ഏർപ്പാട് സ്വീകരിക്കരുത്. മണൽ വിറ്റാൽ അത് സാന്റ് മൈനിംഗ് ആകും. നമ്മൾ 'മൈനിംഗ്' എന്ന വാക്ക് ഉപയോഗിക്കുന്നില്ല, പകരം 'desiltation' എന്ന വാക്കാണ് ഉപയോഗിക്കുന്നത്. മണലിനെ ഏതുരീതിയിൽ ഡിസ്പോസ് ചെയ്യണമെന്ന് പരാമർശിച്ചാൽ മൈനിംഗിന്റെ പ്രശ്നംവരും. മഴ സീസണിൽ വെള്ളപ്പൊക്കം ഉണ്ടാകാതിരിക്കാനുള്ള നടപടികളാണ് സ്വീകരിക്കേണ്ടത്. ഇത്തരം നടപടികൾ സ്വീകരിക്കാനുള്ള അധികാരം ഡിസാസ്റ്റർ മാനേജുമെന്റ് ആക്ട് നൽകിയിട്ടുണ്ട്. കോൺട്രാക്ട് ഏറ്റെടുക്കുന്ന വ്യക്തിക്കാണ് മണൽ ഡിസ്പോസ് ചെയ്യാനുള്ള ചുമതല. കോൺട്രാക്ടർമാരെ ട്രാൻസ്പാരന്റ് പ്രോസസ് വഴി സെലക്ട് ചെയ്യണം.

മുഖ്യമന്ത്രി: മണൽ കൊടുക്കുമ്പോൾ പഞ്ചായത്തുകൾക്ക് വരുമാനം നഷ്ടപ്പെടുന്ന അവസ്ഥ സംജാതമാകും. പഞ്ചായത്തുകൾ അതൊരു പ്രധാന വിഷയമായി ഉന്നയിക്കാൻ സാധ്യതയുള്ളതിനാൽ പ്രസ്തുത വിഷയം എങ്ങനെ പരിഹരിക്കാമെന്നതിനെക്കുറിച്ച് ആലോചിക്കണം.

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്: ഇവിടെ പരാമർശിച്ച വിഷയങ്ങൾ അടുത്ത കാലവർഷത്തിനുമുമ്പ് ചെയ്യേണ്ട കാര്യങ്ങളാണ്. മണൽ ഖനനം ചെയ്യാൻ പാടില്ലെന്ന വ്യവസ്ഥ നിലവിലില്ല. മണൽ ഖനനവുമായി ബന്ധപ്പെട്ട പ്രൊസീഡ്യുവറിന് മിനിമം ആറ് മാസം വേണ്ടിവരുമെന്നതിനാലാണ് മണൽ ഖനന നടപടികളിലേക്ക് ഇപ്പോൾ കടക്കാത്തത്. അടുത്ത മഴയ്ക്കുശേഷം മണൽ ഖനന പ്രോസസ് ആരംഭിക്കാം. ഇതിലൂടെ ലഭിക്കുന്ന വരുമാനം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകാവുന്നതാണ്.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

മുഖ്യമന്ത്രി: റവന്യൂ വകുപ്പ് സെക്രട്ടറിയുടെ പ്രൊപ്പോസൽ അനുസരിച്ച് കോൺട്രാക്ട് ഏറ്റെടുക്കുന്ന വ്യക്തിക്ക് മാത്രമാണ് മണൽ വിൽക്കാനുള്ള അധികാരം. ഓരോ ജലസ്രോതസ്സിന്റെയും നിലയ്ക്കനുസരിച്ചുള്ള തുക കോൺട്രാക്ടറിൽ നിന്ന് ഈടാക്കാൻ സാധിക്കണം. അത്തരമൊരു നിലപാടാണ് നമ്മൾ സ്വീകരിക്കേണ്ടത്. മണൽ അടിഞ്ഞുകൂടിയ ജലസ്രോതസ്സുകളിൽ എത്ര ക്വാണ്ടിറ്റി മണലുണ്ടെന്ന് കണക്കാക്കി അതനുസരിച്ച് റേറ്റ് നിശ്ചയിക്കാൻ ജില്ലാ കളക്ടർമാർ നടപടി സ്വീകരിക്കണം. മണലെടുപ്പുമായി ബന്ധപ്പെട്ട് നിരവധി വിവാദങ്ങൾ ഉയർന്നുവരാൻ സാധ്യതയുള്ളതിനാൽ സുതാര്യ നടപടികളിലൂടെ മുന്നോട്ടുപോകുകയും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളെ എങ്ങനെ സഹായിക്കാമെന്നതിനെക്കുറിച്ച് ആലോചിക്കുകയും ചെയ്യണം.

ജില്ലാ കളക്ടർ, പാലക്കാട്: പാലക്കാട് ജില്ലയിലെ നാല് പുഴകളിലെ സാൻഡ് ഓഡിറ്റിംഗ് തയ്യാറാക്കാൻ ഏപ്രിൽ മാസത്തിൽ ഐ.എൽ.ഡി.എം.-നെ നിയോഗിക്കുകയും സ്റ്റഡി റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ആദ്യം ഈ റിപ്പോർട്ട് ഹൈ ലെവൽ കമ്മിറ്റി അപ്രൂവ്ഡ് ചെയ്തു കഴിഞ്ഞാൽ നിലവിലുള്ള സാൻഡ് ആക്ട് പ്രകാരം മൈനിംഗിന് പോകാൻ കഴിയും. സാൻഡ് ഓഡിറ്റിംഗിനാണ് കൂടുതൽ സമയം എടുക്കുന്നത്.

ചീഫ് സെക്രട്ടറി: റവന്യു സെക്രട്ടറി പറഞ്ഞതുപോലെ സാന്റ് ഓഡിറ്റിംഗ് കംപ്ലീറ്റ് ചെയ്തു കഴിഞ്ഞ് കടവിലെ മൈനിംഗ് പ്ലാനിന് അപ്രൂവൽ വാങ്ങിയതിനുശേഷം ഇൗ ജോലി പൂർത്തിയാക്കാൻ സാധിക്കില്ല. മഴയ്ക്കുമുമ്പ് എങ്ങനെ ശ്രമിച്ചു കഴിഞ്ഞാലും സാധിക്കില്ല. ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട് പ്രകാരം ഇനി ഫ്യൂച്ചറിലുള്ള ഒരു ഡിസാസ്റ്റർ പ്രിവന്റ് ചെയ്യാനുള്ള മെഷേഴ്സ് എന്നുള്ള രീതിയിൽ കറക്ടായ ഒരു ഓർഡർ ഇഷ്യൂ ചെയ്തു കഴിഞ്ഞാൽ നടപടി എടുത്താൽ ആരും ഒന്നും ചോദിക്കില്ല.

കൃഷി വകുപ്പുമന്ത്രി: അതാണ് കറക്ടായിട്ടുള്ള കാര്യം.

ജില്ലാ കളക്ടർ, മലപ്പുറം: illegal ആയ മണൽ പിടിക്കുമ്പോൾ നിർമ്മിതി കേന്ദ്രം വഴിയാണ് ഡിസ്പോസ് ചെയ്യുന്നത്. ഇതിൽ വരുന്ന പ്രശ്നം പിടിച്ച മണൽ ഒരു കോമൺ പ്ലേയ്സിലേക്ക് കൊണ്ടുവരണം. അവിടെ നിന്നാണ് ഡിസ്പോസ് ആകുന്നത്. അതിനാൽ ഈ രണ്ട് ട്രാൻസ്പോർട്ട് കോസ്റ്റും കക്ഷി പേ ചെയ്യണം. വലിയ തുകയായതുകൊണ്ട് ആരും ആ മണൽ എടുക്കാൻ മുന്നോട്ടുവരുന്നില്ല. ഒരുപാട് ക്വാണ്ടിറ്റി ഇപ്പോഴും താലൂക്കുകളിൽ ഡംമ്പ് ചെയ്യുന്നുണ്ട്. മണൽ പിടിക്കുന്ന സ്പോട്ടിൽതന്നെ ഡിസ്പോസ് ചെയ്യാനുള്ള പെർമിഷൻ ഉണ്ടെങ്കിൽ കുറച്ചു കൂടി ബെനിഫിറ്റായിരിക്കും. മലപ്പുറം ജില്ലയിൽ വാഹനങ്ങൾ പിടിച്ചെടുത്തതുമായി ബന്ധപ്പെട്ട് 55 കോടിയോളം രൂപ ഉണ്ടായിരുന്നു. ഇത് വേറൊരു ജില്ലക്ക് കൊടുത്തു എന്നുള്ള ആക്ഷേപം എം.എൽ.എ. മാരുടെ ഭാഗത്തുനിന്നുണ്ടായിരുന്നു. അതുകൊണ്ട് 5 കോടി രൂപ ഗവൺമെന്റ് തിരിച്ച് കൊടുക്കാനുള്ള ലിസ്റ്റ് കൊടുത്തിട്ടുണ്ടായിരുന്നു. ഈ രൂപ ജി.ഒ. ആയെങ്കിലും രൂപ കിട്ടിയിട്ടില്ല. ഇതെല്ലാം

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

ഡിഡിസി-യും എല്ലാ എം.എൽ.എ.മാരും പരാതിയായി ഉന്നയിക്കാറുണ്ട്. ആ തുക കിട്ടുകയാണെങ്കിൽ മലപ്പുറത്തിന്റെ ഫണ്ട് വേറെ ജില്ലകൾക്ക് കൊടുത്തു എന്നുള്ള ധാരണ മാറും.

ചീഫ് സെക്രട്ടറി: റിവർ മാനേജ്മെന്റ് ഫണ്ടാണ്. കടവിലെ സാൻഡ് വിൽപന നടത്തിയിരുന്ന ചെയ്ത സമയത്ത് കളക്ടർമാരുടെ കീഴിൽ റിവർ മാനേജുമെന്റ് ഫണ്ടുണ്ടാക്കിയിരുന്നു. ഒരു തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നൽകുകയും ബാക്കി റിവർ മാനേജുമെന്റ് ഫണ്ട് വയ്ക്കുകയും ചെയ്തിരുന്നു. പല സ്ഥലങ്ങളിലും വലിയ തുക ബാക്കിയുണ്ട്. പക്ഷേ, ഒരു ജില്ലയിലെ ഏതെങ്കിലും ഒരു പുഴയിലുള്ള മണലിന്റെ തുകയെടുത്ത് മറ്റൊരു ജില്ലയിലെ സിവിൽ കൺസ്ട്രക്ഷന് ഉപയോഗിക്കാൻ തീരുമാനമുണ്ടായി. മുൻ ഗവൺമെന്റിന്റെ കാലത്താണ് ഇൗ തീരുമാനമുണ്ടായത്. പലതും. ക്യാൻസൽ ചെയ്തെങ്കിലും രണ്ടു മൂന്ന് പദ്ധതികൾ തുടങ്ങിയ സ്ഥിതിക്ക് തീർക്കേണ്ടതായി വന്നിട്ടുണ്ട്. അങ്ങനെയായിരിക്കണം ആ തുക ഡൈവെർട്ട് ചെയ്തത്. ഈ വിഷയം പരിശോധിക്കുന്നതാണ്.

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്: റിവർ മാനേജുമെന്റ് ഫണ്ട് ഒട്ടുമില്ലാത്ത പത്തനംതിട്ട ജില്ലയിൽ ഇരുപതോളം പ്രോജക്ടുകൾ മറ്റുള്ള ജില്ലയിലെ റിവർ മാനേജുമെന്റ് ഫണ്ട് ഉപയോഗിച്ച് ആരംഭിക്കാൻ ഒരു ശ്രമം നടന്നിരുന്നു.

ചീഫ് സെക്രട്ടറി: പ്രസ്തുത വിഷയത്തിന്റെ സാഹചര്യം അനുസരിച്ച് എല്ലാ ഡിസ്ട്രിക്ട് കളക്ടേഴ്സും നടപടികളെടുക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി: നേരത്തെയുള്ള റിവർ മാനേജുമെന്റ് കമ്മിറ്റി ഇതു പോലെ തുടരുമോ?

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്: തുടരും

നിർമ്മാണ മേഖലയിലെ പ്രശ്നങ്ങൾ

ചീഫ് സെക്രട്ടറി: ക്ഷേമനിധി ബോർഡുമായി കുറച്ച് ഇഷ്യൂസുണ്ടെന്ന് കോട്ടയത്തു നിന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പാറയുടെയും മണലിന്റെയും കാര്യം ചർച്ച ചെയ്തിട്ടുണ്ട്. കോട്ടയം കളക്ടർ മാത്രം ഒരു റിപ്പോർട്ട് തന്നിട്ടുണ്ട്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി: നിർമ്മാണ മേഖലയിൽ തൊഴിലാളികളുടെ ക്ഷേമ നിധിയുമായി ബന്ധപ്പെട്ട് ഗൗരവമായി വരുന്ന പ്രശ്നം സെസ് കളക്ഷനാണ്. സെസ് കളക്ഷൻ പൂർണ്ണമായും പിരിഞ്ഞു കിട്ടുന്നില്ല. അതിന്റെ ഭാവിയെപ്പോലും ബാധിക്കാറുണ്ട്. അതിനൊരു പരിഹാരമാർഗ്ഗമുണ്ടാകണം. ലേബർ ഡിപ്പാർട്ടുമെന്റാണ് സെസ് കളക്ഷൻ നടത്തുന്നത്. ഇതിന് ഒരുപാട് പരിമിതികളുണ്ട്. ആവശ്യമായ ഉദ്യോഗസ്ഥർ ഇല്ലെന്നുള്ള സ്ഥതിതിയുമുണ്ട്. അസിസ്റ്റന്റ് ലേബർ ഓഫീസർമാർ വഴിയാണ് ഇതിന്റെ കളക്ഷൻ നടത്തുന്നത്. പഞ്ചായത്തിനെക്കൂടി

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

ബന്ധപ്പെടുത്തിയെങ്കിലെ ഈ കളക്ഷൻ കുറച്ചുകൂടി പൂർണ്ണതയിൽ എത്തിക്കാൻ കഴിയൂ. സ്റ്റേറ്റിന് നല്ല ബാധ്യതയായി മാറും. നിർമ്മാണ തൊഴിലാളികൾക്ക് പെൻഷൻ കൊടുക്കുന്നത് ക്ഷേമനിധി ഫണ്ട് ഉപയോഗിച്ചുകൊണ്ടാണ്. ഇതിന്റെ തുക പൂർണ്ണമായും വന്നിട്ടില്ലെങ്കിൽ ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾ ഭാവിയിൽ വലിയ പ്രതിനസന്ധിയെ നേരിടുന്ന സിറ്റുവേഷനിലേക്ക് എത്തും. സെസ് കളക്ഷൻ പൂർണ്ണതയിൽ എത്തിക്കുന്നതിനുവേണ്ടിയുള്ള ഇടപെടലുകളാണ് എല്ലാ ജില്ലകളിലും ഉണ്ടാകേണ്ടത്.

മുഖ്യമന്ത്രി: കളക്ഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലാണ് നടക്കുന്നത്. കൺസ്ട്രക്ഷൻ നടക്കുന്ന ഘട്ടത്തിൽത്തന്നെ അവർ അടയ്ക്കേണ്ട തുക അടയ്ക്കുന്ന രീതി വന്നാൽ അത് വളരെ പ്രായോഗികമായിട്ടുള്ള കാര്യമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കിട്ടിയ കാശ് തൊഴിൽ വകുപ്പിന് കിട്ടുമോ എന്നു മാത്രമേ സംശയമുള്ളൂ. അതിനൊരു ക്രമീകരണമുണ്ടാക്കിയാൽ പ്രായോഗികമായ നടപടിയായിരിക്കും.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി: ഒരു ജോയിന്റ് മീറ്റിംഗ് കൂടി ഇതിന് വ്യക്തത വരുത്തണം.

മുഖ്യമന്ത്രി: സെക്രട്ടറിമാരും ചീഫ് സെക്രട്ടറിയുമായി ആലോചിച്ച് ചർച്ച ചെയ്ത് ഈ കാര്യത്തിൽ വ്യക്തത വരുത്തണം.

സർഫാസി നിയമവും ബാങ്കിന്റെ നടപടികളും

ചീഫ് സെക്രട്ടറി: ഈ കാര്യത്തിൽ എല്ലാ ജില്ലകളിലും രണ്ട് നിയമങ്ങൾ നടപ്പിലാക്കുന്നതിനെ സംബന്ധിച്ചുള്ള ബുദ്ധിമുട്ടുകളാണ് പറയുന്നത്. ബാങ്കുകാർ സർഫാസി ആക്ട് പ്രകാരം മുന്നോട്ടുപോകുന്നത് റവന്യൂ ഡിസ്ട്രിക്ടിലുള്ള അധികാരികൾ അറിയുന്നില്ല. റവന്യൂ റിക്കവറി നടപടികൾ അതുകൊണ്ട് തടസ്സപ്പെടുന്നു. കാരണം സർഫാസി ആക്ട് പ്രകാരം മുന്നോട്ടുപോകുന്നതുകൊണ്ട് ബാങ്കുകൾക്ക് മുൻഗണന ലഭിക്കുന്നു. ഗവൺമെന്റിലേയ്ക്കുള്ള കുടിശ്ശികകൾ കിട്ടുന്നില്ല എന്നതിനെ സംബന്ധിച്ചാണ് ജനറലായി തന്നിരിക്കുന്ന റിപ്പോർട്ടുകൾ. അതിൽ ആക്ടിന്റെ ഭേദഗതി വരുത്തുന്നതു സംബന്ധിച്ച് റവന്യൂവിന്റെ അഭിപ്രായമെന്താണ്?

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്: ഇതിനെ സംബന്ധിച്ച് പരിശോധിച്ചിട്ടില്ല.

ജില്ലാ കളക്ടർ, കൊല്ലം: 102-ഓളം കേസുകളിൽ 40 കോടി രൂപ ഈ കേസ് മുഖേന കളക്ഷൻ തടയപ്പെട്ടിരിക്കുകയാണ്.

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്: എസ്.എൽ.ബി.സി.യുടെ പ്രതിനിധികൾ വന്നിട്ടുണ്ട്. അവരോട് ഇതിനെ സംബന്ധിച്ച് ചോദിക്കാവുന്നതാണ്.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

കൃഷി വകുപ്പുമന്ത്രി: സർഫാസി ആക്ട് കൃഷിക്കാർക്കെതിരെ ഉപയോഗിക്കുന്നതിനുമുമ്പ് ജില്ലാ അടിസ്ഥാനത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കാൻ എസ്.എൽ.ബി.സി. കൂടി തീരുമാനിച്ചിരുന്നു. അതുകൊണ്ട് കർഷകരുടെ കടങ്ങൾക്കെതിരെ സർഫാസി ആക്ട് അനുസരിച്ചുള്ള നടപടി സ്വീകരിക്കുന്നതിനുമുമ്പ് കമ്മിറ്റി കൂടി സ്ക്രൂട്ടിണി ചെയ്തിട്ട് മാത്രമേ ചെയ്യാൻ പാടുള്ളൂ എന്നുള്ള ഒരു തീരുമാനമുണ്ടായിരുന്നു. അത് ഇപ്പോഴും കണ്ടിന്യൂ ചെയ്യണം.

ശ്രീ. എൻ. അജിത് കൃഷ്ണൻ, കൺവീനർ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി & ജനറൽ മാനേജർ, കാനറാ ബാങ്ക്: ആ തീരുമാനം കണ്ടിന്യൂ ചെയ്യുന്നുണ്ട്. അഗ്രികൾച്ചറൽ പ്രോപ്പർട്ടി സർഫാസി ആക്ടിൽ എടുക്കുന്നില്ല.

കൃഷി വകുപ്പുമന്ത്രി: paddy field മാത്രമേ നിങ്ങളുടെ കണക്കിൽ അഗ്രിച്ചർച്ചറൽ പ്രോപ്പർട്ടി ആയിവരുന്നുള്ളൂ. paddy field അല്ലാത്തതും അഗ്രികൾച്ചർ പ്രോപ്പർട്ടിയാണ്.

ചീഫ് സെക്രട്ടറി: ആക്ടിൽ ക്ലാരിറ്റിയില്ല.

കൃഷി വകുപ്പുമന്ത്രി: ഇതിനെ സംബന്ധിച്ച് ഒരു കമ്മിറ്റി വയ്ക്കുമ്പോൾ കൃഷിക്കാരുടെ കാര്യത്തിൽ പ്രത്യേകമായ പരിഗണന സർഫാസി ആക്ടിൽകൊടുക്കണം.

ജലവിഭവ വകുപ്പുമന്ത്രി: കൃഷി അവശ്യത്തിന് വീട് പണയപ്പെടുത്തി ലോൺ എടുത്തിട്ടുള്ളവരുടെ കാര്യത്തിലും കൃഷി ആവശ്യത്തിനല്ല എന്നു പറഞ്ഞിട്ടുള്ള നിലപാട് ബാങ്കുകൾ എടുക്കുമോ?

ജില്ലാ കളക്ടർ, കൊല്ലം: ജില്ലാ അഡ്മിനിസ്ട്രേഷൻ അറിയാതെയാണ് സർഫാസി ആക്ടിൽ ഇപ്പോൾ ആക്ഷൻ എടുക്കുന്നത്. കഴിഞ്ഞ ആഴ്ച ഒരു വലിയ ഇഷ്യു ഉണ്ടായി. വാർത്തകളിലെല്ലാം വന്നതാണ്. ആൾ ഉള്ളിലിരിക്കെ ഇവർ രണ്ടു ഭാഗവും അടച്ചുപൂട്ടിപോയി. അവസാനം പബ്ലിക് അജിറ്റേഷനായി വരുമ്പോഴാണ് അറിയുന്നത്. അപ്പോൾ സർഫാസി ആക്ട് പ്രകാരം ഇവർ നടപടി എടുക്കുകയാണെങ്കിൽ ആ ഇൻഫർമേഷൻ ജില്ലാ അഡ്മിനിസ്ട്രേഷനും കൂടി നൽകുകയാണെങ്കിൽ നമുക്ക് അതനുസരിച്ചുള്ള നടപടി സ്വീകരിക്കാമായിരുന്നു.

ജില്ലാ കളക്ടർ, കോഴിക്കോട്: ബാങ്കിന്റെ സർഫാസി നിയമം ജപ്തിക്കു പോകുമ്പോൾ അത് കോടതിവഴി അല്ലാതെ പോയിട്ടില്ല.

ജലവിഭവ വകുപ്പുമന്ത്രി: വീട് പണയം വയ്ക്കുന്നത് കൃഷി ആവശ്യത്തിനല്ല എന്നാണ് പറയുന്നത്.

കൺവീനർ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി & ജനറൽ മാനേജർ, കാനറാ ബാങ്ക്: കൃഷി ആവശ്യത്തിന് പ്രോപ്പർട്ടി പണയം വച്ചാൽ സർഫാസി ആക്ടിൽ ഉൾപ്പെടുത്താം.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

കൃഷി വകുപ്പുമന്ത്രി: സർഫാസി നിയമപ്രകാരം സി.എം. വഴി മാത്രമേ പോകാൻ കഴിയുകയുള്ളൂ. നേരത്തെ പറഞ്ഞത് സ്പെഷ്യലായിട്ടുള്ള കമ്മിറ്റിയാണ്. അതുകൊണ്ടാണ് വീണ്ടും ഇൻസിസ്റ്റ് ചെയ്തത്.

മുഖ്യമന്ത്രി: കോടതി നിയമപ്രകാരമാണ് ചെയ്യുന്നതെന്ന് സംശയമൊന്നുമില്ല. പക്ഷേ ഈ നിയമം ഉണ്ടാക്കുന്ന ആപത്താണ് ഇവിടെ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. അതിൽ ബാങ്കുകൾ കുറെകൂടി ലാഘവത്വം കാണിക്കണം. കടുത്ത നടപടികളിലേക്ക് പോകാതിരിക്കുന്ന നിലപാട് എടുക്കാൻ കഴിയണം. പല കാര്യങ്ങളിലും ന്യായീകരണം ഇല്ലാത്ത വിധത്തിൽ നിലപാട് എടുക്കുന്നതാണ് പൊതുവായ പ്രശ്നമായി വരുന്നത്.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർഫാസി ആക്ടനുസരിച്ച് കോടതിയുടെ ഉത്തരവുമായി ചെല്ലുന്നതാണ് യഥാർത്ഥത്തിൽ വാർത്തകളാകുന്നത്. കോടിക്കണക്കിന് രൂപ തരാനുള്ളവരെ പിടിക്കാതെ രണ്ടും മൂന്നും നാലും സെന്റുള്ളവരുടെ അടുക്കലിലേയ്ക്കാണ് പോകുന്നത്. അതാണിവിടത്തെ പ്രശ്നം.

മുഖ്യമന്ത്രി: ഒരു ഭാഗത്ത് വീടില്ലാത്തവർക്ക് വീട് നിർമ്മിച്ചുകൊടുക്കുന്നു. വേറൊരു ഭാഗത്ത് വീടുള്ളവരെ ഒഴിപ്പിച്ച് വീടില്ലാത്തവരാക്കുന്നു. ഇതിനകത്ത് വരുന്ന ഈ വൈരുദ്ധ്യത്തെ എങ്ങനെ പരിഹരിക്കാമെന്നുള്ളതും ഒരു പ്രശ്നമാണ്. ജപ്തിക്ക് വരുമ്പോൾ ആ സ്ഥലത്തുള്ള ആൾക്കാർ സ്വാഭാവികമായും തടയും; ഇതൊരു മാനുഷിക പ്രശ്നമല്ലേ. ഇങ്ങനെയുള്ള പ്രായോഗിക പ്രശ്നങ്ങളാണ് വരുന്നത്. അത്തരം കാര്യങ്ങളിൽ വീട്ടിൽനിന്നും ഇറക്കി വിടാതിരിക്കുക എന്നൊരു സമീപനം സ്വീകരിക്കുക. വീട് ബാങ്കിന്റെ കയ്യിലായിക്കോട്ടെ സർക്കാരിന് യാതൊരു തർക്കവുമില്ല. പണം അവർ എടുത്തിട്ടുള്ളതാണ് ബാങ്ക് വായ്പ കൊടുത്തതാണ് ബാങ്കിന്റെ വായ്പ തിരിച്ച് കിട്ടണം അതിന് വേണ്ടി ബാങ്ക് ആ വീട് എടുക്കുന്നു. പക്ഷേ വീട്ടിൽ താമസിക്കുന്നവരെ ഇറക്കിവിടുന്ന അവസ്ഥ ഉണ്ടാകരുത്. വീട് ബാങ്കിന്റെ നിലയിലായിക്കോട്ടെ അങ്ങനെയുള്ള നിലയിൽ എടുക്കാമല്ലോ; അത്തരം ഒരു വഴി ബാങ്കിന് ആലോചിക്കാവുന്നതാണ്

ജില്ലാ കളക്ടർ, കൊല്ലം: ലോൺ എടുത്ത ആൾക്ക് ആസ്തിയുണ്ടെങ്കിൽപ്പോലും അയാൾ ബാങ്കിനെ സ്വാധീനിക്കാൻ പറ്റുന്ന ആൾ ആണെങ്കിൽ ഗ്യാരന്ററുടെ വസ്തുവകകൾ ജപ്തി ചെയ്യുന്ന കേസുകളും ഞങ്ങളുടെ അടുത്ത് പരാതിയുമായി വരുന്നുണ്ട്.

കൺവീനർ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി & ജനറൽ മാനേജർ, കാനറാ ബാങ്ക്: നിയമപ്രകാരം ബോറോവറും ഗ്യാരന്ററും ഒരേ ബാദ്ധ്യതയുള്ളവരാണ്. നിയമം വിട്ടിട്ട് ഒന്നും ചെയ്യാൻ സാധിക്കില്ല.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

മുഖ്യമന്ത്രി: അവർക്ക് തുല്യ ഉത്തരവാദിത്തമാണെന്നുള്ളത് ശരിയാണ്. പക്ഷേ തുല്യതയിൽ ആർക്കാണ് കൂടുതൽ ഉത്തരവാദിത്വം എന്ന് നമ്മൾ നോക്കണം. വായ്പ തിരിച്ചടച്ചില്ലെങ്കിൽ തിരിച്ചടച്ചോളാമെന്ന ഉത്തരവാദിത്വം ഒരു ജാമ്യക്കാരൻ എടുക്കുന്നു. അയാൾക്ക് അതിന്റെ ഉത്തരവാദിത്വം ഉണ്ട്. പക്ഷേ വായ്പ എടുത്തയാൾക്ക് തിരിച്ചടയ്ക്കാനുള്ള എല്ലാ കപ്പാസിറ്റിയുമുള്ളപ്പോൾ എന്തിനാണ് ഗ്യാരന്ററിന്റെയടുത്ത് പോകുന്നത്?

ചീഫ് സെക്രട്ടറി: ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ നിർദ്ദേശത്തിന്റെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ട് നടപടികൾ എടുക്കുന്നത് നല്ലതായിരിക്കും.

ജില്ലാ കളക്ടർ, പാലക്കാട്: ബാങ്ക് ഉത്തരവ് റിക്കവറീസിൽ ഒരു ക്ലാരിഫിക്കേഷൻകൂടി വേണം. 10ലക്ഷത്തിൽ കൂടുതൽ അരിയേഴ്സ് ഉള്ളതെല്ലാം ഡെബ്റ്റ് റിക്കവറി ട്രിബ്യൂണൽ വഴി മാത്രമേ ഇനി റെക്കവർ ചെയ്യാവൂ; ആർ.ആർ. ആക്ട് ഉപയോഗിക്കരുതെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്ന് വിധി വന്നിട്ടുണ്ട്. പാലക്കാട് ജില്ലയിൽ മാത്രം 80കോടി രൂപയുടെ കേസ് ഇങ്ങനെയുണ്ട്. ഞങ്ങൾ അതിന്റെ പുറകിൽ പോകണോ? അതിന് ഒരു ക്ലാരിറ്റി വരണം. അല്ലെങ്കിൽ ഒരുപാട് മുന്നോട്ടുപോയതിനുശേഷം അവസാനം റിക്കവർ ചെയ്യാൻ കഴിയില്ലായെങ്കിൽ അത്രയും സമയം പാഴായിപ്പോകും.

ചീഫ് സെക്രട്ടറി: കോടതി വിധി വന്നിട്ടുണ്ട്. ഡി.ആർ.ടി. വഴിയുള്ള റിക്കവറി 20ലക്ഷത്തിന് മുകളിലാക്കിയിട്ടുണ്ട്. 20ലക്ഷത്തിനുമുകളിൽ മാത്രമെ ഡി.ആർ.ടി.-യിൽ ഫയൽ ചെയ്യാൻ കഴിയൂ. അതുകൊണ്ട് ഡി.ആർ.ടി. വഴി ഫയൽ ചെയ്യാൻ പറ്റുന്ന കേസ്സുകളിലൊന്നും റവന്യൂ റിക്കവറി ചെയ്യാൻ പാടില്ലെന്നാണ്.

ജില്ലാ കളക്ടർ, പാലക്കാട്: 20 ലക്ഷത്തിനുമുകളിലുള്ള എല്ലാ ആർ.ആർ.സി.യും തിരിച്ചുവിടാമോ.

ചീഫ് സെക്രട്ടറി: I think you may.

പൊതുജലാശയ ശുചീകരണം

ചീഫ് സെക്രട്ടറി: ഇത് സംബന്ധിച്ച് വാട്ടർ റിസോഴ്സസ് ഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിലും അല്ലാതെയും നിരവധി മീറ്റിംഗുകൾ നടത്തിയിട്ടുണ്ട്. പ്രധാനമായും പൊതുവായിട്ടുള്ള ജലാശയങ്ങൾ, കുളങ്ങൾ, കായലുകൾ, നദികൾ ഇവിടെയെല്ലാം പൊല്യൂഷൻ കൂടുന്ന ഒരവസരമാണ് വന്നിരിക്കുന്നത്. പല സ്റ്റഡീസും ഇതിനകത്ത് വന്നിട്ടുണ്ട്. Almost 73 % of water bodies are polluted എന്നാണ് ഏറ്റവും പുതിയ കണക്ക്. ജലാശയങ്ങൾ ക്ലീൻ ചെയ്യാനും അതിനകത്തുതന്നെ നദികളെ മലിനമാക്കുന്ന ആൾക്കാരുടെ പേരിൽ നടപടിയെടുക്കാനുള്ള ആക്ട് നമ്മുടെ കൈവശം ഉണ്ടെങ്കിലും എഫക്ടീവായ ഇംപ്ലിമെന്റേഷൻ നടക്കുന്നില്ല. അതിൽ ഡിസ്ട്രിക്ട് കളക്ടർമാരുടെ ശ്രദ്ധ ആവശ്യമാണ്. അതുകൂടാതെ സിംഗിൾ യൂസ് പ്ലാസ്റ്റിക് മെറ്റീരിയൽ ജനുവരി 1മുതൽ

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

ഉപയോഗിക്കേണ്ട എന്നുള്ള ഓർഡർ ക്യാബിനറ്റ് അപ്രൂവ് ചെയ്ത് ഇറങ്ങിയിട്ടുണ്ട്. തീർച്ചയായും അതിനെതിരായി കുറച്ച് പരാതികളും റെപ്രസെന്റേഷൻസുമൊക്കെ വരുന്നുണ്ട്. അത് ഗവൺമെന്റ് പരിഗണിക്കും. എന്നിരുന്നാലും ഈ ഓർഡർ നടപ്പിലാക്കുക എന്നുള്ളതുതന്നെയാണ് സർക്കാരിന്റെ ഉദ്ദേശ്യം. അങ്ങനെ വരുമ്പോൾ പ്ലാസ്റ്റിക് മാലിന്യങ്ങൾമൂലമുള്ള മലിനീകരണം ഒരു പരിധിവരെ കുറയ്ക്കുവാൻ സാധിക്കും. ഇപ്പോൾ ഈ പ്ലാസ്റ്റിക്കെല്ലാം ജലാശയങ്ങളിൽചെന്ന് ചാടുന്ന അവസ്ഥയുണ്ടാകുന്നുണ്ട്. അതാണ് എല്ലാ ജില്ലാ കളക്ടർമാരും ഈ കാര്യത്തിൽ പ്രത്യേകമായി ശ്രദ്ധിക്കേണ്ടത്.

നടപടി - എല്ലാ ജില്ലാകളക്ടർമാർക്കും

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്: കളക്ടർമാർ ഇപ്പോൾ ചെയ്യുന്നത് ജില്ലകളിലെ പല സ്കീമുകളിൽ വച്ചിട്ടാണ്. എല്ലാ ജില്ലകളിലും എം.ജി.എൻ.ആർ.ഇ.ജി.എസ്. സ്കീം വച്ചാണ് നടന്നുകൊണ്ടിരിക്കുന്നത്. കുളങ്ങൾ ക്ലീൻ ചെയ്യാനായി വാട്ടർ റിസോഴ്സസ്സിന്റെ ഒരു പ്രത്യേക സ്കീമുണ്ടായിരുന്നു. മുമ്പ് റവന്യൂ ഡിപ്പാർട്ടുമെന്റിൽ ഡ്രൗട്ടിന്റെ ഒരു സ്കീമിൽ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട് വച്ച്, മഴ വരുന്നതിന് രണ്ടോ മൂന്നോ മാസം മുമ്പ് ക്ലീൻ ചെയ്യുന്ന രീതി ഉണ്ടായിരുന്നു. പല ജില്ലകളും പല രീതിയിലുള്ള ഫണ്ടിന്റെ അവയിലബിലിറ്റി അനുസരിച്ചാണ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്.

ജില്ലാ കളക്ടർ, കൊല്ലം: കൊല്ലത്ത് ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട് പ്രകാരമുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. വയലേറ്റേഴ്സിനെ ആക്ട് പ്രകാരം അറസ്റ്റ് ചെയ്യുകയും മാലിന്യം കൊണ്ടുവരുന്ന വണ്ടികൾ കണ്ടുകെട്ടുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കുറച്ചുപേർ ജയിലിലുണ്ട്. 'സേഫ് കൊല്ലം' എന്ന രീതിയിൽ ഒരു പ്രോജക്ട് മാസ് മൂവ്മെന്റ് നടത്തി 68 പഞ്ചായത്തുകളിലും 4 മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഒരു പ്രോഗ്രാം നടന്നുകൊണ്ടിരിക്കുകയാണ്. എല്ലാ പഞ്ചായത്തുകളും അതിൽ പങ്കെടുക്കുകയും ചെയ്യുന്നുണ്ട്. ജൂലൈ മാസത്തിനുശേഷം മാസ് ക്ലീനിംഗ് പ്രോഗ്രാം എട്ട് തവണ കായലുകളിലും പരിസരങ്ങളിലുമായി നടന്നുകഴിഞ്ഞിട്ടുണ്ട്.

ജലവിഭവ വകുപ്പുമന്ത്രി: ഡ്രെയിനേജ് ജലാശയങ്ങളിൽ ഒഴുക്കി വിടുന്നതിനെതിരെ എന്തെങ്കിലും നടപടിയുണ്ടായോ?

ജില്ലാ കളക്ടർ, കൊല്ലം: അതിനും കർശനമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. എല്ലാ ഇൻസ്റ്റിറ്റ്യൂഷനുകൾക്കും ക്ലോസ് ചെയ്യാൻവേണ്ടി നോട്ടീസ് കൊടുത്ത് സമയവും കൊടുത്തിട്ടുണ്ട്. ഗവൺമെന്റിന്റെ ഒന്നുരണ്ട് സ്ഥാപനങ്ങളിൽ അത് നിർത്തിയിട്ടുണ്ട്. പ്ലാന്റുകൾ നിർമ്മിക്കാനുള്ള പ്രോസസ് നടന്നുകൊണ്ടിരിക്കുകയാണ്. ബാക്കി പ്രൈവറ്റ് ബിൽഡിംഗിന്റെയൊക്കെ നിർത്തി വച്ചിട്ടുണ്ട്.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

ജില്ലാ കളക്ടർ, കോഴിക്കോട്: കോഴിക്കോട് കൃത്യമായ ഒരു പ്ലാനുണ്ട്. പ്രാഥമികമായി ചെയ്യുന്നത് ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ സാന്നിദ്ധ്യത്തിൽ സോഴ്സ് റിഡക്ഷൻ ആക്റ്റിവിറ്റീസാണ്. കുളങ്ങളുടെ ക്ലീനിംഗ് മൊത്തം സമയബന്ധിതമായി നടക്കും. എൻ.ആർ.ഇ.എസ്.-ന്റെ ഭാഗമായി എല്ലാ വാട്ടർബോഡീസിന്റെ മാപ്പിംഗ് നടത്തി ആക്ഷൻ പ്ലാൻ ഉണ്ടാക്കിയിട്ടുണ്ട്. ഹരിതകേരള മിഷന്റെ ഭാഗമായി ഓരോ പഞ്ചായത്തിലും ഒരു നീർച്ചാൽ ക്ലീൻ ചെയ്യാൻ പറഞ്ഞിട്ടുണ്ട്. അത് ഇതിനകം പ്ലാൻ ചെയ്തു. അടുത്ത പൊല്യൂഷന്റെ നിയമാവലി കൃത്യമായി എല്ലാ പഞ്ചായത്തിലും ഇംപ്ലിമെന്റ് ചെയ്യുന്നുണ്ട്. ഹരിത കേരള മിഷന്റെ പഞ്ചായത്തുതല കമ്മിറ്റിയുണ്ട്. കൃത്യമായ പ്ലാൻ പ്രകാരം മോണിറ്റർ ചെയ്യുന്നുണ്ട്.

ജലവിഭവ വകുപ്പുമന്ത്രി: 'നീർച്ചാൽ' ഹരിതകേരളം ക്ലീൻചെയ്തശേഷം ആ ഡ്രെയിനേജ് പിന്നീടും അവർ ഒഴുക്കിവിടുകയാണെന്നാണ് ആ കമ്മിറ്റിയിലെ പരാതി.

ജില്ലാ കളക്ടർ, കോഴിക്കോട്: ഹരിതകേരള കമ്മിറ്റിയിൽ എല്ലാ ഡിപ്പാർട്ടുമെന്റിന്റെയും റെപ്രസെന്റേറ്റീവുമാരുണ്ട്. വാർഡ് ലെവൽ കമ്മിറ്റിയുമുണ്ട്.

മുഖ്യമന്ത്രി: ഇക്കാര്യത്തിൽ ആമുഖമായി പറഞ്ഞ കാര്യങ്ങളിലെ ഒരു ഭാഗമാണ് ശ്രദ്ധിക്കേണ്ടത്. കളക്ടർമാരും ജില്ലാപഞ്ചായത്തുകളും ചേർന്ന് ഒരു പ്രവർത്തനം നടത്തിയാൽ ഹരിതകേരള മിഷന്റെയും സഹായത്തോടെ ജല സ്രോതസ്സുകൾ സംരക്ഷിക്കുവാൻ സാധിക്കും. കിണർ, തോട്, ചില കരിങ്കൽ ക്വാറികൾ ഉൾപ്പെടെ ഒട്ടേറെ ജലാശയങ്ങളുണ്ട്. വെള്ളം ശുദ്ധീകരിക്കാനുള്ള പരിപാടിയിൽ വലിയ ബഹുജന പങ്കാളിത്തം കൊണ്ടുവരണം. അക്കാര്യം കളക്ടർമാർ മത്സരമായെടുത്താൽ ഏത് ജില്ലയാണ് മുൻപന്തിയിലെത്തുക എന്നത് നോക്കാവുന്ന കാര്യമാണ്. എല്ലാ സ്ഥലങ്ങളിലും മത്സരബുദ്ധിയോടെ കാര്യങ്ങൾ നിർവ്വഹിക്കാൻ കഴിയണം.

ജില്ലാ കളക്ടർ, പാലക്കാട്: ആലപ്പുഴയിലെ 2107കി.മീ. പുഴകൾ/ ഇറിഗേഷന്റെ കനാലുകളുണ്ട്. മെയിൻ കനാൽ, സബ് കനാൽ ഉൾപ്പെടെ. എല്ലാവർഷവും ഡാം തുറക്കുമ്പോൾ എം.ജി.എൻ.ആർ.ഇ.ജി.എസ്. ഉപയോഗിച്ച് പരമാവധി ക്ലീൻ ചെയ്യുകയും വേസ്റ്റേജ് ഒഴിവാക്കുന്നതിനും സുഗമമായിട്ടുള്ള ഡിസ്ട്രിബ്യൂഷനുമായി ഇറിഗേഷൻ ഫണ്ട് ഉപയോഗിക്കുകയുമാണ് ചെയ്യുന്നത്. അതിലുള്ള പ്രശ്നം എൻ.ജി.എൻ.ആർ.ഇ.ജി.എസ്.-ൽ ഒരു മീറ്റർ മണ്ണ് നീക്കം ചെയ്യാൻ 375 രൂപയാണ് ചെലവാകുന്നത്. ആൾക്കാരുള്ളതുകൊണ്ട് ആകെ 22 കോടി രൂപ മുതൽ 25 കോടി രൂപയാണ് ഇതിനുവേണ്ടി ചെലവാക്കുന്നത്. പക്ഷേ ജെ.സി.ബി. ഉപയോഗിച്ച് ചെയ്യാൻ കഴിഞ്ഞാൽ 15 കോടി രൂപയ്ക്കുള്ളിൽത്തന്നെ നല്ല ക്വാളിറ്റിയോടെ ഫാസ്റ്റായി ചെയ്യുന്നതിനും കർഷകരുടെ എതിർപ്പ് ഒഴിവാക്കാനും സാധിക്കും പണം സേവ് ചെയ്യാനും കഴിയും. ഇത് അസറ്റൊന്നും ക്രീയേറ്റ് ചെയ്യാത്ത പ്രവൃത്തിയാണ്. അതിൽ പ്രാക്ടിക്കലിയുള്ള പ്രശ്നം ഇറിഗേഷന്റെ പ്ലാൻ ഫണ്ട് കുറവാണ്. 5 കോടി രൂപയാണ് ഒരു ഡിവിഷനിൽ കൊടുക്കുന്നത്. റെഗുലേറ്ററും ബാക്കിയുള്ള മെക്കാനിക്കൽ സ്ട്രക്ച്ചറും മെയിന്റയിൻ ചെയ്യാൻതന്നെ അതിലുള്ള

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

പരമാവധി പണം വേണ്ടിവരുന്നുണ്ട്. അതിൽ കുറച്ചുകൂടി തുക കൂട്ടിയാൽ ജെ.സി.ബി. ഉപയോഗിച്ച് നല്ല രീതിയിൽ ക്വാളിറ്റി മെയിന്റയിൻ ചെയ്തുകൊണ്ട് മണ്ണ് നീക്കംചെയ്യാൻ സാധിക്കും.

മുഖ്യമന്ത്രി: ഇപ്പോഴത്തെ സാഹചര്യം വച്ചുകൊണ്ടുള്ള ഒരാലോചനയും നടത്തുന്നുണ്ട്. ഇപ്പോൾ ചെയ്യാൻ പറ്റുന്നത് നമുക്ക് പരമാവധി മനുഷ്യാദ്ധ്വാനം ഉപയോഗിക്കുക എന്നതാണ്. തുക കൂട്ടിത്തരാൻപറഞ്ഞാലൊന്നും പെട്ടെന്നൊന്നും കൂട്ടിക്കിട്ടുകയില്ല. ഇപ്പോൾ വിപുലമായി നാട്ടുകാരേയുംകൂടി ഉപയോഗിക്കുക, എം.ജി.എൻ.ആർ.ഇ.എസ്. ആ തരത്തിൽ ഉപയോഗിക്കുക. നല്ല ഫലപ്രദമായ വർക്കായി വരാനുള്ള ഒരു മേൽനോട്ട സംവിധാനം ഉണ്ടാക്കുക. അതിന് നമ്മുടെ എഞ്ചിനീയറിംഗ് സംവിധാനം ഉപയോഗിക്കുന്ന നില ഉണ്ടാക്കുക, അതാണ് നല്ലത്.

ജില്ലാ കളക്ടർ, എറണാകുളം: എറണാകുളം ജില്ലയിൽ ഹരിതകേരള മിഷന്റെ ആഭിമുഖ്യത്തിൽ ഓപ്പറേഷൻ ബ്രേക്ക് ത്രൂ പ്രകാരം ജനുവരി 1-ന് എല്ലാ കനാലുകളും ഡ്രെയിനേജുകളും ക്ലീൻ ചെയ്യാൻ പ്ലാൻ ചെയ്യുന്നുണ്ട്. ഇതിനുവേണ്ടി 13 എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുൾപ്പെടെയുള്ള ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അവർ ദിവസേന മീറ്റ് ചെയ്യുന്നുണ്ട്. ഇതുവരെ കൊച്ചികോർപ്പറേഷനിൽ 47 ഡിവിഷന്റെ എസ്റ്റിമേറ്റെല്ലാം തയ്യാറാക്കിയിട്ടുണ്ട്. ഇനി 27 ഡിവിഷൻ മാത്രമേയുള്ളൂ. 90 ദിവസത്തിനുള്ളിൽ പൂർത്തിയാക്കാനുള്ള എല്ലാ വർക്ക്സും എടുക്കുന്നുണ്ട്. എൻക്രോച്ച്മെന്റ് ഐഡന്റിഫൈ ചെയ്യാനായി 30 സർവ്വേയർമാരെ വച്ചിട്ടുണ്ട്.

മാൻ അനിമൽ കോൺഫ്ലിക്റ്റ്

ചീഫ് സെക്രട്ടറി: വന്യമൃഗങ്ങളുടെ ആക്രമണത്തിന് പുറമെ അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന നായ്ക്കളുടെ ആക്രമണവും നിലവിലുണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച് എന്ത് വിശദീകരമാണ് നൽകാനുള്ളത്?

അഡീഷണൽ ചീഫ് സെക്രട്ടറി, വന-വന്യജീവി വകുപ്പ്: ജനവാസ മേഖലയിൽ വന്യജീവി ആക്രമണം പ്രതിരോധിക്കുന്നതിനായി സോളാർ ഫെൻസിംഗും ആനമതിലും ആനപ്രതിരോധ കിടങ്ങുകളും നിർമ്മിച്ചിട്ടുണ്ട്.

ചീഫ് സെക്രട്ടറി: വന്യമൃഗങ്ങളുടെ ആക്രമണത്തിൽ മരണപ്പെടുകയോ അപകടം സംഭവിക്കുകയോ ചെയ്യുന്നവർക്ക് കോമ്പൻസേഷൻ നൽകാറുണ്ടോ?

അഡീഷണൽ ചീഫ് സെക്രട്ടറി, വന-വന്യജീവി വകുപ്പ്: കോമ്പൻസേഷൻ നൽകാറുണ്ട്.

ജില്ലാ കളക്ടർ, പാലക്കാട്: പാലക്കാട് ജില്ലയിൽ കഴിഞ്ഞ രണ്ട് മൂന്ന് വർഷമായി വന്യജീവികളുടെ ആക്രമണം വർദ്ധിച്ചിരിക്കുകയാണ്. ആന, കാട്ടുപന്നി, മയിൽ,

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

കുരങ്ങ് എന്നിവയുടെ ആക്രമണമാണ് പ്രധാനമായിട്ടുള്ളത്. പാലക്കാട് ജില്ലയിൽ പുതുതായി ഒരു കുങ്കി ആനയെ കൊണ്ടുവന്നിട്ടുണ്ട്. കുങ്കി ആനകളെ ഉപയോഗിച്ച് പെട്ടെന്ന് പ്രശ്നപരിഹാരത്തിന് ഉപയോഗപ്പെടുത്താമെങ്കിലും ആനകളുടെ ആക്രമണം ശാശ്വതമായി തടയാൻ സാധ്യമല്ല. ധാരാളം ഫോറസ്റ്റ് ഏരിയയുള്ള പാലക്കാട് ജില്ലയിൽ കൂടുതൽ കുങ്കിയാനകളെ കൊണ്ടുവരുന്നതിനും ആനകളെ പരിശീലിപ്പിക്കുന്നതിനുമായി കുങ്കി ക്യാമ്പ് സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം. പ്രോജക്ട് എലിഫന്റ് വന്നതിനുശേഷം ആനകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം വഴി നായ്ക്കളുടെ പ്രജനനം നിയന്ത്രിക്കുന്നതിന് സാധിക്കുമെങ്കിലും അത് ആനകളുടെ കാര്യത്തിൽ ഫലപ്രദമല്ല. കർഷകരുടെ കൃഷിനാശമാണ് പ്രധാന വിഷയം. ആനകൾ റെസിഡൻഷ്യൽ ഏരിയയിൽ ഇറങ്ങുന്ന അവസ്ഥയാണ് ഇപ്പോഴുള്ളത്. ഇതുമൂലം ജനങ്ങൾ വളരെ ഭീതിയിലാണ്. ആനകളുടെ വംശവർദ്ധനവ് തടയുന്നതിനെക്കുറിച്ച് സീരിയസായി ചിന്തിച്ചില്ലെങ്കിൽ പത്ത് വർഷം കഴിയുമ്പോഴുള്ള അവസ്ഥ പ്രവചനാതീതമായിരിക്കും. കാട്ടുപന്നികളെ കൊല്ലുന്നതിനുള്ള ഓർഡർ ഇപ്പോൾ ലഭിച്ചിട്ടുള്ളതിനാൽ അതിൽ കൂടുതൽ പ്രശ്നങ്ങളില്ല. കുരങ്ങ്, മയിൽ എന്നിവയുടെ എണ്ണത്തിലും വർദ്ധനവുണ്ടാകുന്നുണ്ട്. ഇവ കാർഷികവിളകളെയാണ് കൂടുതൽ നശിപ്പിക്കുന്നത്. കൂടുതൽ മൊബൈൽ എ.ബി.സി. യൂണിറ്റിനുവേണ്ടി വെറ്ററിനറി ഡോക്ടറുടെ സേവനം അനിവാര്യമാണ്. വന്യമൃഗങ്ങളുടെ ആക്രമണം കൂടുതലുള്ള ഏരിയകളിൽ ഇത്തരത്തിലുള്ള താൽക്കാലിക പ്രോജക്ട് ഉണ്ടാക്കിയാൽ ഇത് വളരെ ഉപകാരപ്രദമായിരിക്കും.

<u>ചീഫ് സെക്രട്ടറി</u>: കാർഷിക വിള നശീകരണത്തിനെതിരെ കർശന നടപടി സ്വീകരിക്കണം. വന്യമൃഗങ്ങളുടെ ആക്രമണംമൂലം മരണപ്പെടുന്ന വ്യക്തിയുടെ കുടുംബത്തിന് കോമ്പൻസേഷൻ നൽകുന്നതുപോലെ കാർഷികവിളകൾ നശിച്ചാൽ കോമ്പൻസേഷൻ നൽകാറുണ്ടോ?

<u>അഡീഷണൽ ചീഫ് സെക്രട്ടറി, വന-വന്യജീവി വകുപ്പ്</u>: കൃഷി നാശത്തിനും കോമ്പൻസേഷൻ നൽകുന്നുണ്ട്.

<u>ചീഫ് സെക്രട്ടറി</u>: ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റാണോ അതോ കൃഷി വകുപ്പാണോ കോമ്പൻസേഷൻ നൽകുന്നത്?

<u>ജില്ലാ കളക്ടർ, പാലക്കാട്</u>: ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റാണ് നഷ്ടപരിഹാരം നൽകുന്നത്. കർഷകർക്ക് കാർഷിക വിള നാശത്തിന് കോമ്പൻസേഷൻ നൽകുന്നുണ്ടെങ്കിലും കർഷകർക്കുള്ള നഷ്ടം പരിഹരിക്കാൻ ഈ തുക പര്യാപ്തമല്ല.

<u>തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. ടി. പി. രാമകൃഷ്ണൻ)</u>: പൊതുമേഖലാ സ്ഥാപനമായ പ്ലാന്റേഷൻ കോർപ്പറേഷന്റെ തോട്ടങ്ങളിൽ ആയിരക്കണക്കിന് മരങ്ങൾ ആനകൾ കൂട്ടമായി വന്ന് നശിപ്പിക്കുന്നുണ്ട്. ഇതിനുള്ള നഷ്ടപരിഹാരം ആരാണ് നൽകുന്നത്? ഫോറസ്റ്റുമായി ചേർന്ന് നിൽക്കുന്ന

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

പ്രദേശങ്ങളിൽ പന്നിയുടെ ആക്രമണം രൂക്ഷമായതിനാൽ കാർഷിക വിളകൾ കൃഷി ചെയ്യുന്നതിന് സാധിക്കുന്നില്ല. മുൻകാലങ്ങളിൽ കർഷകർതന്നെ ഈ വിഷയം കൈകാര്യം ചെയ്തിരുന്നു. കൃഷിനാശത്തിനെതിരെ ഗവൺമെന്റ് കർശന നടപടി സ്വീകരിച്ചില്ലെങ്കിൽ കർഷകനും കൃഷിയും നശിച്ചുപോകുന്ന അവസ്ഥ സംജാതമാകും.

ചീഫ് സെക്രട്ടറി: ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് പ്രധാനമായും രണ്ടുമൂന്ന് കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. നമുക്ക് Protected Species-നെ വെടിവച്ചുകൊല്ലാൻ സാധിക്കില്ല. വന്യമൃഗങ്ങളുടെ ആക്രമണം മൂലമോ പാമ്പ് കടിമൂലമോ മരണമടഞ്ഞാൽ കോമ്പൻസേഷൻ നൽകുന്നുണ്ട്. വ്യത്യസ്ത വന്യജീവികളുടെ ആക്രമണത്തിനനുസരിച്ച് പര്യാപ്തമായ തുക കോമ്പൻസേഷനായി നൽകുന്നതിന് പ്രോപ്പർ സ്കീം ഉണ്ടായിരിക്കണം. കാർഷിക വിളകളുടെ നശീകരണത്തെക്കുറിച്ച് വലിയ പരാതികളാണ് ഉയർന്നുവരുന്നത്. കാർഷിക വിള നശിക്കുകയാണെങ്കിൽ കോമ്പൻസേഷൻ നൽകുന്നതിന് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് ഒരു സ്കീം ഉണ്ടാകണം. പ്രസ്തുത സ്കീമുണ്ടെങ്കിൽ കുറെയേറെ പരാതികൾ പരിഹരിക്കാൻ സാധിക്കും. കൂടാതെ വന്യമൃഗങ്ങളെ പിടിച്ചുകൊണ്ടുപോകുന്ന സാഹചര്യവും നിലവിലുണ്ട്. വന്യമൃഗങ്ങൾ വളർത്തുമൃഗങ്ങളെ പിടിച്ചുകൊണ്ടുപോകുന്ന സാഹചര്യത്തിൽ പല സ്റ്റേറ്റുകളിലും കോമ്പൻസേഷൻ നൽകാറുണ്ട്. പ്രസ്തുത വിഷയത്തിൽ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന് സ്പെസിഫിക്കായി ഒരു പ്രോജക്ട് ഇല്ലാത്തതിനാൽ ശാസ്ത്രീയമായ രീതിയിൽ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത് ഉചിതമായിരിക്കും.

ജില്ലാ കളക്ടർ, പത്തനംതിട്ട: റാന്നി, കോന്നി മേഖലകളിൽ വലിയ തോതിലുള്ള വന്യജീവി ആക്രമണമുണ്ട്. ശബരിമലയിലേക്ക് പോകുന്ന കാനന പാതയിൽ ആന തീർത്ഥാടകരെ ചവിട്ടി കൊല്ലുകയുണ്ടായി. ആയതിനാൽ തീർത്ഥാടകർക്ക് സമയ നിയന്ത്രണം ഏർപ്പെടുത്തി. കൂടാതെ വേസ്റ്റ് മാനേജുമെന്റുമായി ബന്ധപ്പെട്ട് കുറച്ച് വിഷയങ്ങളുണ്ട്. അതും നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിച്ചു. ബേസ് ക്യാമ്പായ നിലയ്ക്കലിൽ വലിയ തോതിൽ ആന ഇറങ്ങുന്ന ഒരു പ്രശ്നമുണ്ട്. റാന്നി മേഖലയിൽ പാമ്പ് ശല്യത്തെക്കുറിച്ച് നിരവധി പരാതികൾ ഉയർന്നുവരുന്നുണ്ട്. സ്നേക്ക് സ്ക്വാഡിനെ ഉപയോഗിച്ചുകൊണ്ടാണ് പ്രസ്തുത വിഷയം കൈകാര്യം ചെയ്യുന്നത്. സ്നേക്ക് സ്ക്വാഡിന്റെ എണ്ണം പരിമിതമായതിനാൽ എല്ലാ സ്ഥലത്തും അയയ്ക്കാൻ സാധിക്കാത്ത അവസ്ഥയാണ് ഇപ്പോഴുള്ളത്. പ്രസ്തുത വിഷയം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ: മേൽപരാമർശിച്ച നടപടികൾക്കുപുറമെ ഫോറസ്റ്റിനെ ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. ഫോറസ്റ്റിൽ വന്യമൃഗങ്ങൾക്കാവശ്യമായ ഭക്ഷണവും ജലവും ഇല്ലാത്തതിനാലാണ് അവ ജനവാസ കേന്ദ്രങ്ങളിലേക്ക് ഇറങ്ങുന്നത്. ആയതിനാൽ വനത്തിനുള്ളിൽ കൂടുതൽ ജലാശയങ്ങൾ എങ്ങനെ നിർമ്മിക്കാം എന്നതിനെക്കുറിച്ച് പരിശോധിക്കണം. വന്യമൃഗങ്ങളെ സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കാൻ സാധിക്കുമോ എന്നതും പരിശോധിക്കേണ്ടതുണ്ട്.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്: വന്യമൃഗങ്ങൾ ജനവാസ കേന്ദ്രങ്ങളിലേക്ക് ഇറങ്ങിവരുന്നതിന്റെ പ്രധാന കാരണം ഭക്ഷണം/ജലദൗർലഭ്യം തന്നെയാണ്. വന്യമഗങ്ങൾ വളർത്തുമൃഗങ്ങളെ ആക്രമിക്കുന്ന അപൂർവ്വം കേസുകളാണുള്ളത്. കാട്ടിനുള്ളിൽ മുളപോലുള്ള സസ്യങ്ങൾ വച്ച് പിടിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. തെങ്ങ്, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവ വന്യമൃഗങ്ങൾ നശിപ്പിക്കുന്നതിനാൽ വനത്തോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിൽ അവ കൃഷിചെയ്യുന്നത് ഒഴിവാക്കുന്നതാണ് അഭികാമ്യം. ഇക്കാര്യത്തെക്കുറിച്ച് കൃഷി വകുപ്പുമായി ആലോചിക്കണം. മറ്റ് കാർഷിക വിളകൾക്ക് പരിമിതമായ ആക്രമണം മാത്രമേ ഉണ്ടാകുകയുള്ളൂ. ഫോറസ്റ്റിന്റെ അനുവാദമുണ്ടെങ്കിൽ അതാത് പഞ്ചായത്ത്/ബ്ലോക്ക് തലത്തിൽ ജല ലഭ്യതയ്ക്കുവേണ്ട നടപടികൾ സ്വീകരിക്കാൻ സാധിക്കും.

ശ്രീ. വി. കെ. രാമചന്ദ്രൻ, വൈസ് ചെയർമാൻ, കേരള സംസ്ഥാന ആസൂത്രണ ബോർഡ്: കഴിഞ്ഞ ആഴ്ച ഇതിനെ സംബന്ധിച്ച് നടന്ന സെമിനാറിൽ അഡീഷണൽ ചീഫ് സെക്രട്ടറി പറഞ്ഞ കാര്യങ്ങൾ നിർദ്ദേശങ്ങളായി വന്നിട്ടുണ്ട്. ഇതിനെ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കി ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന് നൽകുന്നതാണ്.

മുഖ്യമന്ത്രി: റിപ്പോർട്ട് തരുന്നതിനുമുമ്പ് ഇവിടെ പറഞ്ഞ കാര്യങ്ങൾ പ്രാവർത്തികമാക്കാനുള്ള നടപടി സ്വീകരിക്കണം. ഫോറസ്റ്റിനുള്ളിൽ എവിടെയാണ് ഈ രീതിയിൽ ചെയ്യേണ്ടതെന്ന് കണ്ടുപിടിച്ച് അതിനാവശ്യമായ മനുഷ്യ വിഭവം നിങ്ങൾ തയ്യാറാക്കി കൊടുക്കണം. വനത്തിനുള്ളിൽ ഇതിനാവശ്യമായ ജലാശയവും മരങ്ങളും വച്ചുപ്പിടിപ്പിക്കാനുള്ള തീരുമാനം ആദ്യമെടുക്കണം.

ചീഫ് സെക്രട്ടറി: 30 മിനിട്ടിനുള്ളിൽ മീറ്റിംഗ് പൂർത്തിയാക്കണം. അതുകൊണ്ട് വിഷയങ്ങളെ സംബന്ധിച്ച് എല്ലാവരും ഒരേ അഭിപ്രായം പറയണമെന്നില്ല. കൃത്യമായിട്ടുള്ള അഭിപ്രായങ്ങൾ പറഞ്ഞുപോകണം.

പൊതു ജലാശയങ്ങളിലെ മത്സ്യക്കൃഷി

പ്രിൻസിപ്പൽ സെക്രട്ടറി, ഫിഷറീസ് ആന്റ് പോർട്ട് ഡിപ്പാർട്ടുമെന്റ്: ഇറിഗേഷന്റെയും പവർ ഡിപ്പാർട്ടുമെന്റിന്റെയും 19 റിസർവ്വോയറുകളിൽ മത്സ്യക്കൃഷി ചെയ്യുന്നതിന് പെർമിഷൻ കിട്ടിയിട്ടുണ്ട്. ഇതു കൂടാതെ എല്ലാ പഞ്ചായത്തുകളിലും ജനകീയ മത്സ്യക്കൃഷിയുടെ ഭാഗമായി കുളങ്ങളെ സംബന്ധിച്ച് സർവ്വേ നടത്തിയതിന്റെ റിപ്പോർട്ടും കൂടി ഉൾപ്പെടുത്തി പഞ്ചായത്തുതലത്തിൽ കളക്ടർമാർ തമ്മിൽ ഡിസ്ട്രിക്ട് ലെവലിൽ മീറ്റിംഗുകൾ കൂടി അടുത്ത വർഷംകൊണ്ട് മത്സ്യക്കൃഷി വർദ്ധിപ്പിക്കാൻ സാധിക്കും.

മുഖ്യമന്ത്രി: മത്സ്യം പിടിച്ചുവിൽക്കുന്നതിനെ സംബന്ധിച്ചാണ് ചർച്ച ചെയ്യുന്നത്. എല്ലാ നദികളിലും ജലാശയങ്ങളിലും മത്സ്യകുഞ്ഞുങ്ങളെ വളർത്തുന്നതിന് മത്സ്യവകുപ്പ് സംവിധാനം തയ്യാറാക്കണം. കേരളത്തിൽ മത്സ്യം വളരാൻ കൂടുതൽ

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM .

സാധ്യതയുള്ള ജലാശയങ്ങൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന സാഹചര്യമൊരുക്കണം. സ്വകാര്യ ഏജൻസികളെകൂടി ഇതിൽ ഉൾപ്പെടുത്തിയാൽ ഈ പദ്ധതി നല്ല രീതിയിൽ പ്രാവർത്തികമാക്കാൻ സാധിക്കും.

ചീഫ് സെക്രട്ടറി: മത്സ്യക്കൃഷി എന്നു പറയുന്നത് വളരെ അധികം വരുമാനമുണ്ടാകുന്ന ഒരു സംവിധാനമാണ്. ഒരു ഏക്കറിൽ നിന്ന് കയറ്റുമതിക്കുള്ള മീൻ വളർത്തിക്കഴിഞ്ഞാൽ ഒരു വർഷത്തിൽ 8 ലക്ഷം രൂപയുടെ ലാഭം കിട്ടുന്ന ഒരു സാഹചര്യമുണ്ട്. പക്ഷേ, നമ്മുടെ നാട്ടിൽ ഇതിനാവശ്യമായ പ്രോത്സാഹനം ലഭിക്കാത്തതുകൊണ്ടും അതിനെക്കുറിച്ചുള്ള അറിവ് ഇല്ലാത്തതുകൊണ്ടും മത്സ്യകൃഷി വിജയകരമല്ല എന്ന ധാരണയാണുള്ളത്. മറ്റുള്ള കൃഷികൾ ചെയ്യാൻ സാധിക്കാത്ത സ്ഥലങ്ങളിലും ജലാശയങ്ങളിലും മത്സ്യക്കൃഷിക്ക് അനുയോജ്യമായ നടപടികൾ എടുക്കണം.

കളക്ടർമാരുടെ പൊതുജന സമ്പർക്ക പരിപാടി

ചീഫ് സെക്രട്ടറി: ഇതിനെക്കുറിച്ച് നേരത്തെ ചർച്ച ചെയ്തതാണ്.

തീരദേശ കടലാക്രമണം

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): കല്ല് കിട്ടാത്തത് വലിയ പ്രശ്നമാണ്.

കോഴിക്കോട് എഡ്യൂക്കേഷൻ ഹബ്ബ്

ജില്ലാ കളക്ടർ, കോഴിക്കോട്: കോഴിക്കോട് വിദ്യാഭ്യാസ വകുപ്പിന്റെ കൈവശമുള്ള സ്ഥലത്തിൽ DDE, VHSE, HSE, DEO, KKD, KITE എന്നീ ഓഫീസുകൾ ഉൾപ്പെടുത്തി ഒരു രൂപരേഖ തയ്യാറാക്കിവരികയാണ്. എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിലെ എല്ലാ ഉദ്യോഗസ്ഥന്മാരും ഇതിൽ പങ്കെടുക്കുന്നുണ്ട്. ഡിസൈൻ കഴിഞ്ഞതിനുശേഷം അടുത്ത നടപടികളാരംഭിക്കും.

പ്രഭാകര കമ്മീഷന്റെ ഇതുവരെ നടപ്പാക്കിയ പദ്ധതികൾ, നടപ്പാക്കുന്ന പദ്ധതികൾ

ജില്ലാ കളക്ടർ, കാസർഗോഡ്: ആകെ 348 കുട്ടികൾക്ക് നൽകുന്നതിന് എ.എസ് കിട്ടിയിട്ടുണ്ട്. 204 പ്രോജക്ടുകൾ പൂർത്തിയാക്കിയിട്ടുണ്ട്. 2019-ലെ 204 പ്രോജക്ടുകൾ പൂർത്തിയാക്കിയിട്ടുണ്ട്. എല്ലാ പ്രോജക്ടുകളും റൺ ചെയ്യുന്നുണ്ട്. ആകെ നാല് പദ്ധതികൾ അംഗീകരിച്ചിട്ടുണ്ട്.

ചീഫ് സെക്രട്ടറി: അന്ന് നടന്ന മീറ്റിംഗിൽ പറഞ്ഞതുപോലെ പുതിയ ആശുപത്രികൾ നിർമ്മിക്കുമ്പോൾ മെഡിക്കൽ വേയ്സ്റ്റ് ട്രീറ്റ് ചെയ്യുന്നതിനെ സംബന്ധിച്ചുള്ള സംവിധാനം കൂടി പ്ലാനിൽ ഉൾപ്പെടുത്തണം.

ജില്ലാ കളക്ടർ, കാസർഗോഡ്: ശരി.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

CMDRF ഉൾപ്പെടെയുള്ള ആശ്വാസ ധനസഹായ വിതരണത്തിന്റെ കാലതാമസം

ശ്രീ. വി. എസ്. സെന്തിൽ, മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി : മുഖ്യമന്ത്രിയുടെ പരാതി പരിഹാര സംവിധാനം വഴി 2,50,000 ത്തോളം പരാതികൾ ലഭിച്ചിട്ടുണ്ട്. ഏകദേശം 1,60,000 പരാതികൾ തീർപ്പാക്കാൻ സാധിച്ചിട്ടുണ്ട്. 50,000 പരാതികൾ ബാക്കിയുണ്ട്. ഒരു പരാതി കിട്ടിക്കഴിഞ്ഞാൽ അതാരാണോ ഫൈനലി തീർപ്പാക്കേണ്ടത് ആ ഓഫീസർക്ക് നേരിട്ട് ഓൺ ലൈനിൽ കൊടുക്കേണ്ട ഒരു സിസ്റ്റമാണ് ഇപ്പോൾ നിലവിലുള്ളത്. സി.എം. ന്റെ ഓഫീസിൽ ഒരു പരാതി കിട്ടിക്കഴിഞ്ഞാൽ 36 hours it reaches the person who has taken decision on that. ആ രീതിയിൽ ഒരു രീതി കൊണ്ടുവന്നിട്ടുണ്ട്. 2017 - ൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഏകദേശം 888 ദിവസങ്ങൾ ഒരു പരാതി തീർപ്പാക്കാനുള്ള സമയമായിരുന്നത് 25 ദിവസമായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. സി.എം. ആവശ്യപ്പെട്ടതനുസരിച്ച് 15 ദിവസമായി ചുരുക്കാൻ സാധിക്കണമെങ്കിൽ റെഗുലർ ആയി മോണിറ്റർ ഉണ്ടാകണം. ഒരു ഓഫീസിലും ഇത് മോണിറ്റർ ചെയ്യുന്നില്ല. അതുകൊണ്ടാണ് ഇത് ഇവിടെ റെയ്സ് ചെയ്യാൻ കാരണം. ഇതുപോലെ CMDRF-ന്റെ കാര്യത്തിലും 175 ദിവസമുണ്ടായിരുന്നത് ഇപ്പോൾ 22 ദിവസമായി ചുരുക്കാൻ സാധിക്കുന്നുണ്ട്. സി.എം. ആവശ്യപ്പെട്ടിരുന്നത് 100 മണിക്കൂറിനുള്ളിൽ ബാങ്ക് അക്കൗണ്ടിലേക്ക് ആനുകൂല്യം കൊടുക്കാൻ സാധിക്കണമെന്നാണ്. 90 percentage of CMDRF assistance have been primarily with respect to medical case അതിന് മെഡിക്കൽ സർട്ടിഫിക്കറ്റ് കളക്ട് ചെയ്ത് അയയ്ക്കുന്നതിനുവേണ്ടി മാത്രമാണ് ഇപ്പോൾ തടസ്സം വരുന്നത്. അതിന് ഡോക്ടർമാർക്ക് ഒരു മൊബൈൽ ആപ് വഴി മെഡിക്കൽ സർട്ടിഫിക്കറ്റ് നേരിട്ട് അപ്ലോട് ചെയ്യാനുള്ള സംവിധാനം നടപ്പിലാക്കുന്നതിന് ഹെൽത്ത് ഡിപ്പാർട്ടുമെന്റ് കുറച്ച് സ്റ്റെപ്സ് എടുത്തിട്ടുണ്ട്. ഐ.എം.എ.- യുമായി മീറ്റിംഗ് നടത്തി നടപടി സ്വീകരിക്കാവുന്നതാണ്. ഇതൊരു വലിയ റിലീഫ് ആയിരിക്കും. അപേക്ഷ കിട്ടിക്കഴിഞ്ഞാൽ 100 ദിവസത്തിനകം പൈസ കൊടുക്കാൻ സാധിക്കും. ഓരോ ഡിസ്ട്രിക്ടിലും ഓൺ ലൈൻ സിസ്റ്റമായതുകൊണ്ട് ഏത് ഓഫീസറുടെ കീഴിലാണ് ഈ പരാതി എത്ര നാളായി പെന്റിംഗ് ആയതെന്നുള്ളത് അറിയാൻ സാധിക്കും. ഡിസ്ട്രിക്ടിലും താലൂക്കിലും വില്ലേജിലുമുള്ള കാര്യങ്ങൾ അറിയാൻ സാധിക്കും. വളരെ അധികം ഡിലേ ഉള്ള കേസ്സുകൾ മുഴുവനും ഞാൻ തന്നെ കത്തെഴുതി കളക്ടർമാർക്കും ഓഫീസേഴ്സിനും കൊടുക്കുന്നുണ്ട്. ഇതെല്ലാം സി.എസിന്റെ സെക്രട്ടറീസ് കമ്മിറ്റിയിലും ഈ റിവ്യൂ കമ്മിറ്റിയിലും കൃത്യമായി മോണിറ്റർ ചെയ്ത് പോയാൽ അച്ചീവ് ചെയ്യാൻ സാധിക്കും. കളക്ടേഴ്സ് ചെയ്യേണ്ടത് നിങ്ങൾ താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥന്മാരുടെ ലിസ്റ്റുകൾ ആഴ്ചയിലൊരിക്കൽ മോണിറ്റർ ചെയ്യണം. അങ്ങനെയാണെങ്കിൽ ഇവിടെ പറഞ്ഞ കാര്യങ്ങളായ 100 മണിക്കൂർ കൊണ്ട് CMDRF-ന്റെ ബെനിഫിറ്റ് അക്കൗണ്ടിലെത്തിക്കാൻ സാധിക്കും. പോസിറ്റീവായ റെസ്പോൺസ് കൊടുത്ത് ചെയ്യാൻ പറ്റുമോ എന്നുള്ള കാര്യത്തിൽ വ്യക്തത വരുത്താൻ സാധിക്കും. ഈ വർഷം മാർച്ചോടുകൂടി അച്ചീവ് ചെയ്യാൻ കഴിയണമെന്നാണ് ലക്ഷ്യമിടുന്നത്.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

മുഖ്യമന്ത്രി: വില്ലേജ് ഓഫീസുകൾ കൂടി നോക്കുന്നത് നല്ലതായിരിക്കും.

ജില്ലാ കളക്ടർ, വയനാട്: ഫാമിലി ബെനിഫിറ്റ് സ്കീം പെൻഷൻ 2015 മുതൽ മുടങ്ങിക്കിടക്കുകയാണ്. കുടുംബത്തിൽ മരണം സംഭവിച്ചാൽ 40,000 രൂപ കിട്ടുന്ന സെൻട്രൽ ഗവൺമെന്റ് പദ്ധതിയാണ്. നിരവധി ജെന്യുൻ ആയിട്ടുള്ള അപേക്ഷകൾ 2015 മുതൽ കിട്ടിയിട്ടുണ്ട്. ഉത്തരവ് ആയിട്ടുണ്ട്. പൈസ കിട്ടിയാൽ അപ്പോൾത്തന്നെ കൊടുക്കുന്നതാണ്. മൂന്നു വർഷമായി കേന്ദ്രത്തിൽ നിന്ന് ഫണ്ട് ലഭിച്ചിട്ടില്ല. പദ്ധതി ഇപ്പോഴും ലൈവാണ്.

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്: ഫിനാൻസിൽ വന്നിട്ട് നേരിട്ട് കളക്ടർമാർക്ക് വരുന്ന ഫണ്ടാണ്.

ഇ-ഓഫീസ് നടപ്പാക്കൽ

ശ്രീ. ബിശ്വനാഥ് സിൻഹ, പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്: ഏറ്റവും വിജയകരമായി ഇംപ്ലിമെന്റ് ചെയ്യാൻ കഴിയുന്ന പ്രോഗ്രാമാണ് ഇ-ഓഫീസ്. ഇത് സെക്രട്ടേറിയറ്റിൽ ചെയ്തുകഴിഞ്ഞു. ഇംപ്ലിമെന്റ് ചെയ്യാൻ സമയത്ത് രണ്ടുമൂന്ന് ഇഷ്യൂസുണ്ടായി. ഇ-ഓഫീസ് എന്നു പറയുന്ന ഓഫീസ് സോഫ്റ്റ്വെയർ യൂസർ അക്സബിലിറ്റി കുറവുള്ള ഒരു സംവിധാനമാണ്. സ്കെയിൽ അപ് ചെയ്യാൻ ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ട്. കഴിഞ്ഞ മൂന്നു വർഷവും ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ സിസ്റ്റം ഹാങ്ങാകുന്ന ഒരു അവസ്ഥ ഉണ്ടായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ വളരെ വിശദമായി പരിശോധിച്ചശേഷം ഇ- ഓഫീസ് മാറ്റി ഒരു പുതിയ ഡിജിറ്റൽ സിസ്റ്റം വർക്ക് ഔട്ട് ചെയ്യാനും തീരുമാനമുണ്ടായി. പൊതുവിൽ പറയാനുള്ള കാര്യം ഇ- ഓഫീസ് റീപ്ലേയ്സ് ചെയ്യുമ്പോൾ ഇപ്പോഴുള്ള ഡാറ്റാ മുഴുവനും പുതിയ സോഫ്റ്റ്വെയർ വരുമ്പൊൾ അതിലേക്ക് മാറ്റണം. ഏതെങ്കിലും ഡിപ്പാർട്ടുമെന്റിന് ഈ സംവിധാനം ഉപയോഗിക്കുകയാണെങ്കിൽ മുന്നോട്ടുപോകാൻ തടസ്സമൊന്നുമില്ല. പുതിയ സോഫ്റ്റ്വെയറിലേക്ക് മാറ്റാൻ വലിയ ചെലവ് വരും. അതാത് ഡിപ്പാർട്ട്മെന്റ് ഈ തുക വഹിക്കാൻ തയ്യാറാകണം. അങ്ങനെയാണെങ്കിൽ ഈ സംവിധാനം ഇംപ്ലിമെന്റ് ചെയ്യാവുന്നതാണ്. ഡിസ്ട്രിക്റ്റ് ലെവലിൽ പ്രത്യേകിച്ച് റവന്യൂ ഡിപ്പാർട്ടുമെന്റിനുകീഴിൽ വരുന്ന ഡിപ്പാർട്ടുമെന്റുകൾക്ക് ഫണ്ട് കൊടുത്തിട്ടുണ്ട്. ഈ ഡിപ്പാർട്ടുമെന്റുകൾ ഫൈനലി കമ്പ്യൂട്ടറൈസ്ഡ് സിസ്റ്റം പ്രൊക്യുർ ചെയ്യുന്നതിനും ഇക്യുപ്മെന്റ്സ് പ്രൊക്യുയർ ചെയ്യുന്നതിനുവേണ്ടിയാണ് പല ഓഫീസും ഈ ഫണ്ട് ഉപയോഗിക്കുന്നത്. അത് ചെയ്യാൻ പാടില്ല. ഐ.റ്റി. ഡിപ്പാർട്ടുമെന്റിന്റെ അജണ്ടയായി വന്ന ഒരു കാര്യം കൂടി സൂചിപ്പിക്കാനുണ്ട്. പബ്ലിക് വൈ-ഫൈ സംവിധാനം ഇപ്പോൾ 2000 സ്ഥലങ്ങളിൽ ഫങ്ഷനിലാണ്. കഴിഞ്ഞ കളക്ടേഴ്സ് മീറ്റിംഗിൽ പറഞ്ഞതായിരുന്നു. എല്ലാ പബ്ലിക് വൈ-ഫൈ ഹോട്ട് സ്പോട്ടും ഒരു സർക്കാർ ഓഫീസുമായി ബന്ധപ്പെട്ടാണ് കണക്ട് ചെയ്തിരിക്കുന്നത്. ഒരു പവർ സപ്ലൈ അതിനാവശ്യമാണ്. അഞ്ച് മണിക്ക് സർക്കാർ ഓഫീസ് അടച്ചു പോകുമ്പോൾ ഈ പവർ സപ്ലൈ ഓഫ് ചെയ്ത് കഴിയുമ്പോൾ രാത്രിയിൽ കിട്ടാത്ത സാഹചര്യമുണ്ടായിരുന്നു. മൊത്തം 2000 ഇപ്പോൾ ഏകദേശം

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

60-70 ഹോട്ട്സ്പോട്ടുകളിൽ മാത്രമേ അങ്ങനെ സംഭവിക്കുകയുള്ളൂ. ബാക്കിയുള്ള സ്ഥലത്തെല്ലാം ആൾട്ടർനേറ്റീവ് സിസ്റ്റമുണ്ടാക്കി. അതുപോലെയുള്ള പ്രശ്നം എല്ലാ ജില്ലകളിലുമുണ്ട്. അതുകൊണ്ട് എല്ലാ കളക്ടർമാർക്കും ആ ലിസ്റ്റ് തരാം. അതിൽ നിങ്ങൾ പ്രത്യേകം ശ്രദ്ധയെടുത്ത് ഈ മാർച്ചുകൊണ്ട് നേരത്തെ പറഞ്ഞ എല്ലാ ഡെവലപ്മെന്റും ഉൾപ്പെടുത്തി ക്ലോസ് ചെയ്യാനുള്ള ഒരു സംവിധാനമുണ്ടാക്കണം. മൊബൈൽ ടവേഴ്സിന് പെർമിഷൻ കൊടുക്കുന്നതു സംബന്ധിച്ച സമിതിയുടെ ചെയർമാൻ ജില്ലാ കളക്ടറാണ്. മൊബൈൽ ടവർ വയ്ക്കുന്നതിനെതിരെ വരുന്ന പരാതികളിൽ തീരുമാനം നീണ്ടു പോകുകയാണ് ചെയ്യുന്നത്. ടെലികമ്മ്യൂണിക്കേഷൻ വകുപ്പ് റേഡിയേഷൻ പരിശോധിക്കുന്നതിനായി ഒരു സെൽ കേരളത്തിൽ വച്ചിട്ടുണ്ട്. മൊബൈൽ ടവർ എവിടെ ഉണ്ടാക്കണമെങ്കിലും അവർ പരിശോധിച്ച് റേഡിയേഷന്റെ ലെവൽ നോക്കി സേഫാണെന്ന് ഉറപ്പുവരുത്തി മാത്രമേ ടവർ എനർജൈസ് ചെയ്യുകയുള്ളൂ. അതിനാൽ റേഡിയേഷൻ ഉണ്ടാകാൻ സാധ്യതയുണ്ടെന്ന് പരാതി പറഞ്ഞാലും നിങ്ങൾ ശ്രദ്ധിക്കേണ്ട കാര്യമില്ല. പക്ഷേ, ടെലികോം കമ്മിറ്റി വിളിച്ചുകൂട്ടി ഈ കാര്യങ്ങൾ പരാതി തരുന്നവരുടെ അറിയിക്കുന്ന ഒരു റോൾ ചെയ്യാനുണ്ട്. ചില ജില്ലകളിൽ കഴിഞ്ഞ 8 മാസമായി ടെലികോം കമ്മിറ്റി കൂടിയിട്ടില്ല. അടുത്ത രണ്ടു മാസം കൊണ്ടുതന്നെ ടെലികോം കമ്മിറ്റി കൂടി പെൻഡിംഗായിട്ടുള്ള അപേക്ഷ തീർപ്പാക്കണം. പുത്തുമലയിൽ ഒരു മൊബൈൽ ടവർ സ്ഥാപിക്കുന്നതിന് പെർമിഷൻ ചോദിച്ചിരുന്നു. അത് സ്റ്റോപ് മെമ്മോ കൊടുത്ത് നിർത്തിവച്ചിരിക്കുകയായിരുന്നു. അവിടെ റേഞ്ച് ഇല്ലായിരുന്നു. അതിൽ കളക്ടർമാർ നേരിട്ട് ഒരു സമീപനം എടുക്കണം.

(നടപടി- എല്ലാ ജില്ലാകളക്ടർമാർ)

പഞ്ചിംഗ്

പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്: സർക്കാർ ഉത്തരവ് അനുസരിച്ച് എല്ലാ സർക്കാർ ഓഫീസുകളിലും ജൂൺ 20 - നു മുമ്പ് ബയോ മെട്രിക് പഞ്ചിംഗ് സിസ്റ്റം സ്ഥാപിക്കേണ്ടതാണ്. ആ സിസ്റ്റം അനുസരിച്ച് പല ഓഫീസുകളിലും നിലവിലുള്ള പഞ്ചിംഗ് മെഷീനുകളുണ്ട്. അതിന്റെ അനുയോജ്യത നോക്കി അതാത് സിസ്റ്റത്തിൽ ട്രാൻസ്പോർട്ട് ചെയ്യും. കെൽട്രോണാണ് ഇതിന്റെ ഏജൻസി. കൂടാതെ മെസിനിയന്റ് & സ്പെസിഫിക്കേഷൻ സ്റ്റേറ്റ് ലെവൽ തീരുമാനമായിട്ടുണ്ട്. അത് കെൽട്രോണിന്റെ കീഴിലാണ്. കെൽട്രോണിന്റെ ആദ്യ ടാർജറ്റാണ്. ആദ്യ ഘട്ടമായി എല്ലാ സിവിൽ സ്റ്റേഷനുകളിലും ജനുവരി 31-നു മുമ്പ് സ്ഥാപിക്കുന്നതാണ്. കളക്ടർമാർ പ്രത്യേകമായി റഗുലർ റിവ്യൂ മീറ്റിംഗ് കെൽട്രോൺ റെപ്രസന്റേറ്റീവുമായി നടത്തണം. ഇതിനുള്ള മെഷീൻ/ആപ്ലിക്കേഷനുണ്ടെങ്കിൽ ബുദ്ധിമുട്ടില്ല.

ചീഫ് സെക്രട്ടറി: പഞ്ചിംഗിനെപ്പറ്റി പറയാനുള്ളത്, You have to implement this because it is a matter of enforcing discipline among officers. അപ്പോൾ അത് ചില ജില്ലകളിൽ കളക്ടർമാർ നടപ്പിലാക്കാൻ ശ്രമിക്കുന്നുണ്ട്. മറ്റു ജില്ലകൾ അതിനുള്ള സ്റ്റെപ്പ്

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM.

എടുത്തതായി കാണുന്നില്ല. പഞ്ചിംഗ് കൃത്യമായും നടപ്പിലാക്കേണ്ടതിനാൽ അതിനുള്ള സ്റ്റെപ്സ് എല്ലാ ജില്ലാ കളക്ടർമാരും എടുക്കേണ്ടതായിട്ടുണ്ട്. **(നടപടി- എല്ലാ ജില്ലാകളക്ടർമാർ)**

ഭക്ഷ്യധാന്യ വിതരണം

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്: റിലീഫ് നൽകിയത് സംബന്ധിച്ച് ഒരുപാട് പരാതികളുണ്ട്. അർഹതപ്പെട്ട ആളുകൾക്ക് ഇനി ആനുകൂല്യങ്ങൾ കൊടുക്കാൻ ബാക്കിയുണ്ടോ? ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുവേണ്ടിയുള്ള നിലപാട് സ്വീകരിക്കണം. പല സ്ഥലങ്ങളിലും പരാതി വരുന്നുണ്ട്. പഞ്ചായത്തുകളിൽ നിന്ന് ധാരാളം പരാതികൾ വരുന്നുണ്ട്. ഇതിന്റെ യാഥാർത്ഥ്യം മനസ്സിലാകണം. അല്ലെങ്കിൽ ഇത് സമയബന്ധിതമായി കൊടുത്തു തീർക്കാനുള്ള ഏർപ്പാട് ചെയ്യണം.

വൈസ് ചെയർമാൻ, കേരള സംസ്ഥാന ആസൂത്രണ ബോർഡ്: 2019-ലെ Disaster ന്റെ വെളിച്ചത്തിലുണ്ടായിട്ടുള്ള റിലീഫ് നടപടികളെക്കുറിച്ച് നേരത്തേ പറഞ്ഞിരുന്നു. അതായത് ക്യാമ്പിൽ താമസിച്ച 1.3 ലക്ഷം ആൾക്കാർക്ക് 10,000 രൂപ നൽകിക്കഴിഞ്ഞു. ക്യാമ്പിനു പുറത്ത് വീടുകളിൽ/മറ്റുസ്ഥലങ്ങളിൽ താമസിച്ചിട്ടുള്ള ആൾക്കാരുടെ മറ്റൊരു 1.3 ലക്ഷം പേർക്ക് കൊടുക്കാനുണ്ട്. അതിൽ 75,000 പേർക്ക് കൊടുത്തു കഴിഞ്ഞു. ഇനി ബാക്കി നിൽക്കുന്നുണ്ട്. ഭാഗികമായും പൂർണ്ണമായും വീടുകൾ ടാമേജായവർക്ക് പണം കൊടുത്തു തുടങ്ങിയിട്ടില്ല. അത് ഈ ആഴ്ചയോടു കൂടി ആദ്യ ഗഡു കൊടുത്തുതുടങ്ങും.

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്: അന്ന് ഗവൺമെന്റ് തീരുമാനിച്ചത് ക്യാമ്പിലുള്ളവർ തന്നെ അർഹതപ്പെട്ടവർ ആണോ അല്ലയോ എന്നു പരിശോധിക്കണമെന്നാണ്.

വൈസ് ചെയർമാൻ, കേരള സംസ്ഥാന ആസൂത്രണ ബോർഡ്: അത് പരിശോധിച്ചിട്ടുണ്ട്. അത് പരിശോധിച്ച് ഉറപ്പാക്കുന്നതിന് പഞ്ചായത്ത് സെക്രട്ടറിയെയും വില്ലേജ് ഓഫീസറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്: പക്ഷെ തീരുമാനത്തിനു വിരുദ്ധമായി, പരിശോധന നടത്താതെ ആദ്യഘട്ടത്തിൽ ക്യാമ്പിൽ താമസിച്ചു എന്നുള്ള ഏക കാരണത്താൽ ആനുകൂല്യം കൊടുത്തിട്ടുണ്ട്.

ഉദ്യോഗസ്ഥൻ: അർഹതപ്പെട്ടത് അല്ലാത്ത ആൾക്കാർക്കു പോയിട്ടുള്ള ചില കേസുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടായിരുന്നു. അത് കളക്ടർമാർ തന്നെ നിർദ്ദേശം കൊടുത്തിട്ട് പണം തിരിച്ചു വാങ്ങുകയും ചെയ്തിട്ടുണ്ട്. പല ജില്ലകളിലും അത് സംഭവിച്ചിരുന്നു. പ്രത്യേകിച്ചും ഇൻഫർമേഷൻ എന്തെങ്കിലും നൽകിയാൽ അത് ഫോളോ അപ് ചെയ്ത് വാങ്ങാം.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്: ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ നിന്നും കൊടുത്ത നിർദ്ദേശത്തിൽ വന്ന പിശകാണത്. ഗവൺമെന്റ് തീരുമാനിച്ചതിന് വ്യത്യസ്ഥമായ നിർദ്ദേശം ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ നിന്നും പോയി. അതുകൊണ്ടാണ് ഈ ഒരു തകരാറ് വന്നത്. ഇല്ലെങ്കിൽ ഇത് വളരെ നല്ല നിലയിൽ ഈ വർഷം നടപ്പിലാക്കിയ ഒരു പ്രശ്നമാണ്. അർഹതപ്പെട്ടവർക്ക് സഹായം കിട്ടുക എന്നുള്ളത്. ഇതിൽ കുറച്ചു പ്രശ്നങ്ങൾ തുടക്കത്തിൽ വന്നു.

33. ഭക്ഷ്യധാന്യ വിതരണം

ശ്രീമതി മിനി ആന്റണി, സെക്രട്ടറി, ഭക്ഷ്യ സിവിൽ സപ്ലൈസും സഹകരണവും വകുപ്പ് : സിവിൽ സപ്ലൈസിന്റെ ഇൗ രണ്ടാമത് തന്നിരിക്കുന്ന volume ത്തിലെ പേജ് നമ്പർ 24 ഐറ്റം 9 -ൽ ബ്രീഫ് ആയി അജണ്ട ഐറ്റംസ് കളക്ടർമാർ ചെയ്യേണ്ട കാര്യങ്ങൾ പ്രത്യേകമായി പറഞ്ഞിട്ടുണ്ട്. ഒന്നാമത്തേതും രണ്ടാമത്തേതും മൂന്നാമത്തേതും ഭക്ഷ്യഭദ്രതാ നിയമത്തിന്റെ ഇംപ്ലിമെന്റേഷന്റെ ഭാഗമായി നടപ്പാക്കേണ്ട മൂന്ന് components ആണ്. ആദ്യത്തേത് ജില്ലാ താലൂക്ക് റേഷൻകടതല വിജിലൻസ് കമ്മിറ്റികളുടെ Formation ആണ്. അതിൽ ജില്ലയും താലൂക്കും നോമിനേഷൻസ് ആണ് ഗവൺമെന്റിലേക്ക് തരേണ്ടത്. 2018 ൽ തന്നെ അതിൽ ഒരു സർക്കാർ ഉത്തരവ് കളക്ടേഴ്സിനു തന്നിരുന്നു. റേഷൻകട തലത്തിലുള്ളത് കളക്ടേഴ്സ് തന്നെയാണ് ഫോം ചെയ്യേണ്ടത്. ആ കാര്യത്തിൽ ഒന്നു ശ്രദ്ധിക്കണം. അത് complete ആയിട്ടില്ല. ഗവൺമെന്റ് ഓഫ് ഇന്ത്യയ്ക്ക് അതിൽ ഒരു റിപ്പോർട്ട് സ്റ്റേറ്റ് കൊടുക്കേണ്ടതാണ്. രണ്ടാമത്തേത് നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്ട് പ്രകാരമുള്ള ഗോഡൗണുകളുടെ നിർമ്മാണമാണ്. അത് എല്ലാ കളക്ടേഴ്സ് കോൺഫറൻസിലും നമ്മൾ വളരെ സീരിയസ്സായി ചർച്ച ചെയ്യുന്നതാണ്. സ്ഥലം കണ്ടെത്തുന്നതിൽ വലിയ പുരോഗതിയൊന്നും ഉണ്ടാകുന്നില്ല. സർക്കാർ തന്നെ മൊത്ത വിതരണക്കാർക്ക് പകരം AWDS നു പകരം വിതരണം ഏറ്റെടുത്തിരിക്കുന്ന സാഹചര്യത്തിൽ നമുക്ക് ഗോഡൗണുകളുണ്ടാകേണ്ടതുണ്ട്. അതുകൊണ്ട് ആ സ്ഥലം കണ്ടുപിടിക്കുക എന്ന കാര്യത്തിൽ കളക്ടർമാരുടെ ഭാഗത്തു നിന്നും ഒരു താലൂക്കിന് ഒന്നെങ്കിലും നല്ല ഗോഡൗണിന് ഉള്ള Space കണ്ടുപിടിച്ച് തരണം. അത് ഗവൺമെന്റിന്റെ തന്നെ ഒരു ജോലിയാകുമ്പോൾ നമുക്ക് പ്രൈവറ്റ് ഗോഡൗണുകൾ കോടിക്കണക്കിന് രൂപ വാടകയിനത്തിൽ നൽകി ആ ജോലി ചെയ്യുന്നതിനേക്കാളും നമുക്ക് തന്നെ അതിൽ സ്വയം പര്യാപ്തത ഉണ്ടാകേണ്ടതായിട്ടുണ്ട്. മൂന്നാമതായി ജില്ലാതല പരാതി പരിഹാര ഓഫീസുകളിൽ, അത് ഡിസ്ട്രിക്റ്റ് ഗ്രീവൻസ് റിഡ്രസ്സൽ ഓഫീസ് എന്നു പറയുന്നത് നിങ്ങളുടെ ADM തന്നെയാണ്. അദ്ദേഹത്തിനുള്ള ഒരു സപ്പോർട്ട് സ്റ്റാഫിനെ ഈ കാര്യത്തിൽ കൊടുക്കാനും സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിൽ നിന്ന് ഉത്തരവുകൾ നൽകിയിട്ടുണ്ട്. അപ്പോൾ ആ സംവിധാനം പ്രവർത്തനക്ഷമമാണെന്ന് കളക്ടർമാർ ഉറപ്പു വരുത്തേണ്ടതുണ്ട്. നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്ട്റ്റിന്റെ മൂന്ന് components കളക്ടേഴ്സ് ലെവലിൽ ഒരു പ്രത്യേകം മോണിറ്ററിംഗ് വേണ്ടതാണ് ഈ എഴുതിയിരിക്കുന്നത്. പിന്നെ ഒരു കാര്യം പ്രധാനമായും ഈ അജണ്ടയ്ക്ക് പുറത്ത്

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

ഇന്ന് രാവിലെ ഓപ്പണിംഗ് റിമാർക്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, പൊതു സ്ഥലങ്ങളിൽ/പുറമ്പോക്കുകളിലെ പ്രത്യേകിച്ച് വീടില്ലാതെയൊക്കെ കഴിയുന്നവരുടെ റേഷൻകാർഡ് ലഭിക്കുന്നതിലുള്ള ബുദ്ധിമുട്ട് കൊണ്ട് അവർക്ക് ലൈഫ് പോലുള്ള പദ്ധതികളിലും ചികിത്സാ സഹായത്തിനുമൊക്കെ ബുദ്ധിമുട്ട് നേരിടുന്നതായി പറഞ്ഞിരുന്നു. ആ കാര്യത്തിൽ നമ്മുടെ ഭാഗത്തു നിന്നും ആ കാര്യത്തിൽ ഒരു നയം തന്നെ മാറിയ കാര്യമൊന്ന് മനസ്സിലാക്കണമെന്നാണ് പറയാനുള്ളത്. പഴയ റേഷനിംഗ് കൺട്രോൾ ഓർഡർ അനുസരിച്ച് അതായത് നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്ട് വരുന്നതിന് മുമ്പ് ഒരു അടുക്കളയുള്ള കുടുംബത്തിനാണ് റേഷൻ കാർഡ് കൊടുത്തിരുന്നത്. അതുകൊണ്ട് അവരുടെ റെസിഡന്റ്സ് സർട്ടിഫിക്കറ്റെന്ന് പറയുന്നത് വളരെ പ്രധാനപ്പെട്ട രേഖയായെടുത്താണ് റേഷൻ കാർഡ് കേരളത്തിൽ കൊടുത്തുകൊണ്ടിരുന്നത്. ഇപ്പോൾ നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്ട് വന്നപ്പോൾ ആധാർ എനേബിൾഡ് പിഡിഎസാണ് (എ.ഇ.പി.ഡി.എസ്.) ആണ് നമ്മുടേത്. അപ്പോൾ അയാളുടെ വിഹിതം ഒരു വ്യക്തിയുടെ റൈറ്റായി മാറി. ആധാർ നമ്പരും റേഷൻ കടയിലെ ഇ-പോസ് മെഷീൻ വഴി ആധാർ നമ്പർ ഏതാണെന്നുള്ളത് സെർച്ച് ചെയ്ത് വളരെ ഐഡെന്റിഫൈ ചെയ്ത് കൊടുക്കുന്ന സംവിധാനമാണ് 14,135 റേഷൻ കടകളും ഓട്ടോമേറ്റഡാണ്. അങ്ങനെയാണ് റേഷൻ കൊടുത്തുകൊണ്ടിരിക്കുന്നത്. മാത്രമല്ല, ഒരു വ്യക്തിക്കാണെങ്കിലും റേഷൻ കൈപ്പറ്റുന്നതിനുള്ള പ്രൊവിഷനുമുണ്ട്. ആ സാഹചര്യത്തിൽ രണ്ടുമൂന്ന് പ്രാവശ്യം കൊടുത്ത നിർദ്ദേശങ്ങൾ വീണ്ടും ആവർത്തിച്ച് തിരുവനന്തപുരത്ത് പ്രത്യേക സംഭവമുണ്ടായ സാഹചര്യത്തിൽ കൊടുത്തിട്ടുണ്ട്. അതായത് എല്ലാ പുറമ്പോക്കുകളിലും അതുപോലെ പാലങ്ങൾ മറ്റു ചില നിർമ്മിതികൾ അതിന്റെ അടിയിൽ വീടില്ലാതെ ഒറ്റപ്പെട്ട് കഴിയുന്നവർ അവരുടെയൊക്കെ റേഷൻ കാർഡുകൾ സമയബന്ധിതമായി കൊടുത്തു തീർക്കാനും വീടെന്നു പറയുന്ന കോൺസെപ്റ്റിൽ നിന്ന് ഒരൽപ്പം മാറി ചിന്തിക്കാനുമുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. റേഷനിംഗ് കൺട്രോൾ ഓർഡറും പുതിയ ആക്ടിന്റെ അടിസ്ഥാനത്തിൽ പുതിയ ഓർഡർ വരികയാണ്. അതും നിലവിൽ വരുന്നതോടുകൂടി പൂർണ്ണമായും ആ കാര്യത്തിൽ നൂറുശതമാനം കവറേജ് സ്റ്റേറ്റിനുണ്ടാക്കണം. അതാണ് പ്രധാനമായും പറയാനുള്ളത്. 3.62 കോടി റേഷൻ കാർഡ് മാനേജ്മെന്റ് സിസ്റ്റത്തിൽ പോപ്പുലേഷൻ ഐഡന്റിഫൈഡാണ്. റേഷൻ കാർഡ് കൊടുത്തിട്ടുണ്ട്. അതിൽ 3.54 കോടി എൻ.ആർ.ഐ.എസ്. ഉൾപ്പെടെയുള്ള ഇല്ലാത്തവർക്ക് റേഷൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ ഒരു പ്രശ്നമുണ്ടെങ്കിൽ അത് കളക്ടർമാർ ശ്രദ്ധിക്കണം. ഏഴാം തീയതി വീണ്ടും നിർദ്ദേശം കൊടുത്തിട്ടുണ്ട്. മറ്റുകാര്യങ്ങൾ അജണ്ടയിൽ പറഞ്ഞിട്ടുണ്ട്.

<u>ജില്ലാ കളക്ടർ, കോഴിക്കോട് :</u> എല്ലാ താലൂക്കിലെയും ഗോഡൗണിനുവേണ്ടി ലാന്റ് കണ്ടെത്തിയിട്ടുണ്ട്. ആദ്യം ഇൻസ്റ്റിറ്റ്യൂഷനുകൾക്ക് ഫ്രീയായി പെർമിറ്റുള്ളവർക്ക് റൈസ് കൊടുക്കുന്ന വ്യവസ്ഥയുണ്ടായിരുന്നു. ഇപ്പോൾ നിർത്തിവച്ചു. ഫിനാൻഷ്യൽ

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

സപ്പോർട്ടില്ലാത്ത മെന്റൽ ഹോസ്പിറ്റലിലും ലെപ്രസി ഹോസ്പിറ്റലിലും റൈസ് കൊടുത്താൽ നന്നായിരിക്കും. ഇപ്പോൾ അവിടെ റൈസില്ലാത്ത അവസ്ഥയാണ്.

സെക്രട്ടറി, ഭക്ഷ്യ സിവിൽ സപ്ലൈസും സഹകരണവും വകുപ്പ്: വെൽഫയർ ഇൻസ്റ്റിറ്റ്യൂഷൻ സ്ക്കീമിൽ എല്ലാവർക്കും അർഹതയുണ്ട്. ഒരു വ്യക്തിക്ക് പതിനഞ്ച് കിലോ വീതമാണുള്ളത്. അതായത് എൻ.എഫ്.എസ്.എ.യിൽ ഒരു വ്യക്തിക്ക് കൊടുക്കുന്നതിനെക്കാളും കൂടിയ അളവാണ് വെൽഫയർ ഇൻസ്റ്റിറ്റ്യൂഷൻ സ്കീമിൽപ്പെടുന്ന ഇത്തരം സ്ഥാപനങ്ങളിൽ ഓരോ അന്തേവാസിക്കുമുള്ള വിഹിതം. അതൊരു പ്രത്യേക സ്ക്കീമാണ്. ഏതൊക്കെ ഇൻസ്റ്റിറ്റ്യൂഷൻസ് അതിലുണ്ടെന്ന്പറഞ്ഞാൽ ഡി.എസ്.ഒ.മാർ വഴി ലിസ്റ്റ് അയച്ചാൽ ചെയ്യാം. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കീഴിൽ വരുന്ന സ്ഥാപനങ്ങളൊക്കെ ഇതിലുൾപ്പെടുന്നു.

ജില്ലാ കളക്ടർ, കോഴിക്കോട് : റേഷൻകാർഡ് ആവശ്യമായിവരുന്നുണ്ടോ?

സെക്രട്ടറി, ഭക്ഷ്യ സിവിൽ സപ്ലൈസും സഹകരണവും വകുപ്പ്: വ്യക്തിപരമായി റേഷൻകാർഡ് കൊടുക്കാം. ഡീ ഡ്യൂപ്ലിക്കേഷൻ വരുന്നതുകൊണ്ട് എവിടെ കൊടുത്താലും പ്രശ്നമില്ല.

ജില്ലാ കളക്ടർ, വയനാട്: ഇൻസ്റ്റിറ്റ്യൂഷന്റെ അഡ്രസ്സിൽ റേഷൻകാർഡ് സപ്ലൈ ചെയ്യാൻ പറ്റുമോ?

സെക്രട്ടറി, ഭക്ഷ്യ സിവിൽ സപ്ലൈസും സഹകരണവും വകുപ്പ്: കൊടുക്കും.

ജില്ലാ കളക്ടർ, കണ്ണൂർ: ട്രൈബൽ വിഭാഗത്തിലെ ഓരോ ഉപകുടുംബത്തിനും റേഷൻ കാർഡ് കൊടുക്കുന്നതിനെക്കുറിച്ച് അയച്ചിരുന്നു.

സെക്രട്ടറി, ഭക്ഷ്യ സിവിൽ സപ്ലൈസും സഹകരണവും വകുപ്പ്: തൃശ്ശൂരിലാണ് ആദ്യം ആരംഭിച്ചത്. അട്ടപ്പാടിയിൽ കൊടുത്തു.

ജില്ലാ കളക്ടർ, പാലക്കാട്: അരി സംവിധാനമൊഴിവാക്കി അവർ ഇഷ്ടപ്പെടുന്ന മില്ലെറ്റ്സ് റേഷൻ വഴി വിതരണം ചെയ്യാനാണ് മുഖ്യമന്ത്രി അവിടെ മീറ്റിംഗിൽ വന്നപ്പോൾ പറഞ്ഞത്. പക്ഷേ അത് ഇതുവരെ നടപ്പായിട്ടില്ല. ട്രൈബൽ ഡിപ്പാർട്ടുമെന്റ് വർഷത്തിൽ നാലു തവണ പാക്കേജായി മില്ലെറ്റ്സ് സപ്ലൈ ചെയ്യുന്നുണ്ട്. പക്ഷേ റേഷൻ വഴി സപ്ലൈ ചെയ്യാൻ കഴിയുമെങ്കിൽ നല്ലതായിരുന്നു.

സെക്രട്ടറി, ഭക്ഷ്യ സിവിൽ സപ്ലൈസും സഹകരണവും വകുപ്പ്: റേഷനിംഗ് സിസ്റ്റത്തിൽ കേന്ദ്രം തരുന്ന കൃത്യമായ അധികാരാവകാശമാണുള്ളത്. മില്ലെറ്റ്സ് അവിടത്തെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഔട്ട്ലെറ്റുകളിൽ കൃത്യമായി വാങ്ങി അട്ടപ്പാടി പോലുള്ള ഏരിയകളിൽ സബ്സിഡി റേറ്റിൽ കൊടുക്കുന്നുണ്ട്. കുറച്ചുകൂടി സ്ട്രങ്ത്തൻ ചെയ്യാനുള്ള ശ്രമങ്ങൾ നടക്കുന്നു.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

ജില്ലയിലെ ട്രാഫിക് പ്രശ്നങ്ങൾ

ചീഫ് സെക്രട്ടറി: ജില്ലയിലെ ട്രാഫിക് പ്രശ്നങ്ങൾ വളരെയധികം പ്രാധാന്യമർഹിക്കുന്ന വിഷയമാണ്. റോഡ് സേഫ്റ്റി കമ്മീഷണറും ട്രാൻസ്പോർട്ട് കമ്മീഷണറും പ്രസ്തുത വിഷയം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. രണ്ട് മാസത്തിലൊരിക്കൽ ജില്ലാ റോഡ് സുരക്ഷാ യോഗം കൂടുന്നതിനും ട്രാഫിക് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ജില്ലാ കളക്ടർമാർ പ്രത്യേകം ശ്രദ്ധിക്കണം. ഗതാഗത ബാഹുല്യം ഇന്ന് കേരളം നേരിടുന്ന ഒരു പ്രധാന വെല്ലുവിളിയാണ്. യാതൊരു ഗതാഗത നിയമവും പാലിക്കാതെയാണ് വാഹനങ്ങൾ ഓടിക്കുന്നത്. റോഡ് അപകടങ്ങളിൽ കേരളമാണ് ഒന്നാം സ്ഥാനത്ത് നിൽക്കുന്നത്. മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിനേയും പോലീസ് വകുപ്പിനേയും കോ-ഓർഡിനേറ്റ് ചെയ്യേണ്ട ചുമതല ഡിസ്ട്രിക് കളക്ടർമാരിൽ നിക്ഷിപ്തമാണ്. പാർക്കിംഗ് മറ്റൊരു പ്രധാനപ്പെട്ട വിഷയമാണ്. തിരുവനന്തപുരം ജില്ലയിൽ ഫുട്പാത്തിലും വാഹനങ്ങൾ പാർക്ക് ചെയ്യുന്ന അവസ്ഥയാണുള്ളത്.

ജില്ലാ കളക്ടർ, തൃശ്ശൂർ: ഡിസ്ട്രിക് റോഡ്സേഫ്റ്റി കമ്മിറ്റിയെ പാർലമെന്ററി റോഡ് സേഫ്റ്റി കൗൺസിൽ എന്ന് പുനർനാമകരണം ചെയ്തുകൊണ്ടുള്ള ഒരു നോട്ടിഫിക്കേഷൻ MoRTH ഇറക്കിയിട്ടുണ്ട്. എം.പി.യാണ് അതിന്റെ ചെയർപേഴ്സൺ .

ചീഫ് സെക്രട്ടറി: ട്രാഫിക് പ്രശ്നം കേരളത്തിലെ ഒരു പ്രധാന വിഷയമായതിനാൽ ജില്ലാ കളക്ടർമാർ റോഡ് സേഫ്റ്റി അതോറിറ്റിയിൽനിന്ന് അറിയിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കുകയും മീറ്റിംഗ് വിളിച്ചുചേർത്ത് ഡിസ്ട്രിക്ട് ലെവൽ ഡിസിഷൻസ് സ്വീകരിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്.

മഴവെള്ള സംഭരണത്തിന് സ്വീകരിച്ച് നടപടികൾ

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻ കുട്ടി): മഴ നിഴൽ പ്രദേശങ്ങളിൽ ഇറിഗേഷൻ ഫെസിലിറ്റി നൽകുന്നതിനും ബോർവെൽ റീചാർജിംഗിനും പ്രത്യേക പരിഗണ നൽകണം. Jal jeevan mission പദ്ധതി പ്രകാരം ഈ വർഷം പത്ത് ലക്ഷം tap water connection നൽകാനാണ് ഉദ്ദേശിക്കുന്നത്. ഓരോ പഞ്ചായത്തിലും കൃത്യമായ ടാർജറ്റ് വച്ച് വാട്ടർ കണക്ഷൻ നൽകണം. അൻപത് ശതമാനം കേന്ദ്രഗവൺമെന്റ് ഫണ്ടുള്ള പദ്ധതിയാണിത്. ഡാമുകളിലേയും കനാലുകളിലേയും കയ്യേറ്റം ഒഴിപ്പിക്കാൻ ജില്ലാ കളക്ടർമാർ നടപടി സ്വീകരിക്കണം. കേരളത്തിൽ കമ്മ്യൂണിറ്റി ഇറിഗേഷൻ ഏതെല്ലാം സ്ഥലങ്ങളിൽ നടപ്പിലാക്കാൻ സാധിക്കുമെന്നതിനെക്കുറിച്ച് കളക്ടർമാർ ആലോചിക്കണം. കമ്മ്യൂണിറ്റി ഇറിഗേഷനിലൂടെ കൃഷിയിൽ വിപ്ലവകരമായ മുന്നേറ്റത്തിന് സാധിക്കും. പി.എം.കെ.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഇതിന് തുക നൽകുന്നത്. പി.എം.കെ.എസ്.വൈ. പദ്ധതിയിലെ ഫണ്ട് യഥാവിധി വിനിയോഗിക്കാത്ത ഏക സംസ്ഥാനം കേരളമാണ്. സ്ത്രീകളെ സംഘടിപ്പിച്ച് ഒരു ക്ലസ്റ്ററുണ്ടാക്കി ശാസ്ത്രീയ രീതിയിൽ പച്ചക്കറി കൃഷി ആരംഭിച്ചാൽ മികച്ച നേട്ടം കൈവരിക്കാൻ സാധിക്കും. ചില ചെറിയ പ്രോജക്ടുകളുടെ പൂർത്തീകരണത്തിന്

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

സാങ്കേതിക തടസ്സങ്ങളുണ്ട്. പ്രസ്തുത തടസ്സങ്ങൾ നീക്കുന്നതിന് നടപടി സ്വീകരിക്കണം. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ കുടിവെള്ള പദ്ധതിക്ക് സ്ഥലം ഏറ്റെടുക്കാൻ നടപടി സ്വീകരിക്കണം.

ജില്ലാ കളക്ടർ, കോഴിക്കോട്: ഒരു ലക്ഷം ആളുകൾക്ക് വാട്ടർ കണക്ഷൻ നല്കുന്ന ജൈക്ക പ്രോജക്ടിൽ ഇപ്പോൾ ഇരുപതിനായിരം ആളുകൾക്ക് മാത്രമെ കണക്ഷൻ നൽകിയിട്ടുള്ളൂ. കോൺട്രാക്ടർമാരുടെ ഇടയിൽ ചില തർക്കങ്ങളുള്ളതിനാൽ പ്രസ്തുത പ്രോജക്ട് മികച്ച രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുന്നില്ല. ആയതിനാൽ വകുപ്പുതലത്തിൽ ഒരു ഇന്റർവെൻഷൻ അനിവാര്യമാണ്.

ജില്ലാ കളക്ടർ, വയനാട്: ജലനിധിയുടെ യൂട്ടിലിറ്റി ഷിഫ്റ്റിംഗുമായി ബന്ധപ്പെട്ട് അസറ്റ് ക്രിയേഷന് നടപടി സ്വീകരിച്ചാൽ ഉചിതമായിരിക്കും. കിഫ്ബിയിൽ ഉൾപ്പെടുത്തിയ വർക്കുകൾക്ക് മാത്രമാണ് ഇപ്പോൾ തുക നൽകിവരുന്നത്.

ഡോ. പി. പുഗഴേന്തി, ഡയറക്ടർ, എസ്.ടി. ഡെവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ്: എസ്.സി/എസ്.ടി. കോളനികളിലും ഇതേ പ്രശ്നമുണ്ട്. വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകണമെന്ന് പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും ചില പഞ്ചായത്തുകൾ അത് പ്രാവർത്തികമാക്കുന്നില്ലെന്ന ഇഷ്യു നിലവിലുണ്ട്.

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്: Jal jeevan mission പദ്ധതി പ്രാധാനമായും റൂറൽ വാട്ടർ കണക്ഷനുമായി ബന്ധപ്പെട്ടതാണ്. ജലനിധി പദ്ധതിയുടെ കാലാവധി ഇപ്പോൾ പൂർത്തിയാകാൻ പോകുകയാണ്. ഈ പദ്ധതിയും ബേസിക്കലി rural water supply scheme ആണ്. As long as it was a small scheme it was viable. When we went into bulk water scheme there was a competition with water authority and it became nonviable. വാട്ടർ സ്പ്ലൈ കണക്ഷനുമായി ബന്ധപ്പെട്ട് ചില ജില്ലകളിൽ ചെറിയ നടപടികൾ മാത്രമാണ് ചെയ്യേണ്ടതായിട്ടുള്ളത്. ഇതുസംബന്ധിച്ച ലിസ്റ്റ് ബന്ധപ്പെട്ട കളക്ടർമാർക്ക് നൽകുന്നതാണ്. കളക്ടർമാർ ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കണം. Kerala is one of the few States in India which have got 44 rivers and the rainfall we receive is three times more than the national average. In fact, it is an irony that in spite of having good rainfall we are still supplying water in tanker lorries for few months every year and we spend lacks and crores of rupees for tanker water supplies. This is due to the mismanagement of our water resources. So my humble submission to all the Collectors is that you may identify water resources such as ponds, rivers etc. of your respective districts and prevent them from encroachment and pollution and make sure that the water resources are optimally utilized, so that we can address drought like situations in the future.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): പുരാവസ്തുവിനെക്കുറിച്ചുള്ള വിഷയം ഇന്നത്തെ അജണ്ടയിലുണ്ട്. അത് ചർച്ചയിൽ ഉൾപ്പെടുത്തുമോ?

ചീഫ് സെക്രട്ടറി: ഇന്ന് സമയം വൈകിയതു കാരണം ബാങ്കിന്റെ ഒരു പ്രെസെന്റേഷൻ ഉള്ളതുകൊണ്ടും അടുത്ത ദിവസം എടുക്കാമെന്നാണ് തീരുമാനിച്ചിരുന്നത്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. ടി. പി. രാമകൃഷ്ണൻ): ഇടുക്കി കളക്ടർ ഇടപെടേണ്ട ഒരു വിഷയമാണ്. മൂന്നാറിൽ ഒരു ലേബർ കോംപ്ലക്സ് നിർമ്മിക്കുന്നതിനുവേണ്ടി തീരുമാനിച്ചിരുന്നെങ്കിലും ടി.എസ്. ഇതുവരെയും കിട്ടിയിട്ടില്ല. മൂന്നാറിലെ ലേബർ കോംപ്ലക്സിന് ടി.എസ്. കൊടുക്കേണ്ടത് പി.ഡബ്ല്യു.ഡി. ആണ്. ടി.എസ്. കൊടുക്കാത്തതുകൊണ്ട് അതിന്റെ വർക്ക് മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുന്നില്ല. ഇതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കണം. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ ഭാഗമായി employability centre വഴി നടത്തുന്ന ജോബ് ഫെയർ പോലുള്ള പ്രവർത്തനങ്ങളെല്ലാം കൂടുതൽ പേർക്ക് തൊഴിൽ കൊടുക്കുന്നതിന് വളരെ സഹായകരമാണ്. വയനാട്, പത്തനംതിട്ട, തിരുവനന്തപുരം, ഇടുക്കി എന്നീ നാല് ജില്ലകളിൽ സ്ഥലം ലഭിക്കാത്തതു കാരണം employability centre സ്ഥാപിക്കാൻ കഴിയുന്നില്ല. സ്ഥലം ലഭിക്കാനുള്ള ഇടപെടൽ ഈ കാര്യത്തിലുണ്ടാകണം.

ജില്ലാ കളക്ടർ, വയനാട്: employability centre -ന് 5000 സ്ക്വയർ ഫീറ്റ് സ്ഥലമാണ് ആവശ്യമുള്ളത്. അപ്പോൾ അവരുടെ ഓഫീസും ഒരു ഹാളും ആവശ്യമാണ്. അത്തരത്തിൽ ഒരു സ്ഥലമാണ് വയനാട്ടിൽ കൊടുക്കാൻ ഇല്ലാത്തത്. പക്ഷേ, അസാപിന്റെ കമ്മ്യൂണിറ്റി സ്കിൽ പാർക്ക് മാനന്തവാടിയിൽ തുടങ്ങിയിട്ടുണ്ട്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി: മാനന്തവാടിയിൽ ചെയ്യുന്നതുകൊണ്ട് പ്രശ്നമൊന്നുമില്ല. അസാപ് വളരെ പ്രാധാന്യം കൊടുത്ത് വർക്ക് ചെയ്യുന്ന സംവിധാനമാണ്. അതിന് കുഴപ്പം വരാൻ പാടില്ല. രണ്ടും നടക്കണം. അതിന് ആവശ്യമായ സ്ഥലമുണ്ടെങ്കിൽ അവിടെ ചെയ്യുന്നതുകൊണ്ട് കുഴപ്പമൊന്നുമില്ല. കളക്ടർ മുൻകൈ എടുത്ത് ചെയ്യാമെങ്കിൽ കുഴപ്പമില്ല. അത് എളുപ്പമുള്ള കാര്യമല്ല. വയനാട് സിവിൽ സ്റ്റേഷനിൽ ഒരു പുതിയ ബ്ലോക്കിന്റെ കെട്ടിടം പൂർത്തിയാക്കിയോ? അവിടെ കൊടുക്കാൻ സാധിക്കുമോ?

ജില്ലാ കളക്ടർ, വയനാട്: അത് പൂർത്തയാവില്ല.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി: ഇതിനാവശ്യമായ സ്പേയ്സ് കിട്ടിക്കഴിഞ്ഞാൽ തുടങ്ങാം.

ജില്ലാ കളക്ടർ, പത്തനംതിട്ട: പത്തനംതിട്ടയിൽ ഒരു കെട്ടിടം പണി പൂർത്തയായിട്ടുണ്ട്. മിനി സ്റ്റേഷനിൽ നിന്ന് കുറെ ഓഫീസുകൾ ഈകെട്ടിടത്തിലേക്ക് ഷിഫ്റ്റ് ചെയ്യും. അങ്ങനെയാണെങ്കിൽ അവിടെ കൊടുക്കാം.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): കേരളത്തിൽ ഒരു കരിയർ പോളിസി രൂപപ്പെടുകയാണ്. അതിനെക്കുറിച്ചുള്ള ചർച്ചകൾ നടന്നുക്കൊണ്ടിരിക്കുകയാണ്. ഒന്നോ രണ്ടോ മാസത്തിനുള്ളിൽ അത് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് തോന്നുന്നത്. കേരളത്തിൽ കോഴിക്കോട്, പാലക്കാട്, ആലപ്പുഴ, തിരുവനന്തപുരം എന്നീ ജില്ലകളിൽ സിഡിസി വർക്ക് ചെയ്യുന്നുണ്ട്. എല്ലാ ജില്ലകളിലും സിഡിസി വർക്ക് ചെയ്യണമെന്നുള്ളതാണ് നിബന്ധന. വിദ്യാർത്ഥികൾക്കും തൊഴിൽ പ്രതീക്ഷിക്കുന്നവർക്കും സഹായിക്കാൻ കഴിയുന്ന ഒരു സംവിധാനമാണ്. എല്ലാം ജില്ലകളിലും ഇത് സ്ഥാപിക്കണമെന്നാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. അതിന് സ്ഥലസൗകര്യം ലഭ്യമായിക്കഴിഞ്ഞാൽ കിട്ടും. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ ഉത്തരവാദപ്പെട്ടവരോട് കളക്ടർമാർ നിർദ്ദേശം കൊടുത്ത് സ്ഥലം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഐ.റ്റി.ഐ. കുറച്ചുകൂടി ഇഫക്ടീവായി വർക്ക് ചെയ്യാനുള്ള നടപടി സ്വീകരിക്കണം. അവിടെ പല ജില്ലകളിലും സ്ഥലവുമില്ല കെട്ടിടവുമില്ല. വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇത് ഓരോ ജില്ലകളിലും കിട്ടുന്നതിനുവേണ്ടി സ്ഥലം പരിശോധിച്ച് ലഭ്യമാക്കാൻ സഹകരിക്കണം. ഇ.എസ്.ഐ. ഡിസ്പെൻസറിക്ക് സ്ഥലം ലഭിക്കാത്ത പ്രശ്നം ചർച്ച ചെയ്യണം. ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആവാസിന്റെ രജിസ്ട്രേഷൻ ഇപ്പോൾ അഞ്ചു ലക്ഷത്തിന് അടുത്തെത്തിയിട്ടുണ്ട്. മുമ്പ് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിന്റെ കണക്ക് 25 ലക്ഷമാണ്. ആവാസിന്റെ രജിസ്ട്രേഷൻ പൂർത്തിയായിക്കഴിഞ്ഞാൽ ഇതര സംസ്ഥാന തൊഴിലാളികൾ ഓരോ ജില്ലയിലും എത്രയുണ്ടെന്നുള്ളത് ശരിയായി നിർണ്ണയിക്കാൻ സാധിക്കും. ശരിയായി നിർണ്ണയിക്കണമെന്നാണ് ആഗ്രഹിക്കുന്നത്. ഇവർക്ക് വീട് നിർമ്മിച്ചുക്കൊടുക്കുന്ന ഒരു പദ്ധതിയുണ്ട്. പാലക്കാട് ജില്ലയിൽ കഞ്ചിക്കോട് അതുപോലുള്ള താമസ സമുച്ചയം ഉണ്ടാക്കികൊടുക്കാൻ കഴിയും. അതിനും നമുക്ക് സ്പേയ്സ് വേണ്ടതുണ്ട്. വയനാടിനെക്കുറിച്ച് പറഞ്ഞപ്പോൾ 100 തോട്ടം തൊഴിലാളികൾക്ക് വീട് വച്ചുകൊടുക്കാൻ സി.എസ്.ആർ. ഫണ്ട് അനുവദിക്കാൻ തീരുമാനിക്കുകയും നാലു കോടി രൂപ മാറ്റിവച്ചിട്ടുമുണ്ട്. സ്ഥലം കിട്ടിക്കഴിഞ്ഞാൽ വീട് നിർമ്മാണം ആരംഭിക്കുന്നതാണ്. സ്ഥലം തരുന്നതിനുവേണ്ടിയുള്ള നടപടി ഇവിടെ സ്വീകരിക്കണം. തോട്ടം ഉടമകളുമായി സംസാരിച്ച് അവർ സ്ഥലസൗകര്യം ഏർപ്പാട് ചെയ്യണമെന്നാണ് നേരത്തതന്നെ ഗവൺമെന്റ് ഒരു തീരുമാനമെടുത്തിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ സംസാരിച്ചപ്പോൾ അവർ തരാൻ തയ്യാറാണ്. അത് ഏറ്റെടുക്കാൻ കഴിയുമോ എന്നുള്ളത് നിയമപരമായി പരിശോധിക്കേണ്ട വിഷയമാണ്. പുത്തുമലയിലുള്ള സ്ഥലം ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. ഏറ്റെടുക്കാൻ കഴിയുമെങ്കിൽ സ്ഥലം എടുക്കണം. അല്ലെങ്കിൽ വേറെ സ്ഥലം ലഭ്യമാക്കി കഴിഞ്ഞാൽ വീട് നിർമ്മാണം ചെയ്യാൻ കഴിയും. ഗവൺമെന്റിന്റെ സ്ഥാപനമായ ഭവനം ഫൗണ്ടേഷനെയാണ് ഇത് ഏൽപ്പിച്ചിരിക്കുന്നത്. എക്സൈസ് കേരളത്തിൽ ലഹരി വർജ്ജനത്തിനുവേണ്ടിയുള്ള വിപുലമായ ഒരു കാമ്പയിൻ (വിമുക്തി) നടത്തികൊണ്ടിരിക്കുകയാണ്. ജനുവരി 30-ന് വലിയ പരിപാടികളോടുകൂടി സമാപിക്കുന്ന തരത്തിലുള്ള ഒരു തീവ്രയത്ന ബോധവത്ക്കരണ പരിപാടി എല്ലാ

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

ജില്ലകളിലും വാർഡ് തലത്തിലും അയൽക്കൂട്ടതലങ്ങളിലും നടത്താൻ തീരുമാനിച്ചിട്ടുണ്ട്. എല്ലാ ആളുകളെയും ഇതുമായി യോജിപ്പിക്കണം. ഈ പ്രവർത്തനം വന്ന സമയത്ത് എല്ലാ സ്ഥലത്തും ഫലമുണ്ടായിട്ടുണ്ട്. കുറെ ജില്ലകളിൽ പരിപാടി നടന്നിട്ടുണ്ട്. ഇതൊരു പ്രധാനപ്പെട്ട ജോലിയായി എടുത്ത് പരിഹാരമുണ്ടാക്കാനുള്ള ശ്രമം നടത്തുന്നതിനുള്ള ഏർപ്പാടുണ്ടാകണം.

Additional Chief Secretary: I think Honourable Minister has covered all points. I have nothing to add except to thank District collectors for their active co-operation.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി: മൂന്നാർ കളക്ടറുടെ ശ്രദ്ധക്ക് ഒരു കാര്യം കൂടി സൂചിപ്പിക്കാനുണ്ട്. മൂന്നാറിൽ റവന്യു മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു മീറ്റിംഗ് ചേർന്നപ്പോൾ സബ് കളക്ടർ പങ്കെടുത്തിട്ടുണ്ടായിരുന്നു. 5.49 ഏക്കർ സ്ഥലം KDH (Kannan Devan Hills) വില്ലേജ് തൊഴിൽ വകുപ്പിന് തരാമെന്ന് പറഞ്ഞിട്ടുണ്ട്. ഈ സ്ഥലത്ത് തോട്ടം തൊഴിലാളികൾക്ക് വീട് വച്ച് നൽകാനാണ് ഉദ്ദേശിക്കുന്നത്. ആ സ്ഥലം ലഭ്യമായിക്കഴിഞ്ഞാൽ തോട്ടം തൊഴിലാളികൾക്ക് വീട് വയ്ക്കുന്നതിനുള്ള പദ്ധതികളിലേക്ക് പോകാൻ കഴിയും. ഈ സ്ഥലം കഴിയുന്നത്ര വേഗം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം.

Excise Commissioner: In all districts we have de-addiction centres attached to the Districts hospitals, and in some other districts attached to Taluk hospitals.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി: ഗവൺമെന്റ് ആശുപത്രികളുമായി ബന്ധപ്പെട്ട് എല്ലാ ഡിസ്ട്രിക്ടിലും de-addiction centres ആരംഭിച്ചിട്ടുണ്ട്. ബെഡ് സ്ട്രെംങ്ത് 10 ആണ്. അത് വർദ്ധിപ്പിക്കുന്നതിനുള്ള കാര്യങ്ങൾ ആലോചിച്ചിട്ടുണ്ട്. ഒരു മോഡൽ de-addiction centre പുനരധിവാസം ഉൾപ്പെടെ കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ സ്ഥാപിക്കുന്നതിനുള്ള തീരുമാനവും എടുത്തിട്ടുണ്ട്. താലൂക്ക് ലെവലിൽ ഇത് വിപുലപ്പെടുത്തുന്നതിനുവേണ്ടി ആലോചിച്ചിട്ടുണ്ട്. ഈ കാമ്പയിന്റെ ഭാഗമായി അത് നടപ്പിലാക്കാൻ കഴിയുമോ എന്നുള്ളത് നോക്കണം. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചാണ് ഈ കാര്യങ്ങൾ കൂടി ചെയ്യാൻ കഴിയുന്നത്.

Chief Secretary: We have coming to the end of the days deliberations. Thank you very much for your co-operation and assistance. We will meet again tomorrow here at 10.30 a.m. and I would request the Home Secretary to propose a formal vote of thanks to all the Ministers and all the officers who have taken part in today's deliberations. Thank you.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

434321212020/REV

Home Secretary: Thank you, I think it has been a long day and as compared to the last few conferences this is slightly different. Thank you very much for all the Ministers in the morning. C.M. was here for a long time. Collectors are responded well. Tomorrow we will try to make it as precise as possible, and try to wind up by lunch time. I would like to thank all the Ministers for being there. Thank you everybody.

(യോഗം വൈകുന്നേരം 6-ന് പിരിഞ്ഞു.)

*****

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

ജില്ലാ കളക്ടർമാരുടെയും വകുപ്പുമേധാവികളുടെയും വാർഷിക സമ്മേളനം (രണ്ടാം ദിവസം) 2019 ഡിസംബർ മാസം 12-ാം തീയതി വ്യാഴാഴ്ച രാവിലെ 10.30-ന് തൈക്കാട് (തിരുവനന്തപുരം) സർക്കാർ അതിഥി മന്ദിരത്തിലെ സമ്മേളന ഹാളിൽവച്ച് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. തദവസരത്തിൽ താഴെപ്പറയുന്ന മന്ത്രിമാരും ഹാജരായിരുന്നു.

1. ഡോ. കെ. ടി. ജലീൽ, ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി
2. ശ്രീ. ഇ. പി. ജയരാജൻ, വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി
3. ശ്രീ. എ. സി. മൊയ്തീൻ, തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി
4. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി, തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി
5. പ്രൊഫ. സി. രവീന്ദ്രനാഥ്, പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി
6. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ, ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി
7. ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി

<u>ഹാജരായ ജില്ലാ കളക്ടർമാർ:</u>

1. ശ്രീ. ജി. ഗോപാലകൃഷ്ണൻ, തിരുവനന്തപുരം
2. ശ്രീ. ബി. അബ്ദുൾ നാസർ, കൊല്ലം
3. ശ്രീ. പി. ബി. നൂഹ്, പത്തനംതിട്ട
4. ശ്രീമതി അഞ്ജന എം., ആലപ്പുഴ
5. ശ്രീ. പി. കെ. സുധീർ ബാബു, കോട്ടയം
6. ശ്രീ. എസ്. സുഹാസ്, എറണാകുളം
7. ശ്രീ. എച്ച്. ദിനേശൻ, ഇടുക്കി
8. ശ്രീ. എസ്. ഷാനവാസ്, തൃശ്ശൂർ
9. ശ്രീ. ഡി. ബാലമുരളി, പാലക്കാട്
10. ശ്രീ. ജാഫർ മാലിക്ക്, മലപ്പുറം
11. ശ്രീ. എസ്. സാംബശിവ റാവു, കോഴിക്കോട്
12. ശ്രീമതി അദീല അബ്ദുല്ല, വയനാട്
13. ശ്രീ. സുഭാഷ് ടി. വി., കണ്ണൂർ
14. ഡോ. ഡി. സജിത് ബാബു, കാസർഗോഡ്

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. ടോം ജോസ്, ചീഫ് സെക്രട്ടറി
2. ഡോ. വിശ്വാസ് മേത്ത, അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
3. ശ്രീ. ടി. കെ. ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
4. ഡോ. ആശ തോമസ്, അഡീഷണൽ ചീഫ് സെക്രട്ടറി, വന-വന്യജീവി വകുപ്പ്
5. ശ്രീ. സത്യജിത് രാജൻ, അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്
6. ശ്രീ. മനോജ് ജോഷി, അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
7. ശ്രീ. വി. എസ്. സെന്തിൽ, മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി
8. ഡോ. എ. ജയതിലക്, പ്രിൻസിപ്പൽ സെക്രട്ടറി, ജനറൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ്
9. ശ്രീ. ദേവേന്ദ്ര കുമാർ സിംഗ്, പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ്
10. ഡോ. ഉഷാ ടൈറ്റസ്, പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസം, പരിസ്ഥിതി വകുപ്പ്
11. ശ്രീ. വേണു വി., പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്, കൾച്ചറൽ അഫയേഴ്സ് (ആർക്കിയോളജി, ആർക്കൈവ്സ്, മ്യൂസിയം)
12. ശ്രീമതി ശാരദ ജി. മുരളീധരൻ, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
13. ഡോ. രാജൻ ഖോബ്രാഗഡെ, പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
14. ശ്രീ. രാജേഷ് കുമാർ സിംഗ്, പ്രിൻസിപ്പൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
15. ശ്രീ. സഞ്ജയ് ഗാർഗ്, പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്
16. ശ്രീ. സഞ്ജയ് എം. കൗൾ, സെക്രട്ടറി, തുറമുഖ വകുപ്പ്
17. ശ്രീ. എ. ഷാജഹാൻ, സെക്രട്ടറി, പൊതുവിദ്യാഭ്യാസം, ന്യൂനപക്ഷക്ഷേമ വകുപ്പ്
18. ശ്രീ. പി. കെ. അരവിന്ദ ബാബു, സെക്രട്ടറി, നിയമ വകുപ്പ്
19. ഡോ. ഷർമ്മിള മേരി ജോസഫ്, സെക്രട്ടറി, ആയുഷ് വകുപ്പ്
20. ശ്രീമതി റാണി ജോർജ്ജ്, സെക്രട്ടറി, സാംസ്കാരികവും വിനോദ സഞ്ചാരവും വകുപ്പ്
21. ശ്രീ. കെ. ഗോപാലകൃഷ്ണ ഭട്ട്, സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്
22. ശ്രീമതി മിനി ആന്റണി, സെക്രട്ടറി, ഭക്ഷ്യ സിവിൽ സപ്ലൈസും സഹകരണവും വകുപ്പ്
23. ശ്രീ. എം. ജി. രാജമാണിക്കം, പ്രോജക്ട് ഡയറക്ടർ, കെ.എസ്.ടി.പി./മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഐ.ഡി.സി.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

24. ശ്രീ. ബിജു പ്രഭാകർ, സ്പെഷ്യൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്
25. ഡോ. രത്തൻ യു. കേൽക്കർ, സ്പെഷ്യൽ സെക്രട്ടറി, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്
26. ഡോ. രേണു രാജ്, സ്റ്റാഫ് ഓഫീസർ ടു ചീഫ് സെക്രട്ടറി
27. ഡോ. ദിവ്യ എസ്. അയ്യർ, മിഷൻ ഡയറക്ടർ, MGNREGS
28. ശ്രീ. എസ്. വെങ്കിടേശപതി, ഡയറക്ടർ, മത്സ്യബന്ധനവും തുറമുഖവും വകുപ്പ്
29. ശ്രീ. മിർ മുഹമ്മദ് അലി, എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
30. ശ്രീ. എൻ. അജിത് കൃഷ്ണൻ, കൺവീനർ, സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി & ജനറൽ മാനേജർ, കാനറാ ബാങ്ക്
31. ശ്രീ. അരവിന്ദ് ഗുപ്ത, ജനറൽ മാനേജർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ
32. ശ്രീ. എൻ. പത്മകുമാർ, കമ്മീഷണർ, റൂറൽ ഡെവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ്
33. ശ്രീ. വി. കെ. രാമചന്ദ്രൻ, വൈസ് ചെയർമാൻ, കേരള സംസ്ഥാന ആസൂത്രണ ബോർഡ്
34. ശ്രീ. നിസ്സാമുദ്ദീൻ എം., ലാൻഡ് യൂസ് കമ്മീഷണർ &ഡയറക്ടർ, കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ
35. ഡോ. എം. കെ. പ്രസാദ്, ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് അനിമൽ ഹസ്ബന്ററി
36. ഡോ. ബിന്ദു എം. നമ്പ്യാർ, പ്രിൻസിപ്പാൾ, ഗവൺമെന്റ് ലാ കോളേജ്, തൃശ്ശൂർ
37. ശ്രീ. ബിജുമോൻ ഇ. എസ്., സൂപ്രണ്ട് ഓഫ് പോലീസ്, (ഇന്റലിജൻസ്) (ഇൻ-ചാർജ്) വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ ബ്യൂറോ
38. ശ്രീ. ബൈജു കെ. ഇ., സൂപ്രണ്ട് ഓഫ് പോലീസ്, വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ ബ്യൂറോ
39. ശ്രീ. എ. അബ്ദുൾ റാഷി, സൂപ്രണ്ട് ഓഫ് പോലീസ്, എൻ.ആർ.ഐ. സെൽ, പോലീസ് ഹെഡ്ക്വാർട്ടേഴ്സ്
40. ശ്രീമതി അനു കുമാരി, അസിസ്റ്റന്റ് കളക്ടർ, തിരുവനന്തപുരം
41. ശ്രീമതി ശിഖ സുരേന്ദ്രൻ, അസിസ്റ്റന്റ് കളക്ടർ, കോട്ടയം
42. ശ്രീമതി മാധവിക്കുട്ടി എം. എസ്., അസിസ്റ്റന്റ് കളക്ടർ, എറണാകുളം
43. ശ്രീ. ചേതൻ കുമാർ മീണ, അസിസ്റ്റന്റ് കളക്ടർ, പാലക്കാട്
44. ശ്രീ. രാജീവ് കുമാർ ചൗധരി, അസിസ്റ്റന്റ് കളക്ടർ, മലപ്പുറം
45. ശ്രീമതി മേഘശ്രീ ഡി. ആർ., അസിസ്റ്റന്റ് കളക്ടർ, കോഴിക്കോട്
46. ഡോ. ഹാരിസ് റഷീദ്, അസിസ്റ്റന്റ് കളക്ടർ, കണ്ണൂർ ചർച്ചയുടെ പൂർണ്ണരൂപം ചുവടെചേർക്കുന്നു.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

ചീഫ് സെക്രട്ടറി (ശ്രീ. ടോം ജോസ്): ബഹുമാനപ്പെട്ട മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ, സെക്രട്ടറിമാർ, വകുപ്പ് മേധാവികൾ, ജില്ലാ കളക്ടർമാർ,

കളക്ടർമാരുടെ ആന്വൽ കോൺഫറൻസിന്റെ രണ്ടാം ദിവസത്തേയ്ക്ക് നമ്മൾ പ്രവേശിച്ചിരിക്കുകയാണ്. ഇന്നലെ പ്രോജക്ടുവൈസ് ആയ റിവ്യുവാണ് നടത്തിയത്. ഇന്ന് ഡിപ്പാർട്ടുമെന്റുവൈസ് ആയി ഓരോ ഡിപ്പാർട്ടുമെന്റിന്റെയും ഇഷ്യൂസ് എടുക്കുന്നതായിരിക്കും. അതിൽ ചിലത് ഇന്നലെതന്നെ ചർച്ച ചെയ്തിരിക്കാൻ സാധ്യതയുണ്ട്. അങ്ങനെയുള്ള കേസുകൾ ഇനി ആവർത്തിക്കേണ്ട കാര്യമില്ല. പുതുതായുള്ള ഇഷ്യൂസ് ചർച്ച ചെയ്യാവുന്നതാണ്. സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെ പ്രതിനിധികൾ ഇവിടെയുണ്ട്. ഇന്നലെ നമ്മൾ സർഫാസി ആക്ടിനെക്കുറിച്ചും ബാങ്കുകളുമായി ബന്ധപ്പെട്ട മറ്റ് വിഷയങ്ങളെ സംബന്ധിച്ചും അവരുമായി ചർച്ച ചെയ്തിരുന്നു. അവർക്ക് എസ്.എൽ.ബി.സി.-യുമായി ബന്ധപ്പെട്ട ചെറിയ ഒരു പ്രസന്റേഷൻ ഇവിടെ അവതരിപ്പിക്കാനുണ്ട്. അതുകഴിഞ്ഞാൽ കൃഷി വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ നമ്മൾ ചർച്ച ചെയ്യുന്നതാണ്.

ശ്രീ. എൻ. അജിത് കൃഷ്ണൻ, കൺവീനർ, സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി & ജനറൽ മാനേജർ, കാനറാ ബാങ്ക്: ബഹുമാനപ്പെട്ട മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ, വകുപ്പ് മേധാവികൾ, വിശിഷ്ട വ്യക്തികൾ,

എന്നോടൊപ്പം എസ്.ബി.ഐ.-യുടെ ജനറൽ മാനേജർ ശ്രീ. അരവിന്ദ് ഗുപ്തയും ഇവിടെ ഹാജരായിട്ടുണ്ട്. എസ്.എൽ.ബി.സി. കേരളത്തിൽ ഓപ്പറേറ്റ് ചെയ്യുന്ന 41 ബാങ്കുകളുടെ പ്രതിനിധി ആയിട്ടാണ് ഞാൻ ഇവിടെ വന്നിരിക്കുന്നത്. 7552 ബ്രാഞ്ചുകളും 9000 എ.ടി.എം.-കളും ഞങ്ങൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. കേരളത്തിൽ 2019 സെപ്തംബർ മാസത്തിലെ ടോട്ടൽ ക്രെഡിറ്റ് ഡിസ്പെൻസേഷൻ 3,39,107 കോടി രൂപയാണ്. ആർ.ബി.ഐ. പറഞ്ഞ മാൻഡേറ്ററി 40% പ്രയോറിറ്റി ക്രെഡിറ്റിലുള്ള മാൻഡേറ്റിനെക്കാൾ കൂടുതൽ 53.34% പ്രയോറിറ്റി സെക്ടറിൽ സ്റ്റേറ്റിൽ ബാങ്കേഴ്സ് ലെൻഡ് ചെയ്തിട്ടുണ്ട്. 4078 കോടി രൂപ ഹൗസിംഗ് ലോണായാണ് നമ്മൾ ഗ്രാന്റ് ചെയ്തിരിക്കുന്നത്. രണ്ട് വർഷത്തെ ഫ്ലഡ് സിറ്റുവേഷനിലും ഇത്രയും ക്രെഡിറ്റ് ഡിസ്പെൻസ് ചെയ്യാൻ സാധിച്ചതിന് എല്ലാ ജില്ലാ കളക്ടർമാർക്കും ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷനും ഗവൺമെന്റ് ഹെഡ്സിനും നന്ദി രേഖപ്പെടുത്തുന്നു. ഇതിനകത്ത് രണ്ടുമൂന്ന് പ്രശ്നങ്ങൾ ചർച്ച ചെയ്യാനുണ്ട്. ചില വില്ലേജ് ഓഫീസർമാർ ലൊക്കേഷൻ സ്കെച്ചും തണ്ടപ്പേര് രജിസ്റ്ററും നൽകാൻ സാധിക്കില്ലെന്ന് പറയുന്നുണ്ട്. അതില്ലാതെ ഒരു ഇ.എം.ടി. ക്രിയേറ്റ് ചെയ്യാൻ കഴിയില്ല. ലൊക്കേഷൻ സ്കെച്ചും തണ്ടപ്പേര് രജിസ്റ്ററും നൽകുന്നതിന് വില്ലേജ് ഓഫീസർമാർക്ക് നിർദ്ദേശം നൽകണം. അങ്ങനെ ചെയ്താൽ നമുക്ക് ലോൺ നൽകാൻ കുറച്ചുകൂടി എളുപ്പമായിരിക്കും. കൊളാറ്ററൽ സെക്യൂരിറ്റിക്ക് എൽ.എസ്.ആർ. എടുക്കേണ്ടത് അത്യാവശ്യമാണ്. അതിനുവേണ്ടി വില്ലേജ് ഓഫീസർമാരെ ഒന്ന് അഡ്വൈസ് ചെയ്യുകയാണെങ്കിൽ നല്ലതായിരിക്കും. അതുപോലെ ഡിസ്ക്രിപെൻസി ഇൻ ട്രഷറി പേമെന്റ്സ് അത് ഡയറക്ടായി റിലേറ്റ് ചെയ്യുന്നതല്ലെങ്കിലും അതിനകത്തെ പ്രശ്നം ഒരേ ബെനിഫിറ്റ്

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

കിട്ടുന്ന ബെനിഫിഷ്യറീസ് ഉണ്ടെങ്കിൽ നമുക്കത് ഡിസ്പെൻസ് ചെയ്യാനായി ഡിലേ വരുന്നുണ്ട്. ട്രഷറി ഓഫീസേഴ്സിന് അഡ്വൈസ് നൽകി ആർക്കാണെന്നുള്ളത് സ്പെസിഫിക്കായി പേമെന്റ് ചെല്ലാനിൽ സ്പെസിഫൈ ചെയ്യാൻ കഴിഞ്ഞാൽ അത് വിതരണം ചെയ്യാനും എളുപ്പമായിരിക്കും. ലോണുകളുടെ റിക്കവറിയെപ്പറ്റിയും സർഫാസി ആക്ടിനെപ്പറ്റിയും പറഞ്ഞു. രണ്ടും നാലും ലക്ഷം രൂപ ലോണെടുത്ത് പണിയുന്ന വീടുകൾക്കുമേൽ സർഫാസി ആക്ട് പ്രകാരം നടപടിയെടുക്കാതിരിക്കുന്നതിന് നമ്മൾ ശ്രമിക്കുന്നുണ്ട്. അതോടൊപ്പം ഇടുക്കി, വയനാട്, പാലക്കാട് എന്നിവിടങ്ങളിൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി പരിശോധിച്ചശേഷം ആവശ്യമെങ്കിൽ മാത്രമേ സർഫാസി ആക്ട് അനുസരിച്ച് നടപടിയെടുക്കുന്നുള്ളു. ലീഡ് ബാങ്ക് മാനേജരും ബന്ധപ്പെട്ട ബാങ്കിന്റെ ഒരു ഓഫീസറും എസ്.എൽ.ബി.സി. റെപ്രസന്റേറ്റീവും അടങ്ങുന്ന മൂന്ന് അംഗ കമ്മിറ്റിയായാണ് അത് രൂപീകരിച്ചിരിക്കുന്നത്. ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷനിൽ നിന്നും റെപ്രസന്റേറ്റീവായി ആരെങ്കിലും വേണമെന്നുണ്ടെങ്കിൽ അതിൽ നിന്നും ഒരാളെക്കൂടി എടുക്കാവുന്നതാണ്. ഭാവിയിൽ ഇതിനെപ്പറ്റി ഒരു ഇഷ്യൂ സർഫാസിയിൽ വരാതിരിക്കുന്നതിനായി അടുത്ത എസ്.എൽ.ബി.സി.-യിൽ ഒരു മെമ്പറെ കൂടി ഉൾപ്പെടുത്താവുന്നതാണ്. സർഫാസിയുടെ കാര്യത്തിൽ വേറെ പ്രോബ്ലം വരുന്നില്ല. ഇതിനകത്ത് ഇഷ്യൂ വരുന്നത്, ഇത്രയും പ്രയോറിറ്റി സെക്ടർ ലെൻഡിംഗ് ചെയ്തു കഴിഞ്ഞാൽ റിക്കവറി പ്രശ്നം വരുന്നുണ്ട്. കേരളത്തിൽ സി.ബി. റേഷ്യോ ഏറെക്കുറെ 75 ശതമാനമാണ്. ഇത്രയും ലോൺ കൊടുത്തതിനുശേഷം ഫർദർ ഡിസ്പെൻസേഷനുള്ള ഇഷ്യൂ വരുന്നതുകൊണ്ടാണ് റിക്കവറി ചെയ്യേണ്ടിവരുന്നത്. ഒരു ഫിനാൻഷ്യൽ ഡിസിപ്ലിൻ കൊണ്ടുവരാൻ സാധിച്ചാൽ ഈ ഒരു ഇഷ്യൂവിലോട്ട് പോകേണ്ട ആവശ്യമില്ല. അതിനുള്ള അവയർനെസും ലോൺ റിപെ ചെയ്യണമെന്നുള്ള മെസേജും നൽകാൻ സാധിച്ചാൽ അത് ബാങ്കേഴ്സിന് ഹെൽപ്പ്ഫുൾ ആയിരിക്കും. Bankers really do not want to go for recovery. അത് last resort ആണ്. പൊസഷനെടുത്ത് ഓക്ഷൻ ചെയ്യുക എന്നത് അവസാന നടപടിയാണ്. Nobody would like to do it. അതിന് പ്രേരിപ്പിക്കുന്നത് റിക്കവറി പൊസിഷൻ അങ്ങനെ വരുന്നതുകൊണ്ടാണ്.

ക്രെഡിറ്റ് എം.എസ്.എം.ഇ.-യ്ക്കകത്ത് മൂന്ന് വർഷത്തെ ലൈസൻസ് എടുത്താൽ മതിയെന്ന ഒരു ക്ലോസുണ്ട്. മൂന്ന് വർഷം കഴിഞ്ഞിട്ട് ലൈസൻസ് കൊടുക്കുന്നില്ലെങ്കിൽ മൂന്നുവർഷമുള്ള ഫിനാൻസ് നൽകാനായി പ്രോബ്ലം വരുന്നുണ്ട്. അത് എങ്ങനെ കൈകാര്യം ചെയ്യണമെന്നുള്ളത് ചർച്ച ചെയ്യണം. അല്ലെങ്കിൽ മൂന്ന് വർഷത്തേയ്ക്ക് ബാങ്കേഴ്സിന്റെ കയ്യിൽ നിന്നും ഫിനാൻസ് പോകുന്നതിന് ബുദ്ധിമുട്ടായിരിക്കും.

മാക്സിമം എഡ്യൂക്കേഷൻ ലോൺ നൽകുന്നുണ്ടെങ്കിലും ഒരുപാട് പേർ അത് ദുർവിനിയോഗം ചെയ്യുന്നുണ്ട്. അംഗീകാരമില്ലാത്ത ചെറിയ ഇൻസ്റ്റിറ്റ്യൂഷനുകളിൽ നിന്നും അഡ്മിഷൻ ലഭിച്ച് ആദ്യ പേമെന്റും നൽകിയിട്ടാണ് അവർ ബാങ്കിലേയ്ക്ക് ലോണിനായി വരുന്നത്. ബാങ്കുകൾ അത് പരിശോധിക്കുമ്പോൾ പ്രസ്തുത കോളേജുകൾ അഫിലിയേറ്റഡ് കോളേജുകളല്ലായെന്ന് മനസ്സിലാക്കുകയും എഡ്യൂക്കേഷണൽ ലോൺ നൽകാൻ സാധിക്കാതെ വരികയും ചെയ്യും. അങ്ങനെ ഒരു

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

പ്രശ്നം ഉണ്ട്. ഈ ഒരു സെഗ്മെന്റിനെ സ്ട്രീംലൈൻ ചെയ്യാൻ സാധിച്ചാൽ എഡ്യൂക്കേഷൻ ലോൺ നൽകുന്നതിന് യാതൊരു ബുദ്ധിമുട്ടുമില്ല. ഏറ്റവും നല്ല ഒരു ഓപ്ഷൻ കോളേജുകളെ മെരിറ്റിൽ റാങ്ക് ചെയ്ത് അംഗീകാരം ഉണ്ടെന്നുണ്ടെങ്കിൽ തീർച്ചയായും ലോൺ നൽകാൻ സാധിക്കും. മറ്റ് സംസ്ഥാനങ്ങളിലെ കോളേജുകളിലെ അഡ്മിഷനാണ് കൂടുതലും പ്രശ്നമായി വരുന്നത്. അതുപോലെ ഉസ്ബക്കിസ്ഥാൻ, ചൈന, റൊമേനിയ തുടങ്ങിയ രാജ്യങ്ങളിലും പഠിക്കുന്നതിനായി ലോണിന് അപേക്ഷിക്കുമ്പോൾ അതുസംബന്ധിച്ച് ക്ലാരിറ്റി കിട്ടാതെ ലോൺ നൽകാൻ കുറച്ച് ബുദ്ധിമുട്ട് വരുന്നുണ്ട്. ലോൺ നൽകുന്നില്ലെന്നുപറഞ്ഞ് ലോക്കൽ ഇഷ്യൂസ് ഉണ്ടാകുന്നുമുണ്ട്. ഇത്തരം കാര്യങ്ങൾ സ്ട്രീംലൈൻ ചെയ്യാൻ സാധിച്ചാൽ എഡ്യൂക്കേഷൻ ലോൺ നൽകുന്നതിൽ ഒരു പ്രശ്നവുമില്ല.

മറ്റൊരു ഇഷ്യൂ ഫിനാൻഷ്യൽ ലിറ്ററസി സെന്ററുകളെ സംബന്ധിച്ചാണ്. നബാർഡും ആർ.ബി.ഐ.-യും പറഞ്ഞ സെന്ററുകൾ ബാങ്കിംഗ് ഫിനാൻസും ബാങ്കിംഗ് അവയർനസും ക്രിയേറ്റ് ചെയ്യാനുള്ള ഒരു ഫോറമാണ്. നമ്മൾ അതിനായി ഫിനാൻഷ്യൽ ലിറ്ററസി കൗൺസിലർമാരെ നിയമിച്ചിട്ടുണ്ട്. ഒരു ഓതറൈസേഷൻ ലെറ്റർ ജില്ലാ കളക്ടറേറ്റ് ഓഫീസിൽ നിന്നും നൽകിയാൽ മാത്രമേ അവർക്ക് പല ഓഫീസുകളിലും പോയി ഇതുസംബന്ധിച്ച് അവയർനെസ് ക്രിയേറ്റ് ചെയ്യാൻ സാധിക്കുകയുള്ളു. ചില സ്ഥലങ്ങളിൽ ഈ ലെറ്റർ ലഭിക്കാത്തതുകൊണ്ട് അവർക്ക് സ്കൂളുകളിലോ കോളേജുകളിലോ ഇൻസ്റ്റിറ്റ്യൂഷനുകളിലോ പോയി അവയർനെസ് ക്രിയേറ്റ് ചെയ്യാൻ സാധിക്കാത്ത സാഹചര്യം വരുന്നുണ്ട്. അങ്ങനെ ഒരു ഇഷ്യൂ വരാതെ ആദ്യമേ ഇവർക്ക് ആവശ്യമായ ബോധവൽക്കരണം നൽകാൻ സാധിച്ചാൽ ധാരാളം പ്രശ്നങ്ങൾ ഒഴിവാക്കുന്നതിന് സാധിക്കും.

റൂറൽ ഡെവലപ്മെന്റ് ആൻഡ് സെൽഫ് എംപ്ലോയ്മെന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് നല്ല ഒരു സംരംഭമാണ്. അത് മാക്സിമം സ്ഥലത്ത് സെൽഫ് എംപ്ലോയ്മെന്റ് ലഭിക്കുന്നതിനുള്ള അവസരമാണ്. അതുകൊണ്ട് അവർക്ക് ജോലി അന്വേഷിച്ച് പോകേണ്ടി വരില്ല. അവർക്ക് സ്കിൽ ട്രെയിനിംഗ് നൽകുന്നതിന് സഹായകരമായ റൂറൽ സെൽഫ് എംപ്ലോയ്മെന്റ് ട്രെയിനിംഗ് സെന്ററുകൾ എല്ലാ ജില്ലയിലും ഉണ്ടാകണം. ചില സ്ഥലത്ത് സ്ഥലമെടുക്കാനായി പ്രോബ്ലം വരുന്നുണ്ട്. അത് രൂപീകരിക്കുകയാണെങ്കിൽ സെൽഫ് എംപ്ലോയ്മെന്റ് ജനറേറ്റ് ചെയ്യാൻ സാധിക്കും. അത് ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷനോടുള്ള ഒരു അഭ്യർത്ഥനയാണ്.

ഡിജിറ്റലൈസേഷൻ ഓഫ് ലാൻഡ് റിക്കാർഡ്സ് ആണ് നമ്മുടെ പ്രധാന വിഷയം. ഈ വിഷയം എസ്.എൽ.ബി.സി.-യിൽ നിരവധി തവണ എടുത്തിട്ടുണ്ട്. നീതി ആയോഗിന്റെ ഒരു ഒർജിനൽ സജഷനാണ്. അങ്ങനെ ചെയ്താൽ ക്രോപ്പിന്റെ ഡീറ്റെയിൽസ്, ഏക്കറേജ് എന്നിവ സംബന്ധിച്ച് വ്യക്തമായി അറിയാനും അത് ലോൺ നൽകാനായി സഹായകമാകുകയും ചെയ്യും. ഫസൽ ബീമാ യോജനയ്ക്കുള്ള ഇൻഷ്വറൻസ് നൽകാൻ കറക്ടായിട്ടുള്ള ഒരു ഏക്കറേജ് കിട്ടാൻ സാധിക്കുമെന്നുണ്ടെങ്കിൽ അത് ചെയ്യാനും കഴിയുന്നതാണ്. Support for promoting social

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

security schemes and doubling of farmers income by 2022. വയനാട് ഡിസ്ട്രിക്ട് കളക്ടർ ഇന്നലെ പറഞ്ഞ മൂന്ന് ഇൻഷ്വറൻസ് സ്കീമുകളിൽ ജെ.ജെ.ബി.വൈ.-യും ബീമാ യോജനയും ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ വഴി പുഷ് ചെയ്യാൻ സാധിക്കുമെങ്കിൽ 10 ലക്ഷം രൂപ വരെയുള്ള ഇൻഷ്വറൻസ് കവറേജ് കിട്ടും. ഇതിനകത്തെ ഒരു പ്രശ്നം, ബാങ്കേഴ്സ് ഈ ഇൻഷ്വറൻസ് പുഷ് ചെയ്യുമ്പോൾ ഞങ്ങളുടെ ആവശ്യമാണെന്ന ഒരു ഫീൽ വരുന്നുണ്ട്. So if government officials can really promote that scheme, it will really be a great job. ഈ കഴിഞ്ഞ രണ്ട് പ്രളയ സമയത്തും ഇൻഷ്വറൻസ് കവറേജ് ഇല്ലാത്തതിന്റെ ബുദ്ധിമുട്ട് നമ്മൾ കണ്ടുകഴിഞ്ഞതാണ്. രണ്ട് ലക്ഷം വരെയുള്ള ആക്സിഡന്റ് ലൈഫ് പോളിസി വെറും 12 രൂപയ്ക്കും 3.30 രൂപയ്ക്ക് ലൈഫ് കവറുമുള്ള നമുക്ക് താങ്ങാനാകുന്ന ഒരു സ്കീമാണിത്. If we can cover maximum number of people that will be the best thing to mitigate any kind of eventualities in the days to come. There can be any G.O. or instructions to all the Government departments to ensure that it is taken compulsorily we can definitely see that the issues are mitigated.

We thank you for the opportunity given to us. We assure you that all assistance and all help will be given to the district committees.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഈ പറഞ്ഞതിൽ മൂന്ന് വർഷം കഴിഞ്ഞാൽ ലൈസൻസ് നൽകിയില്ലെങ്കിലെന്നുള്ള പ്രശ്നം സാധാരണഗതിയിൽ വരില്ല, കാരണം അവർ തന്നെയാണെല്ലോ ഇൻവെസ്റ്റ് ചെയ്യുന്നത്; അതിന്റെ ഭാഗമായിട്ടുള്ള നിർമ്മാണ പ്രവൃത്തികൾ സ്വാഭാവികമായും അതുമായി ബന്ധപ്പെട്ട ആർക്കിടെക്ടുകളുടെ മേൽനോട്ടത്തിലാണ് നടക്കുന്നത്. അതിൽ എന്തെങ്കിലും വീഴ്ച സംഭവിച്ചാൽ അവരുടെ ലൈസൻസിനെ തന്നെ ബാധിക്കുന്നതാണ്. അതിന് അവർക്ക് പൂർണ്ണമായ ഉത്തരവാദിത്തവുമുണ്ട്. ഇതിന്റെ ഭാഗമായാൽ തന്നെ നിയമവിരുദ്ധമായ നിർമ്മാണ പ്രവർത്തനം തദ്ദേശഭരണ സ്ഥാപനത്തിൽ നടത്താൻ പാടില്ല. എല്ലാ നിയമവും ക്രമവും ചട്ടവും പാലിച്ചുതന്നെയാണ് അവർ നടത്തി കൊണ്ടുപോകുന്നത്.

പാരിസ്ഥിതികാനുമതി നൽകുന്നത് സംബന്ധിച്ച് പറയുകയാണെങ്കിൽ, ഒരു തരത്തിലും പാരിസ്ഥിതികാനുമതി ലഭിക്കാത്ത സ്ഥലത്ത് അത്തരം ഒരു സംരംഭം ആരംഭിക്കാൻ സാധാരണഗതിയിൽ കഴിയില്ല. അതുകൊണ്ട് അതുസംബന്ധിച്ച് ആശങ്ക ബാങ്കുകാർക്ക് വേണ്ടതില്ല. അത് കൃത്യമായി നടത്തികൊണ്ടുപോകാൻ കഴിയുന്നത് തന്നെയാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): ബാങ്കിംഗ് രംഗത്ത് കാണുന്ന ഒരു പ്രവണത, ഇത്തരം യോഗങ്ങളിൽ വന്ന് സഹായാത്മകമായ നിലപാട് സ്വീകരിക്കുമെന്ന് പറയുകയും പ്രയോഗത്തിൽ വളരെ കർക്കശവും വായ്പകൾ എങ്ങനെ കൊടുക്കാതിരിക്കാം എന്നതിന് പ്രാമുഖ്യം നൽകുന്നതുമായ സമീപനം പൊതുവായി സ്വീകരിക്കുകയുമാണ്. ഞങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന കൃഷിക്കാരുടെയും ചെറുകിട യൂണിറ്റുകൾ നടത്തിക്കൊണ്ടിരിക്കുന്നവരുടെയും പരാതികൾ യഥാർത്ഥത്തിൽ മഹാഭൂരിപക്ഷവും ബാങ്കിംഗ് മേഖലയെക്കുറിച്ചുള്ളതാണ്. സർഫാസി നിയമം പാസ്സായതിനുശേഷം

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

കുടിശ്ശിക പിരിച്ചെടുക്കാൻ ബാങ്കുകൾ സ്വീകരിക്കുന്നത് തെറ്റായ വഴികളാണ്. കേരളം പോലുള്ള ഒരു സംസ്ഥാനത്ത് ചില ബാങ്കുകളെങ്കിലും അത്തരം നടപടികൾ സ്വീകരിക്കുന്നത് ഗുണകരമല്ല. അത് ബാങ്കിംഗ് മേഖല പരിശോധിക്കേണ്ടതാണ്. സംസ്ഥാനതല ബാങ്കിംഗ് സമിതിയിലും ജില്ലാതല ബാങ്കിംഗ് സമിതിയിലും എടുക്കുന്ന തീരുമാനങ്ങൾ പൂർണ്ണമായും നടപ്പിലാക്കാൻ ഉത്തരവാദിത്വത്തോടുകൂടി ബാങ്കിംഗ് രംഗത്തുള്ളവർ പ്രവർത്തിക്കണം എന്നുള്ളതാണ് അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ചൂണ്ടിക്കാണിക്കാനുള്ളത്. ബാങ്കിംഗ് ഫൈനാൻസ് പ്രശ്നങ്ങളാണ് എന്നുള്ളതുകൊണ്ട് ഇത്തരം കാര്യങ്ങളിൽ ജില്ലാ കളക്ടർമാർ ഇടപെടുന്നത് താരതമ്യേന കുറവാണ്. അതുകൊണ്ടുതന്നെ സാമ്പത്തിക ഞെരുക്കംകൊണ്ട് പല സ്ഥാപനങ്ങളും പൂട്ടിപ്പോകുന്ന അവസ്ഥയുണ്ടാകുന്നുണ്ട്.

ശ്രീ. ബി. അബ്ദുൾ നാസർ, ജില്ലാ കളക്ടർ, കൊല്ലം: വിദ്യാഭ്യാസ വായ്പയുമായി ബന്ധപ്പെട്ട് എസ്.എൽ.ബി.സി. അവതരിപ്പിച്ച പ്രസന്റേഷനിൽ ഏഴര ലക്ഷം രൂപയ്ക്ക് മുകളിൽ കൊളാറ്ററൽ സെക്യൂരിറ്റിയില്ലാതെ വായ്പ കൊടുക്കാൻ കഴിയില്ല. എം.ബി.ബി.എസ്. ഉൾപ്പെടെയുള്ള കോഴ്സുകൾക്ക് മെരിറ്റ് സീറ്റിൽ അഡ്മിഷൻ കിട്ടിയ ഒരുപാട് പാവപ്പെട്ട വിദ്യാർത്ഥികളുടെ അപേക്ഷകൾ വരാറുണ്ട്. എൽ.ഡി.എം. വഴി പലതും ടേക്കപ് ചെയ്യാറുമുണ്ട്. എന്നാലും ഏഴര ലക്ഷത്തിന്റെ പരിധി മറികടക്കാൻ അവർക്ക് കഴിയുന്നില്ല. പ്രസ്തുത പരിധി കുറച്ചുകൂടി വർദ്ധിപ്പിക്കാൻ കഴിയുമോ എന്ന് പരിശോധിക്കണം. സാധാരണ വരുന്ന ഫീസ് 12.5 ലക്ഷം രൂപയാണ്. അതിനായി 7.5 ലക്ഷം രൂപയ്ക്ക് പുറമേ വരുന്ന 5 ലക്ഷം രൂപയ്ക്ക് കൊളാറ്ററൽ സെക്യൂരിറ്റി വയ്ക്കേണ്ടി വരുന്നുണ്ട്. ഇതുമൂലം അർഹതപ്പെട്ട പാവപ്പെട്ട വിദ്യാർത്ഥികളുടെ അപേക്ഷകൾ നിരസിക്കപ്പെടുന്നുണ്ട്. അത് എൻഹാൻസ് ചെയ്ത് 12.5 ലക്ഷം വരെയാക്കിയാൽ ഒരുപാട് പേർക്ക് ഉപകാരപ്പെടും.

ലോ ഇൻകം ഗ്രൂപ്പിന്റെ റിക്കവറിയിൽ ആകെ ഒരു വീടും രണ്ടോ മൂന്നോ സെന്റ് സ്ഥലവും മാത്രമുള്ള കേസുകളിൽ സർഫാസി ആക്ടിലാണെങ്കിൽപ്പോലും ജില്ലാ ഭരണകൂടവുമായി ബന്ധപ്പെട്ട് ഇൻസ്റ്റാൾമെന്റോ വൺ ടൈം സെറ്റിൽമെന്റോ ആക്കാൻ ശ്രമിക്കണം. പലരും അത്തരത്തിൽ വേണമെന്ന അപേക്ഷ നൽകുന്നുണ്ട്. കുറച്ച് സമയത്തിനുള്ളിൽ കൊടുക്കാമെന്നാണ്. പക്ഷേ അതിനുള്ള അവസരം ചിലപ്പോൾ കിട്ടുന്നില്ല. ജില്ലാ ഭരണകൂടം ഇടപെട്ടാൽപോലും ഈ നിയമമാണ് പറയുന്നത്. അക്കാര്യത്തിൽ ചെറിയൊരു ഇളവ് വളരെ പാവപ്പെട്ടവർക്ക് അതായത് ഒരു സോഴ്സും ഇല്ലെന്ന് കണ്ടെത്തുന്നവരെ പരിഗണിക്കുകയാണെങ്കിൽ നമുക്കതിൽ ഇടപെടാൻ കഴിയും.

ശ്രീ. പി. ബി. നൂഹ്, ജില്ലാ കളക്ടർ, പത്തനംതിട്ട: എഡ്യൂക്കേഷൻ ലോണിൽ രണ്ട് കാര്യങ്ങൾ കൂടി പറയാനുണ്ട്. ഒന്ന്, പത്തനംതിട്ട ജില്ലയിൽ എഡ്യൂക്കേഷൻ ലോൺ കൊടുക്കുന്നില്ലെന്ന വ്യാപക പരാതിയുണ്ട്. ലീഡ് ബാങ്ക് മാനേജർമാരുമായി ടേക്കപ്പ് ചെയ്തിട്ടും വളരെ മെറിറ്റോറിയസായ കുട്ടികൾക്കുപോലും കിട്ടുന്നില്ല. 80 ശതമാനം സ്കോർ ഉണ്ടെങ്കിൽ മാത്രമേ കിട്ടൂവെന്നതാണ് ഫെഡറൽ ബാങ്ക് സെറ്റ്

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

ചെയ്തിരിക്കുന്നത്. 79 ശതമാനമുള്ള വിദ്യാർത്ഥികൾക്കുപോലും ലോൺ ലഭിക്കില്ല. കേരളത്തിന് പുറത്ത് പഠിക്കുന്ന കുട്ടികളെ സംബന്ധിച്ച് അവിടത്തെ മെരിറ്റ് എൻട്രൻസ് എഴുതിയവർക്കു മാത്രമേ ലഭിക്കുള്ളൂ എന്നതാണ് വസ്തുത. നല്ല സ്കോർ ഉള്ള കുട്ടികളാണെങ്കിലും പുറത്ത് പഠിക്കുന്ന കുട്ടികൾക്ക് ലഭിക്കുന്നില്ല. അതൊരു സീരിയസ് ഇഷ്യൂവാണ്.

രണ്ടാമത്, ഇൻഷ്വറൻസിന്റെ കാര്യത്തിൽ അദാലത്ത് വച്ച് മുഴുവൻ ആളുകൾക്കും ഇൻഷ്വറൻസ് എടുക്കുന്നതിനുള്ള നടപടി ജില്ലയിൽ എടുത്തിട്ടുണ്ട്.

<u>ശ്രീ. എസ്. സാംബശിവ റാവു, ജില്ലാ കളക്ടർ, കോഴിക്കോട്</u>: എഡ്യൂക്കേഷണൽ ലോൺ വിഷയത്തിൽ എല്ലാ ലോണുകൾക്കും ഗ്രീവൻസസുണ്ട്. പലപ്പോഴും ലീഡ് ബാങ്ക് മാനേജർമാരെ വിളിക്കുന്നുണ്ട്. പക്ഷേ റെസ്പോൺസിനുവേണ്ടി പല പ്രാവശ്യം ഫോളോ അപ് ചെയ്യേണ്ട അവസ്ഥയാണ്. ഇപ്പോൾ കമ്മിറ്റി ഒരു നല്ല പ്രൊപ്പോസലാണ് പ്രൊപ്പോസ് ചെയ്തിരിക്കുന്നത്. സർഫാസി ആക്ട് അല്ലാത്ത എല്ലാ ഗ്രീവൻസ് റിഡ്രസലിനും ഫെസിലിറ്റേഷനും അത് അവരുടെ ഫോക്കസ് ഏരിയയായി ഉണ്ടെങ്കിൽ നല്ല റിസൾട്ട് കിട്ടുമെന്നാണ് എന്റെ അഭിപ്രായം. ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷന്റെ റെപ്രസന്റേറ്റീവിനെ ഉൾപ്പെടുത്തുന്നത് വളരെ നല്ല കാര്യമാണ്.

<u>കൺവീനർ, സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി ആന്റ് ജനറൽ മാനേജർ, കാനറാ ബാങ്ക്</u>: അടുത്ത എസ്.എൽ.ബി.സി.-യിൽ അതുസംബന്ധിച്ച് തീരുമാനമെടുക്കും.

<u>ശ്രീമതി അദീല അബ്ദുല്ല, ജില്ലാ കളക്ടർ, വയനാട്</u>: ആദിവാസികൾ കൃഷിക്ക് മുമ്പുള്ള ലോണിനുവേണ്ടി പ്രൈവറ്റ് ഫിനാൻസിനെയാണ് സമീപിക്കുന്നത്. ടിമിഡ് നേച്ചറായതുകൊണ്ട് മുഖ്യധാരയിലേയ്ക്ക് വന്ന് കിസാൻ ക്രെഡിറ്റ് കാർഡിന്റെ ഒന്നര ലക്ഷത്തിന്റെ ലോൺ എടുക്കാനോ ജെ.എൽ.ജി. ഗ്രൂപ്പായി ഫോം ചെയ്യാനോ കൾച്ചറലി വ്യത്യാസമുള്ളതുകൊണ്ട് അവരുടെ കൂട്ടത്തിൽ നിന്ന് അങ്ങനെയൊരു നീക്കം ഉണ്ടാകാറില്ല. പലപ്പോഴും കൃഷിക്ക് ഇറക്കുന്നതിനുമുമ്പ് ഇവർക്ക് വിത്ത് ഒരു പ്രൊക്യുവറിൽ നിന്നും കൊടുക്കുകയും വിളവ് അവർ കൊണ്ടുപോകുന്നതും കാരണം അവർക്ക് വലിയ നഷ്ടമാണുണ്ടാകുന്നത്. കുറച്ചുകൂടി ട്രൈബൽ കോളനികളിലേയ്ക്ക് ഇറങ്ങിച്ചെന്ന് ഫോർമൽ ക്രെഡിറ്റ് സിസ്റ്റത്തിലേയ്ക്ക് കൊണ്ടുവന്ന് അവരുടെ ക്രോപ്പുകൂടി ഇൻഷ്വർ ചെയ്യിക്കുകയാണെങ്കിൽ നഷ്ടം വന്നാലും കുഴപ്പമില്ലാത്ത തരത്തിലേയ്ക്ക് പോകാമായിരുന്നു.

രണ്ടാമത്, RSETI (Rural Self Employment Training Institute) യിൽ ഇപ്പോൾ നൽകുന്ന പല കോഴ്സുകളും ഔട്ട്ഡേറ്റഡാണ്. വർഷങ്ങളായി അതിൽ റിവിഷൻ നടക്കുന്നില്ല. പലപ്പോഴായി ബാങ്കേഴ്സ് മീറ്റിംഗിൽ പറയുന്ന കാര്യമാണ്.

<u>കൺവീനർ, സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി ആന്റ് ജനറൽ മാനേജർ, കാനറാ ബാങ്ക്</u>: ട്രൈബൽസിനെ ഹെൽപ് ചെയ്യാനായി we will give instructions to FLCCs.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

അവയർനെസ് ക്രിയേറ്റ് ചെയ്യാനായി പോകാനുള്ള അനുമതിക്കുള്ള ഓതറൈസേഷൻ നൽകിയാൽ അതിന് സാധിക്കുന്നതാണ്.

<u>ശ്രീ. മനോജ് ജോഷി, അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്:</u> കഴിഞ്ഞ വർഷമുണ്ടായ പ്രളയത്തിനുശേഷം ഇൻഷ്വറൻസ് കമ്പനികളുമായി കുറേ യോഗങ്ങൾ നടത്തിയത് ലൈഫിന്റെയും ആക്സിഡൻസിന്റെയും പ്രോപ്പർട്ടിയുടെയും ഇൻഷ്വറൻസ് സംബന്ധിച്ചാണ്. കേന്ദ്ര ഗവൺമെന്റിന്റെ ഒരു ഇൻഷ്വറൻസ് സ്കീമുണ്ട്. അതിന്റെ പ്രീമിയത്തിൽ കേന്ദ്ര ഗവൺമെന്റിന്റെയും സ്റ്റേറ്റിന്റെയും ബെനിഫിഷ്യറീസിന്റെയും കോൺട്രിബ്യൂഷനുണ്ടാകും. കുറേ സ്കീംസ് നമുക്ക് ചെയ്യാൻ കഴിയും. എല്ലാവരെയും ഇൻഷ്വറൻസ് സ്കീമിൽ ചേർക്കുക പ്രയാസമായിരിക്കും. ഗ്രൂപ്പുകളുള്ള ഏരിയായിൽ ഒരുപാട് മുന്നോട്ട് പോകാൻ കഴിയും. അതുകൊണ്ട് കുടുംബശ്രീ, മിൽമ, ഫിഷർമെൻ തുടങ്ങിയ ഓർഗനൈസ്ഡ് വെൽഫെയർ ഫണ്ട് ബോർഡ് മെമ്പർമാരുമായി ഒന്നുരണ്ട് റൗണ്ട് ഡിസ്കഷൻ നടത്തിയിരുന്നു. അതിന്റെ കൺക്ലൂഷനായി കേന്ദ്ര ഗവൺമെന്റ് സ്കീമിൽ സ്റ്റേറ്റിന്റെ കോൺട്രിബ്യൂഷൻ പ്രീമിയത്തിൽ ബാക്കി ബെനിഫിഷ്യറീസിന്റെ കോൺട്രിബ്യൂഷൻ ചെയ്തിട്ട് ഈ ഗ്രൂപ്പുകളെ ലൈഫിലും പേഴ്സണൽ ആക്സിഡൻസിലും അതുപോലെ തന്നെ കുറച്ച് പ്രോപ്പർട്ടി ഇൻഷ്വറൻസിലും കൊണ്ടുവരാൻ കഴിയും. അതുസംബന്ധിച്ച് ഒരു നോട്ട് പുട്ടപ് ചെയ്യാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തീരുമാനമെടുക്കുകയാണെങ്കിൽ ഓർഗനൈസ്ഡ് ഗ്രൂപ്പുകളിൽ ഈ ഇൻഷ്വറൻസുമായി നമുക്ക് മുന്നോട്ട് പോകാൻ കഴിയും. മറ്റൊരു പ്രശ്നമായി ഇൻഷ്വറൻസ് കമ്പനികൾ പറഞ്ഞത് എസ്.എൽ.ബി.സി.-യിലും ഡി.എൽ.ബി.സി.-യിലുമെല്ലാം വച്ച് ഡിസ്ട്രിക്ട് ലെവലിൽ ബാങ്കേഴ്സിന്റെ ഇഷ്യൂസ് നമ്മൾ ഡിസ്കസ് ചെയ്യാറുണ്ട്. എന്നാൽ ഇൻഷ്വറൻസ് കമ്പനികളുമായി സ്റ്റേറ്റ് ലെവലിൽ ഇങ്ങനെയൊരു ഗ്രൂപ്പില്ല. സ്റ്റേറ്റ് ഗവൺമെന്റ് ഇൻഷ്വറൻസിന്റെ ഒരു ഗ്രൂപ്പും അതിൽ ഗവൺമെന്റ് ഒഫീഷ്യൽസ് അഗ്രിക്കൾച്ചർ, ഇൻഡസ്ട്രി, ഫിഷറീസ് തുടങ്ങിയ വകുപ്പുകളുടെ പ്രതിനിധികളും ഉണ്ടെങ്കിൽ നല്ലൊരു ചർച്ച റെഗുലർ ഇന്റർവെലിൽ, മൂന്നുമാസത്തിലൊരിക്കലെങ്കിലും ചേർന്നാൽ ഗുണകരമായിരിക്കും.

<u>ശ്രീ. സുഭാഷ് ടി. വി., ജില്ലാ കളക്ടർ, കണ്ണൂർ</u>: കണ്ണൂർ ജില്ലയിൽ ഏറ്റവും കൂടുതൽ ബ്രാഞ്ചുകളുള്ളത് ഗ്രാമീൺ ബാങ്കിനാണ്. എഡ്യൂക്കേഷണൽ ലോണിന്റെ കാര്യത്തിൽ അപേക്ഷകർ എല്ലാ നിബന്ധനകളും പാലിച്ചാലും കൂടുതൽ ആളുകൾ അപേക്ഷിക്കുമ്പോൾ ലോണിന്റെ ലിമിറ്റ് കഴിഞ്ഞുവെന്നാണ് പറയുന്നത്. മറ്റ് ബാങ്കുകളും കൊടുക്കുന്നില്ല. വെബ്സൈറ്റിൽ അപ്ലോഡ് ചെയ്താലും എലിജിബിളായിട്ടുള്ള കുട്ടികൾക്ക് എല്ലാ നിബന്ധനകളും പാലിച്ചിട്ടും വിദ്യാഭ്യാസ വായ്പ നിരസിക്കപ്പെടുകയാണ്.

<u>ഡോ. ഉഷാ ടൈറ്റസ്, പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസം, പരിസ്ഥിതി വകുപ്പ്</u>: സ്കിൽ ബേസ്ഡ് കോഴ്സുകളെ ഇപ്പോൾ നമ്മൾ ഒരുപാട് എൻകറേജ് ചെയ്യുന്നുണ്ട്. Skill courses are less than one year duration. ചില ബാങ്കുകൾ കോഴ്സിന്റെ കാലാവധി 6 മാസത്തിനുള്ളതിനും ഒരു വർഷത്തിനുള്ളതിനും 35000 രൂപ വരെ വായ്പ

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

നൽകുന്നുണ്ട്. പക്ഷേ ചില ബാങ്കുകൾ നൽകുന്നില്ല. അത് യൂണിയൻ ബാങ്ക് ചെയ്യുന്നതുപോലെ മറ്റ് ബാങ്കുകളും സപ്പോർട്ട് ചെയ്യുകയാണെങ്കിൽ ഒരുപാട് സ്കിൽ ബേസ്ഡ് കോഴ്സുകൾ ചെയ്യാൻ സാധിക്കും.

<u>ശ്രീ. എ. ഷാജഹാൻ, സെക്രട്ടറി, പൊതുവിദ്യാഭ്യാസം, ന്യൂനപക്ഷക്ഷേമ വകുപ്പ്:</u> ബാങ്കുകൾ ലാൻഡ് ബേസ്ഡായി ലോൺ കൊടുക്കുമ്പോൾ പ്രോസസ്സിംഗ് ചാർജ്ജ് വാങ്ങുന്നുണ്ട്. വില്ലേജ് ഓഫീസർമാർ ഹാഫ് ഡേ ലീവ് എടുത്തുപോയി ഫീൽഡ് വിസിറ്റ് നടത്തിയാണ് ലൊക്കേഷൻ സ്കെച്ച് തയ്യാറാക്കുന്നത്. അതുകൊണ്ടുതന്നെ ഓഫീസുകളിലുള്ള തണ്ടപ്പേരിന്റെ എക്സ്ട്രാക്ടും എഫ്.എം.ബി.യുടെ ഡീറ്റെൽസും കൊടുക്കുന്നതിന് ബുദ്ധിമുട്ടില്ല. കാരണം അത് ഓഫീസിലുള്ള കാര്യങ്ങളാണ്. പക്ഷേ ഫീൽഡിൽ പോയി ചെയ്യുന്നതിന് ഗവൺമെന്റിന് ഒരു ഗുണവും ലഭിക്കുന്നില്ല. പ്രോസസ്സിംഗ് ചാർജ്ജ് ബാങ്കുകൾക്ക് മാത്രമാണ് കിട്ടുന്നത്.

<u>ശ്രീ. ഡി. ബാലമുരളി, ജില്ലാ കളക്ടർ, പാലക്കാട്:</u> ഇതിലൊരു നിർദ്ദേശമുണ്ട്. സംസ്ഥാനത്ത് ഇതിനകംതന്നെ ഓൺലൈൻ പോക്കുവരവ് വന്നിട്ടുണ്ട്. മൊത്തം ലാൻഡ് റെക്കോർഡ്സും ഇപ്പോൾ ഡാറ്റാബേസ് ഫോർമാറ്റിലാണ്. ഐ.ജി. രജിസ്ട്രേഷനുമായി ബന്ധപ്പെട്ട ശേഷം ഇപ്പോൾ ലൈവാണ്. എന്ത് രജിസ്ട്രേഷൻ നടന്നാലും ഓട്ടോമാറ്റിക്കായി അത് ഡേറ്റാബേസിൽ റിഫ്ലക്ട് ചെയ്യും. നിലവിൽ ബാങ്കേഴ്സ് റിലേ ചെയ്യുന്നത് റവന്യൂ വകുപ്പ് നൽകുന്ന പൊസഷൻ സർട്ടിഫിക്കറ്റാണ്. പാലക്കാട് ജില്ലയിൽ മാത്രം ഒരു വർഷം 4.5 ലക്ഷം പൊസഷൻ സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്യുന്നുണ്ട്. സംസ്ഥാനമൊട്ടാകെ ലക്ഷക്കണക്കിന് പൊസഷൻ സർട്ടിഫിക്കറ്റാണ് ഇഷ്യൂ ചെയ്യുന്നത്. ഇത് ആൾറെഡി ഡാറ്റാബേസ് ഫോർമാറ്റിലുണ്ട്. ഇതിന്റെയൊരു ലിങ്ക്, തണ്ടപ്പേര് എക്സ്ട്രാക്ട് ഓൺലൈൻ സർവ്വീസായി എസ്.എൽ.ബി.സി. അംഗീകരിച്ചാൽ പൊസഷൻ സർട്ടിഫിക്കറ്റ് സിസ്റ്റംതന്നെ ഒഴിവാക്കാം. ഇത് ഫൂൾപ്രൂഫാണ്. നിലവിൽ വില്ലേജ് ഓഫീസർ തെറ്റായി പൊസഷൻ സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്താൽ അതിന്മേൽ ഡിസിപ്ലിനറി പ്രൊസീഡിംസ് ഇനിഷ്യേറ്റ് ചെയ്യുന്നുണ്ട്. ഇപ്പോൾ സിസ്റ്റമിക്ക് സൊല്യൂഷൻ നമ്മുടെ കയ്യിലുണ്ട്. അത് ബാങ്കുകൾ അംഗീകരിച്ചാൽ ആയിരക്കണക്കിന് മാൻഡേറ്റ്സ് നമുക്ക് സേവ് ചെയ്യാൻ സാധിക്കും. അവർക്കത് ഫൂൾപ്രൂഫായ സിസ്റ്റംകൂടിയാകും. പക്ഷേ നമുക്ക് സ്കെച്ച് കൊടുക്കാൻ പറ്റില്ല, തണ്ടപ്പേര് എക്സ്ട്രാക്ട് കൊടുക്കാൻ സാധിക്കും.

<u>കൺവീനർ, സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി ആന്റ് ജനറൽ മാനേജർ, കാനറാ ബാങ്ക്:</u> യൂട്ടിലൈസേഷനായിക്കഴിഞ്ഞാൽ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കും. Because when we go for a location we are unable to identify the places.

<u>ശ്രീ. വേണു വി., പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്, കൾച്ചറൽ അഫയേഴ്സ് (ആർക്കിയോളജി, ആർക്കൈവ്സ്, മ്യൂസിയം):</u> പാലക്കാട് ജില്ലാ കളക്ടറെ ഇക്കാര്യം രേഖാമൂലംതന്നെ അറിയിച്ചിട്ടുണ്ട്. വളരെ ആലോചിച്ച് തീരുമാനിക്കേണ്ട ഒരു റെക്കമെന്റേഷനാണിത്. കാരണം ഒരാവശ്യവുമില്ലാത്ത സർട്ടിഫിക്കറ്റായാണ് ഇത് കാണുന്നത്. ഓൺലൈനാക്കിയ രേഖകൾ പരിശോധിക്കാൻ ഒരു ലിങ്ക്

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

കൊടുക്കുകയാണെങ്കിൽ പൊസഷൻ സർട്ടിഫിക്കറ്റും സ്കെച്ചും കൊടുക്കുന്ന രീതി അവസാനിപ്പിക്കാൻ സാധിക്കും. ഞങ്ങൾ ഫോർമലായി എഴുതുന്നുണ്ട് അത് എസ്.എൽ.ബി.സി. പരിഗണനയ്ക്കെടുക്കണം. വില്ലേജ് ലെവൽ അധികാരികളുടെ കുറേ അധികം സമയം ആവശ്യമില്ലാതെ ചെലവഴിക്കുന്നു, ജനങ്ങളെ ബുദ്ധിമുട്ടിക്കുന്നു. ഇതൊന്നുമില്ലാതെ the extract is an official document you can take a printout. പോകുമ്പോൾ അന്വേഷിച്ച് പോകണം. If you have to go and make a field enquiry, do so. പക്ഷേ അതിന്റെ പേരിൽ റവന്യൂ ഉദ്യോഗസ്ഥർ കൃത്യമായ സ്കെച്ച് തരണമെന്ന് പറയരുത്. ആരുടെ പൊസഷനിലാണ് ഒരു പ്രോപ്പർട്ടി എന്നുള്ളത് റെക്കോർഡിൽ നിന്നും അറിയാനാകും. I think it is a very reasonable suggestion. ജോലിഭാരം കുറയ്ക്കാനും ഔദ്യോഗികമായിട്ടുള്ള ഒരു ഡോക്യുമെന്റ് ലഭിക്കാനും സാധിക്കുന്ന ഒരു സജഷനാണിത്. Officially it is coming to you.

കൺവീനർ, സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി ആന്റ് ജനറൽ മാനേജർ, കാനറാ ബാങ്ക്: എസ്.എൽ.ബി.സി.-യിൽ വച്ച് ഇത് ഡിസ്കസ് ചെയ്യാം.

Chief Secretary: I think most of the issues are pertaining to educational loans. Responses from the district collectors show that is the real issue for people. ഇക്കാര്യത്തിൽ ബാങ്കുകൾ കുറച്ചുകൂടി ശ്രദ്ധചെലുത്തുകയാണെങ്കിൽ അതുകൊണ്ട് പ്രയോജനമുണ്ടാകും. Because actually we are helping out future generation. ആ ഒരു പോയിന്റ് ഓഫ് വ്യൂവിൽ നിന്ന് നോക്കിയാൽ അവരെ ഹെൽപ് ചെയ്യാൻ സാധിക്കുമെന്നുള്ള സാഹചര്യമാണെന്നുണ്ടെങ്കിൽ ഉചിതമായിരിക്കും.

കൺവീനർ, സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി ആന്റ് ജനറൽ മാനേജർ, കാനറാ ബാങ്ക്:എസ്.എൽ.ബി.സി.-യിൽ നിന്നും എല്ലാവിധ സപ്പോർട്ടും ഉണ്ടായിരിക്കുന്നതായിരിക്കും.

കൃഷി വകുപ്പ്

ശ്രീ. ദേവേന്ദ്ര കുമാർ സിംഗ്, അഡീഷണൽ ചീഫ് സെക്രട്ടറി, കൃഷി വകുപ്പ്: കൃഷി വകുപ്പിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഒരു പ്രസന്റേഷൻ തയ്യാറാക്കിയിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ട ചില കാര്യങ്ങൾ വിശദീകരിക്കാം.

ആദ്യമായി വിള ഇൻഷ്വറൻസുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങളെക്കുറിച്ച് പറയാം. ഇതിൽ പ്രൈം മിനിസ്റ്റേഴ്സ് ഫസൽ ബീമാ യോജന, റീ സ്ട്രക്ച്ചേർഡ് വെതർ ബേസ്ഡ് ക്രോപ് ഇൻഷ്വറൻസ് എന്നിങ്ങനെ രണ്ട് സ്കീമുകളാണുള്ളത്. പ്രൈം മിനിസ്റ്റേഴ്സ് ഫസൽ ബീമാ യോജനയിൽ കൃഷിക്കാർ അടയ്ക്കേണ്ട പ്രീമിയം വളരെ കുറവാണെങ്കിലും സ്കീമിൽ ചേർന്നിട്ടുള്ള കൃഷിക്കാരുടെ എണ്ണം വളരെ കുറവാണ്. പ്രസ്തുത സ്കീമിനെക്കുറിച്ച് അവബോധം നടത്തി കൂടുതൽ കർഷകരെ സ്കീമിൽ കൊണ്ടുവരേണ്ടതായിട്ടുണ്ട്. ഏതൊക്കെ വിളകൾ എത്ര തുകയ്ക്ക് ഇൻഷ്വർ ചെയ്യാൻ കഴിയുമെന്നുള്ളതുസംബന്ധിച്ച് വ്യക്തമായ ചാർട്ട് തയ്യാറാക്കിയിട്ടുണ്ട്.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

വിള ഇൻഷുറൻസ് പദ്ധതി പ്രകാരം നഷ്ടപരിഹാരത്തുക ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പരിശോധിക്കുന്നതിന് ഡിസ്ട്രിക്ട് ലെവൽ ഗ്രിവൻസസ് കമ്മിറ്റി, ഡിസ്ട്രിക്ട് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി, ടെക്നിക്കൽ കമ്മിറ്റി എന്നിങ്ങനെ മൂന്ന് കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ട്. ടെക്നിക്കൽ കമ്മിറ്റി ഫീൽഡ് വിസിറ്റ് നടത്തി വിളനഷ്ടത്തെക്കുറിച്ച് പരിശോധിക്കുകയും കമ്മിറ്റിയുടെ റിപ്പോർട്ടനുസരിച്ച് നഷ്ടപരിഹാരം നൽകുകയുമാണ് ചെയ്യുന്നത്. വിള ഇൻഷുറൻസുമായി ബന്ധപ്പെട്ട് രൂപീകരിച്ചിട്ടുള്ള കമ്മിറ്റികൾ കൃത്യമായി യോഗം ചേരുന്നുണ്ടോയെന്നുള്ളത് പരിശോധിക്കുന്നതിനും പദ്ധതിയെക്കുറിച്ച് വേണ്ടത്ര അവബോധം നൽകുന്നതിനും ജില്ലാ കളക്ടർമാർ മുൻകയ്യെടുക്കണം.

കിസാൻ ക്രെഡിറ്റ് കാർഡ് സ്കീം പ്രകാരം ലോൺ ലഭിക്കുമെങ്കിലും 38 ശതമാനത്തിൽ താഴെയുള്ള കർഷകർ മാത്രമാണ് ഈ സൗകര്യം പ്രയോജനപ്പെടുത്തുന്നത്. എല്ലാ കർഷകരെയും കിസാൻ ക്രെഡിറ്റ് കാർഡ് എടുക്കുന്നതിന് പ്രേരിപ്പിക്കുകയും കൃത്യമായി മോണിറ്റർ ചെയ്യുകയും വേണം. District Collectors must discuss this issue in District Level Banking Committee. എത്രപേർക്ക് കാർഡ് കൊടുത്തു എന്നുള്ളതിന്റെ കൃത്യമായ കണക്ക് ബാങ്കേഴ്സ് സമിതിയിൽനിന്നും ലഭിക്കും. കൃഷി വകുപ്പിന്റെ കണക്കനുസരിച്ച് ഓരോ ബ്രാഞ്ചിലും 50-ൽ താഴെ കർഷകർ മാത്രമാണുള്ളത്. ബാങ്കേഴ്സ് സമിതിയുടെ സഹകരണത്തോടെ എല്ലാ കർഷകർക്കും കിസാൻ ക്രെഡിറ്റ് നൽകാൻ സാധിക്കുന്നതാണ്.

അടുത്തതായി മാർക്കറ്റിംഗുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് വിശദീകരിക്കാനുള്ളത്. 4 ജില്ലകളിലായി 6 ഹോൾസെയിൽ മാർക്കറ്റുകളുണ്ടെങ്കിലും ഇവയുടെ പ്രവർത്തനം ഫലപ്രദമല്ല. അഗ്രികൾച്ചറൽ മാർക്കറ്റിംഗ് കമ്മിറ്റിയുടെ ചെയർമാൻ ജില്ലാ കളക്ടറാണ്. So I request all the District Collectors to have a meeting and also visit the market and send feed back to the Government. കൃഷിക്കാരെയും ട്രേഡേഴ്സിനെയും രജിസ്റ്റർ ചെയ്യുന്നതിന് മാർക്കറ്റ് ലെവലിൽ ഒരു അവെയർനെസ് ഉണ്ടാകുന്നത് വളരെ നല്ലതായിരിക്കും.

അഗ്രികൾച്ചറൽ എക്സ്പോർട്ട് പ്രൊമോട്ട് ചെയ്യുന്നതിനുള്ള നോഡൽ ഏജൻസി വി.എഫ്.പി.സി.കെ. ആണ്. എക്സ്പോർട്ട്സുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഈ നോഡൽ ഏജൻസിയുമായി ചർച്ച ചെയ്യേണ്ടതാണ്.

We have developed an online system and the District Collectors can monitor about the crop loss and everything related to this. യൂസർ ഐ.ഡി.-യും പാസ്വേർഡും എല്ലാ ജില്ലാ കളക്ടർമാർക്കും നൽകുന്നതാണ്.

എത്ര ക്രോപ് ലോസ് ഉണ്ടെന്നും നഷ്ടപരിഹാരത്തിനായി നൽകിയ എത്ര ആപ്ലിക്കേഷനുകൾ പെൻഡിംഗിലുണ്ടെന്നുമുള്ള വിവരങ്ങൾ കൃഷി ഓഫീസിൽനിന്നും ലഭിക്കും. അതനുസരിച്ച് ജില്ലാ കളക്ടർമാർക്ക് ഇതുസംബന്ധിച്ച വിവരങ്ങൾ മോണിറ്റർ ചെയ്യാവുന്നതാണ്. അതിനുശേഷം എത്ര ഫണ്ട് വേണ്ടിവരുമെന്ന് അറിയിച്ചാൽ ഫണ്ട് അനുവദിക്കുന്നതാണ്.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

Shri Shanavas, District Collector, Thrissur: Is it only for flood based loss or all kind of losses?

Additional Chief Secretary, Agricultural Department: It is not only flood or drought loss, it includes all the losses occurring in any natural calamity. Every type of crop loss is included in it.

Agriculture Department conducted one exhibition-cum-sales at Thrissur. I request all the District Collectors to identify the good entrepreneurs in your District and ask them to participate and we will provide stalls for free of cost at Thrissur. The idea is to bring young generation to the field of agriculture.

We have 23 Agro Ecological units and District Collectors are the District planning Committee Secretary; So when the next plan is prepare kindly keep this facts in mind. The detailed guidelines will circulate to all the Collectors. Thank you.

Chief Secretary: Collectors can make your response in brief because we have to finish our morning session by sharp 1.00 P.M.

ജില്ലാ കളക്ടർ, കോഴിക്കോട്: കോഴിക്കോട് ജില്ലയിൽ കോക്കനട്ട് ക്ലസ്റ്ററുകൾ രൂപീകരിച്ചിട്ടുണ്ട്. 25000-ത്തോളം കർഷകർ അംഗങ്ങളായിട്ടുള്ള 10 കേരഗ്രാമങ്ങൾ ആരംഭിച്ചിട്ടുണ്ട്. 25000 ആളുകളെ individual basis-ൽ ഇൻഷുറൻസ് പദ്ധതിയിലേക്ക് കൊണ്ടുവരുന്നത് പ്രയാസമാണെന്ന് പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർ അറിയിച്ചതിനാൽ കേരഗ്രാമം സെക്രട്ടറി എന്ന പേരിൽ കൊണ്ടുവന്നാൽ നല്ലതായിരിക്കുമെന്നുള്ള നിർദ്ദേശം മുന്നോട്ടുവയ്ക്കുകയാണ്.

Additional Chief Secretary, Agricultural Department: Ok; It is a very good suggestion.

ജില്ലാ കളക്ടർ, കോഴിക്കോട്: മറ്റൊരു വിഷയം ശ്രദ്ധയിൽപ്പെടുത്താനുള്ളത്, പി.എം. കിസാൻ ക്രെഡിറ്റ് കാർഡുമായി ബന്ധപ്പെട്ട ഡാറ്റാ എൻട്രി വർക്കുകൾ ചെയ്യുന്ന ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് ശമ്പളം നൽകുന്നതിനുള്ള ഫണ്ട് ലഭിക്കാത്തത് വളരെ ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട്.

അഡീഷണൽ ചീഫ് സെക്രട്ടറി, കൃഷി വകുപ്പ്: ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ ശമ്പളം നൽകുന്നതിനുള്ള ഫണ്ട് ഉടനെ അലോട്ട് ചെയ്യാം.

ഡോ. ഡി. സജിത് ബാബു, ജില്ലാ കളക്ടർ, കാസർകോഡ്: സ്റ്റേറ്റ് ഇൻഷുറൻസ് സ്കീം കൂടുതൽ അട്രാക്റ്റീവായതിനാൽ കാസർഗോഡ് ജില്ലയിലെ കർഷകർ PMKVY സ്കീമിൽനിന്നും മാറിനിൽക്കുന്നുണ്ട്. അതുപോലെ കാസർഗോഡ് ജില്ലയിൽ അഞ്ചേക്കറിൽ കൂടുതൽ ഭൂമിയുള്ള അടയ്ക്കാ കർഷകരാണ് കൂടുതലുമുള്ളത്. എന്നാൽ അഞ്ചേക്കറിൽ കൂടുതൽ കൃഷിഭൂമിയുള്ളവർക്കും 10 അടയ്ക്കാവൃക്ഷങ്ങളിൽ കുറച്ച് കൃഷി ചെയ്യുന്നവർക്കും ഇൻഷുറൻസ് കവറേജ് ലഭിക്കാത്തത് വലിയ പ്രയാസം സൃഷ്ടിക്കുന്നുണ്ട്.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

ജില്ലാ കളക്ടർ, കൊല്ലം: ഈ പ്രശ്നം എല്ലാ ജില്ലകളിലുമുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള വിളകളല്ല സംസ്ഥാനത്തെ ജില്ലകളിലുള്ളത്. അരക്കനെട്ട് കൂടി ഇൻഷുറൻസ് കവറേജിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് കത്തയച്ചിട്ടുണ്ട്.

Chief Secretary: Kindly make a note of this.

Additional Chief Secretary, Agricultural Department: OK.

ആയുഷ് വകുപ്പ്

ചീഫ് സെക്രട്ടറി: ആയുഷ് വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇന്നലത്തെ മീറ്റിംഗിൽ ചർച്ച ചെയ്തിരുന്നു. കൂടുതലായി എന്തെങ്കിലും കാര്യങ്ങൾ പറയാനുണ്ടോ?

ഡോ. ഷർമ്മിള മേരി ജോസഫ്, സെക്രട്ടറി, ആയുഷ് വകുപ്പ്: International Research Institute of Ayurveda-യുമായി ബന്ധപ്പെട്ട വിഷയങ്ങൾ മാത്രമാണ് ഇന്നലത്തെ മീറ്റിംഗിൽ ചർച്ച ചെയ്തിരുന്നത്. ജില്ലാടിസ്ഥാനത്തിൽ ഐ.എസ്.എം./ഹോമിയോ ഡിപ്പാർട്ടുമെന്റുകളിലെ ഓഫീസുകൾക്ക് സിവിൽ സ്റ്റേഷനുകളിൽ സ്ഥലം അനുവദിക്കണമെന്ന് ജില്ലാ ഓഫീസർമാർ ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യങ്ങൾ അജണ്ട നോട്ട്സിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പല ജില്ലകളിലും ഈ ഇഷ്യൂവുണ്ട്. ആലപ്പുഴ ജില്ലാ ആയൂർവേദ ആശുപത്രിക്ക് സ്ഥലം ആവശ്യപ്പെട്ടിരുന്നു. ഒന്നുരണ്ട് ജില്ലകളിൽ ആയൂർവേദ ആശുപത്രികളുടെ സ്ഥലം കയ്യേറിയത് ഒഴിപ്പിക്കുന്നതിനുള്ള സഹായം ആവശ്യപ്പെട്ടിരുന്നു. ചില ഇൻസ്റ്റിറ്റ്യൂഷനുകളുടെ കോമ്പൗണ്ടിലുള്ള അനധികൃത നിർമ്മാണങ്ങളെയും കയ്യേറ്റങ്ങളെയും കുറിച്ച് അജണ്ട നോട്ടിൽ വിശദമായി പറഞ്ഞിട്ടുണ്ട്. ആയൂർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുവേണ്ടി ഇടുക്കി ജില്ലയിലെ ഉടുമ്പൻചോലയിൽ കണ്ടെത്തിയ ഭൂമിയുടെ ഡിജിറ്റൽ സർവ്വേ കംപ്ലീറ്റ് ചെയ്യേണ്ടതുണ്ടായിരുന്നു. ഡിജിറ്റൽ സർവ്വേ കംപ്ലീറ്റ് ചെയ്താൽ മാത്രമേ എൺവയോൺമെന്റൽ ക്ലിയറൻസിനായി പരിസ്ഥിതി വകുപ്പിന് ഫയൽ കൈമാറാൻ സാധിക്കുകയുള്ളൂ.

ശ്രീ. എച്ച്. ദിനേശൻ, ജില്ലാ കളക്ടർ, ഇടുക്കി: പ്രസ്തുത ഭൂമിയുടെ ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്.

സെക്രട്ടറി, ആയുഷ് വകുപ്പ്: സർവ്വേ നടപടികൾ പൂർത്തിയായെങ്കിൽ അതുസംബന്ധിച്ച ഡീറ്റയിൽസ് ആയൂർവേദ ഡിപ്പാർട്ടുമെന്റിന് നൽകിയാൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിയും.

തിരുവനന്തപുരം ആയൂർവേദ കോളേജിന് സ്ഥലം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. മെയിൻ ആയൂർവേദ കോളേജിലും പൂജപ്പുര ക്യാമ്പസ്സിലും സ്ഥല പരിമിതിമൂലം വളരെ പ്രയാസം നേരിടുന്നുണ്ട്. അതുപോലെ കോഴിക്കോട് ഹോമിയോകോളേജിനും കൂടുതൽ ഭൂമി കണ്ടെത്താൻ കഴിയുമോ എന്ന് ചോദിച്ചിരുന്നു. So if the collectors can find the land please inform the Department.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

ജില്ലാ കളക്ടർ, കോഴിക്കോട്: കോഴിക്കോട് ഹോമിയോ മെഡിക്കൽ കോളേജിന് സ്ഥലം കണ്ടെത്തിയിട്ടുള്ള കാര്യം അറിയിച്ചിരുന്നു.

Shri G. Gopalakrishnan, District Collector, Thiruvananthapuram: We are trying to find out the land but we couldn't find any five acres of land within the Thiruvananthapuram City and also it was informed to the department. If land acquisition is possible we will go for it and we have already communicated this to the Department. There is no land in Thiruvananthapuram city.

Secretary, Ayush Department: The Campuses one in the Ayurveda College Junction and the other one in Poojappura next to the Jail compound. If we find land in any other places, the college would be distributed in three campuses that would be difficult from the administrative point of view. അതുകൊണ്ട് നിലവിലെ ക്യാമ്പസുകൾക്ക് സമീപം ഭൂമി ലഭിക്കുമോ എന്നുള്ളത് പരിശോധിക്കണം. ഇത്രയും കാര്യങ്ങളാണ് പ്രധാനമായും കളക്ടർമാരുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. മറ്റ് കാര്യങ്ങൾ ഇന്നലത്തെ മീറ്റിംഗിൽ ചർച്ച ചെയ്തിരുന്നു.

ചീഫ് സെക്രട്ടറി: ഇവിടെ പരാമർശിച്ച എല്ലാ കാര്യങ്ങളും അജണ്ടയിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. All District Collectors please go through that and try to take steps to settle those issues as early as possible.

തീരദേശ കപ്പൽ ഗതാഗതവും ഉൾനാടൻ ജലഗതാഗതവും വകുപ്പ്

ചീഫ് സെക്രട്ടറി: ജലപാതയുടെ കാര്യങ്ങൾ ഇന്നലെ ചർച്ച ചെയ്തിരുന്നു.

ഡോ. എ. ജയതിലക്, പ്രിൻസിപ്പൽ സെക്രട്ടറി: ഇതുമായി ബന്ധപ്പെട്ട കുറേ കാര്യങ്ങൾ ഇന്നലെ ചർച്ച ചെയ്തിരുന്നു. ജില്ലാ കളക്ടർമാർ മുൻകയ്യെടുത്ത് അടുത്ത വർഷം ഇൻലാൻഡ് നാവിഗേഷൻ സ്റ്റേറ്റ് ആൻഡ് നാഷണൽ വാട്ടർവേസിന്റെ കാര്യത്തിൽ കുറേ കാര്യങ്ങൾ ചെയ്തേ മതിയാകൂ. അതുസംബന്ധിച്ച് ഒരുപാട് സജഷൻസ് കൊടുത്തിട്ടുണ്ട്. പ്രത്യേകം ശ്രദ്ധിക്കാനുള്ളത് ലാൻഡ് അക്വിസിഷന്റെ കാര്യത്തിലാണ്. വടകര-മാഹി കനാലിന്റെ വികസനവുമായി ബന്ധപ്പെട്ട് 77 ഏക്കർ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് കോഴിക്കോട് ജില്ലാ കളക്ടർ ശ്രദ്ധ പതിപ്പിക്കണം. മാഹി-വളപട്ടണം റീച്ചിൽ കനാൽ വികസനത്തിനായി 425 ഏക്കർ സ്ഥലം ലഭ്യമാക്കുന്ന കാര്യം കണ്ണൂർ ജില്ലാ കളക്ടറാണ് ശ്രദ്ധിക്കേണ്ടത്. ഡ്രഡ്ജിംഗ് മെറ്റീരിയൽസ് ഡിസ്പോസ് ചെയ്യുന്ന കാര്യം കൂടി കളക്ടർമാർ ശ്രദ്ധിക്കുന്നത് ഉചിതമാണ്.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

സഹകരണ വകുപ്പ്

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): അതിൽ രണ്ടുമൂന്ന് പ്രധാന കാര്യങ്ങളാണുള്ളത്. ഐ.സി.ഡി.പി. രണ്ടാംഘട്ടം സ്വീകരിക്കുന്നത് സംബന്ധിച്ച് മൂന്ന് ജില്ലകളിൽ കളക്ടർമാർ അദ്ധ്യക്ഷനായി ഒരു കോ-ഓർഡിനേഷൻ കമ്മിറ്റിയുണ്ട്. അതിന്റെ യോഗം ചേർന്ന് പ്രൊപ്പോസലുകൾക്ക് അംഗീകാരം നൽകേണ്ടതായിട്ടുണ്ട്. സ്റ്റേറ്റ് ലെവൽ കോ-ഓർഡിനേഷൻ കമ്മിറ്റിയിലേക്ക് അയയ്ക്കുന്നതിനുവേണ്ടി ഇടുക്കി, പാലക്കാട്, തൃശ്ശൂർ ജില്ലകളിലാണ് പ്രോജക്ട് നടപ്പാക്കേണ്ടതായിട്ടുള്ളത്. ഇതുസംബന്ധിച്ച് മൂന്ന് ജില്ലാ കളക്ടർമാരും ശ്രദ്ധിച്ചാൽ നന്നായിരുന്നു.

ജില്ലാ കളക്ടർ, തൃശ്ശൂർ: പ്രൊപ്പോസൽസ് അയച്ചിട്ടുണ്ട്.

ജില്ലാ കളക്ടർ, പാലക്കാട്: എസ്.എൽ.സി.സി.-ക്ക് സമർപ്പിച്ചിട്ടുണ്ട്.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി: റവന്യൂ റിക്കവറിയുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലും തടസ്സങ്ങളുണ്ട്. ചില തടസ്സങ്ങൾ നമ്മൾ തന്നെ സൃഷ്ടിക്കുന്നവയാണ്. പക്ഷേ പാവപ്പെട്ടവരുടേതൊഴികെ ബാക്കിയുള്ളവരുടെ കാര്യത്തിൽ ആർ.ആർ. നടപടികൾ നടത്തിയില്ലെങ്കിൽ ബാങ്കുകൾ നടത്തിക്കൊണ്ടുപോകാൻ വിഷമമുണ്ടാകും. ഏറ്റവും പാവപ്പെട്ടവരെ മാത്രമേ അതിൽനിന്നും മാറ്റി നിർത്താനാകുകയുള്ളു. അതിനാവശ്യമായ നടപടികൾ കളക്ടർമാർ സ്വീകരിക്കണം. വായ്പയെടുത്തിട്ട് മുങ്ങുന്ന സമ്പന്നന്മാരുണ്ട്. അവരുടെമേൽ കർശന നിലപാട് സ്വീകരിക്കാൻ സാധിച്ചില്ലെങ്കിൽ സഹകരണ സംഘങ്ങൾക്ക് നിലനിൽപ്പില്ലാതെ പോകുന്ന അവസ്ഥയുണ്ടാകും. രണ്ടും മൂന്നും സെന്റുകാരെ ഒഴിവാക്കുന്നതിലും തടസ്സമില്ല. അത്തരക്കാർക്ക് ആവശ്യമായ സമയം കൊടുക്കാം. അവരിൽനിന്നും പിഴപ്പലിശ ഒഴിവാക്കാം. പലിശയിന്മേൽ പരമാവധി ഇളവ് അനുവദിക്കാം. ഒറ്റത്തവണ തീർപ്പാക്കലിന്റേതായ എല്ലാ ആനുകൂല്യങ്ങളും കൊടുക്കാവുന്നതാണ്. ബാക്കിയുള്ളവരുടെമേൽ കർശന നടപടിയെടുക്കണം.

ജില്ലാ കളക്ടർ, കൊല്ലം: കോ-ഓപ്പറേറ്റീവ് വിഭാഗത്തിൽ അവരുടെതന്നെ റവന്യൂ റിക്കവറി ടീമാണുള്ളത്. ഞങ്ങളിൽനിന്നും ഒരു ഡെപ്യൂട്ടി തഹസിൽദാർ മാത്രമാണുള്ളത്. അവർ സ്വതന്ത്രമായിട്ടാണ് കാര്യങ്ങൾ ചെയ്യുന്നത്. ഇഷ്യൂസ് എന്തെങ്കിലും ഉണ്ടെങ്കിൽ ടേക്ക് അപ്പ് ചെയ്യാറുണ്ട്.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി: കെയർ ഹോം പദ്ധതിയുടെ ഒന്നാം ഘട്ടമാണ് നടപ്പാക്കുന്നത്. 2000 വീടുകളാണ് നിർമ്മിച്ചുനൽകാൻ ലക്ഷ്യം വച്ചിരുന്നത്. അതിൽ 1901 വീടുകളുടെ താക്കോൽ കൈമാറിയിട്ടുണ്ട്. ഇനി 47 വീടുകൾ കൂടി പൂർത്തീകരിച്ചാൽ ഒന്നാം ഘട്ടത്തിന്റെ പണി പൂർത്തിയാകും. ആദ്യഘട്ടത്തിൽ ആലപ്പുഴ ജില്ലയിൽ നിന്നും കുറച്ച് വീടുകൾ അവിടെ നിർമ്മിക്കാൻ

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

സാധിക്കാത്ത സാഹചര്യമുണ്ടായിരുന്നു. അത് എറണാകുളം ജില്ലയ്ക്ക് മാറ്റിക്കൊടുക്കുകയാണുണ്ടായത്. ഡിസംബർ അവസാനത്തോടുകൂടിത്തന്നെ 2000 വീടുകളെന്ന ലക്ഷ്യം പൂർത്തീകരിക്കാൻ സാധിക്കും. അതിനാവശ്യമായ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ജനുവരി മാസം മദ്ധ്യത്തിൽ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഒരു ഡേറ്റ് കൂടി കണ്ടുകൊണ്ട് തൃശ്ശൂരിൽ വച്ച് രണ്ടാം ഘട്ടത്തിന്റെ ഉദ്ഘാടനവും ഒന്നാംഘട്ടത്തിൽ ഞങ്ങൾ താക്കോൽ നൽകിയ തൃശ്ശൂർ, എറണാകുളം, മലപ്പുറം, പാലക്കാട് ജില്ലകളിൽ നിന്നുള്ള ഏതാണ്ട് 1957-ഓളം വരുന്നവരുടെ ഒരു കൂട്ടായ്മയും കെയർ ഗ്രേസ് എന്ന പ്രോജക്ടിന്റെ ഭാഗമായി കിറ്റ് വിതരണവും നടത്തുന്നുണ്ട്. രണ്ടാംഘട്ടത്തിന്റെ ഉദ്ഘാടനം തൃശ്ശൂരിൽ വച്ച് നടത്തുന്നതാണ്. അതിന്റെ ഡേറ്റിന്റെ കാര്യത്തിൽ വ്യത്യാസമുണ്ടായിരിക്കും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തൃശ്ശൂർ ജില്ല സന്ദർശിക്കുന്ന ദിവസമായിരിക്കും രണ്ടാംഘട്ടത്തിന്റെ ഉദ്ഘാടനത്തിനായി നിശ്ചയിക്കാൻ പോകുന്നത്. രണ്ടാംഘട്ടത്തിന്റെ കാര്യം മലപ്പുറം, വയനാട്, തൃശ്ശൂർ, തിരുവനന്തപുരം ജില്ലാ കളക്ടർമാരുമായി സംസാരിച്ചിട്ടുണ്ട്. ഈ നാല് ജില്ലകളിലും രണ്ടാം ഘട്ടത്തിന്റെ പ്രവർത്തനങ്ങൾ വളരെ പെട്ടെന്ന് ആരംഭിക്കാൻ സാധിക്കും. അത് ഒറ്റ വീടുകളും ഫ്ലാറ്റുകളും എന്ന നിലയിൽ നിർമ്മിക്കാനാണ് പ്ലാൻ ചെയ്തിരിക്കുന്നത്. അതിനാവശ്യമായ ഭൂമി 10 ദിവസത്തിനകം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചാൽ രണ്ടാം ഘട്ടത്തിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കും. ബാക്കി ഏതെങ്കിലും ജില്ലകളിൽ ഇതിന്റെ ഭാഗമായി വീടുകൾ നിർമ്മിച്ചു കൊടുക്കേണ്ടതുണ്ടെങ്കിൽ ബഹുമാനപ്പെട്ട കളക്ടർമാർ ആർക്കാണ് വീട് നിർമ്മിച്ചുകൊടുക്കേണ്ടത് എന്നതിനെ സംബന്ധിച്ച വിവരങ്ങൾ നൽകിയാൽ മതിയാകും. ആ ജില്ലകളിലും നമുക്ക് വീടുകൾ നിർമ്മിച്ചുകൊടുക്കുന്നതിന് സാധിക്കും. ഫണ്ട് പൊസിഷനുമായി ബന്ധപ്പെട്ട നമ്പറിന്റെ പരിമിതി നിങ്ങളെ അറിയിക്കുന്നതാണ്. ഇതാണ് രണ്ടാം ഘട്ടത്തെ സംബന്ധിച്ച് പറയാനുള്ളത്.

<u>ജില്ലാ കളക്ടർ, കോഴിക്കോട്</u>: കോഴിക്കോട് ജില്ലയിൽ രണ്ടാം ഘട്ടത്തിനായി പുതുപ്പാടി പഞ്ചായത്തിലെ ലാൻഡ് ഐഡന്റിഫൈ ചെയ്തിട്ടുണ്ട്.

<u>ശ്രീ. എസ്. സുഹാസ്, ജില്ലാ കളക്ടർ, എറണാകുളം</u>: എറണാകുളം ജില്ലയിലെ അങ്കമാലിയിൽ CAPE വിസിറ്റ് ചെയ്തശേഷം ഒരു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

<u>ശ്രീ. ജാഫർ മാലിക്ക്, ജില്ലാ കളക്ടർ, മലപ്പുറം</u>: മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ ഇതിനോടകംതന്നെ അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ ആയിട്ടുണ്ട്.

<u>സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി</u>: കവളപ്പാറയിൽ അമ്പതോളം വീടുകൾ വയ്ക്കുന്നതിനുവേണ്ടി ഒരു സഹകരണഭവനം നിർമ്മിച്ചുകൊടുക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകണം.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

സാംസ്കാരികകാര്യ വകുപ്പ് & പുരാവസ്തു വകുപ്പ്

ചീഫ് സെക്രട്ടറി: സാംസ്കാരികകാര്യ വകുപ്പിന്റെ കാര്യം ഇന്നലെ ചർച്ച ചെയ്തതാണ്. കൂടുതലായി എന്തെങ്കിലും പറയാനുണ്ടോ?

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്, കൾച്ചറൽ അഫയേഴ്സ് (ആർക്കിയോളജി, ആർക്കൈവ്സ്, മ്യൂസിയം): രണ്ടുമൂന്ന് ചെറിയ കാര്യങ്ങൾ മ്യൂസിയം ആർക്കിയോളജി വകുപ്പുമായി ബന്ധപ്പെട്ട് പറയാനുണ്ട്. ഇതൊക്കെ ഞാൻ നേരിട്ട് കളക്ടർമാരോട് സംസാരിച്ചിട്ടുള്ളതാണ്. എറണാകുളത്തെ ജൂത സിനഗോഗിന്റെ ലാൻഡ് അക്വസിഷൻ നടപടികൾ കംപ്ലീറ്റ് ചെയ്യണം. അതിന്റെ ഒരു ഭാഗം ഇടിഞ്ഞുവീണുകഴിഞ്ഞു. അതിനെക്കുറിച്ച് മീഡിയ റിപ്പോർട്ടുകളും മറ്റുമുണ്ട്. എത്രയും പെട്ടെന്ന് നമുക്ക് അക്വയർ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കണം. We will provide additional fund for you. Please take this as top priority. We have takeover that property and start conserving it. എ.കെ.ജി. മ്യൂസിയത്തിനുവേണ്ടിയുള്ള ഭൂമിയുടെ കാര്യം കണ്ണൂർ കളക്ടർ പ്രത്യേകം ഓർക്കേണ്ടതാണ്. ഇത് ടോപ് പ്രയോറിറ്റിയോടെ അടുത്ത വർഷം ഏറ്റെടുത്ത് പൂർത്തിയാക്കാനുള്ളതാണ്. കണ്ണൂരിൽ ഞങ്ങളുമായി ബന്ധപ്പെട്ട രണ്ടുമൂന്ന് മ്യൂസിയങ്ങളുടെ കാര്യമുണ്ട്. കളക്ടർ തന്നെ ഒരു മീറ്റിംഗ് വിളിച്ചുകൂട്ടിയാൽ അഞ്ചാറ് പ്രോജക്ടുകളുടെ കാര്യത്തിലുള്ള പുരോഗതി വിലയിരുത്താൻ സാധിക്കും. എ.കെ.ജി. മ്യൂസിയത്തിന്റെ ഭൂമിയാണ് അതിലൊന്ന്. തെയ്യം മ്യൂസിയമാണ് രണ്ടാമത്തേത്. കൈത്തറി മ്യൂസിയവുമുണ്ട്. അവിടത്തെ സെന്റ് ജോസഫ് ചർച്ചിലുള്ള കൺസർവേഷൻ വർക്കുണ്ട്. ഇതെല്ലാം കളക്ടർ താല്പര്യമെടുത്താൽ പെട്ടെന്ന് നടപ്പിലാക്കാവുന്നതാണ്.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): പുരാവസ്തു വകുപ്പിന്റെ കയ്യിലുള്ള ചില സ്ഥലങ്ങളിൽ കയ്യേറ്റം നടന്നിട്ടുണ്ട്. അക്കാര്യം കളക്ടർമാർ അറിയിച്ചിട്ടുണ്ട്. ആ കാര്യത്തിൽ ശ്രദ്ധ ഉണ്ടാകുന്നത് പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും പൂർത്തീകരിക്കുന്നതിനും സഹായകരമായിരിക്കും.

ജില്ലാ കളക്ടർ, തൃശ്ശൂർ: തൃശ്ശൂരിൽ ചേരമാൻപറമ്പുമായി ബന്ധപ്പെട്ട ചെറിയൊരു പ്രശ്നമുണ്ടായിരുന്നു. അത് അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്. പുരാവസ്തു വകുപ്പ് അത് ഇതുവരെ ഏറ്റെടുക്കാൻ വന്നിട്ടില്ല. ഏറ്റെടുക്കാൻ വരികയാണെങ്കിൽ എത്രയും പെട്ടെന്നുതന്നെ കല്ലുകൾ സ്ഥാപിച്ച് അത് ഹാൻഡ്ഓവർ ചെയ്യാവുന്നതേയുള്ളു. അതിനകത്തെ കയ്യേറ്റമെല്ലാം ഒഴിപ്പിച്ചിട്ടുണ്ട്.

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്, കൾച്ചറൽ അഫയേഴ്സ് (ആർക്കിയോളജി, ആർക്കൈവ്സ്, മ്യൂസിയം): ജില്ലാ കളക്ടർ ഇതുസംബന്ധിച്ച് ഒരു റിപ്പോർട്ട് സമർപ്പിച്ചാൽ ഉടൻതന്നെ ടേക്ക് ഓവർ ചെയ്യാനുള്ള നടപടി സ്വീകരിക്കാം.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

തുറമുഖ വകുപ്പ്

ചീഫ് സെക്രട്ടറി: പോർട്സ് ഡിപ്പാർട്ടുമെന്റ് സംബന്ധിച്ച ഇഷ്യൂസ് പറഞ്ഞുകഴിഞ്ഞാൽ നമുക്ക് അത് അവസാനിപ്പിക്കാം.

ശ്രീ. സഞ്ജയ് എം. കൗൾ, സെക്രട്ടറി, തുറമുഖ വകുപ്പ്: തുറമുഖ വകുപ്പുമായി ബന്ധപ്പെട്ട മൂന്ന് ഇഷ്യൂസുണ്ട്. പ്രത്യേകിച്ചും ലാൻഡ് റിലേറ്റഡ് ഇഷ്യൂസാണ് കൊല്ലത്തുള്ളത്. സിമന്റ് പ്ലാന്റിനുവേണ്ടിയുള്ള കൊല്ലത്തെ ലാൻഡിന്റെ അസൈൻമെന്റ് ഇഷ്യൂ പെൻഡിംഗിലാണ്. അതിന്റെ സ്റ്റാറ്റസ് എന്താണെന്ന് വ്യക്തമാക്കാമോ? 2012-ലാണ് കൺസ്ട്രക്ഷൻ എഗ്രിമെന്റ് സൈൻ ചെയ്തത്. ഇതുവരെ ലാൻഡ് നമ്മുടെ കൈവശം വന്നിട്ടില്ല.

ജില്ലാ കളക്ടർ, കൊല്ലം: അവിടെ ചെറിയൊരു ഇഷ്യൂ നാട്ടുകാരുമായി ബന്ധപ്പെട്ട് നിലനിൽക്കുന്നുണ്ട്. ഈ ആഴ്ച്ച അതുസംബന്ധിച്ച ഒരു മീറ്റിംഗ് വച്ചിട്ടുണ്ട്. അത് കഴിഞ്ഞാൽ സെറ്റിൽ ആകും.

സെക്രട്ടറി, തുറമുഖ വകുപ്പ്: രണ്ടാമത്തെ ഇഷ്യൂ പാഴ്സൽ ഓഫീസും പരിസരവും ഉൾപ്പെടുന്ന 51.69 ആർ. ഭൂമി സംബന്ധിച്ചുള്ളതാണ്. അത് കൊല്ലം വെസ്റ്റ് വില്ലേജ് ഓഫീസിൽ പെൻഡിംഗിലാണ്.

ചീഫ് സെക്രട്ടറി: തുറമുഖ വകുപ്പിന്റെ നോട്ട്സിന് അകത്ത് 51.69 ആർ. സ്ഥലം തുറമുഖ വകുപ്പിന്റെ പേരിൽ ആക്കുന്നതിനെ സംബന്ധിച്ച പേപ്പറുകൾ മൂവ് ചെയ്തിട്ടില്ലായെന്നാണ് ഇപ്പോൾ സെക്രട്ടറി പറഞ്ഞിരിക്കുന്നത്.

ജില്ലാ കളക്ടർ, കൊല്ലം: അക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അന്വേഷിച്ച് നടപടി സ്വീകരിക്കാം.

സെക്രട്ടറി, തുറമുഖ വകുപ്പ്: മൂന്നാമത്തെ ഇഷ്യൂ പൊതുമേഖലാ സ്ഥാപനമായ സിൽക്കിന് പാട്ടത്തിന് നൽകിയിരിക്കുന്ന 5 ഏക്കർ സ്ഥലം തിരിച്ചെടുക്കാൻ വേണ്ടിയുള്ളതാണ്. ഈ മൂന്ന് പ്രധാനപ്പെട്ട ഇഷ്യൂസ് ആണുള്ളത്.

ചീഫ് സെക്രട്ടറി: സിൽക്കിന് പാട്ടത്തിന് നൽകിയിരിക്കുന്ന ഭൂമിയുടെ കാര്യമാണ് സെക്രട്ടറി ഇപ്പോൾ പറഞ്ഞിരിക്കുന്നത്. പേപ്പേഴ്സ് കളക്ടറേറ്റിൽ പെൻഡിംഗിലാണ്.

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്, കൾച്ചറൽ അഫയേഴ്സ് (ആർക്കിയോളജി, ആർക്കൈവ്സ്, മ്യൂസിയം): അത് ഡിപ്പാർട്ടുമെന്റ് തലത്തിൽ എക്സാമിൻ ചെയ്തുകൊണ്ടിരിക്കുകയാണ്. ഞാൻ അതിൽ ഇടപെടുന്നതാണ്.

ശ്രീ. പിണറായി വിജയൻ: തുറമുഖ വകുപ്പിന്റെ അജണ്ടയിൽ വരുന്ന കാര്യങ്ങൾ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽത്തന്നെയില്ല. ഇതിന്റെ ഭാഗമായുള്ള തുടർനടപടികൾ

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

ഇല്ലായെന്നാണ് അത് കാണിക്കുന്നത്. അജണ്ടയുടെ ഭാഗമായി വന്നു എന്നതുകൊണ്ട് മാത്രം കാര്യമില്ല. നേരത്തെ തന്നെ ബന്ധപ്പെടുകയും നടപടികളുണ്ടാകുകയും ചെയ്തിട്ടുണ്ടെങ്കിൽ രണ്ടുകൂട്ടർക്കും അതിനെ സംബന്ധിച്ച് ധാരണയുണ്ടാകും. ധാരണയില്ലാതിരിക്കുന്നത് പുതിയതായി കേൾക്കുന്നതുകൊണ്ടാണ്. ഒരു തരത്തിലും നേരത്തെ യാതൊരു ശ്രമവും നടന്നിട്ടില്ലായെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. അതൊരു അഭികാമ്യമായ കാര്യമല്ല. അത് പ്രത്യേകമായി തുറമുഖ വകുപ്പ് ശ്രദ്ധിക്കേണ്ടതാണ്. അങ്ങനെ വന്നാൽ ബന്ധപ്പെട്ട കളക്ടർക്ക് അതിനെസംബന്ധിച്ച് ധാരണയുണ്ടാകും. അത്തരം ഇടപെടൽ ഇല്ലാതെ വന്നതുകൊണ്ടാണ് ഇപ്പോൾ ബുദ്ധിമുട്ടുന്നത്.

പരിസ്ഥിതി വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസം, പരിസ്ഥിതി വകുപ്പ്: പേപ്പർ കപ്പുകളും പ്ലേറ്റുകളുമുണ്ടാക്കുന്ന വ്യവസായങ്ങളാണ് നമ്മുടെ നാട്ടിൽ കൂടുതലുള്ളത്. പേപ്പർ കപ്പെന്ന് പറഞ്ഞാലും അതിനകത്ത് ഒരു പ്ലാസ്റ്റിക് ലൈനിംഗുണ്ട്. അതുകൊണ്ടാണ് Paper cup with plastic lining പോലും നിരോധനത്തിനുള്ളിൽ വരുന്നത്. പേപ്പർ കപ്പ് മാനുഫാക്ചറേഴ്സ് സർക്കാരിനെ സമീപിക്കുകയും അവർക്ക് ഒരുപാട് ഇൻവെന്ററിയുണ്ടെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. മൂന്നുവർഷം മുൻപുതന്നെ കേന്ദ്ര സർക്കാർ പ്ലാസ്റ്റിക് ബാഗ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുകയും എക്സ്റ്റൻഡഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റി പ്രകാരം ബ്രാൻഡഡായിട്ടുള്ള ഐറ്റംസുണ്ടാക്കുന്നവർ അത് തിരിച്ചെടുക്കണമെന്നും റൂൾസ് ഇറക്കിയിരുന്നു. എന്നാൽ മൂന്ന് വർഷവും രാജ്യത്ത് അത് നടപ്പിലാക്കാൻ സാധിച്ചില്ല. അതിനിടയിൽ പതിനാലോളം സംസ്ഥാനങ്ങൾ വൺടൈം യൂസ് പ്ലാസ്റ്റിക് ബാഗ് ചെയ്യാനുള്ള നടപടികളിലേയ്ക്ക് പോയി. ചിലയിടങ്ങളിൽ കുറച്ചെങ്കിലും ചെയ്യാൻ സാധിച്ചു. തമിഴ്നാടിനെ സംബന്ധിച്ചിടത്തോളം പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ആദ്യം ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് പഠിച്ച് മറ്റുള്ളവരുമായി ചർച്ച നടത്തുകയും ചെയ്തതിനുശേഷമാണ് 27-11-2019-ൽ ബാൻ ചെയ്തുകൊണ്ടുള്ള ഉത്തരവ് ഇറക്കുന്നത്.

(പവർപോയിന്റ് പ്രസന്റേഷൻ നടത്തി)

ശ്രീ. മിർ മുഹമ്മദ് അലി, എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ: കേരള സർക്കാരിന്റെ ഇപ്പോഴെത്ത തീരുമാനം പ്ലാസ്റ്റിക് വേസ്റ്റ് കുറയ്ക്കാനും ഒറ്റ തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഉല്പന്നങ്ങൾ നിരോധിക്കാനുമാണ്. സ്പെസിഫിക്ക് ഐറ്റംസ് നിരോധിച്ചിട്ടുണ്ട്. അത് എന്താണെന്നും അതിന്റെ ആൾട്ടർനേറ്റീവ് എന്താണെന്നും ഈ നിയമത്തിന്റെ എൻഫോഴ്സ്മെന്റ് എങ്ങനെയാണെന്നുമാണ് സൂചിപ്പിക്കുന്നത്. ഇതുസംബന്ധിച്ച് ജില്ല/പഞ്ചായത്ത് തലങ്ങളിൽ അവയർനെസ് നടത്തേണ്ടതുണ്ട്. ബേസിക് ഇംപാക്ട് നമുക്കെല്ലാവർക്കുമറിയാം. ലീഗാലിറ്റിയുടെ

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

കാര്യം എല്ലാവരും ശ്രദ്ധിക്കണം. അത് ഡയറക്ടീവ് പ്രിൻസിപ്പിൾസിന്റെ ഭാഗമായും അതേ സമയം എൻവയോൺമെന്റ് പ്രൊട്ടക്ഷൻ ആക്ട് 1986-ന്റെയും കീഴിൽ ഗവൺമെന്റ് ഇറക്കിയ നോട്ടിഫിക്കേഷനാണ്.

ഏതൊക്കെ ഐറ്റം ബാനിന്റെ പരിധിയിൽ വരുന്നുണ്ടെന്ന് പരിശോധിക്കാം. Plastic carry bags of all sizes and thickness, അത് 50 മൈക്രോണിന് താഴെയോ അതിൽ കൂടുതലോ ഉള്ളത്, പ്ലാസ്റ്റിക് കോട്ടഡ് ക്യാരി ബാഗുകൾ അത് പേപ്പർ ബാഗുകളാണ്, പക്ഷേ അതിൽ പ്ലാസ്റ്റിക് കോട്ടിംഗുണ്ട്. അത് പാടില്ല. Because it is non biodegradable. അതുപോലെ ഡൈനിംഗ് ടേബിളിൽ പ്ലാസ്റ്റിക് ഷീറ്റ് സ്പ്രെഡ് ചെയ്യാറുണ്ട്. അതിൽ മിച്ചം വരുന്ന ഭക്ഷണം കളക്ട് ചെയ്ത് റോൾ ചെയ്ത് ഡമ്പ് ചെയ്യാറുമുണ്ട്. ഭക്ഷണം പ്ലാസ്റ്റിക്കിൽ വന്നുകഴിഞ്ഞാൽ ആ പ്ലാസ്റ്റിക് recycle ആകില്ല. അതിൽ ഭക്ഷണം തൊട്ടുകഴിഞ്ഞാൽ it is non recyclable. രണ്ടാമത്തേത് ഭക്ഷണം സെർവ് ചെയ്യുമ്പോൾ പ്ലേറ്റിനകത്ത് പ്ലാസ്റ്റിക് ഷീറ്റ് ഉപയോഗിക്കുകയും ബാക്കി വരുന്ന ഭക്ഷണം അതിൽ പൊതിഞ്ഞ് ഉപേക്ഷിക്കാറുമുണ്ട്. തെർമോകോൾ പ്ലേറ്റുകൾക്ക് 1000 വർഷത്തെ ലൈഫ് സ്പാനുണ്ട്. അഞ്ച് മിനിട്ട് ഉപയോഗിച്ച് വലിച്ചെറിയുന്നതാണ്. അതും നിരോധിച്ചിട്ടുണ്ട്. തെർമോകോൾ കപ്പുകൾ നമ്മളെല്ലാവരും ഉപയോഗിച്ചിട്ടുണ്ടാകും. Styrofoam decorated items, പരിപാടികളിൽ ഉപയോഗിക്കുന്നതാണ്. പ്ലാസ്റ്റിക് കട്ട്ലെറി മുഴുവനായി ബാർ ചെയ്തിരിക്കുകയാണ്. അതായത്, സ്പൂൺ, ഫോർക്സ്, മിക്സർ, സ്റ്റെറർ പ്ലാസ്റ്റിക് സ്ട്രോ. അതുപോലെ Plastic tea cups, ചായക്കടകളിലും ജ്യൂസ് കടകളിലും പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിലും ഡിസ്ട്രിബ്യൂട്ട് ചെയ്യുന്ന കപ്പുകളാണ്. പ്ലാസ്റ്റിക് ടംബ്ലർ, പ്ലാസ്റ്റിക് കോട്ടഡ് പേപ്പർ പ്ലേറ്റ്സ് ഇതെല്ലാം non recyclable ആണ്. പേപ്പറായി കാണുന്നുണ്ടെങ്കിലും അത് പേപ്പറല്ല അതിൽ പ്ലാസ്റ്റിക് കോട്ടിംഗുണ്ട്. 96% പേപ്പറും 4% polyethylene കോട്ടിംഗുമാണ്. അതുകൊണ്ട് റീസൈക്കിൾ ചെയ്യാനും കഴിയില്ല. അതുപോലെ Non woven carry bag-ന്റെ കാര്യം എല്ലാവരും പ്രത്യേകമായി ശ്രദ്ധിക്കേണ്ടതാണ്. തുണിസഞ്ചി പോലെ ഒരു ബാഗാണത്. പ്ലാസ്റ്റിക് നിരോധനം എവിടെയുണ്ടായാലും തുണിസഞ്ചിയായി ഉപയോഗിക്കാറുണ്ട്. ഈ ബാഗിന്റെ പ്രത്യേകത സ്റ്റിച്ചിംഗ് ഉണ്ടാകില്ല. മെൽറ്റ് ചെയ്താണ് ഒട്ടിക്കുന്നത്. വാട്ടർ പൗച്ചുകളുടെ ഉപയോഗം കേരളത്തിൽ കുറവാണ്. പ്ലാസ്റ്റിക് ഫ്ലാഗ്സ് തുടങ്ങിയവയും നിരോധനത്തിന്റെ പരിധിയിൽ വരുന്നതാണ്. പെറ്റ് ബോട്ടിൽ 500 മൈക്രോണിന് താഴെയാണ് നമ്മളുദ്ദേശിക്കുന്നത്. കുറെ സ്ഥാപനങ്ങൾ കേരളത്തിൽ പെറ്റ് ബോട്ടിലിൽ ജ്യൂസ് ഡിസ്ട്രിബ്യൂട്ട് ചെയ്യാറുണ്ട്. അത് ഈ നിരോധനത്തിന്റെ ഭാഗമല്ല. ചെറിയ ഡ്രിങ്കിംഗ് വാട്ടർ ബോട്ടിൽ മാത്രമാണ് ബാനിൽ വരുന്നത്. ഗാർബേജ് ബാഗ്സ് വരുന്നുണ്ട്. ഫ്ലെക്സ് ഇതിനകംതന്നെ നിരോധിച്ചിട്ടുണ്ട്. സൂപ്പർമാർക്കറ്റിലും ഫ്രൂട്ട് മാർക്കറ്റിലും ഉപയോഗിക്കുന്ന പ്ലാസ്റ്റിക് പാക്കറ്റുകൾ ബേസിക് പാക്കേജിംഗ് മെറ്റീരിയലാണെങ്കിലും ഒരു തവണ ഉപയോഗിച്ച് വലിച്ചെറിയുന്നവയാണ്. അതും ഈ നിരോധനത്തിന്റെ ഭാഗമായി വരുന്നതാണ്. ഗ്രീൻ പ്രോട്ടോക്കോൾ എല്ലാവരും പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തണം. പ്ലാസ്റ്റിക്കിന് പകരമായ സാധനങ്ങൾ ഉപയോഗിക്കണം. Cloth bags, paper bags, jute bags എന്നിവ പ്രോത്സാഹിപ്പിക്കണം.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

പ്രത്യേകിച്ചും ആൾട്ടർനേറ്റീവായി വരുന്നത് കമ്പോസ്റ്റബിൾ ബാഗുകളാണ്. കേരളത്തിൽ ഒന്നോ രണ്ടോ യൂണിറ്റുകളിൽ അതിന്റെ ഉല്പാദനം ആരംഭിച്ചിട്ടുണ്ട്. ലൈസൻസ്ഡ് കമ്പോസ്റ്റബിൾ ബാഗ് മാനുഫാക്ചററുമായി യോഗം വിളിച്ചിട്ടുണ്ട്. കേരളത്തിൽ അതിന്റെ പ്രൊഡക്ഷൻ വ്യാപകമാക്കാൻ സാധിക്കും. ഈ ബാഗുകൾ പ്ലാസ്റ്റിക്കാണോ നോൺ പ്ലാസ്റ്റിക്കാണോ എന്ന് കണ്ടുപിടിക്കുന്നതിന് എളുപ്പമാണ്.

ഹെൽത്ത് സെക്ടറിൽ മെഡിസിനും അതുപോലെ കമ്പോസ്റ്റബിൾ പ്ലാസ്റ്റിക്കിൽ നിന്നുള്ള ക്യാരി ബാഗുകളും ഒഴിവാക്കിയിട്ടുണ്ട്. ഐ.എസ്.ഒ. സർട്ടിഫൈഡായിരിക്കണം.

എൻഫോഴ്സ്മെന്റിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പൊല്യൂഷൻ കൺട്രോൾ ബോർഡുമുണ്ട്. പക്ഷേ ഈ ഘട്ടത്തിൽ ജില്ലാ കളക്ടർമാരെയും സബ് ഡിവിഷണൽ മജിസ്ട്രേറ്റുമാരെയും ഇൻക്ലൂഡ് ചെയ്തിട്ടുണ്ട്. അതിനുവേണ്ടി ഡ്രാഫ്റ്റ് പ്രൊസീഡിംഗ്സിന്റെ പ്രൊപ്പോസൽ 10 ദിവസത്തിനുള്ളിൽ തയ്യാറാക്കുന്നതാണ്.

പെനാൽറ്റി ക്ലോസ്സിൽ മാറ്റം വരുത്തിയിട്ടുണ്ട്. 5000 രൂപ വരെയുള്ള പെനാൽറ്റി ക്ലോസുണ്ട്. പക്ഷേ ചിലരിൽ നിന്നും 500 രൂപയും മറ്റുചിലരിൽ നിന്നും 1000 രൂപയും ഈടാക്കുന്നുണ്ട്. അതുകൊണ്ട് ഒരു സ്റ്റാൻഡേർഡ് ഫൈനുണ്ടായാൽ ഇത്തരം ഡിസ്ക്രിമിനേഷനുകളുണ്ടാകില്ല.

എക്സ്റ്റൻഡഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റിയുടെ കാര്യം എല്ലാവരും ശ്രദ്ധിക്കണം. മിൽമയുടെ പാക്കറ്റ് നിരോധിച്ചിട്ടില്ല. അവർ എക്സ്റ്റൻഡഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റിയുടെ പരിധിയിൽ വരുന്നതാണ്. വലിയ കമ്പനികൾ അവരുടെ ഉത്പന്നങ്ങളിലുപയോഗിക്കുന്ന പ്ലാസ്റ്റിക്കിന് കിലോയ്ക്ക് 10 രൂപ വച്ച് സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതാണ്. അത് പ്രത്യേക സംവിധാനമാണ്.

പ്ലാസ്റ്റിക് നിരോധനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഇതിനകംതന്നെ കുറെ ജില്ലാ കളക്ടർമാർ ആരംഭിച്ചിട്ടുണ്ട്. മറ്റെല്ലാവരും ജില്ലാതലത്തിൽ യോഗം വിളിച്ച് കാര്യങ്ങൾ വിശദീകരിക്കണം.

കേരളത്തിലെ നാഷണൽ ഹൈവേകളിലും സ്റ്റേറ്റ് ഹൈവേകളിലുമുള്ള റോഡിന്റെ വശങ്ങളിൽ കുറെ സ്ഥലങ്ങളിൽ മാലിന്യകൂമ്പാരമുണ്ട്. റിപ്പബ്ലിക് ദിനത്തിൽ അത് വൺടൈം ഡ്രൈവായി ക്ലീൻ അപ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്. ചീഫ് സെക്രട്ടറി അതുസംബന്ധിച്ച് സംസാരിക്കുന്നതാണ്.

പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസം, പരിസ്ഥിതി വകുപ്പ്: കേരള വാട്ടർ അതോറിറ്റി, മിൽമ, കേരഫെഡ് എന്നീ സ്ഥാപനങ്ങളെല്ലാം എക്സ്റ്റൻഡഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റിയിൽ വരുന്നവയാണ്.

ശ്രീ. ഇ. പി. ജയരാജൻ: മിൽമയുടെയും കേരഫെഡിന്റെയും പ്രോഡക്ടിനുവേണ്ടി കിലോയ്ക്ക് 10 രൂപ സർക്കാരിന് കൊടുക്കുന്നതുകൊണ്ട് അത് നിരോധിക്കുന്നില്ല. ഇതേ ആനുകൂല്യം പ്രൈവറ്റ് മേഖലയിലെ കമ്പനികൾക്കും അനുവദിക്കാൻ കഴിയില്ലേ?

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസം, പരിസ്ഥിതി വകുപ്പ്: എക്സ്റ്റൻഡഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റിയിൽ ഉല്പാദകർ ബ്രാൻഡഡ് ഐറ്റംസാണ് ഉല്പാദിപ്പിക്കുന്നതെങ്കിൽ അവരുടെ പൗച്ച്, ബാഗ് എന്നിവ തിരിച്ചെടുക്കണമെന്നാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുള്ള ഹരിതകർമ്മ സേന മുഖാന്തിരം ഇത് തിരിച്ചെടുക്കാൻ സാധിക്കും. അവരുടെ പ്രവർത്തനത്തിനാണ് തുക ഈടാക്കുന്നത്. മിൽമയുടെ കാര്യത്തിൽ ഒരു പാക്കറ്റിന് 2 പൈസയാണ് തൽക്കാലം ഉദ്ദേശിക്കുന്നത്. അക്കാര്യം ചർച്ചയിലാണ്. മിൽമയുടെയും കേരഫെഡിന്റെയും കാര്യം പ്രത്യേകമായി പറയാൻ കാരണം പൊതുമേഖലാ സ്ഥാപനങ്ങൾ കൂടി ഇതിന് മാതൃകയായി നിൽക്കണം എന്നതുകൊണ്ടാണ്. പ്രൈവറ്റ് സ്ഥാപനങ്ങൾക്കും മൾട്ടി നാഷണൽ കമ്പനികൾക്കും ഇത് ചെയ്യേണ്ട ബാധ്യതയുണ്ട്.

ശ്രീ. ഇ. പി. ജയരാജൻ: ഈ ആനുകൂല്യം പ്രൈവറ്റ് സെക്ടറിലുള്ള ഒരു കമ്പനിക്ക് അനുവദിക്കാമോ എന്നുള്ളതാണ് എന്റെ ചോദ്യം.

പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസം, പരിസ്ഥിതി വകുപ്പ്: തിങ്കളാഴ്ച ഇതുസംബന്ധിച്ച് ഒരു മീറ്റിംഗ് നടത്തിയിരുന്നു. പ്രൈവറ്റ് സെക്ടറിലെ മുഴുവനാളുകളെയും വിളിച്ച് ഇപ്രകാരം ചെയ്യണമെന്ന് ഇൻസിസ്റ്റ് ചെയ്തിട്ടുണ്ട്.

ചീഫ് സെക്രട്ടറി: നേരത്തെതന്നെ പ്രൈവറ്റ് സെക്ടർ കമ്പനികളുമായി ചർച്ച ചെയ്തിരുന്നു. പ്രോക്ടർ ആൻഡ് ഗാംബിളിന്റെയും പെപ്സികോളയുടെയും പ്രതിനിധികൾ പങ്കെടുത്തിരുന്നു. എക്സ്റ്റൻഡഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റിയെക്കുറിച്ച് സംസാരിക്കുകയും അവർ സഹകരിക്കാമെന്ന് പറയുകയും ചെയ്തിട്ടുണ്ട്. അതിനകത്ത് ഒരു വ്യത്യാസം അവരുടെയെല്ലാം പ്രോഡക്ടിന് ബ്രാൻഡിംഗുണ്ട് എന്നുള്ളതാണ്. എന്നാൽ ബ്രാൻഡിംഗില്ലാത്തവർക്ക് ഈ ആനുകൂല്യം ഉണ്ടോ എന്നുള്ളതാണ് സംശയം.

പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസം, പരിസ്ഥിതി വകുപ്പ്: ബ്രാൻഡിംഗില്ലാത്തവർക്ക് ഈ ആനുകൂല്യം നൽകാൻ കഴിയില്ല. കാരണം ബ്രാൻഡിംഗില്ലാത്തവർ സിംഗിൾ യൂസ് പ്ലാസ്റ്റിക് ഉപയോഗിക്കരുതെന്നാണ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ: അതായത്, നിങ്ങൾ ഒരു ബ്രാൻഡഡ് ഐറ്റമാണ് ഉല്പാദിപ്പിക്കുന്നതെങ്കിൽ കൂടാതെ അത് ബാച്ച് നമ്പറും ലൈസൻസുമുള്ള പ്രീപാക്കേജ്ഡ് ഐറ്റവുമാണെങ്കിൽ പ്രസ്തുത സ്ഥാപനം എക്സ്റ്റൻഡഡ് പ്രൊഡ്യൂസർ റസ്പോൺസിബിലിറ്റിയുടെ കീഴിൽ വരും. ഓൺ ദ സ്പോട്ട് പാക്ക് ചെയ്യുന്നതിൽ നിരോധനമുണ്ട്.

പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസം, പരിസ്ഥിതി വകുപ്പ്: ടെട്രാപാക് എന്ന് പറഞ്ഞത് പ്രൈവറ്റ് പ്രോഡക്ടാണെങ്കിലും ഈ ബാനിൽ വരുന്നില്ല. കാരണം ടെട്രാപാക് ബ്രാൻഡഡാണ്. ലൂസ് സ്ട്രാകളാണ് ബാനിൽ വരുന്നത്. ടെട്രാപാക്കിനോടുകൂടി വരുന്നത് ഇന്റഗ്രേറ്റഡ് സ്ട്രാകളാണ്. അത് ബാനിൽപ്പെടുന്നില്ല. അതിനുപകരം ഈ കമ്പനി കിലോഗ്രാമിന് 10 രൂപ ഡിസ്പോസലിനായി ഇങ്ങോട്ടു നൽകണം. So that is the difference. Branded items comes under extended producer responsibility, we expect the company to pay for the collection and disposal.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

ചീഫ് സെക്രട്ടറി: ക്ലീൻ അപ്പിനെ സംബന്ധിച്ച കൂടുതൽ കാര്യങ്ങൾ എക്സിക്യൂട്ടീവ് ഡയറക്ടർ പറയും. ഹൈവേകളിലൂടെയും മേജർ റോഡുകളിലൂടെയും സഞ്ചരിക്കുമ്പോൾ പലയിടത്തും പ്ലാസ്റ്റിക് ബാഗിനകത്ത് പൊതിഞ്ഞ ഭക്ഷണാവശിഷ്ടങ്ങളും മറ്റും ഡമ്പ് ചെയ്തിരിക്കുന്നത് കാണാനാകും. കേരളത്തിൽ വരുന്ന വിദേശ സഞ്ചാരികളും ആഭ്യന്തര ടൂറിസ്റ്റുകളും ഇത് കാണുന്നതുമൂലം സംസ്ഥാനത്തിന്റെ ഇമേജിനെതന്നെ അത് ദോഷകരമായി ബാധിച്ചിരിക്കുകയാണ്. So we need to clean up our roads. അത് വളരെ ആവശ്യമായ കാര്യമാണ്. അതുകൊണ്ടാണ് റിപ്പബ്ലിക് ദിനത്തിൽ ഒരു വൺടൈം ക്ലീൻ അപ് ഡ്രൈവ് നടത്താൻ തീരുമാനിച്ചത്. നമ്മുടെ പ്രോസസിംഗ് പ്ലാന്റ് എത്തുന്ന വരെ ഈ പ്രശ്നം നിലനിൽക്കും. പ്ലാന്റുകൾ ഓപ്പറേഷണലായി കഴിഞ്ഞാൽ ഈ ബുദ്ധിമുട്ട് ഉണ്ടാകില്ല. പക്ഷേ, എന്നിരുന്നാലും ഇത് ക്ലീൻ അപ് ചെയ്യേണ്ടതുണ്ട്. അതുസംബന്ധിച്ച രണ്ട് സ്ലൈഡുകൾ ഇപ്പോൾ പ്രദർശിപ്പിക്കുന്നതാണ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ: സ്റ്റേറ്റ് വൈഡ് ആക്ടിവിറ്റിയായതിനാൽ നാഷണൽ, സ്റ്റേറ്റ് ഹൈവേകളിൽ വരുന്ന പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ഇതിന്റെ കീഴിൽ വരുന്നതാണ്. റിപ്പബ്ലിക് ദിനം ഞായറാഴ്ച ദിവസമാണ്. ജനുവരി 26-ന് രാവിലെ ക്ലീൻ അപ് ഡ്രൈവ് ആരംഭിക്കുന്നതാണ്. ലോക്കൽ ബോഡി തലത്തിൽ നേരത്തെ പ്ലാനിംഗ് ചെയ്യേണ്ടതാണ്. ഇതിന് ഫണ്ട് ആവശ്യമായി വരും. രണ്ട് തരത്തിൽ ചെയ്യാൻ സാധിക്കും. വോളണ്ടിയർമാരെ വച്ച് ചെറിയ ടൂറിസം സെന്ററുകൾ ക്ലീൻ ചെയ്യാം. പക്ഷേ, മിക്സഡ് വേസ്റ്റ് ഡമ്പിംഗ് സൈറ്റാണെങ്കിൽ അത് വൃത്തിയാക്കാൻ ജോലിക്കാരെ ആവശ്യമായിവരും. ക്ലീൻ അപ് പോയിന്റിൽ നിന്നും ട്രാൻസ്പോർട്ടേഷന്റെ ചെലവുണ്ടാകും. പഞ്ചായത്തു തലത്തിൽ പ്ലാനിംഗ് നടത്തി പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും വരുന്ന ഹൈവേയുടെ സ്ട്രെച്ച് ക്ലീൻ അപ് ചെയ്യാൻ ട്രാൻസ്പോർട്ടേഷനും മറ്റുമായി എത്ര തുക ചെലവ് വരുമെന്ന് പരിശോധിച്ച് ഡിസംബർ 24-നകം റിപ്പോർട്ട് ചെയ്യണമെന്നാണ് കളക്ടർമാരോട് പറയാനുള്ളത്.

പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസം, പരിസ്ഥിതി വകുപ്പ്: പരിസ്ഥിതി വകുപ്പിന് അധികം ഫണ്ടില്ലാത്തതിനാൽ റീസണബിളായ തുക ആവശ്യപ്പെട്ടാൽ മാത്രമേ നൽകാൻ കഴിയുകയുള്ളൂ.

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ: എവിടെയെല്ലാമാണ് വേസ്റ്റ് ഡമ്പ് ചെയ്തിട്ടുള്ളതെന്ന് കണ്ടെത്തുകയും ലോജിസ്റ്റിക്കായിട്ടുള്ള ക്ലീൻ അപ് എങ്ങനെ, ആരുടെ മേൽനോട്ടത്തിൽ, എവിടേയ്ക്ക് മാറ്റുമെന്നുള്ളതും സംബന്ധിച്ച് തീരുമാനമെടുക്കണം. ചില പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും വേസ്റ്റ് ഡമ്പിംഗ് സൈറ്റുകളുള്ളതാണ്. We have to take that place for dumping. മറ്റൊരു ഓപ്ഷൻ നമ്മുടെ മുൻപിലില്ല. We cannot process it immediately because it is mixed waste. On 22nd January we have a video conference review four days before the activity and clean up will be on 25th January. അതുകൊണ്ട് ജില്ലയിൽ എത്തിയാലുടൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിക്കുകയും പ്രോപ്പർ പ്ലാൻ തയ്യാറാക്കുകയും ഡിസംബർ 24-ന് എസ്റ്റിമേറ്റ് നൽകുകയും ചെയ്യണം.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

Principal Secretary, Higher Education, Environment Department: For this Activity you can group in NSS/ NCC all of them and in addition to the Haritha Karmasena and also all the people involved in the work.

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ: ഹരിത കർമ്മസേനയ്ക്ക് ഇതിലൂടെ വരുമാനം ലഭിക്കുകയും ചെയ്യും. We will get extra funds for any sort of cleaning.

ശ്രീ. ഇ. പി. ജയരാജൻ: കഴിഞ്ഞ കുറെ ദിവസങ്ങളായി പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന കേരളത്തിൽ പ്രവർത്തിക്കുന്ന ഒട്ടനവധി കമ്പനികളുടെ ഉടമകൾ പല നിവേദനങ്ങളുമായി സർക്കാരിനെ സമീപിക്കുകയാണ്. പ്ലാസ്റ്റിക് നിരോധിക്കുന്ന കാര്യത്തിൽ സംസ്ഥാനം സ്വീകരിച്ച നിലപാട് തികച്ചും ശരിയും സംസ്ഥാനത്ത് നടപ്പിലാക്കേണ്ടതുമാണ്. വേസ്റ്റ് ഡിസ്പോസ് ചെയ്യാൻ സമയം ദീർഘിപ്പിച്ചു നൽകണമെന്നാണ് അവർ ആവശ്യപ്പെടുന്നത്. ഇക്കാര്യത്തിൽ ഗവൺമെന്റ് തീരുമാനമെടുത്തിട്ടില്ല.

പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസം, പരിസ്ഥിതി വകുപ്പ്: സമയം ദീർഘിപ്പിച്ചുനൽകുന്ന കാര്യം പരിഗണനയിലുണ്ട്. പ്ലാസ്റ്റിക് കപ്പുകളുടെ മാനുഫാക്ചറിംഗ് ആണ് കേരളത്തിൽ കൂടുതലുള്ളത്. രണ്ട് മാസത്തെ സമയം ദീർഘിപ്പിച്ചുനൽകുന്ന കാര്യത്തെക്കുറിച്ച് ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. തീരുമാനമായിട്ടില്ല. മിക്കവാറും പ്ലാസ്റ്റിക് കപ്പുകളുടെ നിരോധനം 1-3-2010 മുതൽ മാത്രമായിരിക്കും പ്രാബല്യത്തിൽ വരുന്നത്. ക്യാരി ബാഗുകളുടെ ഉൽപ്പാദനം കേരളത്തിൽ അധികമില്ലാത്തതിനാൽ ഇവയുടെ നിരോധനം 1-1-2020-ൽ തന്നെ ആരംഭിക്കും. പ്ലാസ്റ്റിക് കപ്പുകളുടെ നിരോധനവുമായി ബന്ധപ്പെട്ട കാര്യത്തിൽ തീരുമാനമായതിനുശേഷം ഒരു ജി.ഒ. കൂടി പുറപ്പെടുവിക്കുന്നതാണ്.

ശ്രീ. പിണറായി വിജയൻ: ഏതുഘട്ടത്തിലായാലും സമയം ദീർഘിപ്പിച്ചുനൽകണമെന്നും മറ്റുമുള്ള ആവശ്യവുമായി ആളുകൾ സർക്കാരിനെ സമീപിക്കുന്നത് സ്വാഭാവികമാണ്. ഒരു വിഷയവും പരിഗണിക്കേണ്ടതില്ല. ഒരു ഘട്ടത്തിൽ പരിഗണിച്ചാൽ എല്ലാ ഘട്ടത്തിലും ഈ വിഷയങ്ങൾ പരിഗണിക്കേണ്ടതായിവരും. നഷ്ടം വരുന്നവർ സഹിക്കണമെന്നുമാത്രമേ പറയാൻ കഴിയുകയുള്ളൂ. മറ്റേതൊരു കാര്യവും ഗവൺമെന്റ് ചെയ്യേണ്ടതില്ല. ഫ്ലക്സ് നിർമ്മാതാക്കളുൾപ്പെടെയുള്ളവർ പല ഡിമാന്റുകളുമായി വരുന്നുണ്ട്. നിരോധനം പ്രാബല്യത്തിൽ വരുമ്പോൾ നിർമ്മാതാക്കൾക്ക് കുറച്ച് പ്രയാസം ഉണ്ടാകുമെന്നുള്ളത് വാസ്തവമണ്. അത് മറികടക്കുന്നതിന് മറ്റ് മാർഗ്ഗങ്ങൾ കണ്ടെത്താൻ നിർദ്ദേശിക്കുകയല്ലാതെ സർക്കാരിനുമുന്നിൽ വേറെ വഴിയൊന്നുമില്ല. നിരോധനം ഏർപ്പെടുത്തുകയാണെങ്കിൽ പൂർണ്ണ നിരോധനം ഏർപ്പെടുത്തണം. അല്ലെങ്കിൽ എല്ലാവർക്കും വേണ്ട സൗകര്യങ്ങൾ നൽകണം. ഇപ്പോൾ നിരോധനം ഏർപ്പെടുത്താൻ തീരുമാനിച്ചതിനാൽ തുടർനടപടികളുമായി മുന്നോട്ടുപോകുകയാണ് വേണ്ടത്.

ജില്ലാ കളക്ടർ, എറണാകുളം: പ്ലാസ്റ്റിക് നിരോധനവുമായി ബന്ധപ്പെട്ട് എറണാകുളം ജില്ലയിൽ എല്ലാ ലോക്കൽ സെൽഫ് ബോഡികളുമായി ഒരു മീറ്റിംഗ് നടത്തിയിരുന്നു. ആ മീറ്റിംഗിൽ ഒരു സംശയം വന്നത് ബയോ ഡീഗ്രേഡബിൾ

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

പ്ലാസ്റ്റിക്കിനെക്കുറിച്ചാണ്. അത് എങ്ങനെ ഐഡന്റിഫൈ ചെയ്യണമെന്നാണ് പഞ്ചായത്ത് അധികാരികൾ ചോദിക്കുന്നത് കുറച്ച് കമ്പനികൾ ഐ.എസ്.ഒ. സർട്ടിഫിക്കേഷനുള്ളവയും മറ്റ് ചില കമ്പനികൾക്ക് സെൻട്രൽ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റുള്ളവയുമാണ്. Some other Companies having Central Institute of Plastics and Engineering Certificates.

പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസം, പരിസ്ഥിതി വകുപ്പ്: We will be holding a meeting of all those compostable bag companies. ഏതൊക്കെ ബാഗുകളാണ് നല്ലത് എന്നുള്ളത് ടെസ്റ്റ് ചെയ്തതിനുശേഷം കണ്ടുപിടിക്കാം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ: കമ്പോസ്റ്റബിൾ ബാഗ്സ് മാനുഫാക്ച്ചറേഴ്സിന്റെ യോഗം രണ്ടുമാസത്തിന് മുൻപ് ശുചിത്വ മിഷന്റെ ഓഫീസിൽ വിളിച്ചുചേർത്തിരുന്നു. ഒരു കെമിക്കൽ സൊല്യൂഷൻ ഉപയോഗിച്ചുകൊണ്ട് ഈ ബാഗ് നല്ലതാണോ എന്ന് ഐഡന്റിഫൈ ചെയ്യാൻ സാധിക്കും. It is an easily available chemical solution; if you dip genuine compostable plastic bags in this chemical solution it dissolves immediately. ആ ഒരു കെമിക്കൽ സൊല്യൂഷൻ ഉണ്ടെങ്കിൽ on the spot തന്നെ ടെസ്റ്റ് നടത്താവുന്നതാണ്. രണ്ടാമത്തെ കാര്യം, getting certificates from the CPCP. അതുതന്നെ വ്യക്തമാക്കും ISO standard ഉള്ളതാണോ അല്ലയോ എന്നുള്ളത്; There are limited list of companies who have the CPCP clearance.

പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസം, പരിസ്ഥിതി വകുപ്പ്: പരിസ്ഥിതി വകുപ്പ് എൺവയോൺമെന്റൽ ക്ലിയറൻസ് കൊടുക്കുമ്പോൾ കോർപ്പറേറ്റ് എൺവയോൺമെന്റൽ റെസ്പോൺസിബിലിറ്റിയുടെ പേരിൽ പ്രോജക്ട് കോസ്റ്റിന്റെ രണ്ട് ശതമാനം is to be used for environmental protection and it is placed at the disposal of the District Collector. ഈ വർഷം ഫെബ്രുവരി മാസം മുതൽ ഇത് വളരെ കർശനമായി പാലിച്ചുവരികയാണ്. ഏത് ക്വാറി തുടങ്ങിയാലും up to 2% ആണ് i.e. up to 100 crores investment ആണെങ്കിൽ പ്രോജക്ട് കോസ്റ്റിന്റെ 2 ശതമാനം ഈടാക്കി ജില്ലാകളക്ടറുടെ സൂപ്പർവിഷനിലാണ് കമ്പനി അല്ലെങ്കിൽ പ്രൊപ്പോണന്റ് നടപ്പിലാക്കേണ്ടത്. ഇതിൽ 'എക്സട്രാ' എന്നൊരു ക്ലോസുകൂടിയുണ്ട്. ജില്ലാ കളക്ടർമാർ പറയുന്ന പരിസ്ഥിതി സംബന്ധിച്ചുള്ള ഏത് പ്രൊട്ടക്ഷനും ചെയ്യാൻ കമ്പനി ഉടമസ്ഥർ ബാധ്യസ്ഥരാണ്. ഉദാഹരണത്തിന് തൃശ്ശൂർ ജില്ലയിലെ ശോഭാ സിറ്റിയുടെ മെഗാ പ്രോജക്ടിന്റെ ഭാഗമായി 70 ലോ കോസ്റ്റ് ഹൗസസ് പണിത് നൽകണമെന്നാണ് ഓർഡർ ഇഷ്യൂ ചെയ്തിട്ടുള്ളത്. അതുപോലെ വിവിധ ക്വാറികളുടെ ഓർഡറുകളുമുണ്ട്. ഈ ഓർഡറുകളുടെയെല്ലാം കോപ്പികൾ കളക്ടർമാരുടെ ഓഫീസിലേയ്ക്ക് അയയ്ക്കുന്നുണ്ട്. കളക്ടറേറ്റിലെത്തുമ്പോൾ ഈ ഓർഡറുകൾ ആരുടെ കയ്യിലാണ് കിട്ടുന്നതെന്നറിയില്ല. So, We have brought the copies and we will distribute it to you. Kindly get in touch with these companies and ensure that their corporate environmental responsibility is carried out in your districts.

District Collector, Ernakulam: Is it different from Quary Safety Fund?

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസം, പരിസ്ഥിതി വകുപ്പ്: It is entirely different from Quary Safety Fund. എൺവയോൺമെന്റൽ ക്ലിയറൻസിനുവേണ്ടി വരുന്ന സകല ക്വാറികളും കമ്പനികളും If they have an investment they are bound to give up to 2%.

ചീഫ് സെക്രട്ടറി: I think the issues are very clear now. We are running out of time. അതുകൊണ്ട് കുറച്ചുകൂടി ചുരുക്കി കാര്യങ്ങൾ പറയണം. One important point I want to bring your attention is about Biomedical Waste. ഇത് വളരെ ഗുരുതരമായ വിഷയമായി കേരളത്തിൽ രൂപാന്തരപ്പെട്ടിരിക്കുകയാണ്. ആശുപത്രിമാലിന്യങ്ങൾ പ്രോസസ്സ് ചെയ്യുന്നതിന് കേരളത്തിൽ നിലവിൽ ഒരു പ്ലാന്റ് മാത്രമേയുള്ളൂ. ഗവൺമെന്റ് ഹോസ്പിറ്റലുകളുടെ പല കേസ്സുകളും ഞാൻ റിവ്യൂ ചെയ്തുനോക്കിയിരുന്നു. വേസ്റ്റ് ട്രീറ്റ് ചെയ്യുന്നതിനുള്ള സൗകര്യമില്ലാതെ തന്നെയാണ് നമ്മൾ പല പ്ലാനുകളും തയ്യാറാക്കിയിരിക്കുന്നത്. ഹെൽത്ത് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥരും ആരോഗ്യ വകുപ്പുസെക്രട്ടറിയുമായും ചർച്ച നടത്തിയശേഷം ഗവൺമെന്റ് പണിയുന്ന ആശുപത്രികളിൽ വേസ്റ്റ് ഡിസ്പോസൽ സംവിധാനം നിർബന്ധമായും ഏർപ്പെടുത്തണമെന്നുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പല പ്രൈവറ്റ് ഹോസ്പിറ്റലുകളും മാലിന്യ സംസ്കരണത്തിനുള്ള സൗകര്യങ്ങളില്ലാതെ പ്രവർത്തിക്കുന്നത് നാഷണൽ ഗ്രീൻ ട്രൈബ്യൂണലിന്റെ ശ്രദ്ധയിൽപ്പെടുകയും ഫൈൻ ചുമത്തുകയും ചെയ്തിട്ടുണ്ട്. ബയോമെഡിക്കൽ വേസ്റ്റുകൾ ഫോറസ്റ്റിനുള്ളിലും ജലാശയങ്ങളിലുമാണ് ഇപ്പോൾ നിക്ഷേപിക്കുന്നത്. ഈയൊരു വിഷയം ജില്ലാ കളക്ടർമാർ പ്രത്യേകം മോണിറ്റർ ചെയ്യണം. പരിസ്ഥിതിയുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങളെല്ലാം അജണ്ടയിൽ രേഖപ്പെടുത്തിയിട്ടുണ്ട്, please go through it.

ധനകാര്യ വകുപ്പ്

ചീഫ് സെക്രട്ടറി: ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇന്നലെ ചർച്ച ചെയ്തിരുന്നു. റവന്യൂ റിക്കവറിയെക്കുറിച്ചും മറ്റും ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിട്ടുണ്ടായിരുന്നു. ഇതുകൂടാതെ മറ്റെന്തെങ്കിലും പറയാനുണ്ടോ?

അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്: രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് രണ്ട് ഇഷ്യുകളാണുള്ളത്. ഒന്ന്, കഴിഞ്ഞ പത്ത് പതിനഞ്ചുകൊല്ലമായി രജിസ്ട്രേഷനിൽ undervaluation-ന്റെ വിഷയങ്ങളിൽ ഡിപ്പാർട്ടുമെന്റ് നോട്ടീസ് ഇഷ്യൂ ചെയ്തതടക്കമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച പ്രൊസീഡിംഗ്സ് മിക്കവാറും കേസുകളിലും ആയിട്ടുണ്ട്. undervaluation ഉള്ള കേസുകളിലും തുക അടയ്ക്കണമെന്നാവശ്യപ്പെട്ട് നോട്ടീസ് നൽകുന്നുണ്ട്. നോട്ടീസ് നൽകിയതിനു ശേഷവും തുക അടയ്ക്കുന്നില്ലെങ്കിൽ we will go for revenue recovery; one time amnesty scheme-ഉം ഏർപ്പെടുത്തിയിട്ടുണ്ട്. റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചാൽ മാത്രമേ ആളുകൾ amnesty scheme-ലേയ്ക്ക് വരികയുള്ളൂ. കളക്ടർമാർക്ക് ലഭിക്കുന്ന റിക്കവറി നോട്ടീസുകളിൽ എത്രയും പെട്ടെന്ന് നടപടിയെടുക്കണം. രണ്ടാമത്തെ കാര്യം, രജിസ്ട്രേഷന് എല്ലാ സ്ഥലങ്ങളിലും ഫെയർവാല്യൂ ഫിക്സ് ചെയ്തിട്ടുണ്ടെങ്കിലും ചില

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

സ്ഥലങ്ങളിൽ ഫെയർവാല്യൂ നിശ്ചയിച്ചിട്ടില്ല. ഫെയർവാല്യൂ ഇല്ലെങ്കിൽ രജിസ്ട്രേഷൻ സമയത്ത് പാർട്ടി പറയുന്ന എമൗണ്ടിൽതന്നെ രജിസ്ട്രേഷൻ നടത്താൻ രജിസ്ട്രാർ ബാധ്യസ്ഥനാണ്. ആക്ട് ആനുസരിച്ച് സബ് കളക്ടർമാർക്ക് ഫെയർവാല്യൂ ഫിക്സ് ചെയ്യുന്നതിനുള്ള അധികാരമുണ്ട്. എന്നാൽ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. എല്ലാ ഏരിയകളിലും ഫെയർവാല്യൂ ഫിക്സ് ചെയ്താൽ മാത്രമേ രജിസ്ട്രേഷനിലെ അണ്ടർവാല്യൂവേഷൻ ഒഴിവാക്കാൻ കഴിയുകയുള്ളൂ.

ചീഫ് സെക്രട്ടറി: ഫുഡ് ആൻഡ് സിവിൽ സപ്ലൈസ്, ഫിഷറീസ്, വനം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇന്നലെ ചർച്ച ചെയ്തിരുന്നു. ജനറൽ അഡ്മിനിസ്ട്രേഷനെ സംബന്ധിച്ചൊക്കെ പേജ് 36-ൽ പറഞ്ഞിട്ടുണ്ട്. ഇന്നലെ മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സംവിധാനത്തിലൂടെ ലഭിക്കുന്ന പരാതികൾ മോണിറ്റർ ചെയ്യുന്നതിന്റെ ആവശ്യകതയെക്കുറിച്ചും ദുരിതാശ്വാസ നിധിയിൽനിന്നുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനെ സംബന്ധിച്ചും പറയുകയുണ്ടായി. പ്രത്യേകമായി ശ്രദ്ധിക്കേണ്ട ഒരു സംഗതി അടുത്ത സെൻസസ്സുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. ഇതിന്റെ നടപടികൾ ഉടൻ ആരംഭിക്കുന്നതാണ്. സെൻസസ് കമ്മീഷണറെ പോസ്റ്റ് ചെയ്തിട്ടുണ്ട്. വളരെ ക്രിട്ടിക്കലായിട്ടുള്ള ഒരു വിഷയമാണ്. ഡാറ്റ കളക്ഷനും സെൻസസ് നടത്തുന്നവർക്കുവേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കണമെന്ന് താൽപ്പര്യപ്പെടുന്നു.

പൊതുവിദ്യാഭ്യാസ വകുപ്പ്

സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്: പ്രധാനമായും നാല് കാര്യങ്ങളാണ് സൂചിപ്പിക്കാനുള്ളത്. പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ 12,000-ത്തിലധികം സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ സ്ഥലം റീസർവ്വേ ചെയ്ത് തിട്ടപ്പെടുത്തുന്നതിനുവേണ്ടിയുള്ള ശ്രമം ഡിപ്പാർട്ടുമെന്റ് നടത്തുന്നുണ്ട്. അതിനാവശ്യമായ എല്ലാ പിന്തുണയും ജില്ലാ കളക്ടർമാരുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നുള്ളതാണ് ആദ്യമായി പറയാനുള്ളത്. രണ്ടാമതായി, ഒരു വർഷം 50 കോടിയിലധികം പ്ലേറ്റ് ആഹാരം കുട്ടികൾക്ക് വിളമ്പുന്നുണ്ട്. ഉച്ചഭക്ഷണ പദ്ധതി വളരെ ഭംഗിയായി നടക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. ഇതിനാവശ്യമായ മേൽനോട്ടം വഹിക്കുന്നതിനായി കളക്ടറുടെ നേതൃത്വത്തിലുള്ള കമ്മിറ്റി റഗുലറായി യോഗം ചേരുകയും റിവ്യൂ ചെയ്യുകയും വേണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിലുള്ള കമ്മിറ്റികളുണ്ട്. ആ കമ്മിറ്റി റഗുലറായി യോഗം ചേരുന്നുണ്ടെന്ന് ഉറപ്പാക്കണം. അതോടൊപ്പംതന്നെ മിഡ് ഡേ മീൽ സ്കീമിന് സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ച് ഡൈനിംഗ് ഹാൾ, മറ്റ് സൗകര്യങ്ങൾ തുടങ്ങിയവ ഏർപ്പെടുത്തുന്നതിനുള്ള പ്രൊവിഷൻ പ്രയോജനപ്പെടുത്തണം. മൂന്നാമതായി, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം നന്നായി നടക്കുന്നുണ്ട്, കുറേക്കൂടി ജനകീയമായ രീതിയിലാണ് അത് നടത്തേണ്ടതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ ഇവിടെ സൂചിപ്പിച്ചിരുന്നു. അതിന്റെ ജില്ലാതല അവലോകനം എല്ലാ മാസവും ജില്ലാ

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

കളക്ടർമാരുടെ നേതൃത്വത്തിൽ നടക്കുന്നുണ്ട്. അത് കുറേക്കൂടി സജീവമാക്കണമെന്ന നിർദ്ദേശമാണ് മുന്നോട്ടുവയ്ക്കാനുള്ളത്. നാലാമതായി, വയനാട്ടിൽ പാമ്പുകടിയേറ്റ് ഒരു കുട്ടി മരിച്ച സംഭവമുണ്ടായിട്ടുണ്ട്. എല്ലാ വർഷവും സ്കൂൾ തുറക്കുന്നതിനു മുമ്പുതന്നെ ശുചീകരണ പ്രവർത്തനങ്ങളെയും സേഫ്റ്റി സെക്യൂരിറ്റി മെഷേഴ്സിനെയും സംബന്ധിച്ച് ഡീറ്റെയിൽഡ് ആയി ഇൻസ്ട്രക്ഷൻസ് കൊടുക്കാറുണ്ട്. അതോടൊപ്പം ഫിറ്റ്നസ് സംബന്ധിച്ച വ്യവസ്ഥകൾ പൂർണ്ണമായും പാലിച്ചുകൊണ്ടുവേണം സ്കൂളുകൾ ഫംഗ്ഷൻ ചെയ്യേണ്ടത്. അതിനകത്ത് വീഴ്ച്ച ഉണ്ടാകരുത്. ഇപ്പോൾ ഡി.ഡി.എം.എ.-യുടെ അതോറിറ്റി ഡിസ്ട്രിക്ട് കളക്ടർമാർ ആയതുകൊണ്ട് നിങ്ങളുടെ നേതൃത്വത്തിൽ അത് ഉറപ്പുവരുത്തുന്ന ഒരു സംവിധാനമുണ്ടാകണം. അതിന് ഡീറ്റെയിൽഡ് ആയ ഇൻസ്ട്രക്ഷൻസ് എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നൽകിയിട്ടുണ്ട്. ഇത്രയുമാണ് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. പിണറായി വിജയൻ</u>: ഉച്ചഭക്ഷണ പരിപാടിയെപറ്റി പറയുമ്പോൾ പ്രഭാത ഭക്ഷണ പരിപാടി വ്യാപിപ്പിക്കുന്നതിനെ സംബന്ധിച്ചുള്ള നിർദ്ദേശവും ഇതിൽ കാണുന്നുണ്ട്. 10 മണിക്ക് ആരംഭിക്കുന്ന ക്ലാസിന് പ്രഭാത ഭക്ഷണം എങ്ങനെയാണ് വിതരണം ചെയ്യാൻ സാധിക്കുന്നത്? രാവിലെ 8 മണിക്കും മറ്റും പ്രവർത്തനം ആരംഭിക്കുന്ന ചില സ്കൂളുകളുണ്ട്. അവിടെ പ്രഭാത ഭക്ഷണം സമയത്തിന് കൊടുക്കുന്നത് നല്ലതായിരിക്കും. പ്രഭാത ഭക്ഷണം കൊടുക്കുന്നതിന്റെ ഭാഗമായി സ്കൂൾ സമയവും രാവിലെ നേരത്തെതന്നെ ആരംഭിക്കുന്ന നിലയ്ക്ക് ആക്കിക്കൂടേ? അങ്ങനെ ചെയ്താൽ പ്രഭാത ഭക്ഷണ പരിപാടി പ്രായോഗികമായിരിക്കും.

<u>സെക്രട്ടറി, പൊതുവിദ്യാഭ്യാസം, ന്യൂനപക്ഷക്ഷേമ വകുപ്പ്</u>: ചില സ്കൂളുകളിൽ മാത്രമാണ് പ്രഭാതഭക്ഷണം ഇപ്പോൾ നൽകിവരുന്നത്.

<u>ശ്രീ. പിണറായി വിജയൻ</u>: ചിലർ അവരുടെ ഉദാര മനസ്സിന്റെ ഭാഗമായി കൊടുക്കുന്നുണ്ടോ എന്നതല്ല പ്രശ്നം. പ്രഭാതഭക്ഷണ പരിപാടി വ്യാപിപ്പിക്കുന്നതിനെക്കുറിച്ച് നിങ്ങൾ നോട്ടിൽ പറഞ്ഞിട്ടുണ്ട്. അതുസംബന്ധിച്ചാണ് ഞാൻ ചോദിച്ചത്.

<u>സെക്രട്ടറി, പൊതുവിദ്യാഭ്യാസം ന്യൂനപക്ഷക്ഷേമ വകുപ്പ്</u>: നമ്മൾ ഭക്ഷണം 9 മണിയോടുകൂടി കൊടുക്കുന്ന തരത്തിലാണ് അത് അറേഞ്ച് ചെയ്യുന്നത്.

<u>ശ്രീ. പിണറായി വിജയൻ</u>: 10 മണിക്ക് ക്ലാസ് തുടങ്ങുന്ന സ്കൂളുകളിൽ ഒരു കുട്ടി 9 മണിക്ക് എന്തിന് വരണം? അതുണ്ടാക്കുന്ന മറ്റ് പ്രശ്നങ്ങളുമുണ്ട്. ചില സ്കൂളുകളിൽ അനാവശ്യമായി കുട്ടികൾ രാവിലെ നേരത്തെ എത്തുന്നത് സംബന്ധിച്ച് സ്കൂൾ അധികൃതർ ആക്ഷേപം ഉന്നയിച്ചിട്ടുണ്ട്. എന്റെയടുത്ത് ഒരാൾ ഇത് പറഞ്ഞിട്ടുണ്ട്. രാവിലെ 7 മണിക്ക് മുമ്പുതന്നെ കുട്ടികൾ വരികയാണ്. അത് പഠനാവശ്യത്തിനല്ല. അവരെ നോക്കാൻ ടീച്ചർമാർക്കോ സ്കൂൾ പ്രിൻസിപ്പലിനോ കഴിയുമോ? അവരൊക്കെ സ്കൂളിൽ വരാൻ 8 മണിയെങ്കിലും ആകില്ലേ? അതിനുമുമ്പ് കുട്ടികൾ എത്തുന്നുവെന്നാണ് പറയുന്നത്. നമ്മൾ ചെയ്യുന്ന നല്ല കാര്യങ്ങൾക്ക് ദൂഷ്യവശങ്ങൾ ഉണ്ടാകാതിരിക്കാൻ വേണ്ടി നമ്മൾ ശ്രദ്ധിക്കണമെന്നുള്ളതാണ് എന്റെ പോയിന്റ്.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

ജില്ലാ കളക്ടർ, പത്തനംതിട്ട: പൊതുവിദ്യാഭ്യാസ യജ്ഞത്തിൽ മികവിന്റെ കേന്ദ്രങ്ങൾ എന്നുപറഞ്ഞ് അഞ്ച് സ്കൂളുകളുണ്ട്. ജില്ലയിൽ അതുസംബന്ധിച്ച കാര്യങ്ങൾ ചെയ്യുന്നത് തമിഴ്നാട് ബേയ്സ്ഡ് ഏജൻസിയാണ്. അവർ രണ്ട് സ്കൂളുകളിൽ മാത്രമേ വർക്ക് ചെയ്യുന്നുള്ളു. മൂന്ന് സ്കൂളുകളിലെ വർക്ക് ചെയ്യുന്നില്ല. അതൊന്ന് പരിഹരിച്ചാൽ നല്ലതായിരുന്നു.

ജില്ലാ കളക്ടർ, തൃശ്ശൂർ: ഇതേ പ്രശ്നം തൃശ്ശൂരിലുമുണ്ട്. എട്ട് സ്കൂളുകളിലുള്ള വർക്ക് ഒരൊറ്റ കമ്പനി തന്നെയാണ് ചെയ്യുന്നത്. നിർമ്മാണം വളരെ പിന്നിലാണ്. ഇത് റിപ്പോർട്ട് ചെയ്തിട്ടുള്ള കാര്യമാണ്.

ശ്രീ. പിണറായി വിജയൻ: നമ്മുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഇത് റിവ്യൂ ചെയ്യേണ്ടതായിവരും. ചില കൊള്ളരുതാത്ത ആളുകൾ ഇത്തരം ഏജൻസികളുമായി മുന്നോട്ടുവന്നിട്ടുണ്ട്. നമ്മൾ ഏജൻസി കൊടുത്തവരുടെ സബ് ഏജന്റുമാരായി പ്രവർത്തിക്കുന്നവരാണിവർ. അവർക്കാണെങ്കിൽ ഇതിനുള്ള യാതൊരു സംവിധാനവുമില്ല. അതിന്റേതായ കാലതാമസമാണ് വരുന്നത്. അതൊന്ന് റിവ്യൂ ചെയ്യേണ്ടതായി വരും.

സെക്രട്ടറി, പൊതുവിദ്യാഭ്യാസം, ന്യൂനപക്ഷക്ഷേമ വകുപ്പ്: അത് സംബന്ധിച്ച് വിശദീകരിക്കാം. നമ്മൾ ആദ്യഘട്ടത്തിൽ നൽകിയ 207 സ്കൂളുകളിൽപ്പെടുന്ന പത്തനംതിട്ടയിലെ നാല് സ്കൂളുകളും തൃശ്ശൂരിലെ എട്ട് സ്കൂളുകളും മലപ്പുറത്തെ രണ്ട് സ്കൂളുകളുമാണ് ഇപ്പോൾ തടസ്സമായിട്ടുള്ളത്. കൺസേൺഡ് കോൺട്രാക്ടർമാർക്ക് നമ്മൾ നോട്ടീസ് കൊടുത്തു. അത് റിവൈവ് ചെയ്യുന്നതിനുവേണ്ടിയുള്ള ഒരു അറ്റംപ്റ്റ് നടത്തുന്നതിനോ അത് ക്യാൻസൽ ചെയ്ത് പുതിയ ഏജൻസിയെ ഏൽപ്പിക്കുന്നതിനോ ആണ് ഉദ്ദേശിക്കുന്നത്.

ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്

ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): മറ്റ് വകുപ്പുകളിലെപ്പോലെ ഇതിലെ ചില കാര്യങ്ങൾ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ടവയാണ്. ഓഫീസ് ആരംഭിക്കുന്ന കാര്യങ്ങളും മറ്റുമാണ് അവ. ഇതിൽ പ്രധാനമായി പറയാനുള്ളത് ആർദ്രം മിഷനെ കുറിച്ചാണ്. അതിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാണ് കളക്ടർമാർ ഏറ്റവും കൂടുതൽ ശ്രദ്ധിക്കേണ്ടത്. ഇതിനെ ജനകീയമാക്കി മാറ്റാൻ ഏറെ ശ്രമിക്കുകയാണ്. ഇതിനകത്ത് ഒരു ആർദ്രം പീപ്പിൾസ് കാമ്പയിൻ ലോഞ്ച് ചെയ്തിട്ടുണ്ട്. ആരോഗ്യ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പുമാണ് പ്രധാനമായും അതിന്റെ ലീഡ് റോളിൽ വരുന്നത്. എന്നാൽ വ്യത്യസ്ത ഡിപ്പാർട്ടുമെന്റുകളുടെ ഏകോപനം ഉണ്ടെങ്കിൽ മാത്രമേ കാമ്പയിൻ ഭംഗിയായി നടക്കുകയുള്ളു. ഭക്ഷണശീലം, വ്യായാമശീലം, മറ്റ് ആരോഗ്യശീലങ്ങൾ തുടങ്ങിയവ വളർത്തിയെടുക്കുന്നതിനെക്കുറിച്ച് അതിൽ പറഞ്ഞിട്ടുണ്ട്. ഒരു വലിയ ജനകീയ കാമ്പയിനായി ഇതെടുക്കണം. അതിന്റെ കലണ്ടറും മറ്റും കൊടുത്തിട്ടുണ്ട്. അതിന് കളക്ടർമാരുടെ നേതൃത്വപരമായ പങ്ക്

ted from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

ഉണ്ടാകണമെന്നുള്ളതാണ് ആർദ്രം മിഷനെക്കുറിച്ച് പ്രധാനമായും പറയാനുള്ളത്. നിരവധി പ്രവർത്തനങ്ങൾ സ്വമേധയാ നടക്കുന്നവയാണ്. അതിലെല്ലാം കളക്ടർമാർക്ക് ചെയ്യാനുള്ള റോൾ വളരെ വലുതാണ്. അതെല്ലാം ഇതിനകത്ത് ഓരോ അജണ്ടയായി സൂചിപ്പിച്ചിട്ടുണ്ട്. അതെല്ലാം കൃത്യമായി ചെയ്യണമെന്നാണ് ജില്ലാ കളക്ടർമാരോട് പറയാനുള്ളത്.

ഡോ. രാജൻ ഖോബ്രാഗഡെ, പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ പ്രധാനമായും മൂന്ന് പോയിന്റുകളുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി യോഗത്തിൽ ഞങ്ങൾക്ക് ചില നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. ആർദ്രം മിഷൻ വഴി ചെയ്തിട്ടുള്ള കാര്യങ്ങൾക്ക് ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കണം. അതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാർ നല്ല രീതിയിൽ കാര്യങ്ങൾ ചെയ്യുന്നുണ്ട്. ഉദാഹരണമായി പത്തനംതിട്ട ജില്ലയിൽ ആറ് കിലോമീറ്ററിന്റെ ഒരു ഏരിയ ഐഡെന്റിഫൈ ചെയ്ത് ആക്ടിവിറ്റി സോൺ ആക്കി മാറിയിട്ടുണ്ട്. എറണാകുളം ജില്ലയിൽ കഴിഞ്ഞ മാസം മുതൽ എൽ.എസ്.ജി.ഡി. മുഖേന ക്യാൻസർ കെയർ പരിപാടി മുന്നോട്ടുകൊണ്ടുപോകുന്നുണ്ട്. അതിന്റെ ഭാഗമായി ഹെൽത്തി ഫുഡ് കാമ്പയിൻ സംസ്ഥാനത്ത് മുഴുവനും നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ഫുഡ് സേഫ്റ്റി കമ്മീഷണർ ഒന്നുരണ്ട് പ്രധാന പോയിന്റുകൾ ഇതുസംബന്ധിച്ച് അവതരിപ്പിക്കുന്നതാണ്. എല്ലാ ജില്ലാ കളക്ടർമാരും അതിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ജനങ്ങളുടെ കാമ്പയിനാക്കിമാറ്റണം. രണ്ടാമത്തെ പ്രധാനപ്പെട്ട ആശയം ജനങ്ങളിൽ ഹെൽത്ത് ചെക്കിംഗ് ബിഹേവിയർ ഇംപ്രൂവ് ചെയ്ത് ടെസ്റ്റിംഗ് നടത്തി പഞ്ചായത്ത് ലെവലിൽ എത്ര പേർക്ക് ക്യാൻസർ, പ്രമേഹം, ഹൈപ്പർടെൻഷൻ തുടങ്ങിയ രോഗങ്ങളുണ്ടെന്നുള്ള സ്ക്രീനിംഗ് നടത്തിവരികയാണ്. അത് കൂടുതൽ സിസ്റ്റമാറ്റിക്കായി ചെയ്താൽ ഹെൽത്ത് ഫെസിലിറ്റീസുമായി ലിങ്ക് ചെയ്ത് ഹെൽത്ത് സർവ്വീസ് കൊടുക്കാൻ സാധിക്കും. അടുത്ത ഡിസംബർ വരെ ഇങ്ങനെയുള്ള രജിസ്ട്രി കംപ്ലീറ്റ് ചെയ്യാൻ സാധിക്കണം. അതുപോലെ ഇൻഡിജീനസ് മലേറിയ, ഫൈലേറിയ, കാലാ-അസാർ എന്നിങ്ങനെ മൂന്ന് പകർച്ചവ്യാധികളുണ്ട്. ഈ മൂന്ന് പകർച്ചവ്യാധികളെയും നമുക്ക് കൺട്രോൾ ചെയ്യാൻ സാധിക്കും. ഡബ്ല്യു.എച്ച്.ഒ.-യുടെ ഗൈഡ് ലൈൻ അനുസരിച്ച് താഴെ തലത്തിൽ ആരോഗ്യസേന പോലെ പഞ്ചായത്തിന്റെ സജീവമായ പ്രവർത്തനമുണ്ടെങ്കിൽ മാത്രമേ ഇത്തരം രോഗങ്ങളെ എലിമിനേറ്റ് ചെയ്യാൻ സാധിക്കുകയുള്ളു. ഇപ്പോഴത്തെ സ്ഥിതിയിൽ എസ്.ഡി.ജി. ഗോൾ പ്രഖ്യാപിച്ചതനുസരിച്ച് നമ്മൾ ഏകദേശം 92 ശതമാനം അച്ചീവ് ചെയ്തുകഴിഞ്ഞിട്ടുണ്ട്. ഫുഡ് സേഫ്റ്റി സംബന്ധിച്ച് കൂടുതൽ കാര്യങ്ങൾ ഡോ. രത്തൻ യു. കേൽക്കർ അവതരിപ്പിക്കും.

ഡോ. രത്തൻ യു. കേൽക്കർ, സ്പെഷ്യൽ സെക്രട്ടറി, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്: ഫുഡ് സേഫ്റ്റി ഡിപ്പാർട്ടുമെന്റിലെ ഡിസ്ട്രിക്ട് ലെവൽ അഡ്വൈസറി കമ്മിറ്റിയുടെ ചെയർപേഴ്സൺസ് ജില്ലാ കളക്ടർമാരാണ്. ഏറ്റവും നല്ല വിധത്തിൽ കാര്യങ്ങൾ ചെയ്യാൻ ജില്ലാ കളക്ടർമാർക്ക് കഴിഞ്ഞിട്ടുണ്ട്. ഈ

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

അവസരത്തിൽ അവരെ അഭിനന്ദിക്കുകയാണ്. രണ്ട് കാര്യങ്ങളാണ് പ്രധാനമായുമുള്ളത്. ഒന്നാമത്തേത് എൻഫോഴ്സ്മെന്റാണ്. ഇൻസ്പെക്ഷൻ, സാംപ്ലിംഗ്, ലാബ് ടെസ്റ്റിംഗ്, പ്രോസിക്യൂഷൻ, ഫോളോ അപ്പ് എന്നിവയിൽ നല്ല പുരോഗതിയുണ്ടാക്കാൻ എല്ലാ ജില്ലാ കളക്ടർമാർക്കും സാധിച്ചിട്ടുണ്ട്. രണ്ടാമത്തെ കാര്യം നമുക്ക് മുന്നോട്ടുകൊണ്ടുപോകേണ്ടത് ഐ.ഇ.സി. ആസ്പെക്ട്സിൽ പ്രിവന്റ് ചെയ്യുകയെന്നതാണ്. കാരണം എത്ര എൻഫോഴ്സ്മെന്റ് ഉണ്ടെങ്കിലും ഫുഡ് സേഫ്റ്റിയുടെ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം പ്രിവൻഷൻ ഓഫ് ആക്ടിവിറ്റീസ് ആസ് പെർ ദ ആക്ടും ബോധവത്ക്കരണവുമാണ്. ആർദ്രം കാമ്പയിനെന്ന് ഉദ്ദേശിക്കുന്നത് അതുതന്നെയാണ്. നമ്മുടെ സംസ്ഥാനം ഇപ്പോൾ ഡയബറ്റീസ്, ഹൈപ്പർടെൻഷൻ തുടങ്ങിയവയുടെ തലസ്ഥാനമായി മാറിയിട്ടുണ്ട്. അതിനെ നല്ല രീതിയിൽ നേരിടണമെങ്കിൽ നമ്മുടെ ലൈഫ് സ്റ്റൈൽ ഡിസ്ഓർഡേഴ്സ് കൺട്രോൾ ചെയ്യണം. നമ്മുടെ ജീവിതശൈലിയിൽത്തന്നെ കുറച്ച് മാറ്റങ്ങൾ കൊണ്ടുവരണം. അതിനെ ഏറ്റവും പ്രധാന ഇനമായി ആർദ്രം കാമ്പയിനിൽ കൊണ്ടുവരണം. അതിൽ ഏറ്റവും പ്രധാനം ഹെൽത്തി ഫുഡ്സ് ആണ്. ഇഷ്ടംപോലെ ആഹാരം കഴിക്കുന്നുണ്ടായിരിക്കും. കൂടുതൽ കഴിക്കുന്നതും അപകടകരമായി മാറുമെന്നുള്ള ബോധവത്ക്കരണം ജനങ്ങളുടെ ഇടയിൽ ഉണ്ടാകണം. ഹെൽത്തി ഫുഡ് ലഭ്യമാക്കാൻ സാധിക്കണം. അതാണ് ആർദ്രം കാമ്പയിനിന്റെ ഏറ്റവും പ്രധാന പോയിന്റ്. ഏറ്റവും നല്ല വിധത്തിൽ ലൈഫ് സ്റ്റൈലിൽ മാറ്റങ്ങൾ കൊണ്ടുവരാൻ സാധിക്കണം. പ്രോജക്ട് സംബന്ധിച്ച വിശദാംശങ്ങൾ നോട്ട്സിൽ തന്നിട്ടുണ്ട്. അതിനെ നിങ്ങൾ ഫോളോ അപ്പ് ചെയ്യുന്നത് നല്ലതായിരിക്കും. മറ്റൊരു പ്രധാന കാര്യം എ.സി.-മാർക്കുള്ള ഓഫീസ് സ്പെയ്സ് റെന്റൽ സ്പെയ്സിലാണ് പ്രവർത്തിക്കുന്നത്. അതിനായി സർക്കാരിന്റെ സ്ഥലം കിട്ടുകയാണെങ്കിൽ നല്ലതായിരിക്കും. അതുസംബന്ധിച്ചും നോട്ടിൽ പറഞ്ഞിട്ടുണ്ട്. ആർദ്രം മിഷൻ ആയിരിക്കും ഏറ്റവും നല്ല വിധത്തിൽ ഒരു കൂട്ടായ്മയോടുകൂടി മുമ്പോട്ട് കൊണ്ടുപോകേണ്ട ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റെ കാമ്പയിൻ. അതിൽ എല്ലാ ജില്ലാ കളക്ടർമാരുടെയും സാന്നിദ്ധ്യവും സപ്പോർട്ടും ഉണ്ടാകണം.

<u>ജില്ലാ കളക്ടർ, പാലക്കാട്</u>: ആർദ്രം പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിൽ 16 എഫ്.എച്ച്.സി.-കൾ ഉദ്ഘാടനം ചെയ്യപ്പെട്ടിരുന്നു. ഒരു വർഷമായി അത് പ്രവർത്തിക്കുന്നുണ്ട്. അതിലെ ഏറ്റവും പ്രധാന ഘടകം ഈവനിങ് ഒ.പി. ആണ്. ഡാറ്റാ അനലൈസ് ചെയ്യുമ്പോൾ 2016-ൽ ഏതാണ്ട് നാലഞ്ച് പി.എച്ച്.സി.-കളിൽ ഈവനിംഗ് ഒ.പി. ഉണ്ട്. കാര്യമായ ലോഡ് അതിലില്ല. രാവിലെ 200 ഒ.പി. ഉണ്ടാകും. ഒരു മാസം കൂട്ടിയാലും ഈവനിംഗ് ഒ.പി.യിൽ 1000 പേർ പോലും വരില്ല. എന്നാൽ ചില എഫ്.എച്ച്.സി.-കളിൽ ലോഡ് വളരെ കൂടുതലാണ്. എണ്ണായിരത്തോളം ആളുകൾ വരെ അവിടെ വരുന്നുണ്ട്. നാല് പോസ്റ്റ് വീതമാണ് ഓരോ എഫ്.എച്ച്.സി.-യിലും ക്രിയേറ്റ് ചെയ്യുന്നത്. ലോഡ് കൂടുതലുള്ള ഇടങ്ങളിൽ ആദ്യം ഇൻവെസ്റ്റ് ചെയ്താൽ ഗുണകരമായിരിക്കും. ഇനിവരുന്ന സെലക്ഷനുകളിൽ അത് ക്രൈറ്റീരിയയാക്കിയാൽ ഹെൽപ്പ്ഫുൾ ആയിരിക്കും.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

സ്പെഷ്യൽ സെക്രട്ടറി, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്: ഒരു ക്ലാരിഫിക്കേഷൻ ഇവിടെ പറയാനുള്ളത്, ഈ ആർദ്രം കാമ്പയിൻ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് പീപ്പിൾസ് കാമ്പയിൻ ഫോർ പ്രിവൻഷൻ എന്നാണ്. എഫ്.എച്ച്.സി.-യിൽ ഇവനിംഗ് ഒ.പി. ആണോ എന്നും മറ്റും നമുക്ക് പരിശോധിക്കാം. തുടർച്ചയായ കെയറാണ് ഉണ്ടാകേണ്ടത്.

ജില്ലാ കളക്ടർ, പത്തനംതിട്ട: പത്തനംതിട്ട ജില്ലയിൽ ഹെൽത്തി ലൈഫ് സ്റ്റൈലുമായി ബന്ധപ്പെട്ട ഒരു പ്രോജക്ട് ആരംഭിച്ചിട്ടുണ്ട്. 6 കിലോമീറ്റർ വരുന്ന റിംഗ് റോഡിന്റെ തിരക്കില്ലാത്ത രണ്ടര കിലോമീറ്റർ ദൂരം ഹെൽത്തി ആക്ടിവിറ്റീസിന് മാത്രമായി റിസർവ് ചെയ്യുന്ന രീതിയാണിത്. അതിന്റെ സൈഡിൽ ഒരു ഓപ്പൺ ജിം കൂടി ആരംഭിക്കാനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ട്. അതിന്റെ പ്രോജക്ട് ആരംഭിച്ചിട്ടുണ്ട്. ആളുകൾക്ക് ഹെൽത്തി ആക്ടിവിറ്റീസ് ചെയ്യുന്നതിനുള്ള സ്പെയ്സ് പ്രൊവൈഡ് ചെയ്യുകയെന്നതാണ് ഉദ്ദേശിക്കുന്നത്.

ജില്ലാ കളക്ടർ, കണ്ണൂർ: കണ്ണൂർ ജില്ലയിൽ 'ഫിറ്റ് കണ്ണൂർ' എന്ന ഒരു പ്രോജക്ട് തുടങ്ങിയിട്ടുണ്ട്.

ജില്ലാ കളക്ടർ, എറണാകുളം: എറണാകുളം ജില്ലയിൽ ഡിസ്ട്രിക്ട് ക്യാൻസർ കൺട്രോൾ പ്രോഗ്രാം ആരംഭിച്ചിട്ടുണ്ട്. പഞ്ചായത്ത് ലെവലിൽ അവയർനെസ് കൊടുക്കുന്നതിനുവേണ്ടിയാണ് ഇത് ആരംഭിച്ചത്. എല്ലാ ലോക്കലൈസ്ഡ് താലൂക്ക് ഹോസ്പിറ്റലുകൾ, പി.എച്ച്.സി. തുടങ്ങിയവയെല്ലാം ഇതിന്റെ പരിധിയിൽവരുന്നുണ്ട്. ഇതൊരു സ്ക്രീനിംഗ് പ്രോഗ്രാം ആണ്.

ജില്ലാ കളക്ടർ, കൊല്ലം: കൊല്ലത്ത് അവയർനെസ് പ്രോഗ്രാം സ്പെഷ്യലായി നടത്തുന്നുണ്ട്. അതിന്റെ കൂടെ ഇൻസ്പെക്ഷനും നടത്തുന്നുണ്ട്. വ്യാജ വെളിച്ചെണ്ണ ഉൾപ്പെടെയുള്ളവ പിടിച്ചെടുത്തിട്ടുമുണ്ട്.

ജില്ലാ കളക്ടർ, വയനാട്: വയനാട് ജില്ലയിൽ മെഡിക്കൽ കോളേജിന്റെ അഭാവത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്യപ്പെടുന്നവർ അവിടെയെത്താൻ ശരാശരി രണ്ടര മണിക്കൂറെങ്കിലും എടുക്കാറുണ്ട്. വയനാട്ടിൽ നിന്നും പ്രതിവർഷം ഏകദേശം 2000 ആൾക്കാരെയെങ്കിലും കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്യപ്പെടുന്നുണ്ട്. കഴിഞ്ഞ മാസം തന്നെ മൂന്ന് ആൾക്കാർ ആശുപത്രിയിലേക്ക് പോകുംവഴി മരണപ്പെട്ടിട്ടുണ്ട്. പാമ്പുകടിയേറ്റ് മരിച്ച ഷെഹലാ ഷെറിന്റെ ഗ്രാന്റ് ഫാദറും ആശുപത്രിയിലേക്കുള്ള വഴിമദ്ധ്യേയാണ് മരിച്ചത്. ഈ കുട്ടിയും അങ്ങനെ ചികിത്സയ്ക്കുവേണ്ടി പോകുന്ന വഴിക്ക് മരിച്ചുപോയി. റഫർ ചെയ്തുകഴിഞ്ഞാൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ എത്തില്ലായെന്ന് ഉറപ്പുള്ള രോഗികളെ സ്റ്റേബിളാക്കുന്നതുവരെ പ്രൈവറ്റ് ഇൻസ്റ്റിറ്റ്യൂഷൻസിനെക്കൂടി ഇൻക്ലൂഡ് ചെയ്യുന്നതിനായി ഒരു സ്പെഷ്യൽ പാക്കേജ് വയനാടിന് അനുവദിക്കണം. ഒന്നോ രണ്ടോ ദിവസം പ്രൈവറ്റ് ഇൻസ്റ്റിറ്റ്യൂഷനുകളിൽ ചികിത്സ നടത്തിയിട്ട് സ്റ്റേബിൾ ആയതിനുശേഷം മെഡിക്കൽ കോളേജിലേക്ക് ഷിഫ്റ്റ് ചെയ്യാനുള്ള ഒരു സ്പെഷ്യൽ പാക്കേജ് വയനാടിന് അനുവദിക്കണം.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്: ഞങ്ങൾ ഇതിനെക്കുറിച്ച് ചർച്ച ചെയ്തശേഷം വയനാട് മാത്രമല്ല ഇടുക്കി, അട്ടപ്പാടി തുടങ്ങിയ സ്ഥലങ്ങളിലും ഇത്തരം പ്രശ്നമുണ്ടെങ്കിൽ അതിനാവശ്യമായ സിസ്റ്റം ഉണ്ടാക്കും. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയനുസരിച്ച് ബി.പി.എൽ. കുടുംബങ്ങൾക്ക് ഫ്രീ ട്രീറ്റ്മെന്റ് സർക്കാർ നൽകുന്നുണ്ട്. വേണമെങ്കിൽ അതോടൊപ്പം പ്രൈവറ്റ് ഹോസ്പിറ്റലുകളിലെ ട്രീറ്റ്മെന്റുകൂടി നൽകാം.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: ഇവിടെ പറഞ്ഞത് ട്രോമോ കെയറിന്റെ കാര്യമാണ്. അത് മീറ്റ് ചെയ്യുന്നതിന് ഡിപ്പാർട്ടുമെന്റ് തലത്തിൽ നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. കാഷ്വാലിറ്റി നവീകരണവും മറ്റും നടക്കുന്നുണ്ട്. പഴയതുപോലെ റഫർ ചെയ്യുന്ന അവസ്ഥ ഇപ്പോൾ വയനാട്ടിൽ ഇല്ല. പ്രസ്തുത വിഷയം ചർച്ചയ്ക്ക് വിധേയമാക്കാം. ഈ പ്രശ്നം പരിഹരിക്കുന്ന കാര്യത്തിൽ ഡിപ്പാർട്ടുമെന്റിനുള്ളിൽ തന്നെ വളരെയേറെ മുന്നേറ്റമുണ്ടായിട്ടുണ്ട്. നേരത്തെ മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്യുന്ന അത്രയും എണ്ണം ഇപ്പോൾ വരുന്നില്ല. അത് നന്നായി കുറഞ്ഞിട്ടുണ്ട്.

ശ്രീ. പിണറായി വിജയൻ: ഫുഡ് സേഫ്റ്റിയുടെ കാര്യം സൂചിപ്പിച്ചപ്പോൾ ഇവിടെ വച്ച നിർദ്ദേശം അത് ഒരു സ്ഥലത്ത് ആരംഭിക്കുക എന്നുള്ളതാണ്. ഒരു സ്ഥലത്ത് എന്നുള്ളത് മാതൃകയാക്കേണ്ട കാര്യമില്ല. അത് വലിയ പ്രയാസമുള്ള കാര്യമല്ല. എവിടെയും നടത്താവുന്ന കാര്യമാണ്. സ്ട്രീറ്റ് ഫുഡ് ഹബ് എന്നാണ് പറയുന്നത്. എല്ലാ തട്ടുകടകളിലും നല്ല സാധനങ്ങളാകണമെന്നുള്ളതിന് നടപടിയെടുക്കാവുന്നതാണ്. അത് ഒരിടത്തുമാത്രമാക്കേണ്ടതില്ല. എല്ലാ കളക്ടർമാർക്കും ശ്രദ്ധയോടെ അത് നടപ്പാക്കാവുന്നതാണ്. പ്രധാനപ്പെട്ട ഹോട്ടലുകളടക്കം അവയെ ആശ്രയിച്ച് ജീവിക്കുന്ന ധാരാളമാളുകളുണ്ട്. അവരുടെ ആരോഗ്യം പലപ്പോഴും വലിയ തോതിൽ തകരാറിലാകുന്നുണ്ട്. എല്ലാ ഹോട്ടലുകളും നിശ്ചിത സമയത്ത് നിശ്ചിത ഇടവേളകളിൽ പരിശോധിക്കുന്ന നിലയുണ്ടാകണം. കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും ആവശ്യമായ ഹെൽത്ത് ഇൻസ്പെക്ടർമാരുണ്ട്. പക്ഷേ, പരിശോധന വേണ്ടത്ര നടക്കുന്നില്ല. പരിശോധന കൃത്യമായി നടക്കുന്ന നിലയുണ്ടാകണം. ഭക്ഷണ പദാർത്ഥങ്ങളിൽ മായം ചേർത്തുവരുന്ന പ്രശ്നമുണ്ട്. അതിൽ മത്സ്യത്തിന്റെ കാര്യത്തിൽ നേരത്തെ ഒരു ഇടപെടൽ നടന്നിട്ടുണ്ട്. അത് ഒരു ഘട്ടത്തിൽ നടത്തി അവിടെ നിർത്തേണ്ടതല്ല. അത് തുടർച്ചയായി നിങ്ങളുടെ അജണ്ടയിലുണ്ടാകേണ്ടതാണ്. നിങ്ങളുടെ കലണ്ടറിൽ ഓരോ ഘട്ടത്തിലും ഈ പരിശോധനാ സംവിധാനങ്ങൾ വേണം. മത്സ്യം മാത്രമല്ല പഴകിയ ഇറച്ചി കഴിച്ചിട്ടുള്ള തകരാറുകളും പലപ്പോഴും വരുന്നുണ്ട്. അതുമായി ബന്ധപ്പെട്ട പരിശോധന വേണം. പച്ചക്കറികളുടെ കാര്യത്തിലും അവ നല്ലതാണോ എന്നുള്ള പരിശോധന നടത്തേണ്ടതായിട്ടുണ്ട്. ഭക്ഷണ പദാർത്ഥങ്ങൾ നല്ലതാണോ, ഉപയോഗിക്കുന്ന എണ്ണ നല്ലതാണോ അത്തരം കാര്യങ്ങൾ പരിശോധിക്കാനുള്ള കൃത്യമായ സംവിധാനം വേണം. രോഗത്തിന്റെ ചികിത്സയ്ക്കുവേണ്ടി ചെലവിടുന്ന പണത്തിന്റെ ചെറിയൊരു ഭാഗം മാറ്റിവച്ചാൽ ഈ പറയുന്ന കരുതൽ നടപടികൾ സ്വീകരിക്കാൻ നമുക്ക്

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

സാധിക്കും. നല്ല ഫലവും ലഭിക്കും. പക്ഷേ, ആരും ചെയ്യുന്നില്ല. എവിടെയും നടക്കുന്നില്ല. അതിന് ചുമതലപ്പെട്ടത് കളക്ടർമാരാണ്, അത് നിങ്ങളുടെ മനസ്സിലുണ്ടാകണം. ബന്ധപ്പെട്ടവരെ വിളിച്ച് എന്താണ് ചെയ്തത്, എത്രത്തോളം നടത്തി, ഈ മാസം എന്താണ് ചെയ്തത്, അല്ലെങ്കിൽ കഴിഞ്ഞ മാസം എന്താണ് ചെയ്തത് എന്ന് ചോദിക്കുന്ന നില നിങ്ങളുടെ ഭാഗത്തുനിന്നുണ്ടാകണം. റിപ്പോർട്ടുകൾ ലഭിച്ചാൽ അങ്ങനെ ചെയ്യാത്തവരെ ചെയ്യിപ്പിക്കുന്നതിനുള്ള ഇടപെടലും നിങ്ങളുടെ ഭാഗത്തുനിന്നുണ്ടാകേണ്ടതായിട്ടുണ്ട്. അത്തരമൊരു പരിപാടി ഇതിനോടൊപ്പം വേണമെന്നാണ് തോന്നുന്നത്. ആലപ്പുഴയിൽ അത്രയധികം തട്ടുകടകളുണ്ടോ എന്ന് അറിയില്ല. തട്ടുകടകൾ ഏറ്റവുമധികമുള്ള സ്ഥലത്തായിരുന്നു ഈ പറയുന്ന പരിപാടി ആദ്യം ആരംഭിക്കേണ്ടത്. ഏതായാലും മറ്റു പല പരിഗണന കൊണ്ടായിരിക്കും അവിടെ വച്ചിട്ടുണ്ടാകുക. അത് നടക്കട്ടെ. എല്ലായിടത്തും തട്ടുകടകൾ പരിശോധിക്കുന്ന നിലയുണ്ടാകണം. നല്ല ഭക്ഷണമാണ് നൽകുന്നത് എന്നത് ഉറപ്പുവരുത്തണം.

ജില്ലാ കളക്ടർ, പാലക്കാട്: ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ പ്രകാരം സർക്കാർ ആശുപത്രികളെല്ലാം രജിസ്റ്റർ ചെയ്തുകഴിഞ്ഞിട്ടുണ്ട്. സ്റ്റാൻഡേർഡൈസേഷന്റെ നല്ല ഒരു പ്രോഗ്രാമാണ്. രജിസ്ട്രേഷന് ഇഷ്യൂ ചെയ്തിട്ടുള്ള അവസാന തീയതി സൂചിപ്പിച്ചിട്ടില്ല. ഇതുവരെ പ്രൈവറ്റ് ഇൻസ്റ്റിറ്റ്യൂഷനുകൾ രജിസ്ട്രേഷനുവേണ്ടി വന്നിട്ടില്ല. Will there be any final cut off date for registration?

പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്: സ്വകാര്യ മേഖലയിലെ ഡോക്ടർമാരുടെ അസോസിയേഷനുകളായ IMA-യും QPMPA-യുമായി ചർച്ച നടത്തിയിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ അവരുടെ പ്രശ്നങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. അത് പഠിച്ചശേഷം അവരുമായി ചർച്ച ചെയ്ത് അക്കാര്യം സോർട്ട്ഔട്ട് ചെയ്യാം. സ്വകാര്യ മേഖലയിലെ സ്ഥാപനങ്ങളും ഇപ്പോൾ രജിസ്ട്രേഷന് വരുന്നുണ്ട്.

ഉന്നതവിദ്യാഭ്യാസ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസം, പരിസ്ഥിതി വകുപ്പ്: ഉന്നതവിദ്യാഭ്യാസ വകുപ്പിനെ സംബന്ധിച്ച് ലാൻഡ് അക്വിസിഷന്റെ കാര്യങ്ങൾ നോട്ടിലെ 48 മുതൽ 50 വരെയുള്ള പേജുകളിൽ സൂചിപ്പിച്ചിട്ടുണ്ട്. അതിന്റെ പ്രോഗ്രസ് ഇപ്പോൾ ചോദിക്കുന്നില്ല. കാരണം ഏകദേശം ഇരുപതോളം ഐറ്റമുണ്ട്. ഇതിൽ പ്രധാനപ്പെട്ട ഒന്നുരണ്ടു കാര്യം സൂചിപ്പിക്കാം. എൻ.സി.സി. വകുപ്പിനെ സംബന്ധിച്ച് ഫണ്ടുള്ളതുകൊണ്ട് കൈമാറ്റം ചെയ്യുന്നതിനുള്ള നടപടി എത്രയും പെട്ടെന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്. അതുപോലെ സാങ്കേതിക സർവ്വകലാശാലയ്ക്കുവേണ്ടിയുള്ള ലാൻഡ് അക്വിസിഷൻ നടപടികളിലും ശ്രദ്ധചെലുത്തി ദ്രുതഗതിയിൽ കൈമാറ്റം ചെയ്യേണ്ടതുണ്ട്. എന്നാൽ മാത്രമേ യു.ജി.സി.-യിൽ നിന്നുള്ള 12ബി നോട്ടിഫിക്കേഷനും അതിന്റെ പേരിലുള്ള തുകയും

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

ലഭിക്കുകയുള്ളൂ. ഇടുക്കിയിലെ മൂന്നാർ ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസസ് കോളേജ് 2018-ലെ മഴയിലും ലാൻഡ് സ്ലൈഡിലും മുഴുവനായി നശിച്ചുപോയിട്ടുള്ളതാണ്. താല്ക്കാലികമായി ഷെഡ്ഡുകൾ പണിതുവെങ്കിലും അത് ഒട്ടും പ്രാവർത്തികമല്ല. പെർമനന്റ് കൺസ്ട്രക്ഷന് സമയമെടുക്കും. ഡി.റ്റി.പി.സി.-യുടെ ബഡ്ജറ്റ് ഹോട്ടൽ ഇതിനുവേണ്ടി ഉപയോഗിക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്തിരുന്നു. അതിനൊരു പുരോഗതി കാണുന്നില്ല. ബഡ്ജറ്റ് ഹോട്ടൽ ഉപയോഗപ്പെടുത്തിയാൽ മാത്രമേ ആർട്സ് ആൻഡ് സയൻസസ് കോളേജ് തല്ക്കാലത്തേക്ക് മാറ്റി സ്ഥാപിക്കാൻ കഴിയുകയുള്ളൂ.

ജില്ലാ കളക്ടർ ഇടുക്കി: ബഡ്ജറ്റ് ഹോട്ടൽ ഇപ്പോൾ റണ്ണിംഗിലാണ്. അതിൽ നൂറോളം റൂമുകളുണ്ട്. ചെറിയ ബഡ്ജറ്റിൽ താമസിക്കുന്ന ആളുകൾ അതിലുണ്ട്. തീരുമാനമെടുക്കുകയാണെങ്കിൽ തല്ക്കാലത്തേക്ക് കൊടുക്കാവുന്നതാണ്. ലാൻഡ് ട്രാൻസ്ഫർ പ്രൊപ്പോസൽ വന്നത് പരിശോധിച്ചതാണ്. കുറച്ച് ചതുപ്പുനിലങ്ങളുള്ളതുകൊണ്ട് ഒന്നുകൂടി വെരിഫിക്കേഷന് അയച്ചിട്ടുണ്ട്. അഞ്ച് ഏക്കർ സ്ഥലമാണ് ആവശ്യപ്പെട്ടത്. അതിൽ ഒന്നര ഏക്കറോളം ചതുപ്പുനിലമാണ്. അതുപോലെയുള്ള സ്ഥലത്തുവീണ്ടും കോളേജ് ഉണ്ടാക്കുന്നത് ശരിയാണോ എന്നത് പരിശോധിക്കേണ്ടതുണ്ട്.

പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസം, പരിസ്ഥിതി വകുപ്പ്: അതിനുള്ള നടപടികൾ എത്രയും പെട്ടെന്ന് സ്വീകരിക്കണം. കാരണം പ്ലാൻ ബഡ്ജറ്റിൽ തുകയുള്ളതാണ്. മെയിൻ ലാൻഡ് കിട്ടാത്തതുകൊണ്ട് നീക്കിവച്ചിരിക്കുന്ന 9 കോടി രൂപ ചെലവാക്കാൻ സാധിക്കുന്നില്ല. ഒരു കാര്യം കൂടി സൂചിപ്പിക്കാനുണ്ട്. കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെ ഗവേണിംഗ് കൗൺസിൽ ചെയർമാൻ/ ചെയർപേഴ്സൺ ജില്ലാ കളക്ടർമാരാണ്. നിങ്ങളെല്ലാവരും നല്ലപോലെ വർക്ക് ചെയ്യുന്നുണ്ട്. കൂടുതൽ കോഴ്സുകൾ നടപ്പിലാക്കാൻ ശ്രദ്ധിക്കുന്നുണ്ട്. തീർച്ചയായും അതിലൊരു ശ്രദ്ധവേണം.

ജില്ലാ കളക്ടർ, തിരുവനന്തപുരം: ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സിനുവേണ്ട സ്ഥലവും രണ്ട് ബറ്റാലിയന്റെ ഓഫീസിന് വേണ്ടിയുള്ള സ്ഥലവും ഇതിനകം കൊടുത്തിട്ടുണ്ട്.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): എൻ.സി.സി.യുടെ എയർഫോഴ്സ് ട്രെയിനിംഗ് യൂണിറ്റിന്റെ നിർമ്മാണം ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിൽ ആരംഭിച്ചുകഴിഞ്ഞു.

ജില്ലാ കളക്ടർ, ഇടുക്കി: 12 ഏക്കർ ഇതിനകം ട്രാൻസ്ഫർ ചെയ്തുകഴിഞ്ഞു. അഡീഷണലായാണ് 8 ഏക്കർ പറഞ്ഞിരിക്കുന്നത്. പ്രൊപ്പോസൽ കളക്ടറേറ്റിലേക്ക് എത്തിയിട്ടുണ്ട്.

ഡോ. കെ. ടി. ജലീൽ: നടപടികൾ വേഗത്തിലാക്കണം. ഇതിന്റെ കൂടെ അനുബന്ധമായിതന്നെ ചെയ്യാം. മലപ്പുറം ജില്ലയിലെ മലയാളം യൂണിവേഴ്സിറ്റിയുടെ സ്ഥലമെടുപ്പ് ഒരു ഘട്ടം പൂർത്തിയായിട്ടുണ്ട്.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

ജില്ലാ കളക്ടർ, മലപ്പുറം: അത് ട്രാൻസ്ഫർ ചെയ്തു. മലപ്പുറത്തെ വനിതാകോളേജിന്റെ സ്ഥലം തിങ്കളാഴ്ച ഹാന്റ് ഓവർ ചെയ്തിട്ടുണ്ട്. താനൂരിന് മാത്രമേ ഒരു ലൈൻ ബാക്കിയുള്ളൂ. അത് 11(1) പബ്ലിഷ് ചെയ്യുന്നതിനായി റവന്യൂവിലേക്ക് അയച്ചിട്ടുണ്ട്.

ഡോ. കെ. ടി. ജലീൽ: മലയാളം യൂണിവേഴ്സിറ്റിയുടെ എത്ര ഏക്കർ സ്ഥലമാണ് ഏറ്റെടുക്കാനുള്ളത്.

ജില്ലാ കളക്ടർ, മലപ്പുറം: 14 ഏക്കറായിരുന്നു. 10 ഏക്കർ എടുത്ത് ഹാന്റ് ഓവർ ചെയ്ത് യൂണിവേഴ്സിറ്റിയുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ജില്ലാ കളക്ടർ, കോഴിക്കോട്: ജില്ലയിൽ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിനുവേണ്ടി ലാൻഡ് ഏറ്റെടുക്കാൻ തീരുമാനിച്ചു. ഐഡന്റിഫൈ ചെയ്ത ലാൻഡ് വെറ്റ് ലാൻഡായിട്ടാണ് കാണുന്നത്. അതുകൊണ്ട് ആൾട്ടർനേറ്റ് ലാൻഡ് കാക്കൂർ വില്ലേജിൽ കണ്ടുപിടിച്ചിട്ടുണ്ട്. അത് പ്രൊപ്പോസ് ചെയ്യാം. കമ്മ്യൂണിറ്റി സ്കിൽ പാർക്ക് കോഴിക്കോടില്ല. ലാൻഡ് ഉണ്ട്.

ഡോ. കെ. ടി. ജലീൽ: പേരാമ്പ്രയിൽ അതു സംബന്ധിച്ച് ഒരു പ്രൊപ്പോസലുണ്ട്. പേരാമ്പ്ര ഗവൺമെന്റ് കോളേജിന്റെ സ്ഥലം പ്രയോജനപ്പെടുത്തി ചെയ്യാൻ കഴിയുമോ എന്ന് പരിശോധിക്കാം. കണ്ണൂരിൽ ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സിന്റെ ഓഫീസിന്റെ ലാൻഡ് ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. പക്ഷേ, ഇതുവരെ ഹാന്റ് ഓവർ ചെയ്തിട്ടില്ല. വിവിധ കോളേജുകളുടെ ലാൻഡ് അക്വിസിഷൻ, പുതുതായി വന്നിട്ടുള്ള കോളേജുകൾ വിവിധ ജില്ലകളിലുണ്ട്. അതൊന്ന് കളക്ടർമാർ പ്രത്യേകമായി പരിശോധിക്കണം.

ജില്ലാ കളക്ടർ, കണ്ണൂർ: അത് പ്രത്യേകമായി നോക്കുന്നുണ്ട്.

ആഭ്യന്തര വകുപ്പ്

ഡോ. വിശ്വാസ് മേത്ത, അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്: നോട്ടിലെ 52 മുതൽ 74 വരെയുള്ള പേജുകളിൽ വിശദാംശങ്ങൾ കൊടുത്തിട്ടുണ്ട്. കളക്ടർമാർ ഫോളോഅപ് ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് അതിനകത്ത് പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് അക്കാര്യങ്ങളിലേക്ക് പോകുന്നില്ല. പ്രധാനപ്പെട്ട രണ്ടുമൂന്ന് കാര്യങ്ങളാണ് സൂചിപ്പിക്കാനുള്ളത്. നിരവധി പോലീസ് സ്റ്റേഷനുകൾ ഇപ്പോൾ വാടകക്കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. തിരുവനന്തപുരം - 8, കൊല്ലം - 4, പത്തനംതിട്ട- 2, ആലപ്പുഴ - 3, ഇടുക്കി - 4, എറണാകുളം - 4, തൃശ്ശൂർ - 2, പാലക്കാട് - 2, മലപ്പുറം - 7, കോഴിക്കോട് - 3, വയനാട് - 3 അങ്ങനെ 42 പോലീസ് സ്റ്റേഷനുകളാണ് ഇപ്പോൾ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്. ദയവായി അതിന് സ്ഥലം കണ്ടുപിടിക്കണം. ഫണ്ട് അലോട്ട് ചെയ്യാനുണ്ടെങ്കിൽ അതിന് റിക്വസ്റ്റ് അയച്ചാൽ അത് സ്പീഡപ്പ് ചെയ്യാം. പ്രധാനപ്പെട്ട മറ്റൊരു കാര്യം സൂചിപ്പിക്കാനുള്ളത്, പല കേസ്സുകളിലായി പിടിച്ചുവച്ചിരിക്കുന്ന ട്രക്കുകളും ലോറികളും മറ്റു വാഹനങ്ങളും

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

ഇപ്പോൾ പോലീസ് സ്റ്റേഷനുകളിൽ കെട്ടിക്കിടക്കുകയാണ്. അവിടെ അതിനുള്ള സ്പേസില്ല. അങ്ങനെയുള്ള എണ്ണായിരത്തോളം വാഹനങ്ങൾ പോലീസ് സ്റ്റേഷനുകളിൽ കിടക്കുകയാണ്. പലതവണ അത് ഡിസ്പോസ് ചെയ്യാൻ ശ്രമിച്ചിട്ടുണ്ട്. 2018-ൽ അതുസംബന്ധിച്ച് ഒരു സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ട്. ജില്ലാ കളക്ടർമാർ അക്കാര്യത്തിൽ ഇനിഷിയേറ്റീവെടുത്ത് ഒരു മീറ്റിംഗ് വിളിച്ച് ഉത്തരവിന്റെ അടിസ്ഥാനത്തിൽ എത്രത്തോളം ഡിസ്പോസ് ചെയ്യാൻ കഴിയുമെന്ന് പരിശോധിക്കണം. ബാക്കിയുള്ള ചെറിയ കാര്യങ്ങൾ ഡീറ്റെയിൽസിൽ സൂചിപ്പിച്ചിട്ടുണ്ട്. അതെല്ലാം കളക്ടർമാർ പരിശോധിച്ചിട്ട് പറഞ്ഞാൽ നന്നായിരിക്കും.

ഭവനനിർമ്മാണ വകുപ്പ്

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്: ഹൗസിംഗിനെ സംബന്ധിച്ച് നോട്ടിലെ 75-ാം പേജിൽ സൂചിപ്പിച്ചിട്ടുണ്ട്. റവന്യൂ ടവറുകൾ, വർക്കിംഗ് വിമെൻസ് ഹോസ്റ്റലുകൾ, ഹൗസിംഗ് സ്കീം, കോഴിക്കോട് മെഡിക്കൽ കോളേജ്, ഗൃഹശ്രീ തുടങ്ങി നാലഞ്ചു സ്കീമുകളുടെ ഡീറ്റെയിൽസ് അതിനകത്ത് കൊടുത്തിട്ടുണ്ട്. പ്രത്യേകിച്ച് റവന്യൂ ടവർ, സിവിൽ സ്റ്റേഷനിൽ ലാൻഡ് അവയിലബിലിറ്റിയുടെ കാര്യത്തിൽ കൊല്ലം, ഇടുക്കി, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, വയനാട് എന്നിവിടങ്ങളിൽ സ്ഥലം കണ്ടുപിടിക്കാനുള്ള ചെലവുണ്ട്. എല്ലാ വിശദാംശങ്ങളും നോട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. അതുകൂടി നോക്കി കാര്യങ്ങൾ ചെയ്യണം. ഇടുക്കിയിൽ വർക്കിംഗ് വിമെൻസ് ഹോസ്റ്റൽ ആവശ്യമുണ്ട്. ഗൃഹശ്രീ വളരെ സക്സസ്ഫുള്ളായ സ്കീമാണ്. അതിൽ ചില സജഷൻസ് കളക്ടർമാരിൽ നിന്നും ആവശ്യപ്പെട്ടിരുന്നെങ്കിലും ഒന്നും കിട്ടിയിട്ടില്ല. സജഷൻസ് കിട്ടിയാൽ കൊള്ളാം. നിരവധി വോളണ്ടറി ഏജൻസികൾ പാവപ്പെട്ടവർക്ക് വീട് നിർമ്മിക്കാൻ സംഭാവന കൊടുക്കുന്നുണ്ട്. അത് മാച്ച് ചെയ്യാനുള്ള ഒരു സ്കീമാണ് ഗൃഹശ്രീ. വളരെ പോപ്പുലറായ സ്കീമാണ്. അതിൽ എന്തെങ്കിൽ കളക്ടർമാർക്ക് പറയാനുണ്ടെങ്കിൽ നന്നായിരിക്കും.

ജില്ലാ കളക്ടർ, കോഴിക്കോട്: കോഴിക്കോട് മെഡിക്കൽ കോളേജിൽ ക്ഷയരോഗമുള്ളവരുടെ ഹൗസിംഗ് കോംപ്ലക്സിനുവേണ്ടി ലാൻഡ് കണ്ടുപിടിച്ചിട്ടുണ്ട്. ഫണ്ടിന് വേണ്ടി നാഷണൽ ഹെൽത്ത് മിഷനിലേക്ക് അയച്ചിട്ടുണ്ട്.

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്: അതുപോലെ ആലപ്പുഴ മെഡിക്കൽ കോളേജിൽ രോഗികൾക്ക് താമസിക്കാനായി പുതിയ സ്ഥലം കണ്ടുപിടിച്ചാൽ നന്നായിരിക്കും.

വ്യവസായ വകുപ്പ്

ശ്രീ. സഞ്ജയ് ഗാർഗ്, പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്: ഇക്കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ Kerala Micro Small and Medium Enterprises Facilitation ആക്ട് പാസ്സാക്കിയിരുന്നു. അതുസംബന്ധിച്ച് ഒരു പ്രസന്റേഷൻ തയ്യാറാക്കിയിട്ടുണ്ട്. ഇതിലെ പ്രധാനപ്പെട്ട ചില കാര്യങ്ങൾ വിശദീകരിക്കാം.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

(പവർപോയിന്റ് പ്രസന്റേഷൻ നടത്തി.)

10 കോടി രൂപ വരെ ഇൻവെസ്റ്റ്മെന്റുള്ള ചെറിയ വ്യവസായ യൂണിറ്റുകൾക്ക് 3 വർഷം വരെ ലൈസൻസിന്റെ അപ്രൂവൽ ആവശ്യമില്ല. മൂന്നുവർഷം കഴിഞ്ഞ് 6 മാസത്തിനുള്ളിൽ റൂൾസും ആക്ടും അനുസരിച്ചുള്ള എല്ലാ ലൈസൻസും വാങ്ങിയിരിക്കണം. ഇതിൽ വീഴ്ച വരുത്തിയാൽ പെനാൽറ്റി ഈടാക്കുന്നതാണ്. ഇതിന്റെ പ്രോസസ് വളരെ ലളിതമാണ്. അതിനായി വ്യവസായ വകുപ്പ് ഒരു സോഫ്റ്റ്വെയർ തയ്യാറാക്കുന്നുണ്ട്. ഇതിൽ രണ്ട് റെസ്ട്രിക്ഷനുകളാണുള്ളത്. First restriction is that, the land where the unit is to be established should not be a wet or paddy land and it should not be under the masterplan of the town and country planning and the second restriction is that, the industry should not be in the red category. ഈ രണ്ട് റെസ്ട്രിക്ഷനുകളും ആപ്ലിക്കേഷൻ ഫോമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. റൂൾസ് തയ്യാറാക്കി വെറ്റ് ചെയ്യുന്നതിനായി നിയമവകുപ്പിന് നൽകിയിരിക്കുകയാണ്. By the end of this month we will be notifying the rules. ഇതുസംബന്ധിച്ച് എല്ലാ ജില്ലാ കളക്ടർമാർക്കും GMDIC-മാർക്കും സർക്കുലർ ഇഷ്യൂ ചെയ്തിട്ടുണ്ട്

Once the industry files these applications acknowledgment certificate will be generated instantly by the software, no approval or nothing is required. Once the acknowledgment certificate is generated this information will be passed on to the concerned GMDIC for the record purposes.

സിംഗിൾ വിൻഡോ സിസ്റ്റം കുറച്ചുകൂടി ഫലപ്രദമാക്കാൻ വേണ്ടി മൂന്ന് അമെന്റ്മെന്റുകളാണ് കൊണ്ടുവന്നിട്ടുള്ളത്. അതിൽ മൂന്നാമത്തെ അമെന്റ്മെന്റ് വളരെ പ്രധാനപ്പെട്ടതാണ്. അതിൽ പറയുന്നത്, On the basis of District Board or Industrial Board if nobody is taking action in the District Board that will be passed on to the State Board and State Board will take necessary disciplinary action against the concerned official of the District Board. സിംഗിൾ വിൻഡോ സിസ്റ്റമനുസരിച്ച് 30 ദിവസത്തിനുള്ളിൽ വ്യവസായം തുടങ്ങുന്നതിന് അപ്രൂവൽ നൽകിയില്ലെങ്കിൽ ആക്ഷനെടുക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എം.എസ്.എം.ഇ. ആക്ടിനെക്കുറിച്ച് ജില്ലാതലത്തിൽ ബോധവൽക്കരണം നടത്തുന്നതിന് ജില്ലാകളക്ടർമാർ മുൻകയ്യെടുക്കണം.

മറ്റൊരു കാര്യം പറയാനുള്ളത്, കഴിഞ്ഞ ശനിയാഴ്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു ഇൻഡസ്ട്രിയൽ ഇന്ററാക്ഷൻ നടത്തിയിരുന്നു. അതിൽ ചില വ്യവസായികൾ സ്റ്റേറ്റ് ലെവലിൽ നല്ല പോളിസി ഇനിഷ്യേറ്റീവ്സ് വരുന്നുണ്ടെങ്കിലും ഡിസ്ട്രിക്ട്/പഞ്ചായത്ത് ലെവലിൽ അതിന്റെ ഇഫക്ട്സ് കാണുന്നില്ലെന്നാണ് പറഞ്ഞത്. District/Panchayat/Block Level Officers are not tune to this kind of facilitation and Ease of Doing Business. ഈ വിഷയവുമായി ബന്ധപ്പെട്ട് ഡിസ്ട്രിക്ട് ലെവലിൽ ബോധവൽക്കരണ ക്യാമ്പ് സംഘടിപ്പിക്കുന്നതിന് ജില്ലാ കളക്ടർമാർ മുൻകയ്യെടുക്കുന്നത് വളരെ നന്നായിരിക്കും.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

<u>ശ്രീ. ഇ. പി. ജയരാജൻ</u>: എം.എസ്.എം.ഇ. ആക്ട് വലിയതോതിൽ സംരംഭകർക്ക് പ്രചോദനം കൊടുക്കുന്നതാണ്. വ്യവസായ വകുപ്പ് അതിനുവേണ്ടി വിപുലമായ പദ്ധതികളും പ്രചരണ പരിപാടികളും സംഘടിപ്പിക്കാനുദ്ദേശിക്കുന്നുണ്ട്. ഈ പദ്ധതി നല്ല രീതിയിൽ പ്രൊമോട്ട് ചെയ്താൽ കേരളം വ്യവസായ രംഗത്ത് വളരെയധികം സാധ്യതയുള്ള നാടായി മാറും. ജില്ലാ കളക്ടർമാർ വ്യവസായങ്ങൾ തുടങ്ങുന്നതിന് കൂടുതൽ പ്രചോദനം നൽകണം. പുതിയൊരു സംരംഭമായതുകൊണ്ട് ഇതിൽ കുറെ സംശയങ്ങളുണ്ടാകും. അത്തരം സംശയങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണം.

<u>പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്</u>: മൈനിംഗുമായി ബന്ധപ്പെട്ട ഒരു ഇഷ്യൂവുണ്ട്. District Mineral Foundation Trust 2018-ൽ രൂപീകരിച്ചിട്ടുണ്ട്. പക്ഷേ ജില്ലാതലത്തിൽ അതിന്റെ പ്രവർത്തനങ്ങളൊന്നും നടന്നിട്ടില്ല. ചില ജില്ലകളിൽ ഇതിന്റെ ഫണ്ട് സൂക്ഷിക്കാൻ ട്രഷറിയിൽ അക്കൗണ്ട് തുങ്ങിയിട്ടില്ല. ഇപ്പോൾ സ്റ്റേറ്റ് ഫണ്ടിൽ 21 കോടിരൂപയുണ്ട്. ഈ ഫണ്ട് മൈനിംഗ് നടത്തുന്ന സ്ഥലങ്ങളുടെ വികസനത്തിനും മൈനിംഗിന്റെ ഭാഗമായുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുംവേണ്ടി ഉപയോഗിക്കാനുള്ളതാണ്. ഡിസ്ട്രിക്ട് കളക്ടർമാർ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർത്ത് ഈ ഫണ്ട് സൂക്ഷിക്കുന്നതിനായി ട്രഷറിയിൽ അക്കൗണ്ട് ആരംഭിക്കുകയും ഫണ്ട് വിനിയോഗിക്കുന്നതിന് തുടർനടപടി സ്വീകരിക്കുകയും ചെയ്യണം.

മറ്റൊരു വിഷയം, അനധികൃതമായി ക്വാറികൾ പ്രവർത്തിക്കുന്നതുമായി ബന്ധപ്പെട്ട ധാരാളം പ്രശ്നങ്ങൾ സംസ്ഥാനത്തൊട്ടാകെയുണ്ട്. മൈനിംഗ് ഡിപ്പാർട്ടുമെന്റിൽ അത്രയധികം സ്റ്റാഫില്ല. ഓരോ ജില്ലയിലും ഒന്നോ രണ്ടോ ഉദ്യോഗസ്ഥർ മാത്രമാണുള്ളത്. ഇപ്പോൾ റീജിയണൽ ആയി മൂന്ന് സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. ഒരു സ്ക്വാഡിന് അഞ്ചോളം ജില്ലകളുടെ ചുമതല നൽകിയിട്ടുള്ളതിനാൽ ഇവർക്ക് വളരെ കൃത്യമായി പരിശോധന നടത്താൻ കഴിയുന്നില്ല. അതുകൊണ്ട് ജില്ലാ കളക്ടർമാർക്ക് റവന്യൂ, പോലീസ്, മൈനിംഗ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ജില്ലാതലത്തിൽ സ്ക്വാഡുകൾ രൂപീകരിക്കാവുന്നതാണ്. ഇപ്പോൾ മൈനിംഗിൽ നിന്നും സ്റ്റേറ്റിന് ആകെ ലഭിക്കുന്നത് 170 കോടിയുടെ റവന്യൂ മാത്രമാണ്. ജില്ലാതലത്തിൽ സ്ക്വാഡുകൾ രൂപീകരിച്ച് illegal mining regulate ചെയ്യുകയാണെങ്കിൽ it will go up to 400 to 500 crores.

<u>ജില്ലാ കളക്ടർ, തൃശ്ശൂർ</u>: തൃശ്ശൂർ ജില്ലയിൽ District Mineral Foundation Trust Fund സൂക്ഷിക്കുന്നതിനായി ജോയിന്റ് അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. 1,44,00,000 രൂപ ഈ അക്കൗണ്ടിൽനിന്നും ഗവൺമെന്റ് പിൻവലിച്ചിരുന്നു. പ്രസ്തുത തുക തിരികെ നൽകണമെന്നാവശ്യപ്പെട്ട് റിക്വസ്റ്റ് നൽകിയിരുന്നു. നിലവിൽ 78 ലക്ഷം രൂപ മാത്രമാണുള്ളത്. abandoned ആയിട്ടുള്ള ക്വാറികളെല്ലാം സംരക്ഷിക്കണമെന്നും ഫെൻസ് ചെയ്യണമെന്നും ബാലാവകാശ കമ്മീഷൻ നിർദ്ദേശം നൽകിയിരിക്കുകയാണ്.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

പ്രസ്തുത തുക ക്വാറികളുടെ സംരക്ഷണത്തിനുവേണ്ടി വിനിയോഗിക്കുന്നതിന് അനുവാദം ചോദിച്ചുകൊണ്ടും പിൻവലിച്ച തുക തിരികെ നൽകണമെന്നാവശ്യപ്പെട്ടുകൊണ്ടും ഗവൺമെന്റിലേയ്ക്ക് കത്തയച്ചിട്ടുണ്ട്.

ജില്ലാ കളക്ടർ, കോഴിക്കോട്: കോഴിക്കോട് ജില്ലയിൽ District Mineral Foundation-നുവേണ്ടി അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. 1.84 കോടി രൂപ അക്കൗണ്ടിലുണ്ട്. പ്ലാൻ തയ്യാറാക്കി അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷനുവേണ്ടി നൽകിയിരിക്കുകയാണ്.

ജില്ലാ കളക്ടർ, തൃശ്ശൂർ: District Mineral Foundation Trust-ൽ നോമിനേറ്റഡ് അംഗങ്ങളായ എം.പി., എം.എൽ.എ, പഞ്ചായത്ത് അംഗം എന്നിവരുടെ ലിസ്റ്റ് ഗവൺമെന്റിൽനിന്നുമാണ് വരേണ്ടത്. ഇതുസംബന്ധിച്ച് റിക്വസ്റ്റ് നൽകിയെങ്കിലും ഇതുവരെ ലിസ്റ്റ് ലഭിച്ചിട്ടില്ല.

ജില്ലാ കളക്ടർ, കൊല്ലം: കൊല്ലം ജില്ലയിൽ അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. 2.86 കോടി രൂപയുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരികയാണ്.

ജില്ലാ കളക്ടർ, വയനാട്: സിംഗിൾ വിൻഡോ ക്ലിയറൻസുമായി ബന്ധപ്പെട്ട് ഒരു സംശയമുണ്ട്. ജില്ലാതല വിൻഡോ ക്ലിയറൻസിൽ പഞ്ചായത്തധികൃതർ ബിൽഡിംഗ് പെർമിറ്റും ലൈസൻസും നൽകാൻ കഴിയില്ലെന്ന് കാണിച്ച് മറുപടി നൽകിയാൽ ജില്ലാതല കമ്മിറ്റിക്ക് ഒരു നടപടിയും സ്വീകരിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. അപ്പീൽ പ്രൊവിഷൻ ഇല്ലാത്തതിനാൽ വളരെ പ്രയാസം നേരിടുന്നുണ്ട്.

ശ്രീ. ടി. കെ. ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്: ഒരു വ്യക്തി ഒരു ലൈസൻസിനോ പെർമിറ്റിനോ അപേക്ഷിക്കുമ്പോൾ തക്കതായ കാരണമില്ലാതെ പഞ്ചായത്ത്/മുനിസിപ്പൽ സെക്രട്ടറിക്ക് പെർമിറ്റ് നൽകാതിരിക്കാൻ സാധിക്കുകയില്ല. ഇൻഡസ്ടിയൽ ഫെസിലിറ്റേഷൻ ആക്ട് പ്രകാരം ഒരു നിശ്ചിത സമയത്തിനുള്ളിൽ വ്യക്തമായ കാരണമില്ലാതെ ലൈസൻസ്/പെർമിറ്റ് നൽകാതിരുന്നാൽ ഡീംഡ് ആകും. ജില്ലാതല സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിന്റെ തീരുമാനം വന്നാൽ അത് നടപ്പിലാക്കുകതന്നെവേണം. അക്കാര്യത്തിൽ ഒരു സംശയവും വേണ്ട. അല്ലാത്ത കേസ്സുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തണം. അത്തരം കേസ്സുകൾ സർക്കാർ ഇടപെട്ട് പരിഹരിച്ചിട്ടുണ്ട്. അതുപോലെ 2018-ലെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ബിൽ വന്നതിനുശേഷം കമ്മിറ്റി കൗൺസിൽ എന്നുള്ളതുമാറ്റി പഞ്ചായത്ത്/മുനിസിപ്പൽ സെക്രട്ടറിമാർക്കാണ് പെർമിറ്റ് നൽകുന്നതിനുള്ള അധികാരം നൽകിയിരിക്കുന്നത്. അവർ ഗവൺമെന്റ് ജീവനക്കാരായതുകൊണ്ടുതന്നെ മറുപടി പറയാൻ ബാധ്യസ്ഥരുമാണ്. ശ്രദ്ധയിൽപ്പെട്ട ഇത്തരം കേസ്സുകളിലെല്ലാം സർക്കാർ ഇടപെടൽ നടത്തി ലൈസൻസ് കൊടുപ്പിച്ചിട്ടുണ്ട്. അതേസമയം ലൈസൻസ് നൽകാൻ കഴിയാത്ത മിസ്റ്റേക്കുകളുണ്ടെങ്കിൽ അവ റെക്ടിഫൈ ചെയ്തുകൊടുക്കുകയും ചെയ്യണം. ഇതല്ലാതെ അവർക്ക് ഇക്കാര്യത്തിൽ മറ്റ് ഡിസ്ക്രീഷനൊന്നുമില്ല.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

ചീഫ് സെക്രട്ടറി: ഞാൻ മനസ്സിലാക്കിയ ഒരു കാര്യം, സിംഗിൾ വിൻഡോ സിസ്റ്റത്തിൽ ആപ്ലിക്കേഷൻ വരുമ്പോൾ ജില്ലാ കളക്ടർമാർ പഞ്ചായത്ത് സെക്രട്ടറിയുടെ റിമാർക്സിനുവേണ്ടി വിടുകയാണ് ചെയ്യുന്നത് എന്നുള്ളതാണ്. അതിന്റെ ആവശ്യമില്ല. കമ്മിറ്റിയിൽ അംഗങ്ങളായിട്ടുള്ള ആളുകളെ വിളിച്ചുവരുത്തി കമ്മിറ്റികൂടി ഒരു തീരുമാനമെടുക്കുകയാണ് ജില്ലാ കളക്ടർമാർ ചെയ്യേണ്ടത്. പഞ്ചായത്ത്/ മുനിസിപ്പൽ സെക്രട്ടറിയുടെ റിമാർക്സിനുവേണ്ടി ഫയൽ അയച്ചു കഴിഞ്ഞാൽ പിന്നെ അതിനെക്കുറിച്ച് ഓർക്കുകയില്ല. സെക്ഷനിൽനിന്ന് പഞ്ചായത്ത് സെക്രട്ടറിയുടെ റിമാർക്സിന് അയച്ചിരിക്കുകയാണെന്ന് പറയും. ഇതിനെക്കുറിച്ച് പല entreprenuers-ഉം പരാതി പറയുന്നുണ്ട്. അതിന് ചെയ്യാവുന്ന കാര്യം കമ്മിറ്റി കൂടുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെക്കൂടി വിളിക്കണം. അവർ കമ്മിറ്റിയിൽ വരാൻ ബാധ്യസ്ഥരാണ്. ആ മീറ്റിംഗിൽവച്ച് ആപ്ലിക്കേഷൻ പ്രോസസ്സ് ചെയ്യണം. അങ്ങനെ വരുമ്പോൾ ഒരു പരിധിവരെ ഡിലേ ഒഴിവാക്കാൻ സാധിക്കും.

ജില്ലാ കളക്ടർ, തിരുവനന്തപുരം: സിംഗിൾ വിൻഡോ സിസ്റ്റത്തിലും അപേക്ഷകൾ വരുന്നുണ്ട്. പക്ഷേ, CRZ-ന്റെ ക്ലിയറൻസ് ആവശ്യമാണോ അല്ലയോ എന്ന് പറഞ്ഞിട്ടില്ല. അതുകൊണ്ട് CRZ ആക്ട് പ്രകാരം CRZ regulation authority-യുടെ അനുമതിയോടെ കുറച്ച് ബിസിനസ്സ് പെർമിസിബിളായി ആരംഭിക്കാം. അതുപോലെ, സിംഗിൾ വിൻഡോ സിസ്റ്റത്തിൽ ലഭിക്കുന്ന അപേക്ഷകൾക്ക് പെർമിഷൻ നൽകുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ ചെല്ലുമ്പോൾ ബന്ധപ്പെട്ട അധികാരികൾ കമ്മിറ്റിയുടെ തീരുമാനത്തിനെതിരെ തീരുമാനമെടുക്കുന്നുണ്ട്.

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്: 2017 ഒക്ടോബർ മുതൽ ഈ നിയമം മാറിയിട്ടുണ്ട്. കൗൺസിലിനല്ല, സെക്രട്ടറിക്കാണ് തീരുമാനമെടുക്കാനുള്ള അധികാരം. ഇക്കാര്യം കളക്ടർമാരും മനസ്സിലാക്കണം. ജില്ലാ ബോർഡ് എടുക്കുന്ന തീരുമാനത്തെ deny ചെയ്യാൻ സെക്രട്ടറിക്ക് അധികാരമില്ല. എൻഫോഴ്സ് ചെയ്യാത്തതുകൊണ്ടുള്ള പ്രശ്നമാണ്. അങ്ങനെയുള്ള എന്തെങ്കിലും പ്രശ്നമുണ്ടായാൽ ദയവുചെയ്ത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തണം. ഞങ്ങൾ നിങ്ങളെ സഹായിക്കുന്നതാണ്.

ശ്രീ. എം. ജി. രാജമാണിക്കം, പ്രോജക്ട് ഡയറക്ടർ, കെ.എസ്.ടി.പി./മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഐ.ഡി.സി.: ചേർത്തല മെഗാ ഫുഡ്പാർക്കിൽ ETP (Effluent Treatment Plant) സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നമാണ്. ഈ വിഷയം മുൻ ജില്ലാ കളക്ടറുമായി സംസാരിച്ചിരുന്നു. പ്രദേശവാസികളുടെ എതിർപ്പുമൂലം നടപടി സ്വീകരിക്കാൻ കഴിയുന്നില്ല.

ജില്ലാ കളക്ടർ, ആലപ്പുഴ: ഇക്കാര്യം സംബന്ധിച്ച് പൊല്യൂഷൻ കൺട്രോൾബോർഡും സ്ഥലവാസികളുമായി ഒരു മീറ്റിംഗ് നടത്തിയെങ്കിലും സ്ഥലവാസികൾ സമ്മതിക്കുന്നില്ല. ഒരു മീറ്റിംഗും കൂടി വിളിക്കാം.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

പ്രോജക്ട് ഡയറക്ടർ, കെ.എസ്.ടി.പി./മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഐ.ഡി.സി.: ഈ പ്രശ്നം പരിഹരിക്കാതെ മെഗാ ഫുഡ് പാർക്കിന്റെ കാര്യത്തിൽ ഒരു നടപടിയും സ്വീകരിക്കാൻ കഴിയില്ല.

ശ്രീ. പിണറായി വിജയൻ: ചില യോഗങ്ങൾ നടന്നുകഴിഞ്ഞപ്പോൾ പഞ്ചായത്തുകൾ തടസ്സം നിൽക്കുന്നുവെന്ന അഭിപ്രായമാണ് അവയിൽ ഉയർന്നുവന്നത്. നിങ്ങൾക്കാണ് അധികാരം പഞ്ചായത്തിനല്ല എന്ന് ഇപ്പോൾ വ്യക്തമായല്ലോ? നിങ്ങളുടെ അധികാരം നിങ്ങൾ ശരിയായ രീതിയിൽ ഉപയോഗിക്കണം. ഏതെങ്കിലും പഞ്ചായത്ത് സെക്രട്ടറി അതിൽനിന്നും മാറിപ്പോകുന്നുണ്ടെങ്കിൽ നിലയ്ക്ക് നിർത്താനുള്ള ഇടപെടൽ ഉണ്ടാകണം. ആവശ്യമെങ്കിൽ തദ്ദേശസ്വയംഭരണ വകുപ്പിനെയും ബന്ധപ്പെടുത്തി നടപടി സ്വീകരിക്കണം. മറ്റൊരു പ്രശ്നം, കെട്ടിടം നിർമ്മിക്കുന്നതിന് തടസ്സം വരത്തക്കരീതിയിൽ മൈനിംഗുമായി ബന്ധപ്പെട്ട് ഒരുപാട് പ്രശ്നങ്ങൾ ഉയർന്നുവരുന്നുണ്ട്. ചട്ടങ്ങളിലും മറ്റും സങ്കീർണ്ണമായ ഭാഗങ്ങളുണ്ടെങ്കിൽ അത് പരിശോധിക്കേണ്ടതായിട്ടുണ്ട് എന്നാണ് പറയാനുള്ളത്. മൊത്തത്തിൽ ഒരു പരാതിയായി അത് ഉയർന്നുവരുന്നുണ്ട്. പല യോഗങ്ങളിലും അത് ഒരു ഘടകമായി ഉയർന്നുവരുന്നുണ്ട്. അത് പരിശോധിക്കേണ്ട കാര്യമാണ്. എന്താണ് ഇതിന്റെ പ്രയാസമെന്ന് എനിക്ക് നന്നായി അറിയാത്തതുകൊണ്ടാണ് നിങ്ങൾ പരിശോധിക്കണമെന്ന് പറയുന്നത്.

ശ്രീ. ഇ. പി. ജയരാജൻ: ഇക്കാര്യം കളക്ടർമാരുടെ അധികാരപരിധിയിൽ പെട്ടതാണ്. പക്ഷേ അവർ അത് ഉപയോഗിക്കുന്നില്ല. മണ്ണ് നീക്കം ചെയ്യാനുള്ള അധികാരം കളക്ടർമാർക്കുണ്ട്. 2005-ലെ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട് അനുസരിച്ച് അത് അവരിൽ നിക്ഷിപ്തമായിട്ടുണ്ട്. അതൊന്ന് പരിശോധിക്കുന്നത് നല്ലതായിരിക്കും. മറ്റൊരു കാര്യം പാരിസ്ഥിതികാനുമതി ലഭിക്കുന്നത് നേരത്തെ ജില്ലാ അടിസ്ഥാനത്തിലായിരുന്നു. ഗ്രീൻ ട്രിബ്യൂണലിന്റെ ജഡ്ജ്മെന്റ് വന്നതോടുകൂടി അതിനുള്ള അധികാരം എടുത്തുകളഞ്ഞു. ഇപ്പോൾ സംസ്ഥാനതലത്തിൽ മാത്രമേ അനുമതി നൽകുന്നതിന് സാധിക്കുകയുള്ളൂ. ഇപ്പോൾ സംസ്ഥാന അടിസ്ഥാനത്തിലായതുകൊണ്ട് അനുമതി ലഭിക്കാൻ വളരെയേറെ കാലതാമസം വരുന്നുണ്ട്. അത് ഒരു പ്രധാന വിഷയമായി വരുന്നുണ്ട്. അത് കൈകാര്യം ചെയ്യാനുള്ള നടപടി സംസ്ഥാന അടിസ്ഥാനത്തിലുള്ള കമ്മിറ്റി വളരെ വേഗംതന്നെ സ്വീകരിക്കണം. മൈനിംഗ് നടത്തുന്ന റോയൽറ്റിയുടെ 10 ശതമാനം കൃത്യമായി വാങ്ങാൻ കേരളത്തിലെ പല ജില്ലകളിലും മിനറൽ ഫൗണ്ടേഷൻ ട്രസ്റ്റുകളോ കമ്മിറ്റികളോ നിലവിലില്ല. ഇത് ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നതാണ്. ഈ രംഗത്ത് നമ്മുടെ നാടിനുവേണ്ടി ഒട്ടനവധി ക്ഷേമപ്രവർത്തനങ്ങൾ മൈനിംഗ് മേഖലയിലുണ്ട്. ഇപ്പോൾ മൈനിംഗിൽ വരുന്ന ഒരു വിഷയം അവിടെയുള്ള ജനങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് ഒരു കാര്യവും ചെയ്തുകൊടുക്കുന്നില്ലായെന്നതാണ്. ഇത് നമുക്ക് സമാഹരിക്കാൻ കഴിഞ്ഞാൽ പലതും ചെയ്തുകൊടുക്കാൻ കഴിയും. അത് ജില്ലാ കളക്ടർമാർ ശ്രദ്ധിക്കുന്നത് നല്ലതായിരിക്കും.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

തദ്ദേശസ്വയംഭരണ വകുപ്പ്

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്: ഇന്നലെ പറയാൻ സമയം കിട്ടാതെ പോയ കാര്യങ്ങളുടെ ചെറിയ പ്രെസന്റേഷനുണ്ട്. ഏറ്റവും പ്രധാനപ്പെട്ടതും ഏറ്റവും വലുതുമായ കേന്ദ്രാവിഷ്കൃത പദ്ധതിയാണ് എം.ജി.എൻ.ആർ.ഇ.ജി.എസ്. അതിന്റെ ഏതാനും ചില സ്ലൈഡുകളുണ്ട്. ആദ്യം എൽ.എസ്.ജി.ഡി.-യുടെ സ്ലൈഡ് ഒന്ന് പരിശോധിക്കാം.

(പവർ പോയിന്റ് പ്രെസന്റേഷൻ നടത്തി)

മുഖ്യമായും നമ്മുടെ ഗ്രാസ് റൂട്ട് ലെവൽ ഡെമോക്രസിയും സംയോജിത വികസനവും ജില്ലകളിൽ നടക്കുന്നതിൽ ഡി.പി.സി. മെമ്പർ സെക്രട്ടറി എന്ന നിലയിൽ കളക്ടർമാർക്ക് ഒരു വലിയ റോൾ ഉണ്ട്. നിർഭാഗ്യവശാൽ ചില ജില്ലകളിലെങ്കിലും ഡി.പി.സി. യോഗങ്ങളിൽ വേണ്ടത്ര സമയവും താല്പര്യവും ജില്ലാ കളക്ടർമാർ കാണിക്കുന്നില്ല എന്നുള്ള ഫീഡ് ബാക്ക് ഞങ്ങൾക്ക് കിട്ടുന്നുണ്ട്. ലോക്കൽ ഗവൺമെന്റിന്റെ സിസ്റ്റംസ് കഴിഞ്ഞ 21 വർഷമായി സ്റ്റെബിലൈസ് ചെയ്തിട്ടുണ്ട്. അധികാരങ്ങളും ഫംഗ്ഷൻസും മറ്റും വളരെ കൃത്യമായി പറഞ്ഞിട്ടുണ്ട്. കേന്ദ്ര ഭരണഘടനാ ഭേദഗതിയോട് അനുബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് 1994-ൽ തന്നെ മുനിസിപ്പാലിറ്റീസ് ആകട്ടിലും പഞ്ചായത്തിരാജ് ആകട്ടിലും കൃത്യമായ ഭേദഗതികൾ നടത്തിവരുന്നു. കേരളത്തിൽ 1200-ഓളം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുണ്ട്. ഒരു ടിപ്പിക്കൽ ഗ്രാമപഞ്ചായത്തിൽ അവരുടെ വരുമാനം 50 ലക്ഷം രൂപയ്ക്ക് താഴെയാണെങ്കിലും നാല് കോടി രൂപ മുതൽ 10 കോടി രൂപ വരെ വിവിധ വികസന പ്രവർത്തനങ്ങൾക്ക് കേന്ദ്രാവിഷ്കൃത പദ്ധതി ഉൾപ്പെടെ അവിടത്തെ നോംസ് അനുസരിച്ച് കിട്ടുന്നുണ്ട്. മൂന്ന് തലത്തിലുള്ള ഡീസെൻട്രലൈസേഷൻ നമ്മൾ പൂർത്തിയാക്കിക്കഴിഞ്ഞു. അഡ്മിനിസ്ട്രേറ്റീവ് ഡീസെൻട്രലൈസേഷനും ഡെവലപ്മെന്റ് ഡീസെൻട്രലൈസേഷനും ഫിസിക്കൽ ഡീസെൻട്രെലൈസേഷനും പൂർത്തിയാക്കിക്കഴിഞ്ഞു. ഇൻസ്റ്റിറ്റ്യൂഷൻസും സ്റ്റാഫും കൈമാറ്റം ചെയ്യപ്പെടുന്നതിന്റെയും ലോക്കൽ ബോഡിയുടെ കീഴിൽ വർക്ക് ചെയ്യുന്നതിന്റെയും ഒരു ലിസ്റ്റുണ്ട്. സമയപരിമിതിമൂലം കൂടുതൽ വായിക്കുന്നില്ല. എല്ലാവർക്കും മെയിൽ ചെയ്തു തന്നുകൊള്ളാം. ലോക്കൽ ഗവൺമെന്റിന്റെ ഫണ്ടുകൾ ഏഴ് കാറ്റഗറികളിലുണ്ട്. അതിനെപ്പറ്റി ജില്ലാ തലത്തിലുള്ള ഓഫീസേഴ്സ് പൂർണ്ണമായും അറിയുന്നുണ്ടോ എന്ന കാര്യം സംശയമാണ്. ഡെലവപ്മെന്റ് ഫണ്ട്, സ്റ്റേറ്റ് സ്പോൺസേർഡ് പ്രോഗ്രാംസ്, മെയിന്റനൻസ് ഗ്രാൻറ്, ജനറൽ പർപ്പസ് ഗ്രാന്റ്, സെൻട്രലി സ്പോൺസേർഡ് ഫണ്ട്സ്, ഓൺ ഫണ്ട്, ലോൺസ് എന്നിവയാണവ. ഡീസെൻട്രലൈസേഷന്റെ ഹിസ്റ്ററി 1996-ൽ തുടങ്ങിയതാണ്. കുടുംബശ്രീയും ലോക്കൽ ഗവൺമെന്റുകളും ഒരുമിച്ച് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയുണ്ട്. പല പരിപാടികളിലും അവരുടെ ഒരു കൺവെർജൻസ് കൊണ്ടുവരാൻ കഴിഞ്ഞാൽ ഗ്രാസ് റൂട്ട് ലെവലിലെ പല പ്രശ്നങ്ങൾക്കുമുള്ള ഉത്തരം കണ്ടെത്താൻ കഴിയും. അടുത്ത വർഷത്തേയ്ക്കുള്ള പ്ലാൻ തയ്യാറാക്കുന്നതിനുള്ള പ്രോസസ് തുടങ്ങിക്കഴിഞ്ഞു.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

ഗൈഡ്ലൈൻസ് കൊടുത്തുകഴിഞ്ഞു. ഫെബ്രുവരി 2020-ൽ അടുത്ത വർഷത്തേയ്ക്കുള്ള ആനുവൽ പ്ലാൻ തയ്യാറാക്കി അപ്രൂവ് ചെയ്യണമെന്നാണ് ഇപ്പോൾ കൊടുത്തിരിക്കുന്ന നിർദ്ദേശം. ഇതിന് ഒരു പ്രോസസ് ഉണ്ട്. ഡിസ്ട്രിക്ട് പ്ലാനിംഗ് കമ്മിറ്റിയിൽ നിന്നും തുടങ്ങി വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റേക്ക് ഹോൾഡർ കൺസൽട്ടേഷനും ഗ്രാമസഭകളും അവയുടെ സബ്കമ്മിറ്റികൾ, ഡെവലപ്മെന്റ് സെമിനാറുകൾ, ഡെവലപ്മെന്റ് റിപ്പോർട്ടുകളുമായി വീണ്ടും പ്രോജക്ടൈസ് ചെയ്ത് ജില്ലാ പ്ലാനിംഗ് കമ്മിറ്റിയിലേയ്ക്ക് വരും. ഡി.പി.സി. ഈ പദ്ധതികൾ അംഗീകരിക്കുന്ന ഒരു സൈക്ലിക്ക് പ്രോസസുണ്ട്. അതിൽ ജില്ലാ കളക്ടർമാർക്ക് വളരെ പ്രധാനപ്പെട്ട റോൾ ഉണ്ട്. ഡി.പി.സി.-യിൽ നിങ്ങളുടെ പൂർണ്ണമായ സമയവും ശ്രദ്ധയും ഉണ്ടാകണം. ഒരു ഡി.പി.സി. സെക്രട്ടേറിയറ്റ് നിങ്ങളെ ഇതിന് സഹായിക്കാനുണ്ട്. നിർഭാഗ്യവശാൽ ഡി.പി.സി. സെക്രട്ടേറിയേറ്റിനെ പലർക്കും തിരിച്ചറിയാൻ കഴിഞ്ഞിട്ടില്ല. കളക്ടറും ഡിസ്ട്രിക്ട് പ്ലാനിംഗ് ഓഫീസറും ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സും ഡിസ്ട്രിക്ട് ടൗൺ പ്ലാനറും ചേർന്ന ഡി.പി.സി.-യാണ് നിങ്ങളെ ഇതിന് സഹായിക്കുന്നത്. മുഴുവൻ സമയവും കളക്ടർക്ക് മോണിറ്ററിംഗ് നടത്താൻ കഴിയുന്നില്ലെങ്കിൽ മോണിറ്റർ ചെയ്ത വിവരങ്ങൾ അവർ നിങ്ങൾക്ക് തരണം. നമ്മുടെ പ്ലാനിൽ സ്പെസിഫിക്കായിട്ടുള്ള ചില നീക്കിവയ്പുകളുണ്ട്. വനിതകളുടെ ഉന്നമനത്തിനും വികസനത്തിനും വേണ്ടി പത്ത് ശതമാനം മാറ്റിവയ്ക്കുക എന്നത് കേരളത്തിൽ മാത്രം ചെയ്യുന്ന ഒരു കാര്യമാണ്. തീർച്ചയായും അത് ഫലപ്രദമായി ഉപയോഗിക്കുന്നതിനുള്ള ഒരു മാർഗ്ഗനിർദ്ദേശം ഡി.പി.സി.-കളിൽ ഉണ്ടാകണം. അതുപോലെ എസ്.സി.പി., ടി.എസ്.പി. ഫണ്ടിന്റെ കാര്യത്തിലും പല വർഷങ്ങളിലും നമ്മൾ കാണുന്നത് ജനറൽ ഫണ്ട് ഉപയോഗിക്കുന്നതിനെക്കാളും വളരെ താഴെയാണ് എസ്.സി.പി., ടി.എസ്.പി. ഫണ്ടിന്റെ വിനിയോഗം നിൽക്കുന്നത്. നിങ്ങളുടെ ഒരു പേഴ്സണൽ അറ്റൻഷൻ ജനറൽ ഫണ്ടിന്റെ യൂട്ടിലൈസേഷന്റെ ഒപ്പമോ അതിന് മുകളിലോ അതിനെക്കാൾ കൂടുതലോ ഇക്കാര്യങ്ങൾ പിന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള ചെലവഴിക്കലിൽ ഉറപ്പുവരുത്താൻ കഴിയണം. അതുപോലെതന്നെ സ്പെഷ്യൽ കാറ്റഗറികളിൽപ്പെട്ടവരായ പ്രായാധിക്യമുള്ളവർ, ഡിഫറന്റിലി ഏബിൾഡ്, കുട്ടികൾ തുടങ്ങിയവർക്കുവേണ്ടിയും പ്ലാൻ ഫണ്ടിൽ തുക മാറ്റിവയ്ക്കാനുള്ള നിർദ്ദേശമുണ്ട്. ഡസ്റ്റിറ്റ്യൂട്ട് ഫ്രീ കേരള എന്നുള്ള ഒരു കൺസപ്റ്റ് കുടംബശ്രീയാണ് ആങ്കർ ചെയ്യുന്നത്. പാലിയേറ്റീവ് കെയർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വളരെ എഫക്ടീവ് ആയി ചെയ്തുകൊണ്ടിരിക്കുകയാണ്. അവിടെയൊക്കെ നിങ്ങളുടെ ശ്രദ്ധവേണം. പ്രോസസ് ഓഫ് ബെനിഫിഷ്യറി സെലക്ഷനിൽ സുതാര്യത ഉറപ്പുവരുത്തുന്ന കാര്യത്തിലും ശ്രദ്ധയുണ്ടാകണം. കമ്മ്യൂണിറ്റി ഇൻഫ്രാസ്ട്രക്ചറിൽ ഇപ്പോൾ കുട്ടികളുടേത് മാത്രമല്ല പ്രായമുള്ളവരുടെ പോലും ഡേ കെയർ സെന്റേഴ്സ് തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. അതിന്റെ ഭാഗമായി സ്കൂളുകൾ, പ്ലേ ഗ്രൗണ്ടുകൾ, ടോയിലറ്റുകൾ, കമ്മ്യൂണിറ്റി ടോയിലറ്റുകൾ തുടങ്ങിയവയൊക്കെയുണ്ട്. അതുപോലെതന്നെ നമ്മുടെ മുഖ്യമന്ത്രി രണ്ടാഴ്ച്ചമുമ്പ് ആവശ്യപ്പെട്ട ഒരു കാര്യമുണ്ട്. വഴിയോരങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ സ്ഥലം കണ്ടെത്തി നീറ്റ് ആന്റ് ക്ലീൻ ആയ കുറേ കംഫർട്ട്

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

സ്റ്റേഷനുകളുടെ നെറ്റ് വർക്ക് തന്നെ ഉണ്ടാക്കണം. അതിനും കളക്ടർമാരുടെ സഹായം ആവശ്യമുണ്ട്. സെക്കുലർ ക്രൈമറ്റോറിയം നമ്മുടെ നാട്ടിൽ കഴിയുന്നിടത്തോളം സ്ഥലങ്ങളിൽ ആവശ്യമുണ്ട്. അവ സ്ഥാപിക്കുന്നതിന് പലപ്പോഴും എതിർപ്പുകൾ വരുന്നുണ്ട്. അവിടെയും ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷന്റെ സഹായം ആവശ്യമുണ്ട്. ഡിസ്ട്രിക്ട് പ്ലാനിംഗ് കമ്മിറ്റി നേരത്തെ സൂചിപ്പിച്ചു, അതിന്റെ ഒബ്ജക്ടീവ് തന്നെ ഡെലവപ്മെന്റൽ പ്ലാൻസിനെ ഇന്റഗ്രേറ്റ് ചെയ്യുക എന്നതാണ്. ഡിസ്ട്രിക്ട് പ്ലാൻ ഉണ്ടാക്കുന്നതിന് ഡി.പി.സി.-ക്ക് വലിയ ഒരു റോൾ ഉണ്ട്. ഓൺ ഗോയിംഗ് പ്ലാനിന്റെ മോണിറ്ററിംഗും ഇവാലുവേഷനും ഡെവലപ്മെന്റ് സ്കീംസിന്റെ ഡിസ്ട്രിക്ട് തലത്തിൽ ആവശ്യമുണ്ട്. കാലാകാലങ്ങളിൽ സ്റ്റേറ്റ് ഗവൺമെന്റുകളുടെ ഉത്തരവുകൾ പ്രകാരം നിങ്ങൾക്ക് തരുന്ന കാര്യങ്ങളും ഡി.പി.സി.-യുടെ റോൾ ആണ്. ഡി.പി.സി.-യുടെ അംഗങ്ങളുടെ എണ്ണം 15 ആണ്. ഡിസ്ട്രിക്ട് പഞ്ചായത്ത് പ്രസിഡന്റാണ് അതിന്റെ അദ്ധ്യക്ഷൻ. മെമ്പർ സെക്രട്ടറി ജില്ലാ കളക്ടറാണ്. ഒരു നോമിനി മാത്രമേ ഗവൺമെന്റിന്റേതായിയുള്ളൂ. ബാക്കിയുള്ളവർ ജില്ലാ പഞ്ചായത്തിന്റെയും അർബൻ ലോക്കൽ ബോഡീസിന്റെയും പ്രതിനിധികളാണ്. എം.എൽ.എ.-മാരും എം.പി.-മാരും അതിലെ പെർമനന്റ് ഇൻവൈറ്റീസ് ആണ്. പലപ്പോഴും അവിടെ യോഗങ്ങളിൽ കാണാറില്ല. എല്ലാ ജില്ലാതല ഉദ്യോഗസ്ഥന്മാരും ഇതിന്റെ ജോയിന്റ് സെക്രട്ടറിമാരാണ്. കൃഷി ഉൾപ്പെടെയുള്ള പല വകുപ്പുകളിലും ലോക്കൽ ഗവൺമെന്റുകളുടെ പണം മുടക്കുന്നത് അവരുടെ ബഡ്ജറ്റിനെക്കാൾ കൂടുതലാണ്. ഒന്ന് സമഗ്രമായി ചെയ്യാൻ പണവും അവരുടെ സാങ്കേതിക സഹായവും ആവശ്യമുണ്ട്. ഇലക്ഷൻ കമ്മീഷനാണ് ഇലക്ഷൻ നടത്തുന്നത്. അടുത്ത വർഷം നവംബറിൽ പുതിയ ലോക്കൽ ഗവൺമെന്റുകൾ അധികാരത്തിൽ വരേണ്ടതാണ്. അതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. ഡി.പി.സി.-യുടെ യോഗം മൂന്നുമാസത്തിൽ ഒന്നെങ്കിലും കൂടണമെന്നാണ് ചട്ടം. ആവശ്യമുള്ളപ്പോഴെല്ലാം അത് കൂടാവുന്നതാണ്. സ്ഥലവും സമയവും ചെയർമാന്റെ അനുവാദത്തോടെ ഫിക്സ് ചെയ്യാം. അജണ്ട കൊടുക്കേണ്ടത് സെക്രട്ടറിയാണ്. ഷോർട്ട് നോട്ടീസിലും ആവശ്യമുണ്ടെങ്കിൽ കൂടാം. അഞ്ചുപേരാണ് ക്വാറം. സബ് കമ്മിറ്റികളെയും എക്സ്പേർട്ട് കമ്മിറ്റികളെയും ഡി.പി.സി.-ക്ക് കോൺസ്റ്റിറ്റ്യൂട്ട് ചെയ്യാൻ സാധിക്കും. ഡി.പി.സി.-യുടെ ഡി.സി.-മാരുടെ അർജന്റ് ഇന്റർവെൻഷൻ ആവശ്യമുള്ള കാര്യങ്ങൾ ഇവയാണ്. ഓരോ ലോക്കൽ ബോഡിയും അവരവരുടേതായ വികസന പദ്ധതികൾ ഉണ്ടാക്കുമ്പോൾ സംയുക്ത പ്ലാനുകളും കൺവെർജൻസ് പ്ലാനുകളും ആവശ്യമുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ഏറ്റവും വലുത് എം.ജി.എൻ.ആർ.ഇ.ജി.എസ്. മിഷനാണ്. അതിനെക്കുറിച്ചുകൂടി ഒരു ചെറിയ പ്രസന്റേഷൻ ഉണ്ട്.

<u>ജില്ലാ കളക്ടർ, പത്തനംതിട്ട</u>: അങ്ങ് പറഞ്ഞതുപോലുള്ള ബേസിക് കാര്യങ്ങൾ നടക്കുന്നുണ്ട്. പക്ഷേ നിർഭാഗ്യവശാൽ അതിന്റെ ഒരു റിയൽ ഫംഗ്ഷൻ എഫക്ടീവായി നടക്കുന്നില്ല. പലപ്പോഴും നോമിനലായിട്ടാണ് കാര്യങ്ങൾ നടക്കുന്നത്. പഞ്ചായത്തുകളുടെ പ്രതിനിധികൾ വരികയും പേരിനായി പ്രോജക്ടുകൾ പാസാക്കിവിടുകയും ചെയ്യും. ഇത് കുറച്ചുകൂടി എഫക്ടീവായി നടത്തുന്നതിന് കളക്ടർമാരുടെ ഒരു ട്രെയിനിംഗ് സെഷൻ വയ്ക്കുന്നത് നല്ലതായിരിക്കും.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്: 2016-ൽ അങ്ങനെ ഒന്ന് ചെയ്തിരുന്നു. ഈ വർഷവും ഒരു വൺ ഡേ ഓറിയന്റേഷൻ കിലെയിൽ വച്ച് നടത്തുന്നതാണ്.

എം.ജി.എൻ.ആർ.ഇ.ജി.എസ്.

ഡോ. ദിവ്യ എസ്. അയ്യർ, മിഷൻ ഡയറക്ടർ, MGNREGS: ഏവർക്കും നമസ്കാരം, ആദ്യമായി പങ്കെടുത്ത കളക്ടേഴ്സ് കോൺഫറൻസിൽ അന്നത്തെ ചീഫ് സെക്രട്ടറി പറഞ്ഞ വാക്കുകൾ ഇപ്പോൾ ഓർക്കുകയാണ്. ഉദ്യോഗസ്ഥർക്കും ഉച്ചഭക്ഷണത്തിനും നടുവിൽ ഒരു തടസ്സമായി നിൽക്കുക എന്നതിനേക്കാൾ വിരസമായി മറ്റൊന്നുമില്ല എന്നായിരുന്നു അദ്ദേഹം പറഞ്ഞത്. അതുകൊണ്ട് കാര്യങ്ങൾ സംക്ഷിപ്തമായി അവതരിപ്പിക്കാം. ബാക്കിയുള്ളത് ഇ-മെയിൽ മുഖേന കളക്ടർമാർക്ക് അയച്ചുതരുന്നതാണ്. ദേശീയ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ആധാർ ബേസ്ഡ് പേമെന്റിലും സ്ത്രീകളുടെ പങ്കാളിത്തത്തിലും അതുപോലെ ടൈമിലി പേമെന്റിലും രാജ്യത്തെ നല്ല റാങ്കിംഗിലാണ് സംസ്ഥാനം നിൽക്കുന്നത്. എന്നാൽ ബാക്കിയുള്ള കാര്യങ്ങളിൽ ഇനിയും നമുക്ക് മുന്നോട്ടുപോകേണ്ടതുണ്ട്. 4.8 കോടി തൊഴിൽദിനങ്ങളാണ് ജനറേറ്റ് ചെയ്തിട്ടുള്ളത്. ജില്ലകളുടെ റാങ്കിംഗിൽ ഏറ്റവും മുന്നിൽ നിൽക്കുന്നത് ആലപ്പുഴയാണ്. തൃശ്ശൂർ, കോട്ടയം, ഇടുക്കി എന്നിങ്ങനെ തൊട്ടുപിന്നിലുണ്ട്. അതിൽ ഏറ്റവും താഴെയുള്ള കാസർഗോഡ്, കണ്ണൂർ, വയനാട് ജില്ലകൾ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധ ചെലുത്തി തൊഴിലുറപ്പ് പദ്ധതിയുടെ കാര്യങ്ങൾക്ക് മുൻഗണന നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

പദ്ധതിക്കായുള്ള ഇൻസ്റ്റിറ്റ്യൂഷണൽ മെക്കാനിസം സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് തലത്തിലുമുണ്ട്. അതിന്റെ ഓരോ തലത്തിലുമുള്ള ഉദ്യോഗസ്ഥരുടെ നിർവ്വഹണ ചുമതല സംബന്ധിച്ച് വിശദീകരിച്ചിട്ടുണ്ട്. ജില്ലാതലത്തിൽ സ്റ്റാഫ് പാറ്റേൺ ഡി.പി.സി. എന്നതുപോലെയാണ്. തൊഴിലുറപ്പ് പദ്ധതിയുടെ ഡിസ്ട്രിക്ട് കോ-ഓർഡിനേറ്റർ ജില്ലാ കളക്ടറാണ്. അതിന് താഴെ ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർമാരുണ്ട്. അതിന് താഴെയുള്ള സ്റ്റാഫ് സ്ട്രക്ച്ചർ സ്ലൈഡിൽ സൂചിപ്പിച്ചിട്ടുണ്ട്. 2019-20-ൽ തൊഴിലുറപ്പ് പദ്ധതിയിൽ ഇതുവരെ നൽകിയിട്ടുള്ള തൊഴിൽദിനങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. അതിൽ റെഡ് സോണിലുള്ള ജില്ലകൾ കുറച്ചുകൂടി ശ്രദ്ധ ചെലുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. മെറ്റീരിയൽ എക്സ്പെന്റീച്ചറിന്റെ കാര്യത്തിൽ കോട്ടയം, കൊല്ലം, കാസർഗോഡ്, തിരുവനന്തപുരം, പാലക്കാട് ജില്ലകൾ പിന്നിലാണ്. അക്കാര്യത്തിലും ശ്രദ്ധ ചെലുത്തി മുന്നോട്ടുപോകേണ്ടതുണ്ട്. 2009-ലാണ് തൊഴിലുറപ്പ് പദ്ധതി സംസ്ഥാനമൊട്ടാകെ എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുന്നത്. പത്തുവർഷക്കാലയളവിലെ തൊഴിലുറപ്പ് പദ്ധതിയിലൂടെ കേരള സമൂഹത്തിന് നൽകാൻ സാധിച്ച കാര്യങ്ങളെ സംബന്ധിച്ച് ഒരു ഡോക്യുമെന്റേഷനും ഒരു കോഫി ടേബിൾ ബുക്കും ഇറക്കാൻ ഉദ്ദേശിക്കുകയാണ്. അതിന്റെ മുന്നോടിയായിട്ടാണ് ഇത് നിങ്ങളുടെ മുന്നിൽ അവതരിപ്പിക്കുന്നത്. അതിന് എല്ലാ ജില്ലാ കളക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും സഹകരണമുണ്ടാകണമെന്ന്

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

അഭ്യർത്ഥിക്കുന്നു. തൊഴിലുറപ്പ് പദ്ധതിയിൽ എല്ലാ വകുപ്പുകളുമായും സംയോജനത്തിലൂടെ പല കാര്യങ്ങൾ ചെയ്യാൻ സാധിക്കും എന്നുള്ളതിന്റെ ചെറിയ ഉദാഹരണമാണ് കാണിക്കുന്നത്. പല വകുപ്പുകളുമായും കൈകോർത്ത് ആസ്തി വികസനത്തിനായി തൊഴിലുറപ്പ് പദ്ധതിയിലൂടെ നല്ല പദ്ധതികൾ ചെയ്യാൻ സാധിക്കും. അത്തരം പദ്ധതികൾ ഇപ്പോഴും ചെയ്തുകൊണ്ടിരിക്കുകയാണ്. അതിന്റെ ചില ഉദാഹരണങ്ങളാണിത്. അങ്കണവാടികൾ നിർമ്മിക്കാനും സ്കൂളുകളുടെ പശ്ചാത്തലസൗകര്യങ്ങൾ ഒരുക്കുന്നതിനും തൊഴിലുറപ്പ് പദ്ധതിയിലൂടെ സാധിക്കും. അങ്ങനെ ഒരുപാട് ജില്ലകളിൽ ചെയ്തിട്ടുണ്ട്. ഡൈനിംഗ് ഹാളുകൾ, പ്ലേ ഗ്രൗണ്ടുകൾ, കിച്ചൻ ഷെഡ്, കോമ്പൗണ്ട് വാൾ, അതുപോലെ ഡ്രെയിനേജിനുള്ള സംവിധാനം, കമ്പോസ്റ്റിംഗിനുള്ള സംവിധാനം, എന്നിവയൊക്കെ ചെയ്യാൻ സാധിക്കും. ജൽശക്തി അഭിയാന്റെ ഭാഗമായി വീടുകളിലാണെങ്കിലും പൊതുഭൂമിയിലാണെങ്കിലും തൊഴിലുറപ്പ് പദ്ധതിയിലൂടെ കിണർ റീചാർജ്ജിംഗ്, റെയിൻവാട്ടർ പിറ്റ്സ്, കുളങ്ങളുടെ നിർമ്മാണവും പുനരുദ്ധാരണവും, മഴക്കുഴികൾ എന്നീ കാര്യങ്ങൾ ചെയ്യാൻ സാധിക്കും. കഴിഞ്ഞ രണ്ടുവർഷക്കാലമായി കേരളം നേരിട്ടുകൊണ്ടിരിക്കുന്ന പ്രളയത്തിന്റെ പശ്ചാത്തലത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ പ്രാധാന്യം മുൻകാലങ്ങളിലെക്കാൾ കൂടിയിട്ടുണ്ട്. ഡിസാസ്റ്റർ മാനേജ്മെന്റിന്റെ ഭാഗമായി തൊഴിലുറപ്പ് പദ്ധതിയിലൂടെ ധാരാളം കാര്യങ്ങൾ ചെയ്യാൻ സാധിക്കും. ഏതൊരു ദുരന്തം വന്നാലും അതിനുശേഷം ലൈവ്ലിഹുഡ് റീജുവനേഷൻ എന്ന ആശയത്തിൽ തൊഴിലുറപ്പ് പദ്ധതി തീർച്ചയായും നല്ലൊരു കൈത്താങ്ങായി മാറിയിട്ടുണ്ടെന്ന് 2018-ലെയും 2019-ലെയും പ്രളയത്തിൽ തെളിഞ്ഞതാണ്. പത്ത് ലക്ഷം കുടുംബങ്ങൾക്കാണ് അതിനുശേഷം തൊഴിൽ നൽകിയത്. ഏകദേശം 2000 കോടി രൂപയായിരുന്നു കേരളത്തിന് തൊഴിലുറപ്പ് പദ്ധതിയിലൂടെ ലഭിച്ചത്. മറ്റൊരു പ്രധാനപ്പെട്ട കാര്യം തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റവും അർഹരായ കുടുംബങ്ങൾക്ക് പ്രത്യേകിച്ച് പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് രണ്ട് പ്രത്യേക സ്കീമുകൾ സംസ്ഥാനത്ത് ചെയ്യുന്നുണ്ട് എന്നുള്ളതാണ്. Additional 100 days of employment, ട്രൈബൽപ്ലസ് എന്നുള്ള ഒരു പദ്ധതിയിലൂടെ കേന്ദ്ര സർക്കാർ നൽകുന്ന 100 ദിവസങ്ങൾക്കുപരിയായി സംസ്ഥാനത്ത് മറ്റൊരു 100 ദിവസം കൂടി തൊഴിൽ നൽകുന്ന പദ്ധതിയാണ്. അതിൽ 2018 മുതൽ ഇന്നുവരെയുള്ള കാലയളവിൽ 200 ദിവസത്തിന്റെ തൊഴിൽ നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗ വകുപ്പിനോടും കേരള സർക്കാരിനോടും ഒരു അഭ്യർത്ഥനയുണ്ട്. ഈ വർഷം 3.8 കോടി രൂപ ട്രൈബൽ പ്ലസിനായി എക്സ്പെന്റീച്ചറായി കഴിഞ്ഞിട്ടുണ്ട്. അതിൽ 2 കോടി രൂപ നൽകിയത് ഇതിനകം ചെലവഴിച്ചിട്ടുണ്ട്. 1.8 കോടി രൂപ ബാക്കി ലഭിക്കാനുണ്ട്. ജില്ലാ കളക്ടർമാരിൽ പലരും ആദ്യം ഉന്നയിച്ച ഒരാവശ്യം അതായിരുന്നു. അത് ലഭിച്ചാൽ നന്നായിരിക്കും. മെറ്റീരിയൽ എക്സ്പെന്റീച്ചർ കഴിഞ്ഞ വർഷം 8 ശതമാനമായിരുന്നു. അതിൽ നിന്നും 17.86 ശതമാനമാക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. ട്രഷറിയിൽ നിന്നും ലഭിക്കാനുള്ള തുക കൂടി കൂട്ടുകയാണെങ്കിൽ 23 ശതമാനം മെറ്റീരിയൽ യൂട്ടിലൈസേഷനുണ്ടാകും. രാജ്യത്തെ റാങ്കിംഗിൽ മെറ്റീരിയൽ എക്സ്പെന്റീച്ചറിൽ കേരളം 24-ാം സ്ഥാനത്താണ്. മറ്റ് പല കാര്യങ്ങളിലും ആദ്യ സ്ഥാനങ്ങളിൽ നിൽക്കുന്ന കേരളത്തിന്റെ സ്ഥാനം മെറ്റീരിയൽ

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

എക്സ്പെന്റീച്ചറിന്റെ കാര്യത്തിൽ പിന്നിലാണ്. അതുകൊണ്ടുതന്നെ ആസ്തി വികസനത്തിന് പ്രാധാന്യം നൽകിക്കൊണ്ട് തൊഴിലുറപ്പ് പദ്ധതി മുന്നോട്ടുകൊണ്ടുപോകുമെന്ന പ്രതീക്ഷയാണുള്ളത്. ഡി.പി.സി.-യിൽ മോണിറ്റർ ചെയ്യാൻ സാധിക്കുന്ന 12 ഇൻഡിക്കേറ്ററുകളുടെ ലിസ്റ്റ് നൽകിയിട്ടുണ്ട്. അത് എല്ലാ ജില്ലകളക്ടർമാർക്കും ഇ-മെയിലിൽ അയച്ചുതരുന്നതാണ്.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): ഒരു കാര്യം സൂചിപ്പിക്കാനുള്ളത്, കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് എന്നിവയുമായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ് വർക്ക് പലപ്പോഴും പ്രശ്നത്തിലാകുകയാണ്. സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയുന്നില്ല. അക്കാര്യത്തിലൊരു പരിശോധന അടിയന്തരമായി നടത്തണം. മറ്റൊരു കാര്യം, എ.ബി.സി. പ്രോഗ്രാമിൽ ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിഹിതം വയ്ക്കുന്നില്ല എന്നുള്ള സ്ഥിതിയുണ്ട്. തെരുവുനായ്ക്കളുടെ ശല്യം വളരെ ഗൗരവമുള്ള പ്രശ്നമാണ്. അക്കാര്യം ജില്ലാ കളക്ടർമാർ പരിശോധിക്കണം. തിരുവനന്തപുരം, ഇടുക്കി ജില്ലകളിലുള്ള പി.എം.ജി.എസ്.വൈ. മുഖേനയുള്ള അഞ്ചോളം റോഡുകളുടെ പണി മുടങ്ങിക്കിടക്കുകയാണ്. അക്കാര്യം അജണ്ടയിലും വന്നിട്ടുണ്ട്. ഇടുക്കി ജില്ലിയിലാണ് കൂടുതലുള്ളത്. വനം വകുപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിലാണ് അത് മുടങ്ങിക്കിടക്കുന്നത്. അക്കാര്യത്തിലും ജില്ലാ കളക്ടർമാരുടെ ശ്രദ്ധയുണ്ടാകണം. MCF-കളും RRF-കളും ചില സ്ഥലത്ത് പൊതുജനപ്രതിഷേധത്തിന്റെ ഭാഗമായി മുടങ്ങിക്കിടക്കുന്ന സ്ഥിതിയുണ്ട്. കണ്ണൂർ ജില്ലയിൽ എടക്കാട്, പേരാവൂർ, കാസർഗോഡ് ജില്ലയിൽ തൃക്കരിപ്പൂർ, ചെറുവത്തൂർ, ഇടുക്കി ജില്ലയിൽ വാത്തുക്കുടി, തൃശ്ശൂർ ജില്ലയിൽ അരിമ്പൂർ, പത്തനംതിട്ട ജില്ലയിൽ മൈലപ്ര, അയിരൂർ, പാലക്കാട് ജില്ലയിൽ കേരളശ്ശേരി, തരൂർ എന്നിവിടങ്ങളിൽ അക്കാര്യം പരിഹരിക്കുന്നതിന് കളക്ടർമാരുടെ മുൻകയ്യുണ്ടാകണം. ഹരിത കേരളം മിഷന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഇന്നലെ പരിശോധിച്ചിരുന്നു. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടക്കുന്ന നീർച്ചാലുകളുടെ പുനരുദ്ധാരണവും ആഴം കൂട്ടലും മലിനീകരണമൊഴിവാക്കലും പദ്ധതി ഡിസംബർ 14 മുതൽ 22 വരെ ഒരാഴ്ച നീണ്ടുനിൽക്കുന്ന ജനകീയ കാമ്പയിൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടക്കുകയാണ്. അതിൽ മുഴുവനാളുകളെയും പങ്കാളികളാക്കാനുള്ള ഒരു ശ്രമം താഴെത്തട്ടിൽ നടന്നിട്ടുണ്ട്. അതുപോലെ നീർച്ചാലുകൾ സംരക്ഷിക്കാൻ നിശ്ചിതദൂരം കണക്കാക്കി സന്നദ്ധ സംഘടനകളെ അതിന്റെ മെയിന്റനൻസും മറ്റു കാര്യങ്ങളും തുടർന്നുനടത്താൻ കഴിയുന്ന ഒരു സംവിധാനവും ആലോചിച്ചിട്ടുണ്ട്. അക്കാര്യത്തിലും കളക്ടർമാരുടെ ഒരു ഇടപെടലുണ്ടാകണം. അത് ഏറ്റെടുത്ത നീർച്ചാലിന്റെ തുടർപ്രവർത്തനങ്ങൾ നടത്താൻ വേണ്ടിയാണ്. അതുപോലെ നീക്കം ചെയ്യുന്ന മാലിന്യങ്ങളുടെ പ്രശ്നമുണ്ട്. അത് സംസ്കരിക്കാനുള്ള കാര്യത്തിലും തരംതിരിക്കാനുള്ള കാര്യത്തിലും തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ട്. അക്കാര്യത്തിലും ഒരു ശ്രദ്ധയുണ്ടാകണം എന്നാണ് സൂചിപ്പിക്കാനുള്ളത്. അതുപോലെ ജില്ലകളിൽ കൺസ്ട്രക്ഷനുമായും ഡിമോളിഷനുമായും ബന്ധപ്പെട്ട വേസ്റ്റുകൾ നീക്കം ചെയ്യാൻ

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

സ്ഥലമില്ല എന്ന വളരെ ഗൗരവമുള്ള പ്രശ്നമുണ്ട്. അതിനുവേണ്ടിയുള്ള സ്ഥലം കണ്ടെത്തുന്നതിന് കളക്ടർമാർ നടപടിയെടുക്കണം. ഇല്ലെങ്കിൽ മാലിന്യ സംസ്കരണത്തിന്റെ കാര്യത്തിൽ അതൊരു പുതിയ പ്രശ്നമായി വരും.

ഡോ. കെ. ടി. ജലീൽ: MGNREGS സ്കീം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് മാത്രമേ വിനിയോഗിക്കാൻ പാടുള്ളൂ എന്നുണ്ടോ?

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്: അങ്ങനെയില്ല.

ഡോ. കെ. ടി. ജലീൽ: സ്കൂളുകൾക്ക് ചെയ്യുന്നതുപോലെ ടെക്നിക്കൽ സ്കൂൾ, പോളിടെക്നിക്കുകൾ, കോളേജുകൾ എന്നിവിടങ്ങളിലും ഈ സ്കീം വഴി പ്രോജക്ടുകൾ ചെയ്യാൻ കഴിയുമോ?

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്: അതിന് യാതൊരു തടസ്സമില്ല.

ഡോ. കെ. ടി. ജലീൽ: അക്കാര്യം കളക്ടർമാർ ശ്രദ്ധിക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഹാന്റ് ഓവർ ചെയ്തുകിട്ടിയ സ്ഥാപനങ്ങളിൽ മാത്രമേ പ്ലാൻ ഫണ്ട്പോലെ ഇതുപയോഗിക്കാൻ സാധിക്കൂ എന്നൊരു ധാരണയുണ്ട്. ടെക്നിക്കൽ സ്കൂളുകൾ, പോളിടെക്നിക്കുകൾ, കോളേജുകൾ എന്നിവിടങ്ങളിലും ഈ ഫണ്ടുപയോഗിക്കാൻ സാധിച്ചാൽ നന്നായിരിക്കും.

ജില്ലാ കളക്ടർ, കോഴിക്കോട്: അസെറ്റ്സ് കൂട്ടാനുള്ള ശ്രമം നടക്കുന്നുണ്ട്. പലപ്പോഴും മെറ്റീരിയലിന്റെ പേമെന്റ് ഡിലേ, സെമി സ്കിൽഡ്, സ്കിൽഡ് ലേബർമാരുടെ വേജസ് ക്ലിയറൻസ് ഡിലേയുണ്ട്. ഒരു ടൈം ലൈനുണ്ടെങ്കിൽ മിഷനിലൂടെ കൃത്യമായി മുന്നോട്ടുപോകാൻ സാധിക്കും. ഇക്കാര്യത്തിൽ പഞ്ചായത്തുകൾ ഉന്നയിക്കുന്ന പ്രധാനപ്പെട്ട കാര്യമാണത്.

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്: ശരിയാണ് കുറച്ച് ഡിലേ വരുന്നുണ്ട്. കാരണം മെറ്റീരിയൽ കമ്പോണന്റിൽ അൺസ്കിൽഡ് വേജ് 100 ശതമാനവും സെൻട്രൽ ഗവൺമെന്റ് നൽകും. അതേ സമയം മെറ്റീരിയൽ കമ്പോണന്റ് വരുമ്പോൾ സ്റ്റേറ്റ് ഗവൺമെന്റിന്റെ ഷെയർകൂടി കിട്ടേണ്ടതുണ്ട്. അതിനുള്ള ചെറിയ കാലതാമസമുണ്ടായതാണ് പ്രശ്നമായത്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സ്റ്റേറ്റ് വിഹിതത്തിന്റെ കാര്യത്തിൽ പ്രയോറിറ്റി നൽകാമെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്.

ജില്ലാ കളക്ടർ, കോഴിക്കോട്: മെറ്റീരിയൽ റേഷ്യോവിൽ 40 ശതമാനം സീലിംഗുണ്ട്. മെറ്റീരിയൽ പെർസെന്റിൽ എങ്ങനെയാണ് മറ്റു സംസ്ഥാനങ്ങൾ അത് കൂട്ടിയത്?

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്: സ്റ്റേറ്റ് ആവറേജിന്റെ മുകളിൽ എത്തിക്കാൻ നമുക്ക് ശ്രമിക്കാം. അസെറ്റ് ക്രിയേഷന് നല്ല ഫോക്കസ് മറ്റ് ഗവൺമെന്റുകൾ കൊടുത്തിട്ടുണ്ട്. കൂടാതെ സ്റ്റേറ്റിന്റെ ഫണ്ടും ലോക്കൽ ബോഡിയുടെ ഫണ്ടും അതിനകത്ത് പൂൾ ചെയ്തിട്ടുണ്ട്. ഇവിടെയും അത് ചെയ്യുന്നതിന് തടസ്സമില്ല. നല്ല അസെറ്റ് ക്രിയേറ്റ് ചെയ്യുമ്പോൾ 40 ശതമാനത്തിൽ കൂടുതൽ വേണ്ടിവന്നാൽ അതിന് ലോക്കൽ ഗവൺമെന്റിന്റെ ഫണ്ടുപയോഗിക്കാം. ടോട്ടൽ വരുമ്പോൾ സംസ്ഥാന വിഹിതം 40-ൽ കൂടുതൽ പോകാം. അതിൽ തെറ്റില്ല.

ശ്രീ. എ. സി. മൊയ്തീൻ: മറ്റു വകുപ്പുകളുടെ അതേ പദ്ധതിയുമായി ബന്ധപ്പെട്ട കൺവെർജൻസ് ഇതിൽ ഉപയോഗിക്കാമല്ലോ ?

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്: അതും ചെയ്യാവുന്നതാണ്.

കായിക യുവജനകാര്യ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, ജനറൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ്: കിഫ്ബി പദ്ധതിയുമായി ബന്ധപ്പെട്ട പ്രോജക്ടുകളെ സംബന്ധിച്ച് സൂചിപ്പിച്ചിട്ടുണ്ട്. ലാൻഡ് ഇഷ്യൂ കാരണം നാല് ജില്ലകളിൽ പദ്ധതി നടത്താൻ കഴിയാത്ത സാഹചര്യമുണ്ട്. കണ്ണൂർ, കാസർഗോഡ്, പത്തനംതിട്ട, കൊല്ലം എന്നീ ജില്ലകളിൽ സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിഹരിച്ച് ബിൽഡിംഗ് പെർമിറ്റ് ലഭ്യമായാൽ മാത്രമേ പണി തുടങ്ങാൻ കഴിയുകയുള്ളൂ. തിരുവനന്തപുരം ജില്ലയിലെ മൈലത്ത് ജി.വി. രാജ സ്കൂൾ ഇന്ത്യയുടെ മികച്ച സ്പോർട്സ് സ്കൂളാക്കി ഡെവലപ് ചെയ്യുന്ന വർക്ക് നടന്നുകൊണ്ടിരിക്കുകയാണ്. 15 കോടി രൂപ ചെലവഴിച്ചുകൊണ്ട് ഈ വർഷം പണി പൂർത്തീകരിക്കാൻ സാധിക്കും. അവിടെ 3 ഏക്കർ സ്ഥലം അധികമായി ആവശ്യമുണ്ട്. ലാൻഡ് ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. ലാൻഡ് ട്രാൻസ്ഫർ വേഗത്തിലാക്കണം. സംസ്ഥാനത്ത് ആദ്യമായി ബീച്ച് ഗെയിംസ് സംഘടിപ്പിക്കുന്നുണ്ട്. ക്രിസ്തുമസ് സീസണിൽ കാർണിവലോടെ പരിപാടി പ്ലാൻ ചെയ്തിട്ടുണ്ട്. ബീച്ച് വോളിബോൾ, ബീച്ച് ഫുട്ബോൾ, ബീച്ച് കബഡി, ബീച്ച് ടഗ് ഓഫ് വാർ എന്നീയിനങ്ങളുണ്ട്. സംസ്ഥാനതല മത്സരങ്ങൾ ജനുവരിയിലായിരിക്കും. അതിന്റെ തീയതി കൂടി അന്തിമമായി തീരുമാനിച്ച് അറിയിക്കുന്നതാണ്.

ശ്രീ. ഇ. പി. ജയരാജൻ: തലശ്ശേരി, കൂത്തുപറമ്പ് എന്നീ സ്ഥലങ്ങളിൽ സ്റ്റേഡിയത്തിനെ സംബന്ധിച്ച് അവകാശത്തർക്കം നിലനിൽക്കുന്നുണ്ട്. കൂത്തുപറമ്പിൽ ബ്ലോക്ക് പഞ്ചായത്ത് ആവശ്യം ഉന്നയിക്കുന്നത് ശരിയല്ല. അത് അംഗീകരിച്ചിട്ടുണ്ട്. അതുപോലെ തലശ്ശേരിയിലെ കാര്യത്തിൽ കളക്ടർ ഇടപെട്ട് പ്രശ്നങ്ങൾ പെട്ടെന്ന് പരിഹരിക്കണം.

ജില്ലാ കളക്ടർ, കാസർഗോഡ്: കാസർഗോഡും അതേ പ്രശ്നമുണ്ട്. കാസർഗോഡ് ബ്ലോക്ക് പഞ്ചായത്തും നീലേശ്വരം മുനിസിപ്പാലിറ്റിയും തമ്മിൽ തർക്കമുണ്ട്.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

ശ്രീ. ഇ. പി. ജയരാജൻ: തർക്കങ്ങൾ അധികരിക്കുകയാണെങ്കിൽ ഫണ്ട് മാറ്റി കൊടുക്കേണ്ടിവരും.

ജില്ലാ കളക്ടർ, കണ്ണൂർ: ഭൂമി ട്രാൻസ്ഫർ ചെയ്യണമെന്നുള്ളതാണ് അവരുടെ ആവശ്യം. റവന്യൂ വകുപ്പിൽ അവകാശം നിലനിർത്തിക്കൊണ്ട് സ്റ്റേഡിയത്തിന്റെ കാര്യത്തിൽ മുന്നോട്ടുപോകുമെന്ന് ഡിപ്പാർട്ട്മെന്റ് ഉത്തരവ് ഇറക്കിയിട്ടുണ്ട്. പക്ഷേ പൂർണ്ണമായി ട്രാൻസ്ഫർ ചെയ്യണമെന്നുള്ളതാണ് ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യം. അത് സർക്കാർ തലത്തിൽ തീരുമാനിക്കേണ്ടതാണ്.

ജില്ലാ കളക്ടർ, കാസർഗോഡ്: കാസർഗോഡ് ജില്ലയിൽ ബ്ലോക്ക്പഞ്ചായത്തിന്റെ ഭൂമി എന്നാണ് രേഖകളിൽ കാണുന്നത്. അവരാണ് മതിൽ കെട്ടിയത്. മുനിസിപ്പാലിറ്റിയാണ് ആ പ്രോജക്ട് മുന്നോട്ടുവച്ചത്. അവിടെ ഒരു ആശയക്കുഴപ്പമുണ്ട്.

ശ്രീ. ഇ. പി. ജയരാജൻ: ജി.വി. രാജ സ്പോർട്സ് സ്കൂളിന് കുറച്ച് സ്ഥലം കൂടി അധികമായി ആവശ്യമുണ്ട്. അവിടെ സർക്കാർ ഭൂമിയുണ്ട്.

ജില്ലാ കളക്ടർ, തിരുവനന്തപുരം: 1.17 ഹെക്ടർ ഭൂമി ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കുന്നതാണ്.

ജില്ലാ കളക്ടർ, കൊല്ലം: ജില്ലയിൽ കന്റോൺമെന്റിന്റെ കാര്യത്തിൽ ഇതേ തർക്കമുണ്ട്. റവന്യൂ ലാൻഡിന്റെ അവകാശം നിലനിർത്തിക്കൊണ്ട് കൈമാറാവുന്നതാണ്.

ശ്രീ. ഇ. പി. ജയരാജൻ: കൊല്ലം ജില്ലയുടെ കാര്യത്തിൽ പുരോഗതിയുണ്ടായിട്ടുണ്ട്.

ന്യൂനപക്ഷ ക്ഷേമ വകുപ്പ്

സെക്രട്ടറി, പൊതുവിദ്യാഭ്യാസം, ന്യൂനപക്ഷക്ഷേമ വകുപ്പ്: ന്യൂനപക്ഷക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട് പ്രധാനമായും മൂന്നുകാര്യങ്ങളാണ് സൂചിപ്പിക്കാനുള്ളത്. ഒന്ന് ന്യൂനപക്ഷ ക്ഷേമവുമായി ബന്ധപ്പെട്ട പതിനഞ്ചിന പരിപാടിയുടെ അവലോകന യോഗം ആറുമാസം കൂടുമ്പോൾ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ നടത്തണ മെന്നുള്ളതാണ്. രണ്ട്, കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.ജെ.വി.കെ.-യുടെ ഗൈഡ്ലൈൻ അനുസരിച്ചുള്ള സ്കീമുകളായിരിക്കണം ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള കമ്മിറ്റിയിലേക്ക് അയയ്ക്കേണ്ടത്. ഗൈഡ്ലൈൻ അനുസരിച്ചല്ലാത്തവയായതിനാൽ പല ജില്ലകളിൽനിന്നും വന്ന പ്രൊപ്പോസലുകൾ തിരിച്ചയയ്ക്കേണ്ടിവന്നിട്ടുണ്ട്. ഗൈഡ്ലൈൻ അനുസരിച്ചുള്ള പ്രൊപ്പോസലുകൾ യഥാസമയംതന്നെ അയയ്ക്കുന്നതിന് ജില്ലാകളക്ടർമാർ നേതൃത്വം നൽകണം. മൂന്ന്, വഖഫ് ബോർഡിനുകീഴിലുള്ള വസ്തുവകകളുടെ ഡീറ്റെയിൽഡ് സർവ്വേ നടക്കുന്നുണ്ട്. ഒരു ജില്ലയിലെ സർവ്വേ മാത്രമാണ് കംപ്ലീറ്റ് ചെയ്തിട്ടുള്ളത്. ബാക്കി ജില്ലകളിലെ സർവ്വേ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ജില്ലാ കളക്ടർമാർ നടപടി സ്വീകരിക്കണം.

ഡോ. കെ. ടി. ജലീൽ: ഏത് ജില്ലയിലെ സർവ്വേയാണ് പൂർത്തിയായിട്ടുള്ളത്?

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

<u>സെക്രട്ടറി, പൊതുവിദ്യാഭ്യാസം, ന്യൂനപക്ഷക്ഷേമ വകുപ്പ്</u>: പത്തനംതിട്ട ജില്ലയിലെ സർവ്വേ നടപടികളാണ് പൂർത്തിയായിട്ടുള്ളത്.

<u>ഡോ. കെ. ടി. ജലീൽ</u>: ഇതിനോടനുബന്ധിച്ച് ഒരു കാര്യം കൂടി സൂചിപ്പിക്കാനുണ്ട്. മൈനോറിറ്റി ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പ്രൊപ്പോസലുകൾ സാമ്പത്തിക വർഷത്തിന്റെ ആദ്യത്തെ രണ്ടുമാസത്തിനുള്ളിൽ തന്നെ സമർപ്പിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കണം. ഒരു കാരണവശാലും സ്ഥലം ലഭ്യമല്ലാത്ത പ്രൊപ്പോസലുകൾ ഫോർവേർഡ് ചെയ്യരുത്. പ്രൊപ്പോസലുകളുടെ എണ്ണം കൂട്ടിയതുകൊണ്ട് ഒരു കാര്യവുമില്ല. അതുപോലെ പ്രോപ്പറായി മീറ്റിംഗ് കൂടുകയും വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കുകയും ചെയ്യണം. അനുവദിക്കുന്ന പണം ചെലവഴിച്ചില്ലെങ്കിൽ പ്രസ്തുത ഫണ്ട് കേന്ദ്ര ഗവൺമെന്റ് തിരിച്ചെടുക്കും. 2016-17 സാമ്പത്തിക വർഷം മലപ്പുറം, കൊല്ലം ജില്ലകളിൽ അനുവദിച്ച ഫണ്ട് ചെലവഴിക്കാത്തതിനാൽ തിരിച്ചെടുക്കുന്ന സാഹചര്യമുണ്ടായി. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ കളക്ടർമാർ പ്രത്യേക ശ്രദ്ധ ചെലുത്തണം.

<u>ചീഫ് സെക്രട്ടറി</u>: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ കാര്യം വളരെ ശരിയാണ്. ലാൻഡ് ഇല്ലാതെ പ്രൊപ്പോസലുകൾ സമർപ്പിക്കുന്നുണ്ട്. അത്തരം പ്രൊപ്പോസലുകൾ അയയ്ക്കാതിരിക്കാൻ ശ്രദ്ധിക്കണം. ഈ വിഷയം ഗവൺമെന്റുതലത്തിൽ നോട്ട് ചെയ്തിട്ടുള്ളതാണ്

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

<u>അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്</u>: വെസ്റ്റേൺ ഗട്ട്സ് ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി 2013-ൽ ആരംഭിച്ച 23 പദ്ധതികൾ പൂർത്തിയായിട്ടില്ല. അക്കാര്യം ജില്ലാ കളക്ടർമാർ വേഗത്തിൽ ചെയ്യണം. ഈ സാമ്പത്തികവർഷം ബഡ്ജറ്റിൽ ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകൾക്കുവേണ്ടിയുള്ള പ്രൊമോഷണൽ ഇൻസെന്റീവായി 40 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ ഒരു ജില്ലയിൽനിന്നും ഇന്നൊവേറ്റീവായിട്ടുള്ള ഒരു പ്രോജക്ടും ഡി.പി.സി.-യിൽ വച്ചിട്ടില്ല. സാമ്പത്തിക വർഷം അവസാനിക്കുന്നതിനുമുൻപ് അത്തരമൊരു പ്രോജക്ട് വയ്ക്കുകയാണെങ്കിൽ 40 കോടി രൂപയുടെ ഇൻസെന്റീവ് ക്ലെയിം ചെയ്യാൻ കഴിയും. അതുപോലെ നാഷണൽ മോണുമെന്റ് അതോറിറ്റിയുടെ സ്റ്റോപ് മെമ്മോ ഉള്ളതിനാൽ പാലക്കാട് ജില്ലയിലെ ഡി.പി.സി.-യുടെ കെട്ടിടനിർമ്മാണം തടസ്സപ്പെട്ടിരിക്കുകയാണ്. ഇതിലുള്ള സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിന് കളക്ടർ നടപടി സ്വീകരിക്കണം. അതുപോലെ നവ കേരളം കർമ്മ പദ്ധതിയുടെ monthly meetings കൂടിയതിന്റെ റിപ്പോർട്ട് ചില ജില്ലകളിൽനിന്നും ലഭിച്ചിട്ടില്ല. Collectors must take steps to conduct monthly meeting. മറ്റൊരു വിഷയം ശ്രദ്ധയിൽപ്പെടുത്താനുള്ളത് ഇക്കണോമിക് സെൻസസുമായി ബന്ധപ്പെട്ട കാര്യമാണ്. സർവ്വേ നടപടികൾ ജനുവരി മാസത്തിൽ ആരംഭിക്കുന്നതാണ്. ഇത് ജനറൽ സെൻസസ്സിൽനിന്നും വളരെ വ്യത്യസ്തമാണ്. കഴിഞ്ഞ ഇക്കണോമിക് സെൻസസ് നടത്തിയത് ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ ജീവനക്കാരാണ്. എന്നാൽ ഇപ്പോൾ കോമൺ സർവ്വീസ് സെന്റർ (അക്ഷയ പോലുള്ള

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

സെന്ററുകൾ) ഉപയോഗിച്ച് ചെയ്യാനാണ് ഗവൺമെന്റ് ഓഫ് ഇന്ത്യ തീരുമാനിച്ചിട്ടുള്ളത്. എന്നാൽ ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ചെയ്യുന്നത് പ്രാദേശികമായി അറിയാവുന്നവരല്ലെങ്കിൽ വളരെ ബുദ്ധിമുട്ട് നേരിടേണ്ടിവരും. അതുകൊണ്ട് ഡിസ്ട്രിക്ട് ലെവൽ കോ--ഓർഡിനേഷൻ കമ്മിറ്റിയിൽ ഇക്കണോമിക് സർവ്വേയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് പോകുന്നവർ കുടുംബശ്രീയിൽനിന്നും ലോക്കൽ ഏരിയകളിൽനിന്നുമുള്ള ആളുകൾത്തന്നെയാണ് എന്നുള്ളത് ഉറപ്പുവരുത്തണം.

സാമൂഹ്യനീതി വകുപ്പ്

ശ്രീ. ബിജു പ്രഭാകർ, സ്പെഷ്യൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്: സാമൂഹ്യനീതി വകുപ്പിന്റെ ഭാഗമായി വനിതാ-ശിശു വികസന വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾകൂടി പരാമർശിക്കേണ്ടതായുണ്ട്. ജില്ലാ കളക്ടർമാരുടെ സഹായം ലഭിച്ചാൽ മാത്രമേ ട്രാൻസ്ജെൻഡേഴ്സിന് വാസസ്ഥലങ്ങൾ കണ്ടെത്തുന്നതിന് കഴിയുകയുള്ളൂ. പല സ്ഥലങ്ങളിലും സ്ഥലവുടമകൾ കൺസെന്റ് നൽകാത്തതിനാൽ ടൗണിനോടടുത്ത സ്ഥലങ്ങൾ കിട്ടാനുള്ള ബുദ്ധിമുട്ടുണ്ട്. ഭിന്നശേഷിക്കാർക്കുവേണ്ടി ബാരിയർ ഫ്രീ ആയിട്ടുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുവേണ്ടി തൃശ്ശൂർ, വയനാട്, പത്തനംതിട്ട, കോഴിക്കോട്, പാലക്കാട്, എറണാകുളം എന്നീ ജില്ലകൾക്കെല്ലാം ഫണ്ട് അനുവദിച്ചിട്ടുണ്ട്. എന്നാൽ യൂട്ടിലൈസേഷൻ പി.ഡബ്ല്യൂ.ഡി. വഴിയായതിനാൽ വളരെ മന്ദഗതിയിലാണ് വർക്കുകൾ നടക്കുന്നത്. അതുപോലെ മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച നിയമപ്രകാരം ലഭ്യമാകുന്ന ധാരാളം കേസ്സുകൾ പെൻഡിംഗിലാണ്. ഇക്കാര്യങ്ങൾ കളക്ടർമാർ പ്രത്യേകം ശ്രദ്ധിക്കണം. അടിയന്തര സാഹചര്യങ്ങളിൽ സ്ത്രീകളെ സഹായിക്കുന്നതിന് വകയിരുത്തിയിട്ടുള്ള ഫണ്ട് ഉപയോഗിക്കാതെ കിടക്കുകയാണ്. അതുപോലെ സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ആശ ഭവൻ, പ്രത്യാശ ഭവൻ, ഓൾഡ് ഏജ് ഹോമുകൾ സ്ഥലപരിമിതിമൂലം പ്രയാസം നേരിടുകയാണ്. ഇത്തരം സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് വ്യായാമം ചെയ്യാനും മറ്റുമുള്ള സൗകര്യങ്ങളില്ലാതെ, അഞ്ചും പത്തും സെന്റ് സ്ഥലങ്ങളിലാണ് ഈ ഹോമുകൾ പ്രവർത്തിക്കുന്നത്. അതിനാൽ നല്ല രീതിയിൽ പ്രവർത്തിക്കുന്ന എൻ.ജി.ഒ. ഹോമുകളിലേക്ക് അന്തേവാസികളെ മാറ്റുന്നത് നന്നായിരിക്കും. ഡിസ്ട്രിക്ട് ഡിസെബിലിറ്റി റീഹാബിലിറ്റേഷൻ സെന്ററുകളുമായി ബന്ധപ്പെട്ട കാര്യങ്ങൾ അഡീഷണൽ അജണ്ടയായി ഉൾപ്പെടുത്തിയിട്ടുണ്ട്. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, പാലക്കാട്, മലപ്പുറം, കോട്ടയം, കണ്ണൂർ തുടങ്ങിയ 8 ജില്ലകളിൽ ഡിസ്ട്രിക്ട് ഡിസെബിലിറ്റി റീഹാബിലിറ്റേഷൻ സെന്ററുകൾ സാംഗ്ഷൻ ചെയ്തുലഭിച്ചിട്ടുണ്ട്. ഇത് എസ്റ്റാബ്ലിഷ് ചെയ്യാനുള്ള പ്രൊപ്പോസലുകൾ ജില്ലാ കളക്ടർമാർ കൗണ്ടർസൈൻ ചെയ്തുകൊടുക്കേണ്ടതാണ്. അതുപോലെ തൃശ്ശൂർ, തിരുവനന്തപുരം, കോഴിക്കോട് എന്നീ മൂന്ന് സെന്ററുകളിൽ കാര്യമായിട്ടുള്ള പ്രവർത്തനം നടക്കുന്നില്ല. വനിതാ-ശിശു വികസന വകുപ്പുമായി ബന്ധപ്പെട്ട് ഏതാണ്ട് 9 ജില്ലകളിൽ വൺ സ്റ്റോപ്പ് സെന്ററുകളുടെ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കണമെന്ന് കളക്ടർമാരോട് ആവശ്യപ്പെട്ടിരുന്നു.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

ചീഫ് സെക്രട്ടറി: ഇതുസംബന്ധിച്ച വിശദാംശങ്ങൾ നൽകിയിട്ടുണ്ടോ?

സ്പെഷ്യൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്: നൽകിയിട്ടുണ്ട്.

ചീഫ് സെക്രട്ടറി: ജില്ലാ കളക്ടർമാർ ഇക്കാര്യങ്ങൾ പരിശോധിച്ച് എത്രയുംവേഗം നടപടികൾ സ്വീകരിച്ചാൽ ഈ രണ്ട് വകുപ്പിന്റെയും കീഴിലുള്ള പദ്ധതികൾ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കും. കളക്ടർമാർ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ നൽകണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): പുതിയതായി രൂപം കൊണ്ട ഒന്നാണ് വനിത-ശിശു ക്ഷേമ വികസന വകുപ്പ്. മുൻപ് ഈ വകുപ്പിന് ജില്ലാ കളക്ടറേറ്റുകളിൽ സോഷ്യൽ ജസ്റ്റിസ് ഡിപ്പാർട്ടുമെന്റ് എന്നുള്ള നിലയിലാണ് ഓഫീസും കാര്യങ്ങളുമുണ്ടായിരുന്നത്. സ്ത്രീകളുടെയും കുട്ടികളുടെയും വകുപ്പ് പുതിയതായതുകൊണ്ട് പുതിയ ഓഫീസ് വേണം. ചില ജില്ലാ കളക്ടർമാർ ഇക്കാര്യത്തിൽ വളരെ ശ്രദ്ധയോടുകൂടി ഇടപെട്ട് വനിത-ശിശു വികസന വകുപ്പിന്റെ ഓഫീസ് തുറന്നിട്ടുണ്ട്. കളക്ടറേറ്റുകളിൽ സ്ഥലപരിമിതിയുണ്ടെങ്കിലും കളക്ടറേറ്റുകളുമായി ബന്ധപ്പെട്ട് വനിത-ശിശു വികസന വകുപ്പിനുവേണ്ടി ഒരു ഓഫീസ് അടിയന്തരമായി കണ്ടെത്തണം. വൺ സ്റ്റോപ് സെന്ററുകൾക്കായി സെൻട്രൽ ഗവൺമെന്റ് 40 ലക്ഷത്തോളം രൂപ നേരിട്ട് കളക്ടറേറ്റുകളിലേക്ക് നൽകുന്നതായി സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി പറഞ്ഞു. വൺ സ്റ്റോപ്പ് സെന്ററുകൾക്കായി നൽകിയ പണത്തിന്റെ യു.സി. നൽകിയാൽ മാത്രമേ തുടർന്ന് ഫണ്ട് ലഭിക്കുകയുള്ളൂ. അതിനാൽ ലഭിച്ച പണം നഷ്ടപ്പെടുത്താതെ എത്രയും വേഗം പദ്ധതി ഇംപ്ലിമെന്റ് ചെയ്യുന്നതിന് കളക്ടർമാർ മുൻഗണന നൽകി സെന്ററുകൾ സ്ഥാപിക്കുന്നതിന് സ്ഥലം കണ്ടെത്തണം. അതുപോലെ ബാരിയർ ഫ്രീയുടെ കാര്യത്തിൽ സോഷ്യൽ ജസ്റ്റിസ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥർ വളരെ താൽപ്പര്യം കാണിക്കുന്നുണ്ട്. എങ്കിലും ഇനി നിർമ്മിക്കുന്ന എല്ലാ കെട്ടിടങ്ങളും ബാരിയർ ഫ്രീ ആയിരിക്കണമെന്ന് എല്ലാ ഡിപ്പാർട്ടുമെന്റിനെയും ബോദ്ധ്യപ്പെടുത്താൻ ജില്ലാ കളക്ടർമാർ മുൻകയ്യെടുക്കണം.

ചീഫ് സെക്രട്ടറി: ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞ കാര്യങ്ങൾ എല്ലാവരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കാരണം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിക്കാത്തതുകാരണം വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയെന്നുള്ളത് ഫീൽഡ് ലെവൽ ഓഫീസർമാരുടെ ഡ്യൂട്ടിയുടെ ഭാഗമാണ്. അതുകൊണ്ട് ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണം.

ജില്ലാ കളക്ടർ, പാലക്കാട്: വളരെ പ്രധാനപ്പെട്ട ഒരു കാര്യം പറയാനുണ്ട്. കഴിഞ്ഞ കളക്ടേഴ്സ് കോൺഫറൻസിൽ ഉന്നയിച്ച വിഷയമാണ്. അങ്കൻവാടി കെട്ടിടങ്ങൾക്ക് സ്ഥലം കണ്ടുപിടിക്കുക തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് അജണ്ട നോട്ടിൽ പറഞ്ഞിട്ടുണ്ട്. പാലക്കാട് ജില്ലയിൽ മാത്രം 54 അങ്കണവാടികൾക്ക് പുതിയതായി സ്ഥലം കണ്ടുപിടിക്കേണ്ടതായിട്ടുണ്ട്. ഗ്രാമപ്രദേശങ്ങളിൽ 50 സെന്റിനുതാഴെയുള്ള

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

സ്ഥലങ്ങളിൽ കളക്ടർമാർക്കുതന്നെ ഭൂമി കൈമാറ്റം ചെയ്യാമെന്നും ഗവൺമെന്റു തലത്തിൽ കൊണ്ടുവരേണ്ടതില്ലെന്നും കാണിച്ച് 2018-ൽ റവന്യൂ വകുപ്പ് സെക്രട്ടറി ഒരു ഉത്തരവിറക്കിയിരുന്നു. ബന്ധപ്പെട്ട ജില്ലാ ഉദ്യോഗസ്ഥൻ എൻ.ഒ.സി. നൽകിയാൽ മതിയെന്നായിരുന്നു പറഞ്ഞിരുന്നത്. ഇതനുസരിച്ച് എൻ.ഒ.സി. നൽകിയതിന്റെ പേരിൽ ഇറിഗേഷൻ വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർക്കെതിരെ നോട്ടീസ് നൽകിയിരിക്കുകയാണ്. കാരണം ഇറിഗേഷൻ വകുപ്പിലെ ചീഫ് എഞ്ചിനീയറാണ് മറ്റ് ഡിപ്പാർട്ടുമെന്റുകൾക്ക് സ്ഥലം കൈമാറുന്നത് സംബന്ധിച്ച് തീരുമാനമെടുക്കേണ്ടതെന്ന് കാണിച്ച് ഇറിഗേഷൻ വകുപ്പ് 2008-ൽ ഒരു സർക്കുലർ ഇറക്കിയിട്ടുണ്ട്. So these two circulars created a confusion and created a terror among district officials. So rectify this situation.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ജില്ലാ കളക്ടർ ശ്രദ്ധയിൽപ്പെടുത്തിയിരിക്കുന്നത്. റവന്യൂ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം സ്വന്തമായി ഭൂമിയും കെട്ടിടവുമില്ലാത്ത ധാരാളം അങ്കൻവാടികളുടെ പ്രശ്നം പരിഹരിക്കാൻ കഴിയുമായിരുന്നു.

<u>ചീഫ് സെക്രട്ടറി</u>: അത് തീർച്ചയായും ചെയ്യാൻ കഴിയുന്നതാണ്. സാധാരണ ഗതിയിൽ ഏറ്റവും പുതിയ ജി.ഒ. പ്രകാരമാണ് നടപടികൾ സ്വീകരിക്കേണ്ടത്. പുതിയതായി പുറപ്പെടുവിച്ച ജി.ഒ. അനുസരിച്ച് കാര്യങ്ങൾ ചെയ്യുന്നില്ലെങ്കിൽ കളക്ടർ നോട്ട് നൽകിയാൽമതി. രണ്ട് ജി.ഒ.-കളും എൻഫോഴ്സ് ചെയ്തുകൊണ്ട് പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാം.

വിജിലൻസ് വകുപ്പ്

<u>അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്</u>: വിജിലൻസ് വകുപ്പുമായി ബന്ധപ്പെട്ട് ഒരു കാര്യം മാത്രമേ പറയാനുള്ളൂ. മുട്ടത്തറയിൽ വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ ബ്യൂറോയുടെ കെട്ടിടം പണിയുന്നതിനായി 60 സെന്റ് സ്ഥലം കൈമാറ്റം ചെയ്തുകിട്ടിയിരുന്നു. എന്നാൽ പ്രസ്തുത സ്ഥലം കെട്ടിടം പണിയുന്നതിന് മതിയാകാത്തതിനാൽ 25 സെന്റ് സ്ഥലംകൂടി അധികമായി ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത സ്ഥലം ലഭിക്കാത്തതിനാൽ കെട്ടിടത്തിന്റെ പണി ആരംഭിക്കാൻ കഴിയുന്നില്ല. ഈ വിഷയം റവന്യൂ വകുപ്പുസെക്രട്ടറിയുമായി സംസാരിച്ചിരുന്നു. കളക്ടർ പ്രസ്തുത ഫയൽ ഫോർവേർഡ് ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഫയൽ ഇപ്പോൾ ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലാണുള്ളതെന്നാണ് അറിയാൻ കഴിഞ്ഞത്. ഇക്കാര്യത്തിൽ റവന്യൂ വകുപ്പുസെക്രട്ടറി പ്രത്യേക താൽപ്പര്യമെടുക്കണം. കാരണം കഴിഞ്ഞ വർഷം 6.8 കോടി രൂപ ചെലവഴിക്കാൻ കഴിയാതെ പോയിരുന്നു. ഈ വർഷം മാർച്ചിനുമുൻപ് തുക വിനിയോഗിച്ചില്ലെങ്കിൽ വീണ്ടും ഫണ്ട് ലാപ്സായിപ്പോകും. എത്രയുംവേഗം ഭൂമി കൈമാറിക്കിട്ടിയാൽ എ.എസ്. ഇഷ്യൂ ചെയ്യാൻ സാധിക്കും.

<u>ചീഫ് സെക്രട്ടറി</u>: അഡീഷണലായി ആവശ്യപ്പെടുന്ന ഭൂമി ലഭ്യമാണോ?

<u>അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്</u>: ലഭ്യമാണ്.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

ചീഫ് സെക്രട്ടറി: ഏത് വകുപ്പിന്റെ കൈവശമുള്ള ഭൂമിയാണ്?

ജില്ലാ കളക്ടർ, തിരുവനന്തപുരം: റവന്യൂ ലാൻഡ് തന്നെയാണ്. പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നൽകിയിട്ടുണ്ട്.

ചീഫ് സെക്രട്ടറി: വേറെ പ്രശ്നമൊന്നുമില്ലെങ്കിൽ അത് പ്രോസസ്സ് ചെയ്താൽ മതി.

Now we are going at the end of morning session. I think we had a very fruitful discussion in every matter. സമയപരിമിതിമൂലം കുറച്ച് ഫാസ്റ്റായി കാര്യങ്ങൾ പറയേണ്ടിവന്നിട്ടുണ്ട്. എല്ലാ പ്രധാനപ്പെട്ട കാര്യങ്ങളും അജണ്ട നോട്ടിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. അത് പരിശോധിച്ചാൽ ഓരോ ഡിപ്പാർട്ടുമെന്റിലേയും സെക്രട്ടറിമാരും എച്ച്.ഒ.ഡി.-മാരും ഉന്നയിച്ച വിഷയങ്ങൾ എന്താണെന്നുള്ളത് മനസ്സിലാക്കാൻ സാധിക്കും. അതനുസരിച്ച് നടപടികൾ ഉർജ്ജിതപ്പെടുത്തണം.

ഉച്ചയ്ക്കുശേഷം 1.30-ന് യോഗം പിരിഞ്ഞു.

*****

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പേരൂർക്കട വില്ലേജിൽ മുൻ സർവ്വേ നമ്പർ 2,3,4,5,6ൽ ഉൾപ്പെട്ടതും കവടിയാർ കൊട്ടാരം വകയിൽ നിന്നും മിച്ച ഭൂമിയായി ഏറ്റെടുത്തിരുന്നതുമായ 7 ഏക്കർ 2 .5 സെന്റ് ഭൂമിയിൽ നിന്നും വിവിധ ആവശ്യങ്ങൾക്കായി ഭൂമി അനുവദിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവുകൾ റദ്ദു ചെയ്ത -ഉത്തരവാകുന്നു.

റവന്യൂ (യു) വകുപ്പ്

#സ.ഉ. (കൈ) നം. /2021/റവന്യൂ# തീയതി,തിരുവനന്തപുരം, 04/02/2021

പരാമർശം:- 1 03-03-2016 ലെ ജി.ഒ(എം.എസ്)233/16/റവ

2 05.10.2017 ലെ ജി.ഒ (എം.എസ്) 334/2017/റവ

3 27-9-2018 ലെ ജി.ഒ (എം.എസ്) 345/2018/റവ

4 05-10-2017 ലെ ജി.ഒ (എം.എസ്)333/17/റവ

ഉത്തരവ്

പേരൂർക്കട വില്ലേജിൽ മുൻ സർവ്വേ നമ്പർ 2,3,4,5,6ൽ ഉൾപ്പെട്ടതും കവടിയാർ കൊട്ടാരം വകയിൽ നിന്നും മിച്ച ഭൂമിയായി ഏറ്റെടുത്തിരുന്നതുമായ 7 ഏക്കർ 2 .5 സെന്റ് ഭൂമിയിൽ നിന്നും മൾട്ടി പർപ്പസ് റവന്യൂ കോംപ്ലക്സ് സ്ഥാപിക്കുന്നതിനായി ഭൂമി അനുവദിച്ചുകൊണ്ട് പരാമർശം ഒന്ന് പ്രകാരവും UAE കോൺസലേറ്റിനു ഭൂമി പാട്ടത്തിനു നൽകി കൊണ്ടു പരാമർശം2,3 ഉത്തരവുകൾ പ്രകാരവും ഡോ .എ.പി.ജെ അബ്ദുൾ കലാം നോളജ് സെന്റർ & സ്പേസ് മ്യൂസിയം നിർമ്മിക്കുന്നതിന് വിക്രം സാരാഭായി സ്പേസ് സെന്ററിന് ഭൂമി പാട്ടത്തിനു നൽകിക്കൊണ്ട് പരാമർശം 4 പ്രകാരവും ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു.

പ്രസ്തുത സർക്കാർ ഉത്തരവുകൾ പ്രകാരം അനുവദിച്ചിരുന്ന ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഇതേ വരെ ആരംഭിച്ചിട്ടില്ലാത്തതിനാൽ പരാമർശം 1,2,3,4 ഉത്തരവുകൾ റദ്ദു ചെയ്ത ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ .എ .ജയതിലക് ഐ.എ.എസ്
പ്രിൻസിപ്പൽ സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

ജില്ലാ കളക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്), കേരള, തിരുവനന്തപുരം.

പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നമ്പർ 4569)

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്

വെബ് & ന്യൂ മീഡിയ

ഓഫീസ് കോപ്പി /സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ചെറുവയ്ക്കൽ വില്ലേജിൽ റീസർവ്വേ 647/9,671/3,647/8 എന്നിവയിലുൾപ്പെട്ടതും ആക്കുളം എയർ ഫോഴ്സ് സ്റ്റേഷന് എതിർ വശത്ത് കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന്റെ കൈവശമുള്ളതുമായ 6 ഏക്കർ ഭൂമി ക്രമപ്രകാരം ഏറ്റെടുത്ത് റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കി 1 ഏക്കർ ഭൂമി വീതം യുഎഇ കോൺസുലേറ്റും വിദേശ ഭവനും നിർമ്മിക്കുന്നതിന് പാട്ടത്തിനനുവദിച്ച് -ഉത്തരവാകുന്നു.

റവന്യൂ (യു) വകുപ്പ്

സ.ഉ.(കൈ) നം.42/2021/റവ. തീയതി,തിരുവനന്തപുരം, 05/02/2021

പരാമർശം:- 1 05.10.2017 ലെ ജി.ഒ (എം.എസ്) 334/2017/റവ

2 27-9-2018 ലെ ജി.ഒ (എം.എസ്) 345/2018/റവ

3 31.01.2020 ലെ തിരുവനന്തപുരം ജില്ല കളക്ടറുടെ ബി8/ ഇ249050/2020 നമ്പർ കത്ത്

4 04/02/2021 ലെ സർക്കാർ ഉത്തരവ് (കൈ)31/2021/ റവന്യൂ

ഉത്തരവ്

പേരൂർക്കട വില്ലേജിൽ മുൻ സർവ്വേ നമ്പർ 2,3,4,5,6ൽ ഉൾപ്പെട്ടതും കവടിയാർ കൊട്ടാരം വകയിൽ നിന്നും മിച്ച ഭൂമിയായി ഏറ്റെടുത്തിരുന്നതുമായ 7 ഏക്കർ 2 .5 സെന്റ് ഭൂമിയിൽ നിന്നും യുഎഇ കോൺസലേറ്റിനു ഭൂമി പാട്ടത്തിനു നൽകി കൊണ്ടു പരാമർശം 1 , 2 ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു.

2. യുഎ ഇ കോൺസുലേറ്റ് നിർമിക്കുന്നതിനായി മേൽ പരാമർശിച്ച ഉത്തരവുകൾ പ്രകാരം അനുവദിച്ച, കവടിയാർ വില്ലേജിൽ മുൻ സർവ്വേ നമ്പർ 2,3,4,5,6 എന്നിവയിൽപെട്ട 70 സെന്റ് ഭൂമി, കവടിയാർ കൺസർവേഷൻ സോണിൽ ഉൾപ്പെട്ടുവരുന്നതിനാൽ, നിർമ്മാണ നിയന്ത്രണങ്ങൾ നിലവിലുള്ളതിനാൽ പ്രസ്തുത ഭൂമി ടി ആവശ്യത്തിന് അപര്യാപ്തമാണെന്നും മറ്റൊരു സ്ഥലം ടി ആവശ്യത്തിന് കണ്ടെത്തണമെന്നുമുള്ള നിർദ്ദേശങ്ങൾ ഉയർന്നു വന്നതിനാൽ പരാമർശം (1) (2) എന്നിവ പ്രകാരം പുറപ്പെടുവിച്ച ഉത്തരവുകൾ പരാമർശം (4) പ്രകാരം റദ്ദ് ചെയ്യുകയുണ്ടായി.

3)മേൽ സാഹചര്യത്തിൽ .ചെറുവയ്ക്കൽ വില്ലേജിൽ റീസർവ്വേ 647/9,671/3,647/8 എന്നിവയിലുൾപ്പെട്ടതും ആക്കുളം എയർ ഫോഴ്സ് സ്റ്റേഷന് എതിർ വശത്ത് കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന്റെ കൈവശമുള്ളതുമായ 6 ഏക്കർ ഭൂമി ക്രമപ്രകാരം ഏറ്റെടുത്ത് റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കി 1ഏക്കർ വീതം യുഎഇ കോൺസുലേറ്റും വിദേശ ഭവനും നിർമ്മിക്കാനായി, 1995 ലെ മുനിസിപ്പൽ കോർപറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടം 21(ii) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം വിനിയോഗിച്ച്, വിദേശ കോൺസുലേറ്റുകൾക്കു ഭൂമി നൽകുന്നതിനുള്ള വ്യവസ്ഥ അനുസരിച്ചും പാട്ട വ്യവസ്ഥകൾ പിന്നീട് നിശ്ചയിക്കുന്നതാണെന്ന

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

വ്യവസ്ഥയിലും ചുവടെ ചേർക്കുന്ന മറ്റു വ്യവസ്ഥകളോടെയും യുഎഇ കോൺസുലേറ്റിനും വിദേശ് ഭവനും ഭൂമി പാട്ടത്തിന് അനുവദിക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള നിബന്ധനകൾ കൂടി ഉൾപ്പെടുത്തി പ്രത്യേകം ഉത്തരവുകൾ പിന്നീട് പുറപ്പെടുവിക്കുന്നതാണെന്ന വ്യവസ്ഥയിലും 90 വർഷത്തേക്ക് കമ്പോള വിലയുടെ 5 % നിരക്കിൽ പ്രതിവർഷ പാട്ടം ഈടാക്കിക്കൊണ്ട് പാട്ടത്തിനനുവദിച്ചു ഉത്തരവാകുന്നു .

നിബന്ധനകൾ

i)ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ :

ii)ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ അന്യാധീനപ്പെടുത്തുവാനേ പാടുള്ളതല്ല ;

iii)ഭൂമി പാട്ടത്തിന് / ഉപപാട്ടത്തിന് / തറവാടകയ്ക്ക് നൽകുവാൻ പാടില്ല ;

iv)ഭൂമി എല്ലാതരത്തിലുള്ള കയ്യേറ്റങ്ങളിൽ നിന്നും ബന്ധപ്പെട്ട സ്ഥാപനം തന്നെ സംരക്ഷിച്ചു നിർത്തേണ്ടതാണ് ;

v)ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടുള്ളതല്ല , അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുവാദം വാങ്ങിയശേഷമേ മുറിക്കുവാൻ പാടുള്ളൂ . കൂടാതെ മുറിക്കുന്നതിന്റെ 3 ഇരട്ടി എണ്ണം വൃക്ഷതൈകൾ നട്ട് വളർത്തി പരിപാലിക്കേണ്ടതുമാണ് .

vi)ഭൂമി അനുവദിക്കുന്ന തീയതി മുതൽ ഒരു വർഷത്തിനകം തന്നെ നിർദ്ദിഷ്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ് .

vii) മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം തിരികെ റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ് .

viii)ഭൂമി കൈമാറ്റത്തിനുള്ള തുക ഇന്ത്യയിൽ നിലവിലുള്ള ബാങ്കിങ് ചാനൽ മുഖേന കൈമാറേണ്ടതാണ്.

ix)ഈ ഭൂമിയിലെ നിർമാണ പ്രവർത്തനങ്ങൾക്കു കേന്ദ്ര സർക്കാരിന്റെ അംഗീകാരവും , ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ക്രമപാർശയും വാങ്ങിയിരിക്കണം

ഇക്കാര്യത്തിലുള്ള തുടർ നടപടി ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ .എ .ജയതിലക് ഐ.എ.എസ്
പ്രിൻസിപ്പൽ സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

ജില്ലാ കളക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്), കേരള, തിരുവനന്തപുരം.

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

പൊതു ഭരണ (എസ് സി) വകുപ്പ് - ഇനം നമ്പർ 4569

ധനകാര്യ വകുപ്പ്

വെബ് & ന്യൂ മീഡിയ

ഓഫീസ് കോപ്പി /സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Generated from eOffice by SINDHU L V, SO (U) REV, SO (U) REV, RD on 13/03/2023 06:00 PM